മലയാളരാജ്യം
വാരിക



THE MALAYALA RAJYAM
ILLUSTRATED WEEKLY



പണ്ഡരീഭായി

★

"പരാശക്തി"യിൽക്കൂടി പ്രസിദ്ധിയിലേക്കുയർന്ന പണ്ഡരീഭായി ചലച്ചിത്രപ്രേമികൾക്കു സുവിദിതയാണു്. പരാശക്തിയിലെ "വിമല" പെട്ടെന്നൊന്നും നമ്മുടെ സ്മരണയിൽനിന്നു മങ്ങിമായുകയില്ല. വിമല കഥാനായകനെ നേർവഴിയിലേക്കു നയതന്ത്രപരമായി നയിച്ചു. കഥാനായികയുടെ കുട്ടിയെ രക്ഷിച്ചു. തകർന്തകുടുംബത്തെ പുനസ്സംഘടിപ്പിച്ചു ഐശ്വര്യത്തിന്റെയും ആനന്ദത്തിന്റെയും മന്ദിരമാക്കൊടുത്തി. പൊരോഹിത്യത്തിന്റെ മറവിൽ ലോകത്തുനടക്കുന്ന വ്യഭിചാരത്തെ പൊളിച്ചുകാട്ടി. സ്ത്രീത്വം ഏതു പരിതഃസ്ഥിതിയിലും അവളുടെ ചാരിത്ര്യം പരിരക്ഷിക്കുവാൻ കഴിയുമെന്നും തെളിയിച്ചു. വിമല—അവൾ സ്ത്രീലോകത്തിനു് ഒരു മാതൃകയാണു്. വിമലയുടെഭാവം സജീവമായി പ്രതിനിധീകരിച്ച അഭിനേത്രിയത്രെ പണ്ഡരീഭായി. പരാശക്തിയിലെ അഭിനയത്തോടുകൂടി പണ്ഡരീഭായി ചലച്ചിത്രവിഹായസ്സിലെ ഒരു പൊലിയാത്ത താരമായി ഉയർന്നിട്ടുണ്ടു്.

ഒരു നടി ഒരു പ്രത്യേകഭാഗത്തിൽ വിജയിച്ചാൽ പിന്നീടുള്ള എല്ലാചിത്രങ്ങളിലും പ്രസ്തുതനടിയെ അതേ സ്വഭാവത്തോടുകൂടിയ കഥാപാത്രത്തെ പ്രതിനിധീകരിക്കുവാൻ നിയോഗിക്കുന്നതു ചലച്ചിത്രലോകത്തിലെ സാധാരണരീതിയാണല്ലോ. പി. കണ്ണാംബ, ബി. എസ്. സരോജ, എം. എസ്. ദ്രൗപതി തുടങ്ങിയ നടികൾ ശോകരംഗങ്ങളിലെ തന്മയത്വമായ അഭിനയത്തിൽക്കൂടിയാണു് പ്രസിദ്ധിയിലേക്കു ഉയർന്നവന്നതും. പണ്ഡരീഭായിയും ശോകരംഗങ്ങളിലാണു് കൂടുതൽ കഴിവും മിഴിവും പ്രദർശിപ്പിച്ചിട്ടുള്ളതു്. അതുകൊണ്ടാണു് ശോകഭാവങ്ങളിൽ പ്രത്യക്ഷപ്പെടുവാൻ പണ്ഡരീഭായിക്കും നിർമ്മാതാക്കൾ കൂടുതൽ സന്ദർഭങ്ങൾ നൽകിക്കൊണ്ടിരിക്കുന്നതും. പക്ഷെ "സ്റ്റീരിയോടൈപ്പിലുള്ള" അഭിനയമല്ല പ്രേക്ഷകലോകം നടികളിൽനിന്നു പ്രതീക്ഷിക്കുന്നതെന്നു നിർമ്മാതാക്കൾ ഗ്രഹിക്കേണ്ട സന്ദർഭം ആസന്നമല്ല അതിക്രമിച്ചിരിക്കുകയാണു്.

മൈസൂർജില്ലയിൽ പടകൽ എന്ന ദേശത്തുള്ള ഗവർമ്മെൻറ്സ്കൂളിലെ ഒരു ഡ്രായിംഗ്മാസ്റ്ററായിരുന്ന ശ്രീ: രങ്കാവു. രങ്കാവു ഒരു കഥാപ്രാസംഗികനും ചിത്രകാരനുംകൂടിയായിരുന്നു. അതേസ്കൂളിലെ അധ്യാപികയായിരുന്ന കാവേരിബായിയുമായി രങ്കാവു പ്രണയബന്ധത്തിൽ ഏർപ്പെട്ടു. തുടർന്നവരുടെ വിവാഹവും നടന്നു. കാവേരിഭായിയിൽ രങ്കാവുവിനു് ആണും പെണ്ണുമായി പത്തുസന്താനങ്ങളുണ്ടായിച്ചു. ദമ്പതിമാനം വളരെ ഉച്ചത്തിലായിരുന്നു. (ചെലവു് ഭീമവും. രങ്കാവു ഉദ്യോഗം രാജികൊടുത്തു. "പ്രസാദിക നാടകമണ്ഡലി" എന്നൊരു നാടകക്കമ്പനി ആരംഭിച്ചു. രങ്കാവുവും പുത്രന്മാരുമായിരുന്നു ആ കമ്പനിയിലെ പ്രധാനനടന്മാർ. കാച്ചുനാടും ആ കമ്പനി പ്രവർത്തനത്തിൽ പുരോഗമിച്ചു എങ്കിലും അവസാനം കമ്പനി തകർന്നു. രണ്ടാമതു് "ശ്രീകൃഷ്ണചൈതന്യം" എന്ന പേരിൽ രങ്കാവു മറ്റൊരു കമ്പനി ആരംഭിച്ചു. ആ കമ്പനിയും അഭിവൃദ്ധിപ്പെട്ടില്ല, അതിനുശേഷം രങ്കാവുവിന്റെ മകൻ മറ്റൊരു നാടകക്കമ്പനി ആരംഭിച്ചു. സഹോദരന്റെ നിർബന്ധത്താൽ സഹോദരിയായ പണ്ഡരീഭായി ആ നാടകക്കമ്പനിയിൽ ഒരു നടിയായി ചേർന്നു. "വിക്രമശില" "ഗൗതമബുദ്ധൻ" "ക്ഷീരവൽകല്യാണം" തുടങ്ങിയ കണ്ണാടകനാടകങ്ങളിൽപണ്ഡരീഭായി സ്തുത്യർഹമായിഅഭിനയിച്ചു. പണ്ഡരീഭായിയുടെ അഭിനയസാമർത്ഥ്യം ഗ്രഹിച്ചു ഫിഡിൽചക്രവർത്തി തൻ നിർമ്മിച്ചുകൊണ്ടിരുന്ന 'വാണി' എന്ന ചിത്രത്തിൽ അഭിനയിക്കുവാൻ ക്ഷണിച്ചു. വാണിയിൽ വിജയകരമായി ആ നടി അഭിനയിച്ചു. തുടർന്നു കുറച്ചുകാലം പണ്ഡരീഭായി ഒരു ഹരികഥാകാരിയായി കലാലോകത്തിൽ പ്രത്യക്ഷപ്പെട്ടു. ഹരികഥയിലും അവർ ഒരു വിജയമായിരുന്നു.

1944-ൽ ഫെബ്രുവരിയിൽ ഒരു ചെറിയഭാഗം പണ്ഡരീഭായി അഭിനയിച്ചു. 1947-ൽ സുഭദ്രാർജ്ജുനന്റെ "ശകുന്തളാകല്യാണം" എന്ന കന്നഡ ചിത്രത്തിൽ അഭിനയിച്ചു. ഏ. വി. എം. ന്റെ "വേതാളഉലകം" ആണു് പണ്ഡരീഭായി അഭിനയിച്ച ആദ്യത്തെ തമിഴ്ചിത്രം. 1948-ൽ കെമ്പുരാജ് പ്രൊഡക്ഷൻസു് തമിഴിലും കന്നടത്തിലും നിർമ്മിച്ച "രാജവിക്രമ" എന്ന ചിത്രത്തിൽ അഭിനയിച്ചു. തുടർന്നു് ജൂപ്പിറ്റർ പിക്ചേഴ്സുമായി പണ്ഡരീഭായി മൂന്നുകൊല്ലത്തേക്കു് ഒരു ഉടമ്പടിചെയ്തു. ഏ. വി. എം. കമ്പനിയുടെ "ബഹർ" എന്ന ഹിന്ദിചിത്രത്തിൽ അഭിനയിച്ചതോടെ ഉത്തരേന്ത്യയിലു പണ്ഡരീഭായിയുടെ പ്രശസ്തി വ്യാപിച്ചു. അതിനുശേഷം നാഷനൽ പിക്ചേഴ്സിന്റെ "പരാശക്തി" യിൽ വിമലയുടെ ഭാഗം അഭിനയിച്ചു. തുടർന്നു് "പൂങ്കോതൈ" "സതീശോധന" "വാഴപ്പിറന്തവൾ" "ഗ്രഹസ്ഥാ" "മനിതൻ" "തിരുമ്പിപ്പാർ" എന്നീ ചിത്രങ്ങളിലെല്ലാം അഭിനയിച്ചു. നിർമ്മാണത്തിലിരിക്കുന്ന പല പുതിയ ചിത്രങ്ങളിലും ഈ നടി ഇപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുന്നു. അപൂർവ്വം ചില ചിത്രങ്ങളിൽ മാത്രമാണു് പണ്ഡരീഭായി പരാജയപ്പെട്ടിട്ടുള്ളതു്.

പണ്ഡരീഭായി ഇതിനകംതന്നെ ചലച്ചിത്രലോകത്തു് ചരിത്രം സൃഷ്ടിച്ച ഒരു നടിയാണു്. ഇതു ഭാഗ്യംകൊണ്ടല്ല. അവരുടെ കഠിനപ്രയത്നത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും ഫലമാണു്. പണ്ഡരീഭായി ഒരു തികഞ്ഞ സൌന്ദര്യധാമമെന്നുമല്ല. വലിയ പൂത്തിക്കേടുകളില്ലാത്ത ഒരു സാധാരണയുവതിമാത്രമാണു്. അവരുടെ ഇമയ സഹോദരിയാണു് ചലച്ചിത്രനടിയായ മൈനാവതി. "പൊൻവയൽ" "കണ്ണകം" എന്നീചിത്രങ്ങളിൽ മൈനാവതി ഇപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുന്നു. തുടർച്ചയായുള്ള സിനിമാഅഭിനയം പണ്ഡരീഭായിയുടെ സംഘടനാത്തികനിലവാരത്തെ ഉയർത്തിയിട്ടുണ്ടു്. അവരിപ്പോൾ മദ്രാസിൽ ത്യാഗരാജനഗരിൽ ഒരു രമ്യഹർമ്മ്യം പണിയിച്ചു് ആഡംബരപൂർവ്വം ജീവിതം നയിക്കുന്നു. പക്ഷേ ഇപ്പോഴും സാമ്പത്തികസൌകര്യം അവരെ അഹങ്കാരിയാക്കിയിട്ടില്ല. അവർ സ്വതവേ ഈശ്വരഭക്തയും ദാനശീലയുമാണു്. പതിവായി അവർ ക്ഷേത്രദർശനം നടത്താറുണ്ടു്. ഭാഗ്യമില്ലാത്തവർക്കുവേണ്ടി അവർ നല്ലൊരു തുക ചിലവഴിക്കാറുണ്ടു്.

പണ്ഡരീഭായി തേഡു് ഫാംവരെയാണു് വിദ്യാഭ്യാസം ചെയ്തിട്ടുള്ളതു. പക്ഷേ വിദ്യാലയജീവിതമപേക്ഷിച്ചതിനുശേഷവും സ്വന്തനിലയിൽ അവർ വിജ്ഞാനം ആർജ്ജിച്ചുകൊണ്ടിരിക്കുകയാണു്. തമിഴ്, തെലുങ്കു്, മറാത്തി, കന്നട എന്നീ ഭാഷകളിൽ അവർ വേണ്ടത്ര പരിജ്ഞാനം സമ്പാദിച്ചിട്ടുണ്ടു്. കണ്ണാംബ, ദ്രൗപതി തുടങ്ങിയ നടികളെക്കാളും ഇപ്പോൾ പണ്ഡരീഭായിയാണു് കൂടുതൽ അഭിനയിക്കുന്നതിൽ മുന്നിയിൽ നിൽക്കുന്നതും. നവരസങ്ങളും അഭിനയിച്ചു ഫലിപ്പിക്കുന്നതിൽ പണ്ഡരീഭായിക്കു് അത്ഭുതാവഹമായ കഴിവുകളുണ്ടു്. കല അവരുടെ ജീവിതത്തിൽ അലിഞ്ഞുചേർന്നുപോയതു്. കലാസേവനത്തിന്റെ പേരിൽ ഏതു കഷ്ടതയും ത്യാഗവും സഹിക്കുന്നതിനും അവർ സന്നദ്ധയാണു്. ഇന്നുവരെ താൻ പരിചയപ്പെട്ടിട്ടുള്ള നിർമ്മാതാക്കളെയും സംവിധായകർമാരെയും പാടി തനിക്കു് നന്മതിപ്പുണ്ടുള്ളതെന്നും സിനിമാവ്യവസായത്തിൽ സ്ഥിരതയോടെ പ്രവർത്തിച്ചാൽ വിജയം സുനിശ്ചിതമെന്നും അവർ അഭിപ്രായപ്പെടുന്നുണ്ടു്. അവക്കു് സ്വന്തമായി ചിത്രങ്ങളിലെ ഭാഗങ്ങളിൽ പ്രത്യേകശ്രദ്ധയുമുണ്ടു്. അവർ പ്രയാസമേറിയ ഭാഗങ്ങളും തെരഞ്ഞെടുക്കുന്നു. യഥാർത്ഥഭാഗം അഭിനയിക്കുവാൻ വേണ്ടി ആ കലാവിദുഷി കാത്തിരിക്കുകയാണു്. കള്ളക്കുറിച്ചിത്രങ്ങളിൽ അഭിനയിച്ചുകൊള്ളാമെന്നുള്ള മോഹമുണ്ടു്.

★

ചലച്ചിത്രനിരൂപണം

"മൻസൂർ"

★

ഡാക്കു് നേഴ്സുമായി പ്രണയത്തിലായിട്ടുള്ള പല കഥകളും കേട്ടിട്ടുണ്ടല്ലോ. മൻസൂരിന്റെ കഥയും ഡാക്കുടെ പ്രണയവ്യാപാരത്തെ ആധാരമാക്കിയുള്ള മറ്റൊരു ചിത്രമത്രെ. ജിതേന്ദ്രൻ ഡാക്കു് നല്ലൊരു ഡാക്കുരായിരുന്നു. അതുകൊണ്ടുതന്നെ ഒരു നഴ്സുമായി പ്രണയത്തിലാകുവാൻ മടിച്ചു. എന്നാൽ ആ നഴ്സ് ഡാക്കുടെ മാതാപിതാക്കന്മാരുടെ ഇഷ്ടമനുസരിച്ചു താൻ ഡാക്കു്

(ശേഷം 34-ാംപേജിൽ)

മുഖചിത്രം

★

ഓണംവന്നാ

1968

മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം രണ്ട് | കൊല്ലം ഏഴാമൻ ചിങ്ങം വ്യാഴം- തിങ്കളാഴ്ച | ലക്കം രണ്ട്

തിരുവോണം

★



കേരളത്തിന്റെ ദേശീയോത്സവമാണ് തിരുവോണം. ജാതിമത വ്യത്യാസമില്ലാതെ, ബാലനെന്നോ, വൃദ്ധനെന്നോ ഉള്ള പരിഗണന കൂടാതെ, സമ്പന്നനെന്നോ, നിസ്വനെന്നോ ഉള്ള ഭേദബുദ്ധികൂടാതെ, വടക്കനെന്നോ, തെക്കനെന്നോ ഉള്ള ചിന്ത കൂടാതെ കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെയുള്ള വരെല്ലാം ഈ ചതുരക്ഷരിയുടെ ശ്രവണമാധുര്യത്തിൽ ആനന്ദപുളകിതരാകുന്നു. കേരളത്തിൽ എത്രയോ വിശേഷദിവസങ്ങളും ഇനിയും ഉണ്ട്. പൂജയെടുപ്പും, ദീപാവലിയും, വിഷുവും, ക്രിസ്തുമസ്സും, ബക്രീദും എല്ലാം വിശേഷദിവസങ്ങളാണല്ലോ. എന്നാൽ ഇവ എല്ലാ ജനങ്ങളേയും ഒരുപോലെ ബാധിക്കുന്നവയാണെന്നു പറഞ്ഞുകൂടാ. ഏതെങ്കിലും മതവിഭാഗത്തെ മാത്രമേ അവ അധികമായി ബാധിക്കുന്നുള്ളൂ. ക്രിസ്തുമസ്സിന്റെ ആഹ്ലാദം മുസ്ലീങ്ങൾക്കും ഹിന്ദുക്കൾക്കും എന്നപോലെ, ബക്രീദിന്റെ ആഘോഷങ്ങളും ഹിന്ദുവിനും ക്രിസ്തുവിനും, വിഷുവിന്റെ വിശേഷങ്ങൾ ക്രിസ്ത്യാനിക്കും മുസ്ലീമിനും ഒട്ടൊക്കെ അനുഭവപ്പെടുന്നുണ്ടെങ്കിലുള്ളൂ ശരിതന്നെ. എങ്കിലും അവ അധികവും ഒരു പ്രത്യേക മതവിഭാഗത്തേയാണ് ബാധിക്കുന്നതു്. എന്നാൽ ഓണത്തിന്റെ കഥ അതല്ല. അതു് എല്ലാ മതവിഭാഗത്തിലുംപെട്ടവർക്ക് ഒരുപോലെ ആനന്ദദായകമാണ്. ഹിന്ദുവും ക്രിസ്ത്യാനും മുസ്ലീമും എല്ലാം ഒരുപോലെ ഓണം ആഘോഷിക്കുന്നു. അങ്ങിനെ അതു തികച്ചും ഒരു ദേശീയാഘോഷമാണ്.

കേരളമെങ്ങും ഒരുപോലെ ആഘോഷിക്കപ്പെടുന്ന ഒരു വിശേഷമെന്ന നിലയ്ക്കും ഓണത്തിനു പ്രധാന്യമുണ്ട്. കേരളത്തിന്റെ രണ്ടറ്റങ്ങളിലും മാത്രം ടിക്കേളെ അപേക്ഷിച്ച് ഓണത്തിന്റെ ആഘോഷങ്ങൾക്കു കാരണമെന്നു പറയുന്നുണ്ട്. അങ്ങിനെയാണെങ്കിൽത്തന്നെ ആചാരത്തിലും ഭാഷയിലും ഭിന്നതയുള്ളവരേയും സാമൂഹ്യസമ്പർക്കം കുറഞ്ഞവരേയും കൊണ്ടു് അങ്ങിനെ സംഭവിച്ചതായിരിക്കണം. ഏതായാലും മലയാളികൾക്കു മൊത്തത്തിലുള്ള ഒരാഘോഷം ഓണം മാത്രമാണ്. മലയാളി എവിടെയായിരുന്നാലും ഓണം ആഘോഷിക്കുവാൻ മറക്കാറില്ല. പുറത്തു താമസിക്കുന്ന അവരുടെ ഒരു അസ്സോസ്യേഷനും ഓണം ആഘോഷിക്കാതെ വിട്ടുകളഞ്ഞതായി കേട്ടിട്ടില്ല. ലണ്ടനിലായാലും അമേരിക്കയിലായാലും അവർ അന്നു മലയാളിമട്ടിലുള്ള വിഭവങ്ങൾ ആയിരിക്കും ഭുജിക്കുന്നതെന്നതു തീർച്ചയാണ്.

ആഘോഷത്തിനു സവിശേഷ പാഠിയ ഒരു അവസരമാണ് ഓണക്കാലം. ഏതു വിഷാദഭാവത്തേയും ഉല്ലാസഭരിതനാക്കുന്ന ഒരു കാലമാണതു്. കാശും കോളും നിറഞ്ഞ കള്ളക്കച്ചടകം പോയിരുളിച്ച കഴിഞ്ഞു വന്ന പൊന്നിൻചിങ്ങമാസത്തിലാണല്ലോ ഓണം. അന്തരീക്ഷം എത്തും പ്രസന്നമായിരിക്കും. വെൺമുകിൽ മുട്ടിയുരുമ്മി മന്ദഗമനംചെയ്യുന്ന നീലാകാശത്തേട്ടുകുടിയവയാണ് പകലുകളെങ്കിൽ, പാലൊളിതൂകുന്ന ചന്ദ്രപ്രകാശിതമായിരിക്കും രജനികളും. എങ്ങും ആനന്ദമയംതന്നെ. സ്ഫടികസങ്കാശമായ ജലാശയത്തിൽ മത്സ്യങ്ങളും തുടിച്ചുനീന്തികളിക്കുന്നുണ്ടാകും, തെളിഞ്ഞ നീലവിണ്ണിൽ പൈങ്കിളികളും പാടിപ്പറക്കുകയായിരിക്കും. ഇലയും, പൂവും കായുംകൊണ്ട് നാടെങ്ങും സമൃദ്ധമായിരിക്കുന്ന കാലവും ഇതുതന്നെ. കുക്കടകത്തിലെ മഴയിൽ തണുത്തുമരവിച്ചുനിൽക്കുന്ന മരങ്ങളും വള്ളികളും ഹരിതവസ്ത്രാഭരണമായി പരിലസിക്കുന്നതു് ഇക്കാലത്താണ്. കേരളത്തിന്റെ പൂക്കാലം എന്നു പറയാവുന്നതും ഇക്കാലമാണെന്നതോന്നുന്നു. മറ്റു രാജ്യങ്ങൾക്കു് പ്രത്യേകമായ വസന്തകാലമുണ്ട്. അക്കാലങ്ങളിലായിരിക്കും പൂക്കൾ സമൃദ്ധിയായി ഉണ്ടാകുന്നതു്. പാശ്ചാത്യരാജ്യങ്ങളിൽ ഇക്കാലത്തെ സ്പ്രിംഗ് എന്നു വിളിക്കുന്നു. പുഷ്പങ്ങളുടെ ഉത്സവകാലമാണിതു്. ഇന്ത്യയ്ക്കും ഒരു പ്രത്യേക വസന്തമുണ്ട്. മുല്ലയും മറ്റും വിരിയുന്നകാലമാണ് വസന്തം. എന്നാൽ കേരളത്തിനു് പ്രത്യേകമായ ഒരു പൂക്കാലമുണ്ടെന്നു പറഞ്ഞുകൂടാ. മിക്കവാറും എല്ലാമാസങ്ങളിലും കേരളത്തിൽ പൂക്കളുണ്ടാകുന്നുണ്ട്. എങ്കിലും താരതമ്യേന പൂക്കൾ അധികം ഉണ്ടാകുന്നതു ചിങ്ങമാസത്തിലാണ്. അതിനാൽ ഓണക്കാലത്തെ കേരളത്തിലെ വസന്തമെന്നു വിളിക്കുന്നതിൽ തെറ്റില്ലെന്നതോന്നുന്നു. പൂവിട്ടവാൻ തെരഞ്ഞെടുത്തിട്ടുള്ള കാലവും ഇതുതന്നെയാണല്ലോ.

ഓണക്കാലം ഫലസമൃദ്ധവുമാണ്. കേരളത്തിൽ പലയിടത്തും നെല്ലിന്റെ വിളവെടുപ്പുകഴിഞ്ഞ അവസരമായിരിക്കും. അതിനാൽ ഓണം ഒരു വിളവെടുപ്പ് ഉത്സവമാണെന്നും വ്യവഹരിക്കപ്പെടുന്നുണ്ട്. മറ്റു സസ്യങ്ങളും ഫലങ്ങളും സമൃദ്ധിയായി ഉണ്ടാകുന്ന കാലവും ഇതുതന്നെ. കൃഷിപ്പണികളിൽനിന്നു ജനങ്ങളും വിമുക്തമായ ഒരവസരമാണിതു്. അറകളിൻ നെല്ലും, പറമ്പുകളിൽ സസ്യങ്ങളും ഉള്ള ഈ അവസരത്തിൽ ജോലി ചെയ്തില്ലെങ്കിൽതന്നെ ക്ലേശിക്കാനുമില്ല. അതിനാൽ, ഈ ഘട്ടം തന്നെ നമ്മുടെ പൂവിൽ തെരഞ്ഞെടുത്തതു് എന്തുകൊണ്ടും ഉചിതമായിട്ടുണ്ട്.

മാവേലിയുടെ ഭരണത്തെ അനുസ്മരിക്കുന്ന ഒരു ആഘോഷമാണ് ഓണം എന്നതു് പ്രസിദ്ധമാണല്ലോ. സമത്വസുന്ദരമായ ഒരവസ്ഥയാണ് അന്നു നിലവിലിരുന്നതെന്നു് ഐതിഹ്യം പറയുന്നു. 365 ദിവസവും ജനങ്ങൾ ചതുർവിധ വിഭവങ്ങളോടെ ഉണ്ടു സുഖിച്ചു ഒരു കാലമാണതെന്നു വിശ്വസിക്കപ്പെടുന്നു. അക്കാലത്തെ അനുസ്മരിച്ചാണ് ഓണത്തിൻനാളും നിറച്ചുണ്ണാനും, വെളുത്തതുടുക്കാനും, ആഹ്ലാദിച്ചു മദിക്കാനും ഇന്നും ജനങ്ങൾ ആഗ്രഹിക്കുന്നതു്.

അന്നു് ജനങ്ങളെല്ലാം ചതുർവിധ വിഭവങ്ങളോടെയാണോ ഊണുകഴിച്ചിരുന്നതെന്നു നിശ്ചയമില്ല. എങ്കിലും ഒന്നു തീർച്ചയാണ്. മുഷ്ടാന്നമായി ഭക്ഷിക്കുകയും, ക്ലേശങ്ങളും കൂടാതെ ജീവിതാവശ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്തിരുന്നു എന്നതു്. വിശേഷാൽ കഴിയുന്ന ഇന്നത്തെ ഓണത്തിനുപോലും അന്നത്തെ സാധാരണ കാലത്തിന്റെ സമൃദ്ധി ഉണ്ടോ എന്നതും സംശയമാണ്. എല്ലാതരത്തി

അറിയിപ്പു്

തിരുവോണംപ്രമാണിച്ച് പ്രസ്സും ആഫീസും അവധിയാകയാൽ ആഗസ്റ്റ് 31-നും (ചിങ്ങം 15-നും) ആഴ്ചപ്പതിപ്പ് ഉണ്ടായിരിക്കുന്നതല്ല.

മാനേജർ.

തിരുവോണം

★

— കെ. ആർ. ഇലവനാട്ട് —

1

തുമ്പമലരിലുമമ്പിളിക്കുമ്പിലു-
മിമ്പമൊരുപോൽ തുളുമ്പുമെൻതൊടിലേ!
അമ്പിൽ നീ വണ്ണിച്ചുപാടുക മാബലി-
ത്തമ്പുരാൻതന്റെ തിരുനാൾമഹോത്സവം.
വെണ്മുകിൽത്തേരേറിയെത്തുകയാണതിൻ
ചെമ്മണിത്തേരതോ മഹിതപ്രശാന്തത.
നിസ്തന്ദ്രമോഹനസംഗീതധാരയിൽ
നൃത്തം ചവുട്ടി നില്പാണു വഷ്ണംഗന.
അക്കലാസക്തിതൻ വേലിയേറത്തിലെ-
ന്നൽക്കണ്ണുയുത്തുംഗശൃംഗതടങ്ങളിൽ
വെള്ളിച്ചിലമ്പണിയിച്ചുനിന്നങ്ങനെ
തുള്ളുന്ന ഹാ, സ്വയമാവിഷ്ടചിത്തയായ്"!!

2

വിൺമരവെൺമലരുമ്മകൊട്ടുമ്മാ-
റുണ്മയുതിർക്കുന്നൊരാകാരശോഭയിൽ
നിലനിമീലിതനിർമ്മലനീരജ-
ലോലവിശാലവിലോലവിലോചനം
തെറിത്തെറിക്കെ, നൽതെന്നലേറാടുന്ന
കറുത്തരിവണ്ടിണിഭംഗിതേടിയും
ഇങ്ങുള്ളചെമ്പകമേനിമാർ, ഗ്രാമീണ-
മങ്കമാർ, പാടുന്ന പാട്ടുകളൊക്കെയും
നാടേ, മറക്കുവാനാകുമോ! നിൻചിത്ത-
നാഥന്റെ നാനാപദാനഗാനങ്ങളെ.

3

തിങ്ങിമരങ്ങളം തെരുങ്ങും വനങ്ങളി-
ലെങ്ങും പ്രതിധ്വനിയുന്ന ഹർഷാരവം.
പല്ലവച്ചുണ്ടിലുണരുമുഷസ്സിന്റെ
പൈങ്കിളിപ്പാട്ടിൽ തെളിഞ്ഞമുഖവുമായ്
ഏതോ വരവിന്നഭിമുഖദർശന-
മേകുവാനെന്നപോൽ വെമ്പിയസ്സാശകളം

ലും ജനങ്ങളം വിഷമിക്കുന്ന ഒരു കാ
ലമാണിതു്. പട്ടിണിയും ദാരിദ്ര്യവും
ജനങ്ങളെയിട്ടു നീറുകയാണു്. ഈ
ങ്ങിനെയുള്ളവർക്കു വേണ്ടപോലെ
ഓണം ആഘോഷിക്കുവാൻ കഴിയു
ന്നില്ലല്ലോ എന്ന ചിന്തയും വ്യസന
ത്തിനേ കാരണമാകു. എങ്കിലും മെ
ശപ്പൂപൂണ്ടമായ കഴിഞ്ഞകാലത്തെ

പ്പാറി ഇരുന്നു് ആലോചിക്കുന്നതു
ന്നെ ഒരശ്വാസപ്രദമാണു്. സൂക്ഷി
നിറഞ്ഞ ഒരു ഭാവികാലത്തെ സങ്ക
ല്പിക്കുവാനും അങ്ങിനെയൊരു കാല
ത്തിനുവേണ്ടി പ്രയത്നിക്കുവാൻ പ്രേര
ണ നൽകുവാനും എങ്കിലും ഓണക്കാ
ലം പ്രയോജനപ്പെട്ടുമെങ്കിൽത്തന്നെ
അതു വലിയ കാര്യമല്ലേ?

നാടകത്തിലെ ഗാനങ്ങളം

★

— പി. എ. ജോസഫ് —

സംഗീതനാടകങ്ങളിൽ ഗാനങ്ങളധികമായിപ്പോയി എന്നാണു് ഇന്നു പലരും പരാതിപ്പെടുന്നതു്. പക്ഷെ ഇന്നത്തെ സംഗീതനാടകങ്ങളംഗ യഥാർത്ഥത്തിലുള്ള ന്യൂനതകളിലൊന്നു് അവ സംഗീതപ്രധാനങ്ങളല്ലെന്നുള്ളതാണു്.

സംഗീതനാടകങ്ങളം

വളരെയധികം വിമർശനങ്ങളം കഴിഞ്ഞ ഒരു വിഷയമാണു് മലയാ ളസംഗീതനാടകങ്ങളം. എന്നാൽ ഏ തുരെയൊക്കെ വിമർശനങ്ങളം കഴിഞ്ഞിട്ടും അതു് അതിന്റേതായ സരണി യിൽ അങ്ങനെ നിലനിന്നുവരികയാ ണു്. ഈ വിമർശനങ്ങളിൽ ക്ഷത പ്പെടാതെ, അവയെ അതിജീവിച്ചു നില്ക്കുന്നതിനുള്ള കാരണങ്ങളിൽ പ്രധാന മായതു് അവയ്ക്കു ബഹുജനങ്ങളിൽ നിന്നു ലഭിച്ചുകൊണ്ടിരിക്കുന്ന പ്രോ ത്സാഹനമാണു്. വിമർശനങ്ങളം പൊടിപൊടിപ്പുമായിട്ടു നടക്കുകയു ണ്ടായി. നിസ്സാരന്മാരല്ല, അലക്കനും വീണ വിചക്ഷണന്മാർതന്നെ വി മർശനങ്ങളംകൊണ്ടു് രംഗത്തിട്ടുണ്ടു്. അവയെ ഒരോന്നായി എടുത്തിവി ടെ പകത്തി സമയംകളയാൻപോകു ന്നില്ല. മിക്കവാറും ഒരുപോ പറഞ്ഞ തുതന്നെ വിവിധരൂപങ്ങളിൽ പല ലേഖികകളിൽനിന്നും, പ്രസംഗവേദി കളിൽനിന്നും, റേഡിയോനിലയങ്ങ ളിൽനിന്നും അവതരിപ്പിക്കപ്പെട്ടി ട്ടുണ്ടു്.

നീരാഞ്ജനമുഴിയുന്ന സകൈതവുകം
നീരാടിനില്ക്കും നിറഞ്ഞചെന്താരുകവും.
നിന്നു, പുറമതിൽക്കപ്പുറം ഭംഗിയിൽ
പൊന്നിൻകിരീടമുയർത്തി നൽക്കൊന്നകവും.
ചെങ്കനകക്കൊടിക്കുറപറപ്പിച്ചു
നമ്മുന്തിരിത്തളിർച്ചില്ലപ്പടപ്പുകവും.

4

ചിത്രമീമണ്ണിനെവിണ്ണാക്കിമാറുന്ന
നൽത്തിരുവോണമഹതപമേ! വെൽക! നീ!!
ശാന്തിതൻപൂങ്കുളിർഛായയിൽസംഗീത-
സാന്ദ്രതചേർത്തു സമതപസമീരണൻ
വൃന്ദാവനത്തിനെക്കാളുമാ സ്പർദ്ധിയ-
ശാന്തത തിങ്ങിത്തുളുമ്പുമെൻനാടിതിൽ
സത്യം, സമതപം, സമാധാന, മാഭ്യസം-
സ്തൃദ്ധിയിൽവന്നു വിടന്നൊരെൻനാടിതിൽ
മൂവടിമണ്ണിന്നിരന്നൊരുണ്ണിക്കതൻ-
മൂല്യവുതാഴ്ത്തുക്കൊട്ടത്തെരെൻനാടിതിൽ
പത്മനാഭപദസത്മരജസ്സണി-
ഞ്ഞത്യന്തഭക്തിയിലാടുവിൻ!— മംഗളം!!

★

മലയാളത്തിലെ നടീനടന്മാർ ഒരു കാൽനൂറ്റാണ്ടിനപ്പുറം ഇവിടെ വന്ന തമിഴ് നടകസംഘത്തിന്റെ സംഗീതപ്രധാനം ഇങ്ങു പകർത്തിയതു് തമിഴരോടുള്ള പക്ഷഭേദംകൊണ്ടെന്നൊന്നും തോന്നുന്നില്ല. മലയാളനാടകപ്രണയികളും തലയെടുപ്പുള്ള സാഹിത്യകാരന്മാരുടെ അഭിപ്രായങ്ങളെ ഒന്നു തൂത്തുപൂവ്വം അവഗണിച്ചുതുടങ്ങിയെന്നും തോന്നുന്നില്ല. അഥവാ തമിഴരുടെ അത്യാപത്തി പ്രയോഗംകൊണ്ടോ പ്രൊപ്പഗാന്തകൊണ്ടോ ഒന്നുമല്ല സംഗീതനാടകങ്ങളും ഉയർന്നുവന്നതു്, പിന്നെയോ അതു മലയാളത്തനിമകാരന്റെ ഒരാവശ്യം മാത്രമായതുകൊണ്ടാണു്. ആവശ്യം സൃഷ്ടിയുടെ മാതാവാണല്ലൊ. പക്ഷെ തമിഴരുടെ അന്നത്തെ സംഗീതനാടകങ്ങളേക്കാളും ഇന്നത്തെ മലയാളസംഗീതനാടകങ്ങളും കാലോചിതമായി പരിഷ്കരിക്കപ്പെട്ടിട്ടുണ്ടു്. ഇനിയും പരിഷ്കാരങ്ങൾ വരുത്തേണ്ടതില്ലെന്നിതിനർത്ഥമില്ല.

നാടകം തികച്ചും ഒരു ജനകീയകലയാണു്, ആയിരിക്കയും വേണം. കലാനിരീക്ഷകന്മാരുടെയും അഭിപ്രായങ്ങളെ ആധാരമാക്കി ഈ കലയെ മുമ്പോട്ടുകൊണ്ടുപോകാൻ കേരളത്തിലെ പരിതഃസ്ഥിതികൾ അനുവദിക്കുന്നില്ല. സാമ്പത്തികമായ പിൻബലമില്ലാത്തപക്ഷം ഏതുയൊക്കെ പരിഷ്കരണങ്ങൾ വരുത്തിയാലും ഈ കല മുമ്പോട്ടുകൊണ്ടുപോകാൻ സാധിക്കയില്ല. ഒരുപക്ഷെ ഗവണ്മെൻറിൽനിന്നു നാടകവ്യവസായം ടാൻസ്ഫേർട്ടുചെയ്യപ്പെടുമ്പോലെയോ മറ്റൊരു അങ്ങേറ്റത്തു കൈകടുപ്പുചെയ്യലും ബഹുജനങ്ങളുടെ അഭിപ്രായങ്ങളെ അനാദരിക്കയോ തൃപ്തിപ്പെടുത്താതിരിക്കയോ ചെയ്യുന്നപക്ഷം ഈ വ്യവസായം അഭിലഷണീയമായവിധത്തിൽ നടത്തുവാൻ സാധിക്കുമെന്നുതോന്നുന്നില്ല. മദ്യനിരോധനം ഗവണ്മെൻറിൽനിന്നു നടപ്പാക്കിയിട്ടും അതിൽനിന്നുദ്ദേശിക്കുന്നതു അഭിലഷണീയമായ മേന്മ കിട്ടിയിട്ടില്ല. കിട്ടാൻ വിഷമവുമാണു്. കാരണം, നിർബ്ബന്ധം ചെലുത്തുതെന്നെ പരിഷ്കൃതചിത്തരായി പരിലസിക്കയോ മാത്രമെ മദ്യവർജ്ജനം അതുകൊണ്ടുദ്ദേശിക്കുന്ന ഫലത്തെ പ്രദാനംചെയ്കയുള്ളു.

ഭീമമായ നഷ്ടങ്ങൾ സഹിച്ചിട്ടും മദ്യവർജ്ജനം ഇപ്പോഴും ഗവണ്മെൻറിന്റെ പിൻബലത്തോടുകൂടിപ്പോലും വിജയിപ്പിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ കൈവിരലിലെണ്ണാകുന്ന അദ്ധ്യാപകരുടെയോ കലാവിമർശകന്മാരുടേയോ നിയന്ത്രവുകരമായ അഭിപ്രായപ്രകടനങ്ങൾകൊണ്ടോ പ്രസംഗങ്ങൾകൊണ്ടോ വലിയ പരിവർത്തനങ്ങളൊന്നും ഉണ്ടാക്കാൻ സാധിച്ചിട്ടില്ലെങ്കിൽ അതിൽ അവരെയോ പ്രേക്ഷകന്മാരായ നടീനടന്മാരേയോ നാടകവ്യവസായികളായ നാടകക്കമ്പനിയുടമകളേയോ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. പക്ഷെ നാടകങ്ങളെ നിരീക്ഷണംചെയ്യുവാനിരിക്കുവാൻ മുതിർന്നവരുടെ ശ്രമങ്ങൾ കൊണ്ടു് യാതൊരു ഫലവുമുണ്ടായില്ലെന്നും പറഞ്ഞുകൂടാ.

രാജഗോവിന്ദസ്വാമിപ്പിള്ള, പി. എസ്. വേലുനായർ, കമർസ്വാമിപ്പിള്ള, അല്ലിപരമേശ്വരയ്യർ, ടണ്ഡപാണിനായിഡു, ഏസ്. വി. സുബ്ബയ്യഭാഗവതർ മുതലായ പല തമിഴ് നടന്മാർ കേരളത്തിൽവന്നു് പല തമിഴ് നാടകങ്ങളും നടത്തി മലയാളികളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതരായതുകൊണ്ടായില്ലോ. അതുവന്നാലും അഭിനയിക്കുന്നതു് വള്ളിത്തിരുമണം, കോവിലൻചരിത്രം, അല്ലാ റാണി എന്നിങ്ങനെയുള്ള ഏതാനും കഥകൾതന്നെ. എന്നിട്ടും പ്രേക്ഷകർക്കു് ഒരു കുറവും ഉണ്ടായിരുന്നില്ല. സ്ത്രീപാർട്ടുകാർ പെണ്ണുങ്ങളായതുകൊണ്ടുള്ള സെക്സ് അപ്പീലിന്റെ മിടുക്കാണെന്നു പറയാമെങ്കിൽ അതും ഇല്ലായിരുന്നു. അനന്തനാരായണയ്യർ, അല്ലി പരമേശ്വരയ്യർ മുതലായവരായിരുന്നു പേരെടുത്ത സ്ത്രീപാർട്ടുകാർ. എന്നിട്ടും കൊട്ടകകളിൽ സ്ഥലമില്ലാത്ത കുറവേയുണ്ടായിരുന്നുള്ളു.

കേരളീയരായ എസ്. ജി. കിട്ടപ്പാ, കയിൽനാടം വേലുനായർ, അല്ലിപ്പുരമേശ്വരയ്യർ, ഇട്ടിരാരപ്പൻനായർ തമിഴ് നാട്ടുകാരെപ്പോലും ഹഠാദാകർഷിച്ചു് അനേകമനേകം നാടകങ്ങൾ നടത്തിയതും സംഗീതപരമായ അവരുടെ വലിയ കഴിവുകൊണ്ടായിരുന്നു. പാട്ടുകളുടെ ബാഹുല്യംകൊണ്ടു് നിറയപ്പെട്ട അന്നത്തെ സംഗീതനാടകങ്ങൾക്കു് കേരളീയരെ കണ്ടമാനം ആകർഷിക്കുവാൻ കഴിഞ്ഞിരുന്നു എന്നു പറയുന്നതെ നിവർത്തിയില്ല കണ്ടകേണ്ടു് കണ്ണു പുളിച്ചുകഴിഞ്ഞ ഒരേരേ കഥ—വള്ളിത്തിരുമണം അല്ലെങ്കിൽ കോവിലൻചരിത്രം—തന്നെ പിന്നെയുംപിന്നെയും പുതിയ നടന്മാർ വരുമ്പോഴും കാണാൻ ആളുകൾ ഓടിക്കൂടിയിരുന്നതു് സംഗീതത്തിന്റെ സവിശേഷത കൊണ്ടുമാത്രമായിരുന്നോ എന്നു ചോദിച്ചാൽ വേറെയും ചില കാരണങ്ങളുണ്ടെന്നു പറയേണ്ടതുണ്ടു്.

ഇന്നത്തെ നടന്മാരിൽ സാധാരണ കണ്ടുവരുന്ന ഒരു പ്രത്യേകതയേ പ്പറ്റിയാണിപ്പറയുന്നതു്. നടന്മാർ മനപ്പാഠം പഠിച്ചുകൊണ്ടു് സ്റ്റേജിൽ അതുതെറ്റിയിടുകയായിരുന്നില്ല അന്നത്തെ പതിവു്. കഥാപാത്രങ്ങളായി സ്റ്റേജിൽ വരുന്ന നടീനടന്മാർ മിക്കവാറും തമ്മിൽ 'ചിട്ടചെയ്തിട്ടില്ലാത്തവരായിരിക്കും. ചിലപ്പോൾ അവർതമ്മിൽ ആദ്യമായിട്ടു് സ്റ്റേജിൽവച്ചായിരിക്കും കണ്ടുമുട്ടുക. കഥാഭേദകോണത്തുനിന്നുവരുന്ന പാണ്ഡ്യരാജാവും, തുളുനാട്ടുള്ളിയിൽനിന്നുവരുന്ന കോവിലനും, പാലക്കാട്ടുനിന്നുവരുന്ന കണ്ണകിയും, തെങ്കാശിയിൽനിന്നുവരുന്ന ഹരിശ്ചന്ദ്രനും ഇടയ്ക്കിടെ കുട്ടിമുട്ടുന്നതു് കൊല്ലത്തുള്ള ചിന്നക്കട ദേവീവിലാസം കൊട്ടകയിൽ രാത്രി ഒൻപതരമണിക്കായിരിക്കും. എങ്കിലും നാടകത്തിൽ അതിന്റെ കോട്ടങ്ങളൊന്നും കാണുകയില്ല. പല റിഹേഴ്സലും കഴിഞ്ഞതുപോലെയായിരിക്കും നടകാഭിനയം.

സംഗീതപരമായും കഥാവ്യക്തിയെ അടിസ്ഥാനമാക്കിയും നല്ല സാമർത്ഥ്യമില്ലാതെ ഇപ്രകാരം നാടകങ്ങൾ കാണികളുടെ മുക്തകണ്ഠപ്രശംസയ്ക്കു് പാത്രമാകുംവണ്ണം നടത്തിക്കൊണ്ടുപോകുവാൻ പ്രത്യേകസാമർത്ഥ്യം വേണം. ഇന്നുള്ള നടീനടന്മാരുടെ കാര്യം അതല്ല; ഒരാളെന്തുപാടുന്നു അഥവാ പാടുന്നു എന്നു മുൻകൂട്ടി അറിവുണ്ടു്. അതിന്നിന്നിന്ന മറുപടികളുണ്ടു് വേണ്ടതെന്നു നേരത്തേകൂട്ടി 'ചിട്ടപ്പെടുത്തി'വച്ചിട്ടുണ്ടു്. അങ്ങനെ മനപ്പാഠമാക്കിയതുവിടാതിട്ടിവിട്ടുൽമാത്രമതി. ഇതിൽ ഒരാൾ എന്തെങ്കിലും പറയാനുള്ളതു് മറന്നുപോയാൽ മറ്റേയാൾ മിഴുങ്ങസ്യയായിനിൽക്കും. അധികപ്രസംഗത്തെപ്പറ്റിയാലും തഥൈവ.

രാജഗോവിന്ദസ്വാമിപ്പിള്ള, കയിൽനാടം വേലുനായർ മുതലായവർക്കു് സംഗീതപരമായിമാത്രമല്ല, സാഹിത്യപരമായും തർക്കികമായുംമറ്റും അഗാധ പാണ്ഡിത്യമുള്ളവരായിരുന്നതുകൊണ്ടു് വാഭ്യപ്രതിവാഭ്യത്തിനുപോലുള്ള വകയുണ്ടായിരുന്നു. പ്രേക്ഷകർ ഇതെല്ലാം കണ്ടുംകേട്ടും ഇരിക്കണ്ടേ എന്നൊരു പ്രശ്നത്തിനിടയിൽ പ്രസക്തിയുണ്ടു്. എന്നാൽ അങ്ങനെയല്ല സംഭവിക്കാറുള്ളതു്. പ്രേക്ഷകർക്കു് വളരെനേരം രസിച്ചിരിക്കാനുള്ളവക അവിടെ കാണും. കൊട്ടകയിലേക്കു് ഡാൻസുകാണാൻ പോകുന്ന പ്രേക്ഷകർ നൃത്തനങ്ങളായ പല അറിവുകളും സിദ്ധിച്ചതിനാൽ കൃതാർത്ഥരായിട്ടാണു് വീട്ടിലേക്കുതിരിച്ചുപോകുന്നതു്. ഈ ഒരു പ്രത്യേകതകൊണ്ടാണു് ടണ്ഡപാണിദേശികരുടെ കോവിലൻ നാടകാഭിനയം കണ്ടവർ വേലുനായരുടെ കോവിലൻചരിത്രം കാണാൻ പോകുന്നതു്. പക്ഷെ ഇവരുടെകൂട്ടത്തിൽ അപ്പപ്പോൾമാത്രമായവർകപ്പെട്ടൽ കാര്യം അവതാളത്തിലാകുന്നതും രസക്ഷയമുണ്ടാകുന്നതും ഇടവന്നേക്കാം.

ഗദ്യനാടകങ്ങൾ

സംസ്കൃതത്തിൽനിന്നു 'അഭിജ്ഞാനശാകുന്തളം' മലയാളത്തിലേയ്ക്കു ഒരു മാസികാമാർഗ്ഗേണ ഖണ്ഡശഃ പ്രസിദ്ധീകരിച്ചതു് യശശ്ശരീരനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടാണു്. അന്നു നാടകത്തിന്റെ രസം നുണഞ്ഞിറക്കാനെങ്കിലും അതു വായിച്ചാളകാംക്ഷ സാധിച്ചു. പിന്നിടയ പുസ്തകരൂപത്തിൽ വന്നപ്പോൾ പൂർണ്ണരൂപവും കിട്ടി. രംഗപ്രയുക്തമായി അതു സ്റ്റേജിലേക്കു കൊണ്ടുവന്നതും മറ്റാരുമല്ലായിരുന്നു. ഒരു നല്ല നാടകത്തിന്റെ സവിശേഷലക്ഷണങ്ങളും തികഞ്ഞശകുന്തളം തിരുമനസ്സിലെ മേൽനോട്ടത്തിൽതന്നെ കൊല്ലം നാരായണപിള്ള മുതലായ പ്രസിദ്ധനടന്മാരിൽ തിരുവനന്തപുരത്തുവച്ചുതന്നെ ഉൽഘാടനം ചെയ്യപ്പെടുകയുമുണ്ടായി.

പണ്ഡിതന്മാരെ മാത്രമല്ല പാമരന്മാരേയും ഒരുപോലെ രസിപ്പിക്കാൻ പറ്റിയ ഈ വിശിഷ്ടനാടകം അനേകം പ്രാവശ്യം തിരുവനന്തപുരത്തുതന്നെ അഭിനയിക്കപ്പെടേണ്ടിവന്നതിൽ ഖേദപ്പെടുവാനില്ലല്ലോ. ഈ നാടകാഭിനയത്തിന്റെ പ്രശസ്തി വടക്കുള്ളവരെയും ആകർഷിക്കയുണ്ടായി. അങ്ങനെ തിരുവനന്തപുരംമുതൽ തൃശ്ശൂർവരെ പല പട്ടണങ്ങളിലും പ്രസ്തുത നാടകസഭ അഭിനയങ്ങളും വിജയകരമായിനിർവ്വഹിക്കയുണ്ടായി. മദ്ധ്യേസിൽവച്ചും അഭിനയിച്ചതായി കേട്ടിട്ടുണ്ടു്. വല്ല ഊട്ടുപുരകളുടേയോ, സത്രങ്ങളുടേയോ, കൊട്ടാരങ്ങളുടേയോ ഒഴിഞ്ഞ മൂലകളിൽവച്ചു നടത്തിയിരുന്ന നാടകങ്ങളെ അതിജീവിച്ചു ഇപ്രകാരം നാടകങ്ങൾ തിയേറ്ററുകളിലോ ഹാളുകളിലോ നടത്തിയതും ഇക്കാലത്തായിരുന്നു. ഇങ്ങനെ നടത്തിയ മലയാളം നാടകങ്ങളിൽ ആദ്യമായി അഭിനയിച്ചുതുടങ്ങിയ നടനം കൊല്ലം നാരായണപിള്ളതന്നെയാണു്. സംഗീതനാടകത്തിന്റെ ആരംഭത്തിനുമുമ്പു ഇപ്രകാരം ശ്ലോകം ചൊല്ലി അഭിനയിക്കുന്നതിൽ കൊല്ലം നാരായണപിള്ളയേക്കാൾ സമർത്ഥനായ ഒരു നടൻ ഉണ്ടായിരുന്നില്ല. എങ്കിലും ഈ നാടകപ്രസ്ഥാനത്തിന്റെ സൌഭാഗ്യം പട്ടണവാസികളല്ലാതെ ഗ്രാമീണർ അനുഭവിച്ചിരുന്നതുമില്ല.

ഗദ്യനാടകങ്ങൾ ഒരു പ്രത്യേകസരണിയിൽക്കൂടെ ഉയർന്നുവരേണ്ടതാണു്.

അങ്ങുമിങ്ങുമുള്ള ചില എം. എ-ക്കാരും ബി. എൽ-കാരുംചേർന്നു അവിടെയും ഇവിടെയും ഓരോ നാടകങ്ങളും നടത്തി ഈ പ്രസ്ഥാനം വിജയിപ്പിക്കുമെന്നു കരുതുന്നതും മൌഢ്യമാണു്. വെക്കേഷൻ കാലത്തു കോളേജുഹാളുകളിലോ, ആരുടെയെങ്കിലും യാത്രയയപ്പുപ്രമാണിച്ചോ, ഒരു ഫണ്ടുണ്ടാക്കാനോമൊക്കെയും ഒന്നോരണ്ടോ പ്രദർശനങ്ങളും നടത്തിയതുകൊണ്ടുമാത്രമായില്ല. ഗദ്യനാടകങ്ങളുടെ മേന്മയും ഗുണങ്ങളും സാധാരണക്കാർക്കുസിദ്ധിക്കാറാകണം. ഉയർന്നുവരുന്നവരിൽമാത്രമുള്ളവരുടെ അസാധാരണത്തിനുപകരിക്കത്തക്ക വിധത്തിൽ ഏതാനും നാടകങ്ങളും നടത്തിയതുകൊണ്ടൊരു പ്രയോജനവുമില്ല. ഉന്നതശ്രേണികളുടെ സംസ്കൃതികമായ ഉയർച്ചയേക്കാളും ക്രമമായ വാസികളുടെയും പാമരന്മാരുടേയും മാനസികമായ ഉയർച്ചയ്ക്കുള്ള പാഠനം

(ശേഷം 8-ംപേജിൽ)

പരേതനായ കേണൽ ഉണ്ണി നായർ

— ഒരനുസ്മരണം * —

1950-ൽ കൊറിയയിൽവെച്ചു വീ
മൃത്യുവരിച്ച കേണൽ ഉണ്ണിനായരു
ടെ സ്മാരകമായി Col. Unni Nayar
Commemoration Volume എന്ന
പേരിൽ മദിരാശിയിൽനിന്നും ഒരു
ഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നു. പ്ര
സ്തുത ഗ്രന്ഥം ഭാരതാംബയുടെ നഷ്ട
പ്പെട്ട ഒരു വീരപുത്രന്റെ ജീവചരി
ത്രത്തെക്കുറിച്ചു ഓർമ്മകളാണ് വാ
യനക്കാരിലുളവാക്കുന്നതു്. ഒരുയുദ്ധം
അതിന്റെ മാരകമായ നശീകരണ
ശക്തിമൂലം ഓരോ രാജ്യത്തിന്റെയും
എത്രയെത്ര പുത്രന്മാരേയാണ് അ
പഹരിച്ചുകൊണ്ടുപോകുന്നതു്? ഇ
തിനെ സംബന്ധിച്ചേടത്തോളം അട്ട
ഹാസകാലത്തായി അങ്ങിനെ ജീവിത
ത്തിന്റെ മദ്ധ്യരംഗത്തിൽതന്നെ യുദ്ധ
രംഗത്തുവെച്ചു് അകാലമൃത്യുവടഞ്ഞ
തിന്റെ ധീരസന്താനങ്ങളാണ് മേജർ
ജനറൽ കേണൽ ഉണ്ണിനായരും.

മഹാത്മാക്കൾ ഭീകരമായുള്ളകളല്ലെന്ന ആപ്തവാക്യമാണ് ഈ പുസ്തകം വായിച്ചുകഴിഞ്ഞാൽ ആർക്കും തോന്നുക. മി: നായർ കഴിവുള്ള ഒരു ഉദ്യോഗസ്ഥനായിരുന്നു. ഇനിയും എത്രയോ ഔന്നത്യമായിരുന്ന അദ്ദേഹത്തിന്റെ ജീവിതത്തിനു് വിധിയുടെ നിഷ്ഠുരഹസ്തം ഒരു പൂർണ്ണവിരാമിട്ടതു് ദുഃഖകരമായിപ്പോയി. ജീവിതത്തിന്റെ

— മാലതി —

വിവിധവശങ്ങളിൽ അദ്ദേഹത്തിനുള്ള കഴിവും തൻപോരിമയും അസാമാന്യമാണു്. അവയെ അനുസ്മരിച്ചുകൊണ്ടു് പല മഹാന്മാരുടേയും സന്ദേശങ്ങളും ലേഖനങ്ങളും ഈ സ്മാരകഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. പ്രത്യേകിച്ചും പണ്ഡിറ്റ് നെഹ്റു, ട്രിഗ്വി ലി, ബാബു രാജേന്ദ്രപ്രസാദ്, ബലദേവ് സിങ്ങ് തുടങ്ങിവരുടെ വികാരനിർഭരമായ സന്ദേശങ്ങൾ. കേന്ദ്രഗവൺമെന്റിലെ സ്റ്റേറ്റ് വകുപ്പു സിക്രട്ടറിയായിരുന്ന മി: വി. പി. മേനോൻതന്നെയും ബ്രിട്ടനിലെ ഇന്ത്യൻ അംബാസഡർ മി: എം. ദേവപാലമേനോൻതന്നെയും അദ്ദേഹത്തെക്കുറിച്ചുള്ള ലേഖനങ്ങളും ഹൃദയസ്പൃക്കാണെന്നു സമ്മതിച്ചേ തീരൂ. ഇവർക്കു പുറമേ പേരെടുത്ത പല വ്യക്തികളും തങ്ങളുടെ അനുസ്മരണങ്ങൾകൊണ്ടു് ഈ ഗ്രന്ഥത്തെ നിറംപിടിപ്പിച്ചിട്ടുണ്ടു്.

ഒലവക്കോട്ടിന്നടുത്തു് പാലിയാണ് ഉണ്ണിനായരുടെ ജന്മദേശം. 1911-ൽ മനക്കമ്പാട്ട് എന്നസ്ഥാനിനായർ കുടുംബത്തിൽ അദ്ദേഹം ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ ഒറ്റപ്പാലത്തായിരുന്നു. അനന്തരം ആകർഷണീയമായ സ്വഭാവവൈശിഷ്ട്യംകൊണ്ടു ഏല്ലാവർക്കും സുസമ്മതനായിരുന്ന ആ വിദ്യാർത്ഥി. ഉണ്ണിനായർ പിന്നീടു് മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ചേർന്നു. ആംഗലസാഹിത്യത്തിൽ ഓണേഴ്സ് ബിരുദമെടുത്തു.

കോളേജിൽ പഠിക്കുമ്പോൾതന്നെ മുതിർന്ന എഴുത്തുകാരനും സാഹിത്യപരമായ ശ്രമങ്ങളിലേർപ്പെടുവാനും അദ്ദേഹം ഉൽസുകനായിരുന്നു. കോളേജ് മാഗസിനിലൂടെ കേശവനുണ്ണിയുടെ ലേഖനങ്ങളും പുറത്തുവന്നു. ഏകദേശം അക്കാലത്തുതന്നെ മദിരാശിയിൽവെച്ചു് എഴുതിയതാണ് "The Story of my Life" എന്ന പുസ്തകം. ഫലിതമയമാണെന്നിരുന്നാലും തന്റെ ചുറ്റുമുള്ള ആളുകളെ കണ്ടറിഞ്ഞു് മനസ്സിലാക്കുവാനും സംഭവങ്ങളെ ചിത്രീകരിക്കുവാനും അദ്ദേഹത്തിനുണ്ടായിരുന്ന കഴിവു് അതിലൂടെപ്രകടമായിക്കാണുന്നു. "My Malabar" എന്ന പേരിൽ പുറത്തുവരുവാൻ പോകുന്ന അദ്ദേഹത്തിന്റെ മറ്റൊരു പുസ്തകം കേരളത്തെ പറ്റിയവിവരണങ്ങളും ആത്മകഥയിലെ ചില അദ്ധ്യായങ്ങളും ഉൾക്കൊണ്ടതത്രെ.

മദ്രാസിൽനിന്നു് പുറപ്പെട്ടിരുന്ന ഒരു വിനോദോപാരികയായ "Merry Magazine" ലാണു് അദ്ദേഹം ആ



ഉണ്ണിനായർ മിലിട്ടറി ഡ്രസ്സിൽ.

ദ്യമായി ജോലിയിലേർപ്പെട്ടതു്. അധികം താമസിയാതെ അവിടത്തെന്നെയുള്ള Mail പത്രത്തിന്റെ പത്രാധിപസമിതിയിൽ ചേർന്നു. ഒരു പത്രപ്രവർത്തകനെന്നനിലയിൽ പ്രശസ്തിമാർഗ്ഗത്തിലേയ്ക്കുള്ള ഒരു കാൽവെപ്പായിരുന്നു അതു്. പിന്നീടു് ഉണ്ണിനായർ കല്ക്കത്തയിലെ Statesman ആഫീസിൽ ഒരു സഹപത്രാധിപരായി ചേരുകയുണ്ടായതു്.

ആയിടയ്ക്കാണു് രണ്ടാംലോകമഹായുദ്ധം പൊട്ടിപുറപ്പെട്ടതു്. ഉണ്ണിനായർ ഇന്ത്യൻ സേനാവിഭാഗത്തിലെ രാജകീയകമ്മീഷനുദ്യോഗത്തിൽ നിയമിതനായി. അവിടുന്നങ്ങോട്ടു സംഭവബഹുലമാണ് ആ ജീവിതം. ഏതുപ്രവൃത്തിയിലും അസാമാന്യമായ കഴിവും, ഏതുവീര്യത്തിലും അടിപതറാത്ത ധൈര്യവും അദ്ദേഹത്തിനു് സഹജമായിരുന്നു. യുദ്ധകാലത്തു് സിങ്കപ്പൂർ, ബർമ്മ, വടക്കേആഫ്രിക്ക, ഇറാക്ക്, ജർമ്മനി മുതലായ രാജ്യങ്ങളിലെല്ലാം അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ടു്. യൈനാങ്ങ്യാങ്ങിൽവെച്ചു് ഒന്നാംബർമ്മാ ഡിവിഷനൽ മുന്നേറ്റം വളയപ്പെട്ടപ്പോഴും അദ്ദേഹം പ്രകടിപ്പിച്ച അചഞ്ചലമായ ധീരതയും മനുഷ്യസ്നേഹവും എക്കാലവും പ്രശംസനീയമായിത്തന്നെയിരിക്കുന്നു. പൂർവ്വപരിശീലനംകൂടാതെ പാരച്യൂട്ടുവഴി സിംഗപ്പൂരിലും റങ്കൂണിലും വിമാനമിറങ്ങിയശേഷം അദ്ദേഹം പറയുകയാണു്, സർക്കസ്സിലൂടെയുള്ള ഒരല്പാസയാത്രയായിരുന്നതെന്നു്! മിലാനിലെ യുദ്ധരംഗത്തു് ഭയങ്കരമായ പൊട്ടിത്തെറിയുടെ നടുക്കു് തന്റെ ടൈപ്പു് റൈറ്റർ മുമ്പിൽവെച്ചു് വാർത്തകൾ ശേഖരിച്ചിരുന്ന മി: നായർ യൂറോപ്യന്മാരുടെ ദൃഷ്ടിയിൽ ഒരു ഉത്തമനായിരുന്നു. പത്രങ്ങളും അദ്ദേഹത്തിന്റെ ആ വീരകൃത്യത്തെ വാനോളം പുകഴ്ത്തി. അതുപോലെ ടണീഷ്യയിൽവെച്ചു, മുറിവുപറ്റിയ അദ്ദേഹം പ്രസ്സ് ക്യാമ്പിലിരിക്കാൻ ഒരിക്കലും കൂട്ടാക്കിയില്ല. ഇന്ത്യൻസേനയോടൊപ്പം മുന്നേറുക്രമായ യുദ്ധമുന്നണിയിലെത്തുവാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടതു്. യുദ്ധരംഗത്തുനിന്നൊഴിഞ്ഞുമാറി ഒരു ചാരുകസേരയിൽ ചടഞ്ഞുകൂടുവാൻ ഉണ്ണിനായർ ഒരുക്കമായിരുന്നില്ല. സംഭവങ്ങൾക്കു ദൃക്സാക്ഷിയായാലെ സംഭവചിത്രീകരണം പൂർണ്ണമാവുകയുള്ളൂ — ഈ മനോഭാവമായിരുന്നു അദ്ദേഹത്തിന്റെ മേൽപറഞ്ഞ പ്രവൃത്തികൾക്കു നിദാനം. പ്രവൃത്തിയെന്തായാലും അതിൽ ആണ്ടിറങ്ങുക ഉണ്ണിനായർക്കു ഒരു പ്രത്യേകരീതിയാണു്. ആ കർമ്മകുശലതയാണു് അദ്ദേഹത്തെ സുപ്രസിദ്ധനാക്കിയതു്. അദ്ദേഹത്തിന്റെ ധീരത ഭയമെന്തെന്നറിയാത്ത ഒരു മനുഷ്യന്റെ അന്ധമായ ധൈര്യമായിരുന്നില്ല. പ്രത്യുത ആപത്തിനെ പൂർണ്ണമായും മനസ്സിലാക്കി അവയോടെതിരിടാനുള്ള ഒരു ഞെരുപ്പായിരുന്നു.

* Col. Unni Nayar Commemoration Volume August 12 1951. Price Rs. 4.



ഉണ്ണിനായർ പത്നിയോടും, മകളോടുംകൂടി.

ആ നിർഭയനായ വ്യക്തി യുദ്ധരംഗത്തിലെ വീരത്വം വസ്തുനിഷ്ഠമായി ഒന്നിടവിടാതെ റിപ്പോർട്ടുചെയ്യുന്നതിൽ അതിസമർത്ഥനായിരുന്നു. ഇന്ത്യൻരീതിയിലും പാശ്ചാത്യരീതിയിലും എഴുതുവാൻ ഉണ്ണിനായർക്കുണ്ടായിരുന്ന കഴിവ് എടുത്തുപറയേണ്ടതാണ്. ആ റിപ്പോർട്ടുകൾ മാതൃകാപരമായരീതിയിലായിരിക്കും രചിക്കപ്പെട്ടിട്ടുള്ളതു്. കണിശവും, അല്പം പോലും അതിശയോക്തികലരാത്തതും ആയിരുന്നു ഉണ്ണിനായരുടെ യുദ്ധറിപ്പോർട്ടുകൾ. ആദർശപ്രസംഗത്തെക്കാളധികം പ്രവൃത്തിമണ്ഡലത്തിനു് അദ്ദേഹം പ്രാധാന്യം കല്പിച്ചു. സന്ദർഭമെന്തായാലും വിക്ഷയമേതായാലും സത്യസ്ഥിതിയെ തിരഞ്ഞുപിടിക്കുവാൻ ബദ്ധശ്രദ്ധനായിരുന്നു അദ്ദേഹം. വടക്കേ ആഫ്രിക്കയിൽവെച്ചു നീതിനിഷ്ഠവും നിഷ്പക്ഷവുമായി ചിത്രീകരിച്ചിരിക്കുന്ന ആ യുദ്ധരംഗങ്ങൾ റിപ്പോർട്ടുകൾ സൈനികചരിത്രത്തിന്റെതന്നെ രജതരേഖകളാണെന്നു പറയണം. ഉണ്ണിനായർക്കു, കുറിപ്പുകൾ പകർത്തേണ്ട ആവശ്യമുണ്ടായിരുന്നില്ല; അദ്ദേഹത്തിന്റെ മനസ്സുതന്നെ ഒരു നോട്ടുപുസ്തകമായിരുന്നു.

വിദ്യാഭ്യാസകാലത്തുതന്നെ സംഭാഷണപ്രിയനായിരുന്ന ഉണ്ണിനായർ. അങ്ങിനെയുള്ള ഒരാൾക്കു് സുഹൃദ്ബന്ധങ്ങൾക്കു് ഒട്ടും പഞ്ഞമുണ്ടായിരുന്നില്ലല്ലോ. യുദ്ധകാലത്താണു് എണ്ണമറ്റ യൂറോപ്യൻസ്നേഹിതന്മാരെ അദ്ദേഹത്തിനു ലഭിച്ചിട്ടുള്ളതു്. എല്ലാവരേയും ഇഷ്ടപ്പെടുന്ന സ്വഭാവമായിരുന്നു അദ്ദേഹത്തിനു്; അതുപോലെ എല്ലാവരാലും ഇഷ്ടപ്പെട്ട ഒരു വ്യക്തിയുമായിരുന്നു അദ്ദേഹം. സ്നേഹംനിറഞ്ഞ ആ ഹൃദയവും ഫലിതമയമായ ആ സംഭാഷണരീതിയും തങ്ങളെ മറക്കുകയില്ലെന്നു് അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ അവകാശപ്പെടുന്നു.

എഴുത്തിലും വായനയിലും ശ്രദ്ധചെലുത്തിയിരുന്ന അദ്ദേഹം Sports-ലും തല്പരനായിരുന്നു. വിദ്യാർത്ഥിയായിരിക്കുമ്പോൾ യൂണിവേഴ്സിറ്റികോളേജിലെ Training Corporal ആയിരുന്ന ഉണ്ണിനായർ. Statesman ലെ ലാൺ ടെന്നിസ് റിപ്പോർട്ടറായിരുന്ന അദ്ദേഹം വായനക്കാർക്കു സുപരിചിതനാണു്. പുഴകളുടേയും തോടുകളുടേയും നാടായ കേരളത്തിൽപിറന്ന അദ്ദേഹം നീന്തലിൽ വലിയ ഉത്സാഹം പ്രദർശിപ്പിച്ചു. സ്വന്തം നാടിനെപ്പറ്റി പറയുമ്പോൾ കഥകളിയെപ്പറ്റി അമിതമായ അഭിമാനത്തോടെയല്ലാതെ സംസാരിക്കുമായിരുന്നു അദ്ദേഹം.

യുദ്ധകാലത്തു് ഇന്ത്യൻസൈന്യത്തിലെ ഓരോ വിഭാഗത്തിലെ പടയാളികളുടേയും കണ്ണിലുണ്ണിയായിരുന്ന ഉണ്ണിനായർ, ശർച്ചിലിന്റെ ഒരു നേരിയ നിഴൽപ്പാടുപോലുമില്ലാത്ത പെരുമാറ്റവും ചൊടിചൊടിക്കുള്ള സംഭാഷണവും അദ്ദേഹത്തെഎല്ലാവരോടുംഅടുപ്പിച്ചു. സഹപ്രവർത്തകർക്ക് അദ്ദേഹത്തോടുണ്ടായിരുന്ന മമതയ്ക്കും സ്നേഹത്തിനും ഒരുദാഹരണം പുണ്ടിക്കാട്ടുന്നതു് ഇവിടെ അസ്ഥാനത്താവില്ല. ഒരിക്കൽ മി. നായർ സഞ്ചരിച്ചിരുന്ന ജീപ്പിനു് ഒരപകടം പിണഞ്ഞു അതുകൊണ്ടുപോയി. മറ്റൊരു ജീപ്പുവാടകയ്ക്കൊണ്ടു് അദ്ദേഹം സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ അടുത്തെത്തി. കൃത്യങ്ങളിൽ അനേകഷച്ചപ്പോൾ ഒരുമാറ ജീപ്പുകളും ഒഴിവായിട്ടില്ലെന്നും ഉണ്ണിനായർ പിന്മാറിയില്ല. അഡ്മിനിസ്ട്രേറ്റർ ആഫീസർ ഉണ്ണിനായക്കുവേണ്ടിയാണു് ജീപ്പു എന്നറിയിക്കേണ്ട താമസമേയുണ്ടായുള്ളൂ. ഒരുമിനിട്ടിനകം അരഡസൻ ജീപ്പുകളും എത്തിക്കഴിഞ്ഞു! ഇറാലിയിൽ 8-ാം ഇന്ത്യൻ സേനാവിഭാഗത്തിന്റെ Public Relation's Officer ആയി കോപ്പുചെയ്യുകയായിരുന്ന അവസരത്തിലാണു് അതുണ്ടായതു്.

വാഷിംഗ്ടണിലെ ഇന്ത്യൻസ്ഥാനപതിയിൽ ഏറ്റവും ജനസമ്മതനായിരുന്ന ആഫീസർ ഉണ്ണിനായരായിരുന്നുവത്രെ. ഇന്ത്യയേയും അമേരിക്കയേയും രണ്ടു സുഹൃദ്രാജ്യങ്ങളെന്ന നിലയിൽ അടുപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു കൊറിയയിൽ യു. എൻ. കമ്മീഷനിലെ ഒരംഗമായിട്ടെത്തിയപ്പോൾ മുന്നൂറ്റിതികഞ്ഞില്ലാ, അപ്പോഴേക്കും അദ്ദേഹത്തിനു മുണ്ടായതു വെയ്റ്റിംഗ് വന്നടിഞ്ഞുവെച്ചു അദ്ദേഹത്തിനും London Times പ്രതിനിധിയ്ക്കും മാഞ്ചസ്റ്റർ Daily Telegraph ലേഖകൻ ക്രിസ്റ്റോഫർബക്ലിയ്ക്കും സഞ്ചരിച്ചിരുന്ന ജീപ്പു് ഒരു മൈനിനോടു മുട്ടിത്തകരുകയും അവരെല്ലാവരും മൃതിയടയുകയുംചെയ്തു. ഞെട്ടിപ്പിക്കുന്ന ഒരു വാർത്തയാണു് പിറ്റേന്നാൾ ലോകം ശ്രവിച്ചതു്. അങ്ങനെ ആ പുരുഷായുസ്സിലെ കാലത്തെ ഏറ്റവും വിലക്ഷണമായ നിമിഷങ്ങൾ നമുക്കു് നൽകുവാനായി. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും മാത്രമല്ലാ ഇന്ത്യയ്ക്കുതന്നെയും ഒരു തീരാനഷ്ടമാണു് തന്മൂലം ഉണ്ടായതു്.

അന്നു വാഷിംഗ്ടണിലായിരുന്ന മിസ്സിസ് വിമല ഉണ്ണിനായരെ മാ



കൊറിയയിലെ ഉണ്ണിനായർ സ്മാരകസ്തംഭം.

സഹജമായ രീതിയിൽ സ്വന്തേനി ച്ചിച്ചു. വിജയലക്ഷ്മിപണ്ഡിറാണ്. ഏതുയത്തിനു തങ്ങാൻ കഴിയാത്ത ഒരു ആഘാതമായിരുന്നു അവർക്കു ഉണ്ടായത്. അധികം താമസിയാതെ ശ്രീമതി വിമല ഇന്ത്യയിലേയ്ക്കു മടങ്ങി. അവരുടെ ഏക പുത്രിയാണ് അമേരിക്കയിൽ ജനിച്ച ആദ്യത്തെ ഇന്ത്യൻ പൗരൻ. മിസ്സിസ് ഉണ്ണിനായർ തൃശ്ശൂരിൽ വൈദ്യപരിശീലനം ചെയ്യുവരികയാണിപ്പോൾ.

ഉണ്ണിനായരെപ്പോലെ അകാലത്തിൽ അനിയായ വ്യക്തിത്വം മൃത്യുക്കാചിലരിലെ കാണുവാൻ കഴിയൂ. അദ്ദേഹവുമായി അടുത്ത പരിചയംപോലുമില്ലാത്ത ക്രോസ്ഫ സ്റ്റാഫർഷ് ("The Christian Science Monitor" – U S. A.) പറയുന്നതു നോക്കുക: "ഞങ്ങളുടെ പരിചയം പരിമിതമായിരുന്നു. കേവലം രണ്ടോ വർഷം ഞങ്ങളും അടുത്തടുത്തിരുന്നു ലഞ്ചുകഴിച്ചിട്ടുണ്ട്, അത്രമാത്രം പക്ഷെ, അദ്ദേഹത്തിന്റെ മരണവാർത്ത എന്നെ സ്തബ്ധനാക്കി. എനിക്കേറ്റവും അടുപ്പമുള്ള ഒരാളുടെ മരണത്തേക്കാളും വേദനാജനകമായിരുന്നു അതു." വളരെ ചെറുപ്പത്തിൽതന്നെ അദ്ദേഹം നമ്മിൽനിന്നും എന്നേക്കുമായി വിട്ടുപോയെങ്കിലും ഒരു ശതാബ്ദപൂർത്തിക്കുവേണ്ടുവോളം തന്റെ ചുരുങ്ങിയ കാലത്തെ ജീവിതത്തിൽനിന്നു പലതും നേടിയിട്ടുണ്ട് ഉണ്ണിനായർ എന്നാണ് വി. പി. മേനോൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. അതു വസ്തുത അനിഷേധ്യമാണ് എന്ന അദ്ദേഹത്തിന്റെ ജീവിതഗ്രന്ഥത്തിന്റെ അളകലം മറിച്ചുനോക്കിയാൽ വെളിപ്പെടുന്നതാണ്.

അദ്ദേഹത്തിന്റെ അന്ത്യദിനത്തിനു രണ്ടുനാൾമുമ്പായി യു. എൻ. സിക്രട്ടറി ജനറലിന്റെ Executive Secretary മി കോർഡിയർ ഇന്ത്യാഗവണ്മെന്റിനോടാവശ്യപ്പെട്ടിരുന്നു ഉണ്ണിനായരെ ഐക്യരാഷ്ട്രങ്ങളുടെ പ്രധാനനിരീക്ഷകനായി ലഭിക്കുമോ എന്ന്. അദ്ദേഹത്തിന്റെ പ്രവർത്തനപാടവത്തെക്കുറിച്ചു അത്യുന്നതരായ രാഷ്ട്രതന്ത്രജ്ഞന്മാരായ റിപ്പോർട്ടുകളാണ് കൊറിയായിൽനിന്നും ഐക്യരാഷ്ട്രസിക്രട്ടറിയേറ്റിൽ കിട്ടിക്കൊണ്ടിരുന്നതു്. പക്ഷെ, ഇന്ത്യാഗവണ്മെന്റിന്റെ മരപടി നിഷേധ്രുപത്തിലായിരുന്നു. ഇന്ത്യയ്ക്കു അത്യാവശ്യമായിരുന്ന അദ്ദേഹത്തിന്റെ സേവനങ്ങളും എന്നാണെന്നു കാണിക്കുന്നതു്. ഈ മരപടിക്കുശേഷം കൃത്യം രണ്ടേരണ്ടുദിവസമേ കഴിഞ്ഞുള്ളൂ. മൃത്യു അദ്ദേഹത്തെ അപഹരിച്ചുകൊണ്ടുപോയി.

നിസ്സംശയത്തിന്റെ പിറന്നാൾ അതായതു 1950 ആഗസ്റ്റ് 13-നു ഇന്ത്യാഗവണ്മെന്റിന്റെ വിദേശവകുപ്പു കാര്യാലയം ഒരസാധാരണ ഗസറ്റ് പുറപ്പെടുവിച്ചു, പരേതന്റെ പ്രവർത്തനങ്ങളെ അനുസ്മരിച്ചുകൊ

(5-ംപേജിൽനിന്നു തുടർച്ച)

പക്ഷം അതായിരിക്കും കൂടുതൽ ഉപയോഗപ്രദവും പ്രശംസാർഹവും. ബഹുജനവിദ്യാഭ്യാസമാണല്ലൊ നടക്കേണ്ടുന്നതു്.

താൻ വളരെയധികം പ്രശംസിച്ചിട്ടുള്ളതാണിശദ്ധനാടകപ്രസ്ഥാനമെന്നിരിക്കിലും കോടതിയിൽ പോകുന്നതിനു വക്കീലിനെ തല്പരനാക്കുന്നതിനുവേണ്ടി അതിൽ സംബന്ധിക്കാൻ സംഗീച്ചിട്ടില്ലെന്നു വന്നേക്കാം. കോളേജിൽ പഠിപ്പിക്കുന്ന പ്രൊഫസർ പേപ്പർ വാല്വു ചെയ്യുന്നതെങ്ങനെ പറഞ്ഞുതരേണ്ടതുണ്ടോ? വിദ്യാർത്ഥി പരീക്ഷ കഴിഞ്ഞിരിക്കുന്നെന്നുപറഞ്ഞു മാറിക്കളയും. ഇങ്ങനെ ഇതരകാര്യങ്ങളിൽ വ്യാപൃതരായ അനേകംപേരെ ഉത്തേജിപ്പിയ്ക്കുന്നതിനുശേഷംമാത്രമേ ശുദ്ധനാടകങ്ങൾ നടത്തുവാൻ പാടുകയുള്ളു എന്ന പരിതഃസ്ഥിതിയിൽനിന്നു അതിനു മാറ്റം വരുത്തുവാൻ സാധിക്കുന്നതോടെയും കാലം അതു 'ചൊന്നകാര്യമല്ല മരമായലും' സാമാന്യജനങ്ങൾക്കു ഒരു പയോഗവുമുള്ളതായിത്തീരുന്നില്ല.

തനി ശുദ്ധനാടകങ്ങളും ആസ്വദിക്കത്തക്കവിധത്തിൽ പ്രേക്ഷകരുടെ കത്തിന്റെ സംസ്കാരം, വാസന എന്നിവ അനുകൂലമാണോ എന്നുള്ളതും ഒരു പ്രശ്നമാണ്. അതായതു് ടിക്കറ്റുവച്ചു ശുദ്ധനാടകങ്ങളും പട്ടണങ്ങളിൽ മാത്രമല്ല ഗ്രാമങ്ങളിലുംവച്ചാൽ സാമ്പത്തികമായ പരാജയംവരാതെ ഈ കലാവിഭാഗത്തെ മുമ്പോട്ടുകൊണ്ടുപോകാൻ സംഗീതനാടകങ്ങളോ എന്നതു പരീക്ഷിച്ചുനോക്കേണ്ടതാണ്. അങ്ങനെ സമ്പത്തികവിജയം ലഭിച്ചില്ലെങ്കിൽ പ്രസ്ഥാനത്തിന്റെ വിജയത്തിനുവേണ്ടി സ്വാശുദ്ധിയെയുംകൂടി ഉദ്ദേശത്തിനെ നംപോകുന്നതെ, വേണ്ടിവന്നാൽ കയ്യിൽനിന്നു മുടക്കിയും ഈദൃശസംരംഭങ്ങളിലിറങ്ങി നാട്ടിലുള്ളോളമിങ്ങോളം നടന്നു നാടകങ്ങളും നടത്തുക ഒരുക്കമുള്ളവരുണ്ടെങ്കിൽ ഒന്നു പരീക്ഷിച്ചുനോക്കാവുന്നതാണ്.

ശുദ്ധനാടകങ്ങൾക്കിടയ്ക്കു സംഗീതപ്രകടനങ്ങളും നടത്തിവരുന്നതായും കാണാറുണ്ട്. ഒരു വൈറൈറ്റിക്കുവേണ്ടിമാത്രമാണ് ഹർമോണിസ്റ്റിനെക്കൊണ്ടോ പാട്ടുപാടിക്കുന്നതെന്ന അഭിപ്രായത്തോടുകൂടിയാണിങ്ങനെചെയ്യുവരുള്ളത്. പക്ഷേ ശുദ്ധനാടകത്തിന്റെ അന്തസ്സിനു അല്പം ഇടിവുവരുത്തുന്നില്ല ഈ കടംവാങ്ങൽഎന്ന സംശയിക്കേണ്ടിയിരിക്കുന്നു. നേരംപോക്കിനാണെങ്കിൽ മൽക്കർത്തൃമുമ്പിൽവന്നു വിദ്വാൻ എന്തെങ്കിലും രണ്ടു പറഞ്ഞു രസിപ്പിക്കയോ അഥവാ രംഗങ്ങൾതന്നെ അതുപോലെ സജ്ജീകരിക്കയോചെയ്താൽ കൊട്ടും പാട്ടും കൂടാതെ തനി ശുദ്ധനാടകംതന്നെ നടത്താം.

സംഗീതനാടകങ്ങളെപ്പോലെ ശുദ്ധനാടകം ഒരു തൊഴിലായി സ്വീകരിച്ചിട്ടുള്ള കലോപജീവികൾ നന്നേ വിരളമാണ്. മറ്റെന്നത്തെയും സംഗീതനാടകങ്ങളും നടക്കുന്നുണ്ടെങ്കിലും ശുദ്ധനാടകങ്ങളും നടക്കുന്നുണ്ടെങ്കിലും അതെന്നു ജനകീയകലയായി ബഹുജനങ്ങളുടെ ആസ്വാദനത്തിനു പകരിക്കുന്ന ഒരുപാധിയായി ഇന്നും നിലനിൽക്കുന്നില്ല. ശ്രീ. തിക്കുറിശ്ശി സുകുമാരൻനായർ, അകംബർശങ്കരപ്പിള്ള, മുതുകുളം, കായ്ത്തികേയൻനായർ മുതൽപേരെയെ നടന്മാർ മുമ്പു ശുദ്ധനാടകപ്രസ്ഥാനത്തിലുംപ്പെട്ടവരായിരുന്നെങ്കിലും ആദ്യങ്ങളുടെ പിറകേമാത്രം നടന്നാൽ വയറുനിറയുകയില്ലെന്നും ഏട്ടിലെ പശു പുല്ലു തിന്നുകയില്ലെന്നുംകണ്ടു സംഗീതനാടകവേദിയെ ശരണംപ്രാപിച്ചവരാണ്. ഇതിൽ ശ്രീ. തിക്കുറിശ്ശി ഫിലിമിൽ കയറിയതോടുകൂടി തൊണ്ട കടംവാങ്ങി ഭേഷായി പാടാനും തുടങ്ങിയിട്ടുണ്ട്.

നടന്മാരുടെ നേർക്ക്

നാടകക്കാരെന്നൊരുകൂട്ടരുണ്ട്. അവരാണ് അനേകലക്ഷം പ്രേക്ഷകരുടെ ഉള്ളിലുറങ്ങിക്കിടക്കുന്ന കലാബോധം തട്ടിയുണർത്തുന്നതു്. തങ്ങളുടിനയിക്കുന്ന നാടകങ്ങൾവഴി അനേകം ഗാനപാഠങ്ങളും ശുദ്ധമൂലമായി അവർ ബഹുജനങ്ങളെ പഠിപ്പിക്കുന്നുണ്ട്. വേദനയും രോദനവും കൊണ്ടു പ്രണിതങ്ങളായ അനേകം പേരുടെ മനസ്സുകളിൽ തൈലസേചനംചെയ്തു അവർ സുഖംവരുത്തുകയും ഞരമ്പുകളെ വികാരങ്ങളുടെ വേലിയേറ്റങ്ങൾകൊണ്ടു രസിപ്പിക്കയും ത്രസിപ്പിക്കയും "ചെയ്യുന്നുണ്ട്". ഇത്രയൊക്കെയായിട്ടും അവരുടെനേക്കുറിച്ചു കയ്യുമില്ലാതെ കയ്യാൻ മുതിരുന്നവരാണ് അധികംപേരും.

നാടകങ്ങളിൽ സംഗീതം അധികമായിപ്പോകുന്നു എന്നൊരുപരാതി പല വിമർശകന്മാരും പാസ്സാക്കിവിടുന്നുണ്ട്. അതിനു കുഴക്കുന്നതു പാവപ്പെട്ട നടന്മാരുടെനേക്കാണ്. എന്നാൽ വാസ്തവം നേരെമറിച്ചാണ്. ഇന്നത്തെ സംഗീതനാടകങ്ങൾക്കുള്ള ഒരു പ്രധാനകാരണം അവയുടെ സംഗീതശക്തിന്റെ കുറവാണ്. സംഗീതനാടകം കണ്ടാൻ ആളുകൾ കൊട്ടകയിൽപോകുന്നതു് സംഗീതമയമായ നാടകം കാണുംനാണ്. സംഗീതം അതിൽ നല്ലപോലെയുണ്ടായിരിക്കണം. ഇത്രമനസ്സിലാക്കാതെ ചില കഥയില്ലാത്ത വിമർശകന്മാരുടെ അഭിപ്രായങ്ങൾകേട്ടു "മതിയെടാ, നിന്റെ പാട്ടമതി" എന്നു നടനോടുനേരിട്ടുകയ്യാം. ഒന്നു മതിയെങ്കിൽമതിയെന്നു നടനും വിചാരിച്ചു പാട്ടുനിർത്തും. അപ്പോൾ മറ്റൊരു വിദ്വാൻ പറയുകയായി "ഭഗവതരെ പാട്ടുപാടിയാട്ടെ." ഈ ബലപരീക്ഷണത്തിൽ വിജയിക്കുന്നവന്റെ ആഗ്രഹംപോലെ വർത്തിക്കണം അന്നടൻ.

ചില നടന്മാർ പാടാൻവശമില്ലാതിനുമുമ്പുതന്നെ അവർക്കു തൊണ്ടകേടാണെന്നു സകടം കിട്ടും. ഒന്നിൽ "ഞാനിന്നു പാടാനാടിപാടാനം" എന്നാണെഴുതിയിട്ടുള്ളതെങ്കിൽ വേറൊന്നിൽ "പാടാതെപാടണം" വേറൊരുത്തന്റെ ആവശ്യം ഹിന്ദിപാട്ടാണ്. ഇനിയുമൊരുത്തന്റെആഗ്രഹം സിനിമാപാട്ടുകളും. ഇങ്ങനെ പത്തിരുപത്തഞ്ചുപാട്ടുകൾ പാടാനുള്ള കീർപ്പുകൾ കയ്യിലുണ്ട്. ആയിരത്തിലധികം ശീട്ടിൻപുറത്തുള്ള പാട്ടുകളെങ്കെ പാടിക്കഴിയുമ്പോൾ നേരംവെളുക്കും. ഇതിന്നിടയ്ക്കു നാടകപ്പാട്ടുകളും പാടണം ആ പാവപ്പെട്ട നടൻ. "വൺസ്മോർമ്മോർപ്പീസ്" പക്ഷക്കാരേങ്കിലും ശക്തിപ്പെട്ടവരുന്നതിന്നിടയ്ക്കു് "നോമോർമ്മോർപ്പീസ്" കാരുമുണ്ടാവും. ഏതുപാർട്ടിയെ തൃപ്തിപ്പെടുത്തണമെന്നുവച്ചു നടൻ വിഷമിക്കും. ഒരുവിധത്തിൽ പാടിത്തീർന്നാൽ അതിരുകവിഞ്ഞ ക്ഷമാശീലന്മാരും പ്രതിപക്ഷാരാധകരുമുള്ളവരുമാണിനാടകോപജീവികൾ.

പറയുന്നതിവേഗം-മൂഢം
ജഗതിയല്പമായ്
വിഗതിയേറെയായ്-പറയു... ...

എന്ന പാട്ടുപാടിക്കൊണ്ടു് സ്റ്റേജിലേക്കു പ്രവേശിക്കുന്ന ഉങ്കഷ്ണൻ മാനിനെ അനുകരിക്കുകയാണെന്നു ഗാനംകൊണ്ടും ഹാവഭാവാദികൾകൊണ്ടും മനസ്സിലാക്കിക്കൊടുക്കുന്നതുവരെയും അവിടെയൊരു വലിയ പ്രതിബന്ധം വിലങ്ങിട്ടുകിടക്കുന്നുണ്ടാവും: ഒന്നാന്തരമൊരുകൊട്ടാരത്തിന്റെയും ഇലക്ട്രിക് വിളക്കുകാറിന്റെയും ചിത്രങ്ങൾ വരയ്ക്കപ്പെട്ട പട്ടിക (Curtain)യുടെ മുമ്പിൽനിന്നു

നുകൊണ്ടായിരിക്കും ആ സംഗീതം ഈ പാട്ടുകഴിക്കുന്നത്". ഇങ്ങനെയുള്ള പല വിഷമങ്ങളുള്ളപ്പോഴും സ്വയം അനുഭവിക്കാത്തവരാണ് നടന്മാർ. ദൈവാധീനത്താൽ രംഗവാസികനും അതല്ല ശ്രദ്ധിച്ചില്ലെങ്കിൽ നാടകം അങ്ങനെ ഉടനെ പോയേക്കാം. നേരെമറിച്ച് ആരെങ്കിലും അതു കത്തിപ്പൊക്കിക്കൊണ്ടുവന്നാൽ ആ കേസ്സിലെ ഒന്നാംപ്രതി നമ്മുടെ ഉദ്ഘാടനമഹാരാജാവിന്റെ പാർട്ടുകാരനായ സംഗീതനാടകങ്ങളിൽ ഒഴിച്ചുകൂടാൻപാടില്ലാത്ത ഈവിഭാഗം വേണ്ടവിധത്തിൽ പ്രയോഗിക്കപ്പെടുന്നില്ലെങ്കിൽ ഉണ്ടാകുന്ന കണ്ണീരുചൊരിച്ചിലിന്റെ തുടക്കം മുതലൊടുക്കംവരെയുള്ള ഒരു നിണ്ട ബോറടിതന്നെയായിരിക്കും.

നടിനടന്മാരുടെ സംഗീതപരമായ സഹായികളായിരിക്കേണ്ട ഇവർ ചിലപ്പോൾ മുമ്പും കയ്യുംനിന്ന രംഗം മുഷിപ്പിക്കാറുണ്ട്. താഴ്ന്നസ്ഥായിയിലും സപ്തത്തിലും ശ്രുതിലയപൂർണ്ണമായി പാടുന്ന ഒരു നടന്റെ പാട്ടുകളും പക്കമേളക്കാരുടെ വമ്പിച്ച ഒച്ചയുടെ ബഹളത്തിനകത്തിൽ കുടുങ്ങി ഒരുപക്ഷേ തീരെ നിഷ്പ്രഭമായിപ്പോയേക്കാം. 'ഡോലക്' മുതലായ ചില സംഗീതോപകരണങ്ങളുടെ 'താന്നടി' ചിലപ്പോൾ നടീനടന്മാരുടെ മനോഹരമായ നാദങ്ങളെ വിഴുങ്ങിക്കളയുകയും സംഗീതത്തിന്റെ മധ്യേയുള്ള കാന്തിനിറകയും ചെയ്യുന്നു. ഹാർമോണിയം വാസ്തവത്തിൽ, ഭാരതീയസംഗീതത്തിനു സഹായകമോ ഉപദ്രവകരമോ എന്നുപോലും സംശയിക്കുന്നവരുണ്ട്.

അമേരിക്കക്കാരനായ ഹാരോൾഡ് പവ്വേർസ് എന്ന സംഗീതവിദ്വാൻ വളരെക്കാലം പാശ്ചാത്യസംഗീതശാസ്ത്രം അഭ്യസിച്ച ഒരാളാണ്. സംഗീതപരമായി എം. ഏ. ബിരുദം സമ്പാദിച്ച ഈ സായിപ്പിനു പല സംഗീതയന്ത്രങ്ങളും ഉപയോഗിക്കാനറിയാം. സംഗീതരചനയിലും വളരെ സാമർത്ഥ്യംപ്രകടിപ്പിച്ചിട്ടുള്ള ഈ വിദ്വാൻ ഇപ്പോൾ നൃയോർക്കിൽനിന്നു ഇന്ത്യയിൽവന്നു കണ്ണീരുടകസംഗീതം അഭ്യസിച്ചുകൊണ്ടിരിക്കയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പാശ്ചാത്യസംഗീതത്തേക്കാൾ മധുര്യമേറിയതും ഗണിതശിഷ്ടമായതും ഇന്ത്യൻ സംഗീതമാണെന്നും അതിലും പ്രത്യേകിച്ചു കണ്ണീരുടകസംഗീതമാണെന്നുമത്രെ. ഹാർമോണിയം ഒരിന്ത്യൻ സംഗീതോപകരണമേയല്ലെന്നാണദ്ദേഹം അഭിപ്രായപ്പെടുന്നത്. ഇപ്പോൾ അദ്ദേഹം വീണവായനയും മൃദംഗവായനയും പഠിച്ചുകൊണ്ടിരിക്കയാണത്രെ.

ഹാർമോണിയം നാടകത്തിലെ ഗാനങ്ങൾക്കു സഹായകമായ വിധത്തിലുപയോഗിക്കണമെങ്കിൽ അതു 'ഒതുക്കി' വായിക്കണം, 'താന്ന' വായിക്കരുത്. അതുപോലെതന്നെ ഇതരോപകരണങ്ങളും ഒതുക്കി വായിക്കുകയാണ് വേണ്ടത്.

പക്കമേളം

ഹാർമോണിസ്റ്റ്, മൃദംഗക്കാരൻ, തബലക്കാരൻ, പിൻപാട്ടുകാരൻ എന്നിവരടങ്ങിയ സംഗീതപ്രകടനത്തെയാണ് പക്കമേളമെന്ന സാധാരണ പറഞ്ഞുവരുന്നത്. മേളക്കഴപ്പുണ്ടാക്കാൻ ഇതോടുകൂടി ഫിഡിൽ, ഫ്ലൂട്ട്, ക്ലാരനട്ട്, മുഖർശംഖ് മുതലായ ഉപകരണങ്ങളും ചിലർ ചേർത്തുവരുന്നുണ്ട്. സംഗീതനാടകങ്ങളിൽ ഒഴിച്ചുകൂടാൻപാടില്ലാത്ത ഈവിഭാഗം വേണ്ടവിധത്തിൽ പ്രയോഗിക്കപ്പെടുന്നില്ലെങ്കിൽ ഉണ്ടാകുന്ന കണ്ണീരുചൊരിച്ചിലിന്റെ തുടക്കം മുതലൊടുക്കംവരെയുള്ള ഒരു നിണ്ട ബോറടിതന്നെയായിരിക്കും.

നടിനടന്മാരുടെ സംഗീതപരമായ സഹായികളായിരിക്കേണ്ട ഇവർ ചിലപ്പോൾ മുമ്പും കയ്യുംനിന്ന രംഗം മുഷിപ്പിക്കാറുണ്ട്. താഴ്ന്നസ്ഥായിയിലും സപ്തത്തിലും ശ്രുതിലയപൂർണ്ണമായി പാടുന്ന ഒരു നടന്റെ പാട്ടുകളും പക്കമേളക്കാരുടെ വമ്പിച്ച ഒച്ചയുടെ ബഹളത്തിനകത്തിൽ കുടുങ്ങി ഒരുപക്ഷേ തീരെ നിഷ്പ്രഭമായിപ്പോയേക്കാം. 'ഡോലക്' മുതലായ ചില സംഗീതോപകരണങ്ങളുടെ 'താന്നടി' ചിലപ്പോൾ നടീനടന്മാരുടെ മനോഹരമായ നാദങ്ങളെ വിഴുങ്ങിക്കളയുകയും സംഗീതത്തിന്റെ മധ്യേയുള്ള കാന്തിനിറകയും ചെയ്യുന്നു. ഹാർമോണിയം വാസ്തവത്തിൽ, ഭാരതീയസംഗീതത്തിനു സഹായകമോ ഉപദ്രവകരമോ എന്നുപോലും സംശയിക്കുന്നവരുണ്ട്.

അമേരിക്കക്കാരനായ ഹാരോൾഡ് പവ്വേർസ് എന്ന സംഗീതവിദ്വാൻ വളരെക്കാലം പാശ്ചാത്യസംഗീതശാസ്ത്രം അഭ്യസിച്ച ഒരാളാണ്. സംഗീതപരമായി എം. ഏ. ബിരുദം സമ്പാദിച്ച ഈ സായിപ്പിനു പല സംഗീതയന്ത്രങ്ങളും ഉപയോഗിക്കാനറിയാം. സംഗീതരചനയിലും വളരെ സാമർത്ഥ്യംപ്രകടിപ്പിച്ചിട്ടുള്ള ഈ വിദ്വാൻ ഇപ്പോൾ നൃയോർക്കിൽനിന്നു ഇന്ത്യയിൽവന്നു കണ്ണീരുടകസംഗീതം അഭ്യസിച്ചുകൊണ്ടിരിക്കയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പാശ്ചാത്യസംഗീതത്തേക്കാൾ മധുര്യമേറിയതും ഗണിതശിഷ്ടമായതും ഇന്ത്യൻ സംഗീതമാണെന്നും അതിലും പ്രത്യേകിച്ചു കണ്ണീരുടകസംഗീതമാണെന്നുമത്രെ. ഹാർമോണിയം ഒരിന്ത്യൻ സംഗീതോപകരണമേയല്ലെന്നാണദ്ദേഹം അഭിപ്രായപ്പെടുന്നത്. ഇപ്പോൾ അദ്ദേഹം വീണവായനയും മൃദംഗവായനയും പഠിച്ചുകൊണ്ടിരിക്കയാണത്രെ.

ഹാർമോണിയം നാടകത്തിലെ ഗാനങ്ങൾക്കു സഹായകമായ വിധത്തിലുപയോഗിക്കണമെങ്കിൽ അതു 'ഒതുക്കി' വായിക്കണം, 'താന്ന' വായിക്കരുത്. അതുപോലെതന്നെ ഇതരോപകരണങ്ങളും ഒതുക്കി വായിക്കുകയാണ് വേണ്ടത്.

പിന്നെന്തുകൊണ്ടു ചിലപ്പോൾ അങ്ങിനെ ചെയ്യുന്നില്ല എന്നു ചോദിച്ചാൽ ടിക്കറ്റുവാങ്ങി കൊട്ടകയുടെ അങ്ങേഅറ്റത്തിരിക്കുന്ന തറക്കാരെ പ്രീണിപ്പിക്കുവാൻ അപ്രകാരംചെയ്യാൻ അഹോവൃത്തക്കാരായ നടകപ്പാർട്ടിക്കാർ നിർബ്ബന്ധരായിത്തീർന്നുപോകുന്നതാണ്. 'താന്ന'വായിച്ചാൽ 'കൊട്ടകപൊളപ്പൻ' എന്ന പരാതികൊണ്ടു കസേരടിക്കാരുകാർ പിറുപിറുക്കും. 'അടക്കി വായിച്ചാൽ 'ലൌഡർപ്ലീസ്' ബഹളംകൊണ്ടു തറക്കാർ ഇരിക്കപ്പൊറുതി തരികയില്ല. പിന്നെ ഈ കലോപജീവികളെന്തു ചെയ്യും; ഒരുകൂട്ടക്കു കൊഞ്ഞുപക്ഷം, മറ്റൊരുകൂട്ടക്കു ഞൊടിപക്ഷം.

സ്ഥലത്തെ പ്രധാനികൻ

ഇനി ചില സ്ഥലത്തെ പ്രമാണികളുണ്ട്. അവരുടെ പ്രതാപവും മാഹാത്മ്യം കാണിക്കാനുള്ള ദുഃഖാവസരങ്ങളായിട്ടാണ് അവർ നാടകങ്ങളെ കണക്കാക്കാറുള്ളത്. ഒരിക്കൽ ഒരു സംഗീതനാടകം നടന്നുകൊണ്ടിരിക്കെ അതിന്റെ വലുതുഭാഗത്തു പതിവുപോലെ പക്കമേളക്കാർ സ്ഥലം പിടിച്ചിരിക്കയായിരുന്നു. നാടകമൊക്കെ ഭംഗിയായി നടന്നു. നാടകംകഴിഞ്ഞപ്പോൾ സ്ഥലത്തെ പ്രധാനിയായ ഒരു വ്യക്തി സ്റ്റേജിൽ കയറിവന്നു നടീനടന്മാരെ വളരെ അഭിനന്ദിച്ചുസംസാരിക്കയുംമാത്രം ചെയ്തകൂട്ടത്തിൽ പക്കമേളക്കാരെ കണ്ടമാനം അധിക്ഷേപിച്ചു സംസാരിക്കയുണ്ടായി. അദ്ദേഹം പറഞ്ഞതു കാര്യമാണ്. ഡർബാറിലും, വനാന്തരത്തിലും, സപ്തർഷിത്തിലും, നരകത്തിലും ഒക്കെ ഈ ഹാർമോണിസ്റ്റെന്നു ഭ്രമം ഇരിക്കുന്നതു സ്വാഭാവികതയല്ല പാറിയതാണോ എന്നതായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം.

വളരെ ശരിയല്ലെ ഈ ചോദ്യം. ഇതിന് ആ പാവപ്പെട്ട ഹാർമോണിസ്റ്റെന്തുചെയ്യു? അയാളെ അവിടെ ഇരുത്താതെ രംഗത്തുനിന്നുമാറ്റി വേറെയെവിടെയെങ്കിലും ഇരുത്തിയാലോ? അപ്പോൾ ചിലരിൽനിന്നായിരം—ഹാർമോണിസ്റ്റെവിടെ? അയാളെ ഞങ്ങൾക്കുകാണണം — എന്ന ചോദ്യം. ഒരുപക്ഷെ കൺട്രാക്ടറെ കാറംപറഞ്ഞാൽ അതും തന്റെ അരോശൂത്തിനു പാറിയതുകയില്ലെന്നു മനസ്സിലാക്കിയ ബുദ്ധിയുള്ള ആ സ്ഥലത്തെ പ്രധാനി കാറമെല്ലാം അനുരാജ്യത്തുനിന്നുവന്ന ആ ഹാർമോണിസ്റ്റിന്റെ മേൽ ചൊരിഞ്ഞു വലിയൊരു വിമർശകനായി ഉയർന്നു. കാണികളിൽ ഒരുവനായി ഞാൻ ആ സ്റ്റേജിൽകയറി ഈ അവഹേളനത്തിനു മധുപടിപാറയൻ തുനിയുന്നതും എന്റെ ആരോശൂത്തെ നോക്കിയാണ്. ഏതായാലും ആ നാടകക്കൊട്ടകയിൽ അതുവരെ കിട്ടിയതിൽവച്ചോറാറും വലിയ അപ്പം സംഭാവനചെയ്തതാണ് ആ സ്ഥലത്തെ പ്രധാനി സ്റ്റേജിൽനിന്നിറങ്ങിയതു്. പക്ഷേ ഇങ്ങനെയുള്ള സ്ഥലത്തെ പ്രധാനികളുടെ വിമർശനങ്ങൾകൊണ്ടു കാര്യമായ ഗുണമൊന്നും ഉണ്ടാകാറുണ്ടായിട്ടില്ല. അതേ കൊട്ടകയിൽതന്നെ പിന്നീടും അഭിനയിക്കപ്പെട്ട അനേകം നാടകങ്ങളിൽ ഹാർമോണിസ്റ്റിരുന്നതു മേപ്പടിമട്ടുതന്നെ. സ്ഥലത്തെ പ്രധാനിയും ആ സ്റ്റേജിൽ കയറി പ്രസംഗിക്കാറുമില്ല.

'പന്ത്രണ്ടുമണിക്കൂറിൽ' എന്നു പറഞ്ഞതുപോലെ കൊട്ടകയിൽ വന്നുചേരുന്ന (അപ്പോഴുമതും കൺട്രാക്ടർ നിശ്ചിതസംഖ്യ കൊട്ടത്തുകൊണ്ടാണുവെങ്കിയതു്) നാടകപ്പാർട്ടിക്കാരെന്തൊക്കെ നോക്കണം. കൊട്ടകയിൽ വിളക്കുകൾ സജ്ജീകരിക്കപ്പെട്ടിട്ടുള്ളതു ശരിയായിട്ടുണ്ടോ ഫൂട്ട്‌ലൈറ്റുകളുണ്ടോ, അതുകളിലെ മണ്ണെണ്ണ രണ്ടുനാൾ രംഗങ്ങൾ കഴിയുമ്പോൾ വാറിത്തീരുമോ, യവനികകൾ വേണ്ടതുപോലുണ്ടോ, അതുകൾ പിടിക്കുന്നവർ ഇടക്കിടക്കു തുങ്ങി നടന്മാരുടെ തലയിൽ അതു വലിച്ചിടുമോ, അഥവാ അതുകൾ ബന്ധിച്ചിരിക്കുന്ന കയറുകൾ നേർമ്മിതങ്ങളോ, എങ്കിൽ പാതിരാനേരത്തു കയറന്വേഷിച്ചുപോയാലെവിടെകിട്ടും. ഹൃദ്യമായവിധത്തിൽ താഴ്ന്നശ്രുതിയിൽ ശ്രുതിലയപൂർണ്ണമായി പാടുന്ന നടീനടന്മാരെ വളർത്തുകയും കൊട്ടകയുടെ ഏതു മൂലയിലും അതു കേൾക്കത്തക്കവണ്ണം ദൂരശ്രവണയന്ത്രസജ്ജീകരണമുണ്ടോ. ഇങ്ങനെ ഒരായിരംകൂട്ടംകാര്യങ്ങൾ. ഇവയൊക്കെ അന്നത്തോടുകൂടി ആദ്യത്തെ പ്രാവശ്യം അന്നാട്ടിൽ കൂലെടുത്തുകൊണ്ടുന്ന അന്യനാട്ടുകാരായ കലാകാരന്മാരെ ഭരമേല്പിക്കാതെ സ്ഥലത്തെ പ്രധാനികൾ വല്ലവരും നോക്കുമോ അയുമില്ല. നാടകം തുടങ്ങുന്നതിനു ഒരമണിക്കൂർ മുമ്പെങ്കിലും കൊട്ടകയിൽ പ്രവേശിച്ചിട്ടുള്ളവരാണ് നടീനടന്മാരെങ്കിൽ ദ്രുമഗുടുങ്ങുവാനുള്ള രണ്ടാമത്തെ മണിയടിച്ചതിനുശേഷം കൊട്ടകയിൽപ്രവേശിക്കുന്നവരാണീ സ്ഥലത്തെ പ്രധാനികൾ.

നടിക്കുർ പാതിരാത്രിസമയം. ഭയാനകമായ ഒരു വനാന്തരത്തിൽകൂടി മന്ദമന്ദം കാൽപ്പടങ്ങൾവച്ചു് നായകനും നായികയും സഞ്ചരിക്കുകയാണ്. പക്ഷേ അവിടെ നിരുകന്തലയ്ക്കുമുകളിൽ ഒരു പൊടോമാക്സ് വിളക്കോ, വൈദ്യുതബാംബോ എരിഞ്ഞുകൊണ്ടിരിക്കും. പിൻകർട്ടന്റെ മടക്കുവീണഭാഗങ്ങളിൽ കാണുന്ന വന്മരങ്ങളുടെ ഒടിഞ്ഞും തൊരിഞ്ഞുമുള്ള നിലപാടും ചെറിയൊരുകാറ്റുവീശുമ്പോൾ അങ്ങിനെ മരങ്ങളും മാത്രമല്ല ഭീമാകാരത്തിലുള്ള പാറക്കെട്ടുകളും മലകളും ആടിയുലയുന്നതും, രംഗാവസാനത്തിൽ കർട്ടന്റെ അടിയിൽനിന്നു തെറുത്തുതെറുത്തു പുറത്തു പൊക്കുമ്പോൾ കാറ്റും മഴയുംഒക്കെ ആകാശത്തേക്കു പോകുന്നതുപോലെ അപ്രത്യക്ഷമായിത്തുടങ്ങുന്നതും മ

പുതുവർഷഫലം
നക്ഷത്രഫലം

തകഴി കെ. രാമവാര്യർ

8-1-1129—14-1-1129
24-8-1953—30-8-1953

അശ്വതി—പ്രവർത്തനരംഗത്തിൽ സന്തോഷംവരും. വ്യവസ്ഥാപിത പ്രവർത്തികളിൽ ശ്രദ്ധപതിയും. ധനാഗമമാർഗ്ഗങ്ങൾ കൂടുതലായിട്ടുണ്ടാകും. നിത്യാവശ്യങ്ങൾക്ക് പണം നിർലോഭം ചെലവിടും. മംഗളകർമ്മങ്ങളിൽ പങ്കെടുക്കും.

ഭരണി—പ്രതീക്ഷകളും സാധിതപ്രായമാകും. മനോകാണ്ഡത്തിന് കുറവുണ്ടാകും. പണക്കഴപ്പും അല്പം അയഞ്ഞു നിന്നേക്കും. അലോചനത്തിന് പ്രയോജനം ലഭിക്കും. സ്ഥിരതകുറയും.

കാർത്തിക - വിനോദവിക്രയങ്ങളിൽ കൂടുതലായിട്ടിടപെടും. ഉപദേശകവൃത്തിയിൽ ഏർപ്പെട്ടേക്കാം. അധികാരത്തിലുള്ളവർ സഹായിക്കും. പൊതുജനസ്നേഹം സമ്പാദിക്കും. സൽക്കാര്യങ്ങളിൽ പങ്കുകൊള്ളും.

രോഹിണി—അഭിമാനത്തിനു ഭംഗംവരാതെ ഏതുകാര്യത്തിലും ഇടപെടും. പണക്കഴപ്പും ഉണ്ടായിരുന്നാലും വിഷമംതട്ടാതെ കാര്യങ്ങളും നിറവേറ്റുവാൻകഴിയും. മൈത്രീബന്ധം ഉറപ്പിക്കും.

മകയിരം ബുദ്ധിപരമായിരിക്കുന്നു പ്രവർത്തനത്തിൽ മനസ്സ് ലീനമായിരിക്കും. വിശ്രമമില്ലാതെ ജോലിചെയ്യേണ്ടിവരികയാൽ ആരോഗ്യത്തെ ബാധിക്കും. സന്താനഹിതം സാധിപ്പാൻ വിഷമിക്കും.

തിരുവാതിര — അനിവാര്യമായ വിധം വ്യയം വലയംചെയ്യും. സഹായികളുടെ യത്നം ആശ്വാസംനൽകും. ചുമതലകൾ വർദ്ധിക്കും. തൊഴിലുകളിൽ പുരോഗതി പ്രതീക്ഷിക്കാം. ഭരണീയർ എതിർപ്പുകൾ പ്രകടിപ്പിക്കും.

പുണർതം — കഴപ്പുമുള്ള കാര്യങ്ങൾ കൈകാര്യംചെയ്യും മൈത്രികൊണ്ട് കാര്യംനടത്തും. ആശ്രിതർ വിഷമം വർദ്ധിപ്പിക്കും. മൻനിശ്ചയങ്ങൾക്ക് വിളംബമുണ്ടാകും.

പൂയം — അകാലസഞ്ചാരവും അഹിതാഹാരവും ആരോഗ്യത്തെ ബാധിക്കും. കാര്യനിർവ്വഹണത്തിനുവേണ്ടി ചില അടവുകൾ പ്രയോഗിക്കും. അർശോപീഡ ശല്യപ്പെട്ടേക്കും.

ആയില്യം — ബുദ്ധി വേണ്ടവിധം വിനിയോഗിച്ചാലും അപവാദത്തിനിടവരുത്തും. ഗൗരവമുള്ള ചുമതലകൾ വലയംചെയ്യും. ആശ്രിതർ ഒഴിയുകയും. അനുചിതപ്രവർത്തികൾ ചെയ്യുവാനുമിടയുണ്ട്. ക്ലേശം കൂടും.

മകം — ഭരണീയരെ തൃപ്തിപ്പെടുത്തുവാൻ വിഷമിക്കും. അക്ഷീണപരിശ്രമംചെയ്ത് കാര്യനിവർത്തിക്കുമെങ്കിലും. പണക്കഴപ്പും ക്ലേശവും കാര്യത്തിന്റെ ഗൗരവമനുസരിച്ചുമാകും. സംയുക്തപ്രവർത്തനത്തിൽ ഉൾപ്പെടുത്തും.

പൂരം — വായു കോപിക്കും. വിവാഹകാര്യാദിയിൽ ഇടപെടും. സന്താനങ്ങൾക്ക് അരിഷ്ടതകാണും. നീചകാര്യങ്ങളിൽ മനസ്സുതിരിയും. അധികൃതത്വമായി എതിർക്കും. ചെലവു കൂടിവരും. കളത്രസുഖം കുറയും.

ഉത്രം — പൊതുജനാവശ്യങ്ങളിൽ അതിയായി സഹകരിപ്പെടും. വിശിഷ്ടാതിഥികളുമായി കൂടുതൽ സമ്പർക്കം പുലർത്തും. നിലവിലുള്ള വൈഷമ്യങ്ങളും പരിഹരിക്കുവാൻകഴിയും.

അത്തം — ഏതുവിധ എതിർപ്പുകളേയും ധീരതയോടുകൂടി അഭിമുഖീകരിക്കും. കൃത്രിമബുദ്ധിക്കാരെ അകറ്റും. ക്രയവിക്രയലാഭം ലഭിക്കും. സർക്കാർകാര്യങ്ങളിൽ ആനുകൂല്യംസിദ്ധിക്കും. മംഗളകർമ്മം നിർവ്വഹിക്കും.

ചിത്തിര — പൊതുകാര്യങ്ങളിൽ പിൻതുണലഭിക്കും യാത്രകൾകൊണ്ടു പ്രീണനംലഭിക്കും. ഭരണീയരെ തൃപ്തിപ്പെടുത്തുവാൻ വിഷമിക്കും. ഭയത്രയസുഖം കുറയും. ചില നഷ്ടങ്ങൾ അവിചാരിതമായിട്ടുണ്ടാകും.

ചോതി — അർഹമായ കാര്യങ്ങളിൽപോലും വിളംബവും ക്ലേശവും വർദ്ധിക്കും. വ്യവസായഗതിക്കനുസരണമായി പുരോഗതി കാണുകയില്ല. ഗൃഹജനപീഡ ശല്യപ്പെടുത്തും. ഭയത്രയസുഖം കുറയും. ഉന്നതവ്യക്തികൾ സഹായിക്കും.

വിശാഖം — നീർക്കെട്ടുകൾ ദന്തപീഡ ഇവയുണ്ടാകും. കരാറുകൾ തെറ്റുകയാൽ ചില നഷ്ടമുണ്ടാകും. പുതിയ സുഹൃത്തുക്കളുടെ സഹായവും സ്നേഹവുമുണ്ടാകും. പല അത്യാവശ്യങ്ങളും നീക്കിവെയ്ക്കും. നിരാശ ഏതു കാര്യത്തിലുമുണ്ടാകും.

അനിഴം — അനായോജ്യമല്ലാത്ത പ്രവർത്തികളെക്കൊണ്ട് ആക്ഷേപമുണ്ടാകും ശത്രുക്കളെ വളർത്തും. ഗൃഹജനങ്ങൾ കലഹിക്കും. ചിത്തശൈഥില്യത പല വിധത്തിലുമുണ്ടാകും. തൊഴിലുകൾ അധഃപതിക്കും നൽകാലികളിൽനിന്നും നഷ്ടംവരും.

തൃക്കേട്ട — പല അവഹേളനങ്ങൾക്കും പാത്രമാകും. അന്യരെ സ്വന്തം ആവശ്യം മറന്നും സഹായിക്കും. കൂട്ടുകെട്ടുകാരെക്കൊണ്ട് ചില്ലറ കഴപ്പുണ്ടാകും പരിഹരിപ്പാൻ കഴിവുണ്ടാകും. മൻകോപത്താൽ ചില തകരാറുകൾ സംഭവിക്കും.

മൂലം — പൊതുസ്ഥാപനങ്ങളുടെ ഉയർച്ചയ്ക്കുവേണ്ടി അശ്രാന്തപരിശ്രമം നടത്തും. അയോശ്രമായ പെരുമാറ്റവും വിമർശനവും ചില നഷ്ടങ്ങളും പ്രതീക്ഷയിൽ കവിഞ്ഞുണ്ടാകും. രാഷ്ട്രീയകാര്യങ്ങളിൽ മനസ്സു ചുട്ടുപിടിക്കും. സ്വാതന്ത്ര്യപ്രകടനത്തിൽ ബുദ്ധി ചെലുത്തും. സഞ്ചാരം കുറയ്ക്കും.

പൂരാടം — പ്രബലശത്രുക്കളുമായിട്ടോഷമുട്ടും. ശ്രദ്ധാഭംഗം കോപിക്കും. ഉല്പന്നങ്ങളുടെ അഭാവത്തിൽ പല കാര്യങ്ങൾക്കും കഴപ്പും നേരിട്ടും ക്ഷതമോ പരുക്കുകളോ സംഭവിക്കും. ആരംഭിക്കുന്ന ജോലികൾ ഒന്നും പൂർത്തിയാക്കുകയില്ല. നെറികേടുകൾ പലതും കാട്ടും.

ഉത്രാടം - സുഭിക്ഷതയ്ക്കുവേണ്ടി പണം കടംവാങ്ങിയും നിവ്വഹിക്കും. ആശ്രിതർ ആത്മാർത്ഥമായി പെരുമാറും. അധികൃതത്വമായിട്ടുള്ള ഇടപെടൽ നഷ്ടത്തിനുണ്ടാക്കും. പതനഭീതിക്കിടവരും.

തിരുവോണം — നിരന്തരമായുള്ള പരിശ്രമം വിജയത്തിനിടവരുത്തും അവശരെ കൂടുതലായി സഹായിക്കും കബളിപ്പാൻ ചിലർ സമീപിക്കും. സൽക്കാര്യത്തിൽ അഭിവാഞ്ഛയുദിക്കും അലങ്കാരസാധനത്തിന് പണം മുടക്കും. ആവശ്യമില്ലാത്തവൈരുപ്പ് സമ്പാദിക്കും.

അവിട്ടം — സ്വന്തം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധാന്വിതി പ്രദർശിപ്പിക്കും ചില അന്തഃക്ഷോഭങ്ങളും ഇളക്കവിടുവാൻ വേണ്ടപ്പെട്ടവർ മുതിരും ഏതു കാര്യത്തിലും വ്യയം കൂടുതലായി സംഭവിക്കും.

ചതയം — കൗശലവും വശ്യവചസ്സുംകൊണ്ട് കാര്യം നേടും. കാലസ്ഥിതിയുടെ മോശംകൊണ്ട് വിചാരിച്ചപോലെ പ്രയോജനം കിണുകയില്ല. ഭാഗ്യം ഏതു കാര്യത്തിലും ബോധ്യപ്പെടും. കഴപ്പുകളും മാറികിട്ടും.

പൂരുരുട്ടാതി — ചുമതലയേറിയ പല കാര്യങ്ങളിൽ മനസ്സു വളരെ ക്ഷീണിക്കും. ഒരു പരാജയമനോഭാവമുണ്ടാകുവാൻ ചിലർ ശ്രമം നടത്തും പ്രശസ്തിയും പ്രീതിയും ഈശ്വരാനുഗ്രഹത്താൽ എവിടെയും ബോധ്യപ്പെടും.

ഉത്രട്ടാതി — നൂതനപ്രവർത്തനങ്ങളിലോ ബന്ധങ്ങളിലോ ഏർപ്പെടും. സാമൂഹ്യകാര്യങ്ങളിൽ ഉൽമേഷമുണ്ടാകും. ചില പുരുഷന്മാരും സ്ത്രീകാര്യവ്യക്തികളും അവശതയുമായി സമീപിക്കും. സൃഷ്ടിപരമായ കാര്യത്തിൽ ശ്രദ്ധപതിക്കും.

രേവതി — കർമ്മമണ്ഡലത്തിൽ ഉണ്ടായിരുന്ന സ്തംഭനം അല്പാല്പമായി മാറുവാൻ യത്നിക്കും. ഗൃഹസുഖം തൃപ്തികരമായിരിക്കയില്ല. സാമ്പത്തികകാര്യങ്ങളിൽ മനസ്സു ചുട്ടുപിടിക്കും അഭിമാനത്തിനായി ചില ക്ലേശം സഹിക്കും. കാലഗതി മാറിവീശും.

★

മലയാളരാജ്യം

രുകം കണ്ട ക്ഷമിച്ചിരിക്കൽമാത്രം സഹനശക്തിയുള്ളവരെയെങ്കിലും ശരി ആ ഹർമ്മോണിസ്റ്റിനെ കുറ്റമോതാൻ മാത്രമാണ് സ്ഥലത്തെ പ്രധാനികൾക്കു കഴിഞ്ഞതു്. അപ്പോൾ ആ ഹർമ്മോണിസ്റ്റിന്റെകുറ്റത്തിൽ മാത്രമല്ല, വേറെയും പല പരിവർത്തനങ്ങളുണ്ടായേകഴിയൂ അവയിലൊന്നു് പ്രേക്ഷകരുടെ കലാബോധവും കലാകാരന്മാരുടേതിനോടൊപ്പമല്ലെങ്കിലും, ഉയർത്തുക. കൊട്ടകകളിലെ സംഘീകരണങ്ങളും കൂടെക്കൂടി പരിഷ്കൃതങ്ങളാക്കിത്തീർക്കാൻ നോക്കുക. ഇങ്ങനെ പലതുംവേണം.

ജൂലായി 19 തീയതിയിലെ "മാതൃഭൂമി" ആഴ്ചപ്പതിപ്പിൽ ശ്രീ: കെ. എം. ജോർജ്ജ് എഴുതിയ "മലയാളനാടകവേദി"യെന്ന ലേഖനത്തിൽ പറഞ്ഞിട്ടുള്ളതു വളരെ ശരിയാണു്— 'മേൽ പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാക്കിയാലും നല്ല തീയേറ്റർ ഇല്ലെങ്കിൽ നാടകം ഭംഗിയാവുകയില്ല. നാടകത്തിനുവേണ്ടിയുള്ള തിയേറ്ററുകൾ നമുക്കെന്നാട്ടിൽ ഇല്ലെന്നതന്നെ പറയാം.'' പക്ഷേ "ഇന്ത്യാഗവർമ്മെൻറ്" നാടകം സംഗീതം മുതലായ കലകളുടെ പ്രോത്സാഹനത്തിനായി ഒരു അക്കാഡമി ഇയ്യിടെ സ്ഥാപിച്ചിട്ടുണ്ടെ"ന്നും അതിൽനിന്നും സാമ്പത്തികമായ ചില സഹായങ്ങളും പ്രതീക്ഷിക്കാവുന്നതാണെന്നും പറഞ്ഞതിനുശേഷം, "പക്ഷേ അത്തരം സഹായങ്ങൾ സ്വീകരിക്കുവാൻ അർഹതയുള്ള ഒരു നാടകസമിതി ഇന്നു കേരളത്തിലില്ല'' എന്നും വീധിയെഴുതിക്കഴിഞ്ഞപ്പോൾ 'ഉള്ള കഞ്ഞിയിലും പാറ്റവീണ'തുപോലെയായി. ഒന്നും വേണ്ടായിരുന്നു. നാടകം, സിനിമ എന്നിവ നടത്തുന്ന വ്യവസായികളേയും കലാകാരന്മാരേയും ശപ്തസംമുട്ടിക്കുന്നവിധത്തിലുള്ള നൂതനം ടാക്സുകൾകൊണ്ട് കലകളുടെ പുരോഗമനത്തിന്റെ മാർഗ്ഗം തടയാതിരുന്നെങ്കിൽ മതിയായിരുന്നു.

★

ചെറുകഥ

ഒരു ജീവിതം നശിപ്പിക്കപ്പെടുന്നു!

★

— ആലപ്പുഴ ഷെരീഫ് —

ഈ ജനാലയിലൂടെ പുറത്തേയ്ക്കുനോക്കിയാൽ ആ വീട്ടുകാണാം! ഓലമേഞ്ഞു് പലകതറച്ച ഒരു കൊച്ചുപുര. അതിനുചുറ്റും പഴകിയ ഒരു ഉറ്റത്തേവേലിയുണ്ടു്. വേലിയോടുചേർന്നു പടിഞ്ഞാറുഭാഗത്തു പൂത്തുനിൽക്കുന്ന വാകമരവും, മുള്ളുമുരുക്കും, പൂവരശുമരങ്ങളുമുണ്ടു്. മുൻവശത്തെ വേലിയുടെനടുക്കു് ഒരു തട്ടിവാതിൽ! അതെല്ലായിപ്പോഴും അടച്ചിട്ടിരിക്കും!! റോഡിലേയ്ക്കുള്ള ആ തട്ടിവാതിൽ ഒരിക്കലും പതിവില്ലാത്തവിധം ഇന്നു—ഈരാഴ്ചയിലും മലക്കെ തുറന്നിട്ടിരിക്കുന്നു!!

മുറ്റത്തു് മുക്കാൽഭാഗവും തറപ്പായവലിച്ചുകെട്ടി ഒരു പന്തലുണ്ടാക്കിയിട്ടുണ്ടു്. അവിടമാകെ പെട്രോമാക്സിന്റെ നീലവെളിച്ചം നിലാവുപോലെ പരന്നൊഴുകുകയാണു്. ആ തെളിഞ്ഞപ്രകാശത്തിൽ വാകമരത്തിലെ ചുകന്ന ചോരപ്പൂക്കളും അവയിലെ വെള്ളപ്പൊട്ടുകളും വ്യക്തമായിക്കാണാം. പന്തലിൽ ആളുകൾ തിങ്ങിക്കൂടിയിട്ടുണ്ടു്! ചിലർ മുകളിലും ചിലർ ബീടിവലിക്കുന്നു. സിഗാറു്...! ചായ...! അങ്ങനെ ഓരോരുത്തരും ഓരോന്നിൽമുഴുകി വെടിപറഞ്ഞു രസിക്കുകയാണു്.

പുരുഷന്മാരുടെനിറയെ പെണ്ണുങ്ങളും! കൂടെ അവരുടെ കുഞ്ഞുങ്ങളുമുണ്ടു്. എല്ലാവരും വിശേഷപ്പെട്ട വസ്ത്രങ്ങളും ധരിച്ചിരിക്കുന്നു. ചുകപ്പും, പച്ചയുംനിറത്തിലുള്ള ബനാറീസിന്റെ തിളങ്ങുന്ന തുണി!.....കസവിന്റെ പുതപ്പും! നല്ലനല്ല പട്ടുപ്പായങ്ങളും! നീലയും മഞ്ഞയുമൊക്കെനിറത്തിലുള്ള ആ പട്ടുപ്പായങ്ങളും പെട്രോമാക്സിന്റെ വിഭ്രമകരമായ വെളിച്ചത്തിൽ തെളുതെളെ തിളങ്ങുന്നു. പെണ്ണുങ്ങളുടെ കഴുത്തിലും, കാതിലും, കയ്യിലുമെല്ലാം നിറയെ സ്വർണ്ണാഭരണങ്ങളാണു്! "പവുവ"കാരികളായ ആ പെണ്ണുങ്ങളും ഈ ലോകത്തിലെ സർവ്വും തങ്ങളുടെ കൽപ്പുവട്ടിലാണെന്നഭാവത്തിൽ അകംനിറഞ്ഞ അഹന്തയോടെ ചുമ്മാ കലപിലാന്നുസംസാരിക്കുന്നു. ഒട്ടുമുക്കാലും വല്ലാത്ത കിബ്കാരികളാണു്!

വിശപ്പുള്ളവന്റെ വായിൽ നീർനിറച്ചുകൊണ്ടു് ആ വീട്ടിൽനിന്നും ഇറച്ചിച്ചാറിന്റെ കൊതിപിടിപ്പിക്കുന്ന മണമങ്ങനെപൊന്തുകയാണു്! ബിരിയാണിയുടേതുപോലെ ആശതോന്നിക്കുന്ന ഒരുതരം ഗന്ധം! ചെമ്പിന്റെ മൂടിതുറക്കുമ്പോഴും അടയ്ക്കുമ്പോഴുമെല്ലാം കിട്കിടെ എന്നപോലെ ഒച്ചകേൾക്കുന്നു. പിന്നെന്താണെന്നും താലായുമെല്ലാം കഴുകുന്നശബ്ദം...ചോറുവിളമ്പാൻപോകുകയാണു്. പലരും തിരക്കുപിടിച്ചു് അങ്ങുമിങ്ങുമൊക്കെ ഓടിനടക്കുന്നു.....!!

ഏതാനും മിനിട്ടുകൾക്കകം ഞാവിടെ ഒരു നിശ്ശൂഹേ് നടക്കും!! അതിനുള്ള ഒരുക്കങ്ങളാണു് അവിടെ കാണുന്നതു്.

അവിടം ഇപ്പോൾ എന്തുചെയ്യുകയായിരിക്കും?

സഫിയ ഇപ്പോൾ ഒരു പുതിയ പെണ്ണായി! ചമഞ്ഞൊരുങ്ങിയിരിക്കുന്നുണ്ടാവും! കളിച്ചു കണ്ണിൽമയ്യുമെഴുതി, തലമുടി വാസനയുള്ള എണ്ണതേച്ചുചീകിക്കെട്ടി, വിലകൂടിയ പട്ടുവസ്ത്രങ്ങളുമണിഞ്ഞു്, മുഖം കവണികൊണ്ടുമൂടി കണ്ണീരൊലിപ്പിച്ചുകൊണ്ടു് ഒരു കസേരയിലങ്ങനെ ഇരിക്കുകയായിരിക്കും!

അവളുടെ കാതിൽ സ്വർണ്ണത്തിന്റെ അലിക്കത്തും, കുമ്മത്തും, കൈപ്പിന്റെഭംഗിയും എല്ലാം കാണാം. കാലിൽ, നടക്കുമ്പോൾ കിലുങ്ങും കിലുങ്ങും എന്നുകിലുങ്ങുന്ന രണ്ടുകാലാടികളും, കൈത്തണ്ടിൽനിറയെ തിളങ്ങുന്ന സ്വർണ്ണവളകളും...മൈലാഞ്ചിയിട്ടുചുകപ്പിച്ച ആ കയ്യും കാലുമെല്ലാം അരിപ്രാവിന്റെ കാലുകൾപോലെ ചുകന്നു മനോഹരമായിരിക്കും!

അവളെ അങ്ങനെതന്നെ ഒന്നു കണ്ണുനിറയെ കാണാൻകഴിഞ്ഞിരുന്നെങ്കിൽ,!

ഓ, അതു വെറുമൊരു നടക്കാത്ത ആശയാണല്ലോ!!!

സുന്ദരിയായ എന്റെ സഫിയ കുറെ നിമിഷങ്ങൾക്കുശേഷം ഒരന്യന്റേതുമാത്രമാകും!!

എന്റെ കണ്ണുകളിൽ നിർനിറയുന്നു! അവളും കരയുന്നുണ്ടായിരിക്കുമോ? എന്തെന്തു അർത്ഥമില്ലാത്തചോദ്യങ്ങളാണു്! എന്തുകൊണ്ടവൾക്കുറച്ചുനിന്നു പറഞ്ഞുകൂടാ, താൻ ആ കിഴട്ടുകിഴവനെ —ഹൈദ്രോസ് ഹാജിയെ വിവാഹംകഴിക്കുകയില്ലെന്നു്. ഓ അവളതുപറ്റുകയില്ല! അവളുടെ ഉമ്മയും ബാപ്പയുമൊക്കെക്കൂടി നിർബന്ധമായി നിശ്ചയിച്ച ഒരു വിവാഹമാണു്. അവിടെക്കത്തിൽ അഭിപ്രായമാരാഞ്ഞുപോലുമില്ല! അതുനടക്കും!! വെറും മുന്നൊഴുക്കൊണ്ടു് ആ ജീവിതങ്ങളും തമ്മിൽ ബന്ധിക്കപ്പെടും!!

എന്റെ തലച്ചോറിൽ ഉരുത്തിയെരിഞ്ഞുനിറുപ്പിടിക്കുന്നു! ഹൃദയത്തിൽ വല്ലാത്ത ഒരുമുറിവു്!! അതിലൂടെ ചോരവാർന്നുപോകുകയാണു്....നാവു തൊണ്ടക്കുഴിയിലേയ്ക്കു വലിഞ്ഞിറങ്ങുന്നു...എന്തൊരു ദാഹമാണു്! അകവുംപുറവുമെല്ലാം ഒരുമിച്ചുനീറുന്നു!!

ഞാൻ എന്റെ ഹൃദയത്തിന്റെ ഉള്ളറയിൽവച്ചോമനിച്ചിരുന്ന ആയിരമായിരം പൊൻകിനാക്കളും ഉടഞ്ഞുതകർന്ന ഒരു ദുർദിനമാണിന്നു്!!

നേരം വെളുക്കുമ്പോൾ എന്റെ സ്ഥിതി എന്തായിരിക്കും? ഈ വേദനതിന്നുതിനും ഒരുപക്ഷെ ശ്വാസംമുട്ടിമരിച്ചുപോകും.....ഇല്ലെങ്കിൽ എന്റെ തലയ്ക്കു ഭ്രാന്തുപിടിക്കും!! തീച്ച.

ഞാൻ ഓർക്കുകയാണു്! എന്റെ കരളായ കാമുകി—സഫിയയെക്കുറിച്ചു്. ആ കഴിഞ്ഞ കാലത്തിന്റെ ഓമ്മകളുടെഒരുള്ളും എന്റെ ഹൃദയത്തിൽനിന്നും മറഞ്ഞുപോയ ആ പഴയസംഭവങ്ങളും എന്റെ കണ്ണുകൾക്കുമുമ്പിൽ കണ്ണീരിലൂടെ തെളിയുകയാണു്!...

അന്നു—ഞങ്ങളും ഇവിടെ താമസിക്കാൻവന്നകാലത്തു്, സഫിയ ഒരു കൊച്ചുപെണ്ണായിരുന്നു. ഉടുപ്പിടാതെ അരയിൽ ഒരു വെള്ളിയരഞ്ഞാണവുംകെട്ടി, കാതിൽ സ്വർണ്ണത്തിന്റെ രണ്ടുതാത്തുക്കി, തലയിൽ കുറേയ്ക്കുനീണ്ടുതടഞ്ഞിയ ചുരുളൻതലമുടി കുറേറിൽ പാറിച്ചുകൊണ്ടു് എന്റെമുമ്പിലൂടെ മനോഹരമായ ഒരു പൊൻകിനാവുപോലെ മിന്നിമിന്നി ഓടിനടക്കാറുള്ള സുന്ദരിയായ ആ കൊച്ചുപെണ്ണിന്റെ ജീവനുള്ള ചിത്രം ഞാനിന്നും ഓർക്കുന്നു!

അന്നു ഞാനും നന്നേ ചെറുതായിരുന്നു. മുറിക്കയ്യൻ ഷർട്ടും, ഒരു കവിണിയോളമുള്ള മുണ്ടുമുടുത്തു അണ്ടിയും കളിച്ചുനടക്കാറുള്ള കുരുത്തംകെട്ട ഒരു ചെറുക്കൻ! ഈ ദുനിയാവിൽ ഏനിക്കാരെയെങ്കിലും പേടിയുണ്ടായിരുന്നെങ്കിൽ അതു സെഫിയയുടെബാപ്പ അസൻമൊയ്ലിയാരെ മാത്രമായിരുന്നു.

അയാളുടെ ചുകന്നുരുണ്ടിയ ജീവസ്സാറാ ചോരക്കണ്ണുകൾ! പിരിച്ചുമുകിയ കൊമ്പൻമീശ! തടിച്ചുമുക്കു്! മാംസം മുറ്റിനിൽക്കുന്ന കുരുത്തമുഖം...! ഒരു പിശാചിനേപ്പോലെ പേടിതോന്നിക്കുന്ന ഭാവപ്രകടനങ്ങൾ! എപ്പോഴും തൊള്ളയുറഞ്ഞു ഉച്ചത്തിൽ പൊട്ടിച്ചിരിക്കും! അപ്പോൾ വെറ്റിലക്കറപിടിച്ച ആ പല്ലുകൾ വ്യക്തമായിക്കാണാം. ഇഹപോലുള്ള ഉണ്ണാക്കും....!

അയാളുടെ മിനുമിനുത്ത മുട്ടത്തലയിൽ ചുകന്ന ഒരു തുർക്കിത്തൊപ്പിയുണ്ടു്. അതിനു നൂറാണ്ടുകാലത്തെ പഴക്കംകാണും!! ശരീരം മറയ്ക്കുകയില്ല! ഒരു പഴയ സാറൻതുണി തൊത്തുടുക്കും. പൊക്കിളിനുതാഴെ ഒരു കപ്പക്കിഴങ്ങു തൊത്തുവച്ചിരിക്കുന്നതുപോലെ അതങ്ങനെ മുഴച്ചുന്തിനിൽക്കും! ആ തുണിയിൽ എപ്പോഴും ചോര ഉണങ്ങിപ്പിടിച്ചു കറുത്തിരിയ്ക്കും! അയാളും അടുത്തുതന്നെയും ഒരുതരം ചീഞ്ഞ വാടയാണു്. അസൻമൊയ്ലിയാർക്കു പട്ടണത്തിലെ പ്രധാന കശാപ്പുകടകളിൽ ആടുപപ്പുണ്ടാക്കലാണു് തൊഴിൽ. കിഴക്കു വെള്ളവീഴുമ്പോൾ അയാളുണർന്നു നീളമുള്ള ആ കശാപ്പുകത്തി നല്ലപോലെ തേച്ചു മൂർച്ചവരുത്തിയിട്ടു് അതുമായി നേരെ പള്ളിയിലേക്കു പോകും. അവിടന്നു സുബഹി നിസ്കരിച്ചുകൊണ്ടു് ആ തിളങ്ങുന്ന പിച്ചാത്തിയുമായി അയാൾ ഓരോ ഇറച്ചിക്കടയിലും കയറിയിറങ്ങും. ആ പരാക്രമം കൊണ്ടിട്ടുള്ള ആടുകൾക്കു കയ്യും കണക്കുമില്ല!

മൊയ്ലിയാർക്കു് മകളെ വലിയ ഇഷ്ടമൊന്നുമില്ല! 'ഏടി, സബിയാ!' എന്നല്ലാതെ ഒരിക്കലും 'മോളേ, സബിയാ!' എന്നു വിളിക്കുകയില്ല. മകൾക്കും ബാപ്പയെ എന്തുഭയമാണെന്നോ...? അയാളുടെ ഒരുനോട്ടംമതി, അവൾ പേടിച്ചു മൂത്രമൊഴിക്കാൻ!

അവൾക്കൊരുമ്മയുണ്ടു്. ബാപ്പയ്ക്കു പറ്റിയ ചരക്കാണു്. മകളോടസ്സൂയ്ക്കുപോലും സ്നേഹമില്ല! എന്തെങ്കിലും ഒരു ചെറിയ തെറ്റുകണ്ടാൽമതി മുല്ലപ്പൂപോലുള്ള ആ കൊച്ചുപെണ്ണിനെ വലിച്ചിട്ടു് അവർ പൊതിരെ തല്ലും!! അന്നു പിന്നെ ആ സ്ത്രീയുടെനാവു് അടങ്ങിക്കിടക്കുകയില്ല. തെറിയുടെ മേളമാണു്! വായ്തോരാതെ ഉമ്മ മകളെ പ്രാകുകയും തെറിപറയുകയുംചെയ്യും!!

രണ്ടും പഴമയുടെ പ്രേതങ്ങളാണു്. അവർക്കു മറ്റാരോടും യാതൊരു ബന്ധുമില്ല. ഭർത്തൃവും അഞ്ചുനേരവും അംമ്മളുറ്റുത്തഅ'ലയ്ക്കു് സുള്ളടിച്ചെയ്യും. ഖുർആൻ ഓതും. ബദിരിയത്തും, മുഹിയിദ്ദീൻമാലയും...കാണാപ്പാഠമാണു്. മനഃശുദ്ധിയില്ലാത്ത മൂരശങ്ങൾ! അവരും ജീവിയ്ക്കുന്നു!!

സഫിയ അങ്ങനെയാണെന്നുമല്ല, ബാപ്പയുടേയും, ഉമ്മയുടേയും ഒരൊറ്റ ഗുണവുമില്ലവൾക്കു്. ഞാൻ പലപ്പോഴും ഓർത്തുപോയിട്ടുണ്ടു്. ഈ ഹമുക്കുമൊയ്ലിയാരിക്കും ആ കുടത്തിക്കുകൂടി ഇത്ര നല്ല ഒരു പെൺകുഞ്ഞു് എങ്ങനെയുണ്ടായിഎന്നു്! അവൾക്കു പത്തും, പന്ത്രണ്ടുമൊന്നുമില്ല; ആകെ ഒരേഒരുമകൾ! നല്ല യുവപ്പുപോലെയുള്ള ഒരു പെൺകുഞ്ഞു്! എന്നിട്ടും ആ ബാപ്പയ്ക്കും ഉമ്മയ്ക്കും അതിനെ ഹൃദയംതുറന്നു സ്നേഹിക്കാൻ കഴിയുന്നില്ല!

ബാപ്പപറയും:

"പൊമ്മക്കളുണ്ടായാല്വേ" കുട്ടിയും മുടിയും! പാഴ്ച്ചിലകു് ബീട്ടിന്റെ നെലംകൂടെ തോണ്ടിച്ചു്കളയും! അവളേ

ല്ലും നിയ്യൊന്ന് കയിച്ചുകൊട്ട് ക്കെന്നോ തന്നെ ബോണം ഒന്ന് കൊട്ടാവൂ! പിന്നെ പേറിനും പൊറ്റിന വെല്ലും ഞമ്മളുനോക്കിച്ചോണം...''

''പെണ്ണിനെ പൊറണ്ടത് തന്നെ ശോശവാണ്ട്! ഇവരുള്ളാക്കെണ്ടെന്താണ് കൊണം? കയ്യ് ക്കും കാലിനുമെല്ലും ഇച്ചിരി കനംവെക്കയും വയ്റ്റിനൊരുക്കുടെ എറങ്ങിപ്പോവും ആങ്ക ഞാനോൽ നാഴി വെള്ളോങ്കിലും കൊണ്ട്ത്തരും...''

ബാപ്പപറയുന്നത് ഉമ്മശരിയെയ്യും!

... ...

അല്പം മുന്നിൻപ്പോയും — തുണിയുട്ക്കാറായപ്രായത്തിൽ സഫിയയെ അകലെയുള്ള ഒരു ഓത്തുപള്ളിയിൽ ഓതാനാക്കി. ഞാനും അവളും ഒരുമിച്ചാണ് ഓതാൻപോയിരുന്നത്. ചേടി തേച്ചുവെളുപ്പിച്ച ഒരു ഓത്തുപലക മാറിലണച്ച്, വെളുത്ത കുപ്പായവും, വെള്ളക്കുപ്പായവും, നീലത്തട്ടവുമിട്ട് ചമഞ്ഞൊരുങ്ങി ഒരു പുതിയ പെണ്ണിനെപ്പോലെ അവളുങ്ങനെ മുമ്പേനടക്കും! നരുനരുന്ന രോമം മുളച്ചുവരുന്ന മുട്ടത്തലയിൽ റൈഹാനും, മുപ്പുയുള്ള മുസഹഫും വച്ച്, കഴുത്തിൽ ഒരു പട്ടുമാലുംകെട്ടി, പൊടിപിടിച്ച ഒരു ഹാഫ്ഷർട്ടും അണ്ടിച്ചെന പഠിയ ഒരു വെള്ളമുണ്ടും ധരിച്ചു പുറകെ ഞാനും!!

അവളും തന്നെ പുത്തപ്പുതിയകാച്ചുമുണ്ടിൽ തൊട്ടുകാണിച്ചിട്ടുപറയും.

''ചെക്ക്ാ! ഈ കാച്ചുതുണികൊച്ചുപെരുന്നാളിന്ന് ന്റെ ബെലിയമാമ ഓയിനും അയച്ച് തന്നതാ!''

ഓ...അവളെ ഒരു ബെലിയമ്മമ! പന്നിസ്സ്വാവിന്റെ അന്തസ്സുകണ്ടില്ലേ?

എനിയ്യും ശകലം കുത്തുമുതോന്നും!

ഞാൻ പറയും:

''ഉം...പെണ്ണിന്റൊരു കിണ്ടം!! ഉമ്മിണി അഴക്കെടകൊച്ചേ! അടിയം പൊങ്ങല്ലെ!!...പെണ്ണിനും വരുത്തനക്കുടെ പറയനറിയായ്യ! നിന്റെ വല്യമ്മ ഓയേലല്ല, അയ്യാള് ബോംബേലാ; ബോംബെ.''

''ഓ! ഉമ്മിണി പടിച്ചുരാള്!!... ഹായ് ചെരുക്കൻ പട്ടുമാല കെട്ടിട്ട് നല്ലശേല!''

അവളും തിരിഞ്ഞുനിന്ന പരിഹസിക്കും. അപ്പോൾ മുത്തുപോലെ വെൺമയുള്ള ആ പല്ലുകൾ അവളുടെ ചുകന്ന ചേരച്ചുണ്ടുകൾക്കിടയിൽ വളരെ മനോഹരമായി പ്രകാശിക്കും.

അവളുടെ ഒരു ചിരി! ഇബ്ലീസിന്റെ മോള്!!

എനിക്ക ദേഷ്യംവരും. ആ പീറപ്പെണ്ണ് എന്നെ കളിയാക്കുന്നു!!

മുഖം വീർപ്പിച്ചുകൊണ്ട് ഞാൻ പറയും:

''മാ...നീ നോക്കണ്ട; എന്റെ കഴുത്തേലല്ലേ ഉന്റ മാല —!''

''നോക്കണ്ടേ?... അപ്പുള്ളാണെ! എന്നാ ചെരുക്കനൊരുപണിശെയ്യ്, ഞമ്മളേല്ലും കണ്ണുങ്ങ് കുത്തിപ്പൊട്ടിച്ചുകള!

ഒന്നുമറിഞ്ഞുടാത്ത ഒരു ചെരുക്കനാണെങ്കിലും അപ്പോൾ എന്റെ ഹൃദയം വല്ലാതെ നൊമ്പരപ്പെട്ടു! നല്ല മുനയുള്ള ഒരു സൂചി ഹൃദയത്തിൽ തറഞ്ഞുകയറുന്നതുപോലെ! അവളം പറയുന്നതു് അവളുടെ ആ കിന്നാരുകളും മിന്നുന്ന കരിമിഴികളും കുത്തിപ്പൊട്ടിയ്ക്കുന്നതാണെ!!! എന്തെല്ലാം മായലും അവളം സ്നേഹമുള്ള സുന്ദരിയായ ഒരു പെണ്ണല്ലേ! ഞാനെയ്യ ചെയ്യുമോ? സ്നേഹം മുഴുവനും ഉള്ളിലൊതുക്കിക്കൊണ്ട് ഞാൻ പുറമേ ശൗര്യമഭിനയിക്കും! പിന്നെക്കുറേ നേരത്തേയ്ക്ക് ഞാനും സഫിയയും ഒന്നും മിണ്ടുകയില്ല. നീണ്ടുനില്ക്കുന്ന ആ മൗനത്തെ അവംക്ക് സഹിക്കില്ല. അവളം മുഖത്തേയ്ക്ക് സൂക്ഷിച്ചുനോക്കും ഞാൻ ആ പഴയശൗര്യവം മുഖത്തുനിന്നും തുടച്ചുമാറ്റുകയില്ല!! അപ്പോൾ എന്നെ ഒന്നുകൂടി ശ്രുണ്ടിപിടിപ്പിക്കുവാനെന്നവണ്ണം ആ പെണ്ണ് ഉച്ചത്തിൽ പറയും:

''മൊട്ടത്തലയാ! മോര കുടിയാ! തട്ടാമ്പിട്ടിലെ പാച്ചോറുകള്ളാ!''

ഞാൻ ചുമ്മാ ചിരിയ്ക്കും. എന്നിട്ട് പകരം പറയും:

''മൊട്ടത്തലച്ചീ ... മോര കുടിച്ചീ...തട്ടാമ്പിട്ടിലെ പാച്ചോറ് കള്ളീ...ഹായ്! പാച്ചോറ് കള്ളീ...''

ഒന്നൊരം പാട്ടുപോലെ താളം പിടിച്ചുകൊണ്ട് ഞാനങ്ങനെ തലയാട്ടി ഉറക്കെ ഒച്ചവെയ്ക്കുമ്പോൾ, അവളം ചുണ്ടുകൾ കൂർപ്പിച്ച്, മുഖം വീർപ്പിച്ച കണ്ണുരുട്ടിക്കൊണ്ട് എന്റെ ശരീരം മുഴുവനും മാന്തിക്കീറും!! വേദനസഹിയ്ക്കാൻവയ്യാതാവുമ്പോൾ ഞാൻ ഒരു മാതിരി പിണങ്ങിയിട്ടെന്നപോലെ പറയും:

''പെണ്ണേ! പെണ്ണിച്ചിരിവെളയണ്!! ഉം...''

''പോ! പന്നിവലാ...ചെരുക്കനെന്തിനാ,നൊക്കിയാക്കുന്നെ?''

അവളുടെ നാസാഗ്രത്തിലും വികസിക്കും! ചുണ്ടുകളും വിടർന്നവരുന്ന ഒരു ചുകന്ന പനിനീർ പൂമൊട്ടുപോലെ പിളക്കും! കണ്ണുകളും തിളങ്ങും! ആ സുന്ദരമായ മിഴിയിണകളിൽനിന്നും അശ്രുകണങ്ങളാം മഴപോലെ പൊഴിയും!!

ഓ...അവളം കരയുകയാണ !!!!

എന്റെ ഇളംകരളിൽ വേദന പുഴ്ന്നിറങ്ങും. ഞാൻ അടുത്തുചെന്ന അവളെ സമാധാനിപ്പിക്കും.

''പോട്ടെ, സൈബിയാ — ഞാമ്പെമ്മാ പറഞ്ഞതല്ലേ— —''

''ഓ! ഞാനിഞ്ഞിശെരീഫിന്റെ കൂടുള്ളടത്തില്ലല്ലോ!''

അവളം കവുണിത്തുമ്പുകൊണ്ട് മുഖം തുടച്ചിട്ട് പിണക്കംനടിക്കും! കരഞ്ഞു വിങ്ങിയ ആ കണ്ണുകളും ചുണ്ടുകളും വളരെ സുന്ദരമായിരിക്കും. ഒരു കള്ളച്ചിരി ആ ചുണ്ടുകളിൽ സന്തോഷത്തിന്റെ പുതുനിഴൽ വിരിക്കും! അപ്പോൾ ഞാനെന്റെ വലതുകയ്യിലെ അഞ്ചു വിരലും മടക്കിയിട്ട് ചൂണ്ടുവിരലും,തള്ളവിരലുമായും നിവർത്തി അവളുടെനേർക്ക് നീട്ടിപ്പിടിച്ചിട്ട്—ചോദിക്കും:

''സഫിയ, എൻറുടെ എണക്കാ പെണക്കാ?''

ഒന്നും മിണ്ടുകയില്ല; ഒരു പ്രതിമ കണക്കെ അവളം അനങ്ങാതെ നിൽക്കും. രണ്ടാമതും ഞാൻ ചോദിക്കും:

''എണക്കാ പെണക്കാ?''

അവളുടെ ചുണ്ടുകളിൽ നിഴൽവീശിനിൽക്കുന്ന ആ പുഞ്ചിരിവികസിക്കും! അതൊരു പൊട്ടിച്ചിരിയായിത്തുപരന്തരപ്പെടും. എന്നിട്ട് ചെയ്യുന്നിച്ചുനിന്നിച്ചു ഇളംതെന്നലിൽ ആടുന്ന ഒരു മുല്ലവള്ളികണക്കെ അവളെന്റെ ചുണ്ടുവിരലിൽ പിടിക്കും! അവംക്കെന്നെന്നുടെ പിണക്കില്ല! ഇഷ്ടമാണ്. അങ്ങനെ ഞങ്ങളിരുവരും പിണങ്ങിയും, ഇണങ്ങിയും, കളിച്ചും ചിരിച്ചും എന്നും ഒരുമിച്ചു പള്ളിപ്പെരയിലേയ്ക്കു പോകും. തിരിച്ചുവരുന്നേരവും ഒരുമിച്ചാണ്.

ഞാനും സഫിയയും!

നേരം ഇരുട്ടിക്കഴിഞ്ഞു, സന്ധ്യയുടെ മങ്ങിയ നിഴൽ ഭൂമിയിൽ പതിഞ്ഞുകഴിഞ്ഞാലുടനെ അവളം എന്റെ വീട്ടിൽ വരും. കയ്യിൽ ആ ഓത്തുപലകയും കാണും. ഒരുമിച്ച് ഒരു പായിൽ ഒരു വിളക്കിനടുത്തിരുന്ന ഞങ്ങളം പാഠം ചൊല്ലും. അവളം മഹാമടിച്ചിയാണ്. ഒന്നും പഠിക്കുകയില്ല. ഞാനവളെ പിടിച്ചിരുത്തി ഓതിക്കും!

''അലിഫിനും പുള്ളില്ല.''

''അലിഫിനും പുള്ളില്ല''

ഞാൻ പഠിപ്പുകൊടുക്കുന്നതു് ആ പലകയിലെ മൂന്നോ അക്ഷരങ്ങളിലും വിരലോടിച്ചുകൊണ്ടവളം ഏറ്റുപറയും.

''ബാക്കിയെന്നു പുള്ളിതെഴെ.''

ഞാൻ വീണ്ടും പഠിപ്പുകൊടുക്കും.

''ബാക്കിയെന്നു പുള്ളിതായെ.''

അവളം വീണ്ടും ഏറ്റുപറയും.

''— — — —''

''— — — —''

... ...

പള്ളിപ്പെരയിലുള്ളവരുടെ ഒഴിവുദിവങ്ങളിൽ സഫിയ എന്റെകൂടെ കളിക്കാൻവരും. എന്റെ മടിക്കുത്തിൽ നിറയെ കശുവണ്ടികാണും. ഒഴിവുദിവസങ്ങളിൽ അണ്ടികളിയാണെന്റെ പ്രധാന തൊഴിൽ. കളി തുടങ്ങുമ്പാം മടിയിലുള്ള അണ്ടിയെല്ലാം ഞാനവളെ എല്പിക്കും. അവളുടെ കൈ നല്ല ബാക്കുത്തുള്ളതാണ്. ആവശ്യത്തിന് രണ്ടും മൂന്നുമെല്ലാം സഫിയയുടെ അടുത്തുനിന്നവാങ്ങും; കളിക്കും. സഫിയ കൂടെ ഉണ്ടെങ്കിൽ അന്നു പിന്നെ എനിക്ക നല്ല ഉഷാറാണ്, കളിക്കാൻ. ഒരു നഷ്ടവുമുണ്ടാകയില്ല. എല്ലാം ലാഭമാണ !! ലാഭമുള്ളതുമുഴുവനും വൈകുന്നേരം ഞങ്ങളിരുവരുംകൂടി പൂളിത്തിന്നും. മുതൽ പ്രത്യേകം എണ്ണിമാറ്റിവയ്യും. അടുത്തദിവസം കളിക്കണ്ടേ? സഫിയ മഹാ കൊതിച്ചിയാണ്! എത്ര കൊടുത്താലും അവളുടെ പള്ള നിറയുകയില്ല!! എല്ലാം പൂളിത്തിന്നുകഴിയുമ്പോൾ അവളം പറയും:

''ശെരീഫേ! ഒ, ആ ബല്ല്ട്ട് അല്പംകൂടെ പൂട്ട്. നൊച്ചം പരിപ്പുണ്ട്!''

പെണ്ണുങ്ങളം ഇങ്ങനെ കൊതിപിടിച്ചാൽ എന്തുചെയ്യും? അവളം പറയുന്നതു മുതലിൽനിന്നും ഒന്നുകൂടി എടുക്കാനാണ്. ആ പന്നിബല എന്നെ പാപ്പരുപുള്ളിയാക്കാൻ നോക്കുകയാണ്. കൊടുത്തില്ലെങ്കിൽ അവളം എന്റെകൂടെപ്പിണങ്ങും! കരയും! ചിലപ്പോളം ആ മുച്ചുയുള്ള നഖങ്ങംകൊണ്ട് എന്റെ പുറം മുഴുവനും മാന്തിക്കീറും! പിന്നെ അവളുടെ ആ ബാക്കുത്തുള്ള കൈകളിൽ ഇനിയൊരിക്കലും എന്റെ മുതൽ അവളം സൂക്ഷിക്കുകയില്ല. അപ്പോൾ ഞാനൊരു തികഞ്ഞ പാപ്പരുപുള്ളിയാകും! കടക്കാരനാകും! കളിയിൽ തോറ്റു, തോറ്റുതൊപ്പിയിട്ട് എന്റെ സമപ്രായക്കാരുടെ ഇടയിൽ മോശക്കാരനായും.....!! ഇതെല്ലാമോർക്കുമ്പോളം എന്റെ കരളം നോവും!

''ബലാന്റെ ഹമ്ല്ലത്തു!!''

ഞാനൊരു മുഴത്തയണ്ടി എടുത്തു് പൂളിപരിപ്പെടുത്തു ചെന തുടച്ച അവളുടെ ആ ഉറന്ന വായിലേക്കിട്ടുകൊടുക്കും. അതു ചവച്ചിറക്കിക്കൊണ്ടവളം സന്തോഷത്തോടെ മൊഴിയും:

''ഹായ്! നല്ല —പഷ്ട് ഒന്നാക്ലാസ്...ഇജി...!!''

''തിന്നോണ്ടും പോബല!''

എന്റെ ഉള്ളിൽ ശകലം ദേഷ്യം ഉറഞ്ഞുകൂടും! മുഖത്തു് അതിപ്പിയുടെ നേരിയ നിഴലുവീഴുമ്പോളം അവളം ഒരു മാതിരി പിണങ്ങിയിട്ടെന്നപോലെ ചുണ്ടു പിളുത്തിക്കാണിക്കും. എന്നിട്ട പറയും:

''ഓ! ഞമ്മക്കൊരു നല്ലണ്ടിതന്നപ്പം ചെരുക്കന്റെ മൊഹത്തക്കോലം മാറിയകണ്ടാ! ഞമ്മള വേണോൽ അയന്റെ വെല നാളെത്തന്നേയ്യും.''

''ഉം, വെല! നി പോയി നിന്റെ പാട്ടനോക്ക് കൊച്ചേ!''

ഞാൻ മുഖംകൂർക്കും.

''എന്താണ് ഞമ്മളെക്കൊണ്ടൊക്കത്തില്ലെ! നാല്കയിന് മൂന്നെണ്ണം കിട്ടും!.....അതു് വല്ല പൊന്നാകട്ടയുമാണാ?''

അവളം ചോദിക്കും. ഞാൻ മിണ്ടുകയില്ല. സഫിയയ്ക്ക് അരിശം മൂത്താൽ അതപകടമാണെന്നു എനിക്കറിയാം. അതുകൊണ്ട് ഞാൻ വളരെ ബുദ്ധിപൂർവം അവളിൽനിന്നും പയ്യെ സ്നേഹത്തോടെ ഒഴിഞ്ഞുമാറും.

... ...

സംഭവബഹുലങ്ങളും, ഉന്മേഷകരങ്ങളുമായ നാളുകളും.....ആഴ്ചകളും ....വർഷങ്ങളും! അങ്ങനെ കലാം ധൃതഗതിയിൽ പാഞ്ഞുപൊയ്ക്കൊണ്ടിരുന്നു. ബാല്യകാ

ലത്തിലെ കവനസാന്ദ്രമായ അഞ്ചു നീണ്ട വർഷങ്ങൾ! അതു ഞങ്ങളിൽ പല മാറ്റങ്ങളും സൃഷ്ടിച്ചുകൊണ്ടേ കടന്നുപോയി.

സഫിയ! അതു കൊച്ചുബാലിക, പെണ്ണെന്നുപറയുവാൻ എല്ലാം തികഞ്ഞില്ലെങ്കിലും അവളും പയ്യെ വളർന്നു.....അവൾ മുപ്പതു ജൂസുവുള്ളമുസമാഹാഫ് മുഴുവനും ഒരേതിത്തീർത്തു ബദിരിയത്തും, മുഹിയദ്ദീൻമാലയും, മഞ്ഞക്കളംമാലയും, യാസീനും..... എല്ലാം കാണാതെപഠിച്ചു. അവളുടെ കാതുമുഴുവനും കത്തിത്തുളച്ച് സ്വർണ്ണത്തിന്റെ അലിക്കത്തിട്ട..... ആഞ്ങ്ങളെക്കണ്ടാൽ ഓടിയൊളിക്കാൻ അവൾ പഠിച്ചു. പതിനൊന്നു കഴിഞ്ഞ ആ കുരുന്നുപെണ്ണിനെ അവളുടെ ഉമ്മയും ബാപ്പയുംകൂടി പഴകിത്തുരുമ്പിച്ച സാമൂഹ്യനിയമാചാരങ്ങളുടെ ഉരുക്കുചങ്ങലകൊണ്ടു മുറുകെ ബന്ധിച്ചു. അവർ അവളെ സ്കൂളിലയച്ചു പഠിപ്പിച്ചില്ല! പെൺപിള്ളേർ പള്ളിക്കൂടത്തിൽപോയി മലയാളവും ഇംഗ്ലീഷുമൊക്കെ പഠിക്കുന്നതു് ഹറാമാണെന്നാണവരുടെ വിശ്വാസം! അത്തരം അന്ധമില്ലാത്ത അന്ധവിശ്വാസങ്ങളാണവരെ ഭരിക്കുന്നതു്. അവരവളെ ആ വേലിക്കെട്ടിനപ്പുത്തു വിട്ടുകയില്ല! മുസ്ലീം പെണ്ണുങ്ങളെ അന്യപുരുഷന്മാർക്ക് കണ്ടുകൂടാ!! പാപമാണ്!! അവളുടെ പൊരുക്കാത്ത പാപമാണതു്! അങ്ങനെ ഒരു ഓണത്തുമ്പിയെപ്പോലെ പാറിപ്പാറിനടന്നിരുന്ന എന്റെ സഫിയ ആ പുരയ്ക്കകത്തു് നിസ്സാരവും, ഓതലും, അടുക്കളപ്പണിയുമായി കഴിയുകയാണ്!!

എന്റെ ജീവിതത്തിലും അനവധിമാറ്റങ്ങൾ സംഭവിച്ചു. മുഖത്തു് നരയുടെ പഞ്ഞിപോലെ രോമങ്ങളും കിളിർത്തു. ഞാൻ മുടിക്രോപ്പുചെയ്തു! എപ്പോഴും നീലക്കണ്ണാടിയിൽ നോക്കി മുടി ഭംഗിയായി ഇരുവശങ്ങളിലേയ്ക്കും ചീകിവയ്ക്കും. ചീപ്പുകൊണ്ടു് അമർത്തിച്ചീകി ചുരുണ്ടതലമുടിയിൽ ഓളപ്പുത്തികളും സൃഷ്ടിക്കും. എന്നും ഷേവ് ചെയ്യും. പൗഡറും സ്നോയും ഉപയോഗിക്കും. ദിവസവും ക്ഷൗരം മുടങ്ങും.....ഹോസ്പിറ്റലിൽ രണ്ടുകൊല്ലം തുടച്ചയായിതോറ്റു. പന്നിപെടാപ്പാടുപെട്ടു തലകുത്തിനിന്നുപഠിച്ചു, എന്നിട്ടും ചരിത്രത്തിലെ ഫ്രഞ്ചന്മാരുടെ ആക്രമണവും, രണ്ടാം പാനിപ്പട്ടുയുദ്ധവും..... ഭ്രമിശാസ്ത്രത്തിലെ വടക്കെ അമേരിക്കയുടെ കിടപ്പും, തെക്കേ അമേരിക്കയിലെ ലോഹാസസമ്പത്തുക്കളും.....ഹിന്ദി ടെക്സ്റ്റിലെ രാജ്കമൽ ഭോജ്ന്റെ കഥയുമൊന്നും ഒരു ഒപ്പുകടലാസിലെന്നപോലെ എന്റെ തലച്ചോറിൽ പതിഞ്ഞുകിടന്നില്ല.....ധാരാളം പുസ്തകങ്ങൾ വായിച്ചു. തലയ്ക്കുള്ളിൽ പുത്തനായ പല പുതിയ ആശയങ്ങളും ഒരു പുതുജീവന്റെ ചലനമെന്നോണം ചുളംവിളിച്ചുയർന്നു. ഞാൻ ജീവിതത്തിൽ പുതുമകൾ ദർശിച്ചു. എല്ലാത്തിലും ഒരു നൂതനത്വം പ്രകാശംപരത്തുന്നു.....എന്റെപേർ പത്രങ്ങളിൽ സ്ഥലംപിടിച്ചു. ഞാൻ അറിയപ്പെടുന്ന ഒരു കഥാകൃത്തായിമാറി. അതോടെ ഞാൻ പാഠപുസ്തകങ്ങളോടു സലാംപറഞ്ഞുപിരിഞ്ഞു. മുഴുവൻ സമയവും പേനയും കടലാസുമായി കീഴിഞ്ഞുകൂടി. എന്റെ കഥാപാത്രങ്ങളെല്ലാം പാവപ്പെട്ടവരായിരുന്നു! തെരുവുതെണ്ടിയും, റിക്ഷാക്കാരനും, തോട്ടിയും.....എല്ലാം എന്റെ കഥകളിലുണ്ടായിരുന്ന തൂലികയുടെ ആറാംബോംബിന്റെ ശക്തി പകർന്നുകൊണ്ടു രാവും പകലും വിശ്രമമില്ലാതെ ഞാൻ പാവങ്ങളുടെ കനത്ത കഷ്ടപ്പാടുകളെക്കുറിച്ചെഴുതി.

ഞാനൊരു കമ്മ്യൂണിസ്റ്റാണെന്നു തെറ്റിദ്ധരിച്ച ചില യാഥാസ്ഥിതികന്മാർ എന്നെ ഉപദേശിച്ചു

"നിന്റെ കഥനിറച്ചും കമ്മ്യൂണിസമാണ്! നീ ഇങ്ങനെ ഒന്നും എഴുതരുതു് നിന്നെ പോലീസുകാരുപിടിച്ചോണ്ടുപോയി തല്ലിക്കൊല്ലും! ഞങ്ങൾക്കതു് കണ്ടോണ്ടിരിക്കാനുള്ള കഴിവില്ലാത്തതുകൊണ്ടു പറയുകയാണ്. നീ ഇനി ഇങ്ങനെയുള്ള കഥകളെഴുതരുതു്!.....നിന്റെ ഉപ്പപ്പായും ഉപ്പപ്പാന്റുപ്പപ്പായുമെല്ലാം ഇവിടത്തെ വലിയ മുതലാളിമാരും, നല്ല പാരമ്പര്യമുള്ളവരും, കൊടികെട്ടിപ്പറക്കുന്ന കുടുംബക്കാരുമായിരുന്നു!! ശൈരീഫേ! നീ ഇങ്ങനെ തലതിരിഞ്ഞുപോകുന്നതു കഷ്ടമാണ്!!"

ആ പഠത്തെവരുടെ അജ്ഞതയോർത്തു ഞാൻ സഹതപിച്ചു; പൊട്ടിച്ചിരിച്ചു. ഈ പഠത്താൽകേമൻമാരുടെ തല തെറിച്ചുപോകാത്തപ്പഹായന്റെ തല തെറിച്ചുപോകട്ടെ! എന്ന ഭാവത്തിൽ കണ്ണുരുട്ടിച്ച് മുഖംകറുപ്പിച്ചുകൊണ്ടവർ കടന്നുപോയി.

എന്റെ വളർച്ചനോക്കിക്കൊണ്ടിരുന്ന ഉപ്പയ്ക്കുള്ളിൽ പലതുംപഠഞ്ഞു: "ശൈരീഫ് നല്ലവനാണ്; കഴിവുള്ളവനാണ്, ചെറുപ്പമല്ലേ! വളർന്നുവരട്ടെ! അവനെ നല്ലൊരുഭാവിയുണ്ട്."

അങ്ങനെ എന്നെ സ്നേഹിക്കുന്ന ആ നല്ലവരായ മനുഷ്യരെക്കാണുമ്പോൾ എന്റെ കയ്യുകൾ പലപ്പോഴും ക്രമംതെറ്റിപ്പോയിട്ടുണ്ട്. ചുണ്ടിൽപൊടിവിടരുന്ന ഒരുനേരിയ പുഞ്ചിരിയോടെ ഒരു സലാംപഠയതെ ഒരിക്കലും ഞാനവരെ കടന്നുപോയിട്ടില്ല.

എന്റെപേർ ഏവിടെയെങ്കിലും, ആരെങ്കിലും ഉച്ചരിക്കുന്നതുകേട്ടാൽ അസൻമൊയ്ലിയാക്ക് ഹാലിളകും! അയാൾ തന്റെ ചെമ്പൻമിശപിരിച്ചുമുറുക്കിക്കൊണ്ടു കഴുതകരയുന്നതുപോലെ പറയും:

"അവൻ കാഫറാണ്! കട്ടാക്കാഫർ!.....മജൂസീന്റെമോൻ! ഇസ്ലാംദീനിനെ പൊളിയ്ക്കാൻ ഏറങ്ങീരിക്കുന്ന ആ മുജ്ജാലിന്റെ കാരിയം ഞമ്മളിരിക്കുന്നെടത്തു പറേരുത്". അവനെ ഹട്ടിയടിച്ച് കൊല്ലണം. അതുമല്ലെങ്കിൽ മറ്റുപെട്ട പ്പോണില്ല, നിസ്സഹരിക്കുന്നില്ല!! പത്രത്തിലൊക്കെ കത എയ്തണ്! അവൻ എയ്തണതെല്ലാം നെഗേണ്! നെഗേണ!! കമ്മീനിഷ്ട്കാരനാണവൻ! അവൻ മുടിഞ്ഞുപോകണ്!! ചോവന്റെ കയ്ത്തേ കയ്യുവിട്ടോണ്ടും നടക്കണ്! പന്നിപ്പഹയൻ!!!"

എന്നെ അരച്ചുകൊടുത്തുൽ നല്ല ബദ്ധംസർബത്തുപോലെ വലിച്ചുകുടിക്കാനുള്ള ദേഷ്യമുണ്ട് ആ കിഴട്ടുമുടിവെക്കുന്നു; അയാളും ദേഷ്യപ്പെടട്ടെ! എനിക്കെന്താ? ഒരു ചുക്കുമില്ല. പക്ഷെ അയാളുടെ മകളും സഫിയയ്ക്കും എന്നെ സ്നേഹമാണ്. സപ്തർലോകസുന്ദരിയായ ആ കൊച്ചുപെണ്ണിനെ ഞാൻ എന്റെ ജീവനെക്കാളും സ്നേഹിച്ചു. അവളുടെ ഭാവിയെക്കുറിച്ചു ഞാൻ കിനാവുകണ്ടതും! പകലെല്ലാം അവൾ ആ വേലിക്കെട്ടുകളിലൂടെ വീട്ടിൽനിന്നും കഴുത്തുനീട്ടി, വീട്ടി ഇങ്ങോട്ടുനോക്കും. പുഞ്ചിരിക്കും! ആ തിളങ്ങുന്നകണ്ണുകൾ അവളുടെ കരളിന്റെ അഗാധതയിൽ നിന്നുദ്ഭവംചെയ്തിരിക്കുന്ന ആയിരമായിരം രഹസ്യങ്ങൾ എന്റെ ഹൃദയത്തിലേയ്ക്കു പകർന്നതാണ്!! അപ്പോൾ എന്റെ ഉള്ളിൽ മൃത്യുവിന്നപ്പുറത്തുള്ളൊരനുഭൂതിയുണർത്തുന്ന ആ സപ്തർത്തിലെ സകല സുഘങ്ങളുംകൂടി ഒരുമിച്ചുകൂടിത്തിങ്ങിനിറയും.....ഈ ജാലകപ്പഴുതിലൂടെ അവളെയും നോക്കിക്കൊണ്ടു് ഞാനങ്ങനെ ഒരുതരം സ്വപ്നലോകത്തിലെന്നപോലെ മണിക്കൂറുകളാനന്ദം ഇരുന്നിട്ടുണ്ട്.

രാത്രി, വീട്ടിൽ എല്ലാവരും നല്ല ഉറക്കമാകുമ്പോൾ അവൾ പയ്യെ എഴുന്നേറ്റു് തട്ടിവാതിലഴിച്ചുപുറത്തുവന്നു ജനാലയിലൂടെ എന്നെ വിളിക്കും. ഞാനെഴുന്നേറ്റു കതകുതുറന്നു കൊടുക്കും. അവൾ മുറിക്കകത്തു കടന്നുവരും. അല്പവും ലജ്ജിക്കാതെ ഞങ്ങൾ ഒരു കട്ടിലിൽ ഒരുമിച്ചു കെട്ടിപ്പിടിച്ചുകൊണ്ടു കിടക്കും. അവൾ ഒരു കിലുക്കാംപെട്ടിയുടെ പ്രവർത്തനവൈശിഷ്ട്യത്തോടെ കിലുകിലാന്നു അടക്കിയ ശബ്ദത്തിൽ പതുക്കെ സംസാരിച്ചുകൊണ്ടിരിക്കും. ഞാനവളെക്കെട്ടിപ്പിടിച്ചു പവിഴംപോലെയുള്ള ആ ചുണ്ടുകളിൽ ഉമ്മവയ്ക്കും. അവൾ എന്നെയും ചുംബനവർഷംകൊണ്ടു പുകിലാക്കും. എന്നാലും പുത്തികെട്ട വികാരങ്ങളുടെ വിക്ഷുബ്ധിയും ഒരിക്കലും ഞങ്ങളുടെ ഹൃദയത്തിൽ മുളച്ചിട്ടില്ല. തികച്ചും പരിശുദ്ധിപ്രകാശം പരത്തുന്ന ഒരന്തരീക്ഷത്തിലാണ് ഞാൻ പ്രേയംതികയാത്ത ആ കൊച്ചുപെണ്ണും തമ്മിലുള്ള പ്രേമബന്ധം വളർന്നുവന്നതു്, അങ്ങനെ പരസ്പരം സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയുംചെയ്ത എത്ര, എത്ര ദിനരാത്രങ്ങളാണ് ആനന്ദത്തിന്റെ സുന്ദരഗീതങ്ങളുംപാടി ഞങ്ങൾ കഴിച്ചുകൂട്ടിയിട്ടുള്ളതു്!

....

അങ്ങനെ നാളുകൾ നീങ്ങി.

സഫിയ വളർന്നു.....അവൾ എല്ലാംതികഞ്ഞ സുന്ദരിയായ ഒരു യുവതിയായി. ആ നീലക്കണ്ണുകളുടെ പ്രകാശം വർദ്ധിച്ചു. കവിളിണകൾക്കു തുടുപ്പുകൂടി. നഗ്നമുഴികൾ തെളിഞ്ഞു. നവയൗവനം കനംപൂണ്ടു്. മിടങ്ങൾ വികസിച്ചു...പൗർണ്ണമിചന്ദ്രന്റെ നിറംപകർന്ന ആ മെയ്യിൽ യൗവനം അതിന്റെ എല്ലാം കലാപ്രൌഢവേങ്ങളും കൈവിരുതോടെ കാഴ്ചവച്ചു.

നിലാവിന്റെ നിറമുള്ള ആ പെണ്ണ്!

ആകാശത്തിന്റെ അഗാധനീലിമപൂണ്ട ആ കണ്ണുകൾ!.....അവയിൽ കിനാവുകൾ മിന്നുന്നു!!

അവളുടെ ഒരുനോട്ടം മതി ഏതൊരുപുരുഷന്റെയും കരൾ കലങ്ങാൻ.....!!

രാത്രി വളരെയേറെ! മുറ്റത്തു് നേരിയ മഴച്ചാറുണ്ടായിരുന്നു. തെറിയ തണുപ്പുകാറ്റ് ആ അർദ്ധരാത്രിയുടെ ഹൃദയത്തിൽ ഉറഞ്ഞുനിന്നിരുന്ന ഇരുളിലൂടെ മെല്ലെ നീന്തി പൊയ്ക്കൊണ്ടിരുന്നു. ചാറ്റൽമഴയും! തെറിയകാറ്റും!!

ഞാൻ അപ്പോഴും ഉറങ്ങാതെ ഒലൊറുമണച്ച കട്ടിലിൽ കിടക്കുകയായിരുന്നു. അന്നു സഫിയ വരുമെന്നുപറഞ്ഞിരുന്നു. അതുണ്ടോ ഞാനങ്ങനെ ഉറക്കമിളച്ച് അവളെയും കാത്തു കിടന്നിരുന്നതു്.

മൂകമായ നിമിഷങ്ങൾ!...മിനിട്ടുകൾ!.....!!

അവൾ വന്നു; കതകു പയ്യെ തള്ളിത്തുറന്നകത്തുപ്രവേശിച്ചു. വാതിൽപാളികൾ എന്റെ ജീവിതസർവ്വസ്വമായ സഫിയയ്ക്കുവേണ്ടി ഞാൻ നേരത്തേതന്നെ ചാരിവെച്ചിരുന്നു. വന്നപടെ അവൾ കട്ടിലിൽകയറി എന്റെഅടുത്തിരുന്നു. ഞാനവളെ അണച്ചുപിടിച്ചുകൊണ്ടങ്ങനെ കിടന്നു. അവൾ മടിയിൽനിന്നും ഏന്തോ എടുത്തെന്റെ വായിലേയ്ക്കു തള്ളിത്തന്നു.....നിറഞ്ഞ സന്തോഷത്തോടെ ഞാനതു ചവച്ചിറക്കി. നല്ല രുചിയുള്ള അരിയുണ്ട! അരിവറുത്തു തേങ്ങാപ്പൂളും ശർക്കരയുംകൂടിക്കുട്ടി ഉരലിലിട്ടു് ഇടിച്ചു പതംവരുത്തി ഉണ്ടപിടിച്ചുണ്ടാക്കുന്നതു്!! അവളെന്നും വരുമ്പോഴും എനിക്കെന്തെങ്കിലും മടിയിൽ കരുതിയിട്ടുണ്ടാവും – ഒന്നുകിൽ അരിയുണ്ട! അല്ലെങ്കിൽ ഒരു വാഴയിലയിൽ അല്പം അവലുനനച്ചതു്! ചിലപ്പോൾ രണ്ടു പൂവമ്പഴം!...അങ്ങനെ എന്തെങ്കിലു, മുറിയിൽ കടന്നുവന്നയുടനെ അവൾ അതെന്റെ വായിൽ വച്ചുതരും. ഞാൻ ചവച്ചിറക്കും. പിന്നെയാണ് വായുതോരാതെയുള്ള ആ സംസാരം! പകരം ഞാനവളെ കെട്ടിപ്പുണർന്നുകൊണ്ടു് ആ കവിളിലും ചുണ്ടുകളിലുമെല്ലാം ചുംബിക്കും. അപ്പോൾ കാവുഭംഗിയുള്ളിനിമ്മുന്ന ആ കണ്ണിണകളും ആവേശംകൊണ്ടു തിളങ്ങുന്നതു മുറിയിലെ നിലവിളക്കിന്റെ പ്രകാശത്തിൽ ഞാൻ കാണും. അവൾ എന്റെ കൈകൾ തന്റെ കഴുത്തിലൂടെ ചുറ്റിപ്പിണച്ചു് എന്റെ നെഞ്ചിൽ മുഖമമർത്തിക്കിടക്കും. അവളുടെ കാതിലെ കുഞ്ഞുകമ്മലുകൾ എന്റെ കവിളിൽ കുത്തിനോവിക്കും. അവളുടെ കഴുത്തിലെ മാലയിലെ കുരിശുരൂപം എന്റെ നെഞ്ചിൽ കുത്തിനോവിക്കും. അവളുടെ കൈകളിലെ വളകൾ എന്റെ കൈകളിൽ കുത്തിനോവിക്കും. അവളുടെ കാൽവിരലുകൾ എന്റെ കാൽവിരലുകളിൽ കുത്തിനോവിക്കും. അവളുടെ ഹൃദയത്തുടിപ്പുകൾ എന്റെ ഹൃദയത്തിൽ കുത്തിനോവിക്കും. ഞാനവളുടെ കാതിൽ പതുക്കെ ചോദിക്കും:

"സഫിയാ, നിനക്കു നോവുന്നുണ്ടോ?"

"ഇല്ല, ഇക്കാ!"

"പിന്നെന്തിനാ കരയുന്നതു്?"

"ഇക്കാ എന്നെ ഇഷ്ടമാണോ?"

"ഇഷ്ടമാണോന്നോ? നിന്നെ ഞാൻ ജീവനെക്കാളും സ്നേഹിക്കുന്നു."

"എന്നാലും എനിക്കു പേടിയാവുന്നു ഇക്കാ!"

"എന്തിനു്?"

"ഇക്കാ എന്നെ കൈവിടുമോന്നു്."

"ഇല്ല, ഒരിക്കലുമില്ല."

"ഇക്കാ എന്നെ കല്യാണംകഴിക്കുമോ?"

"കഴിക്കും."

"എന്നാണു്?"

"നീ വലുതാവട്ടെ."

"ഞാൻ വലുതായാൽ

പൊലിഞ്ഞതാരം

★

— സി. എ. ജോസഫ് —

ആമ്പരന്നക്കാഴ്ചയിലംബരംമിഴിച്ചുപോയ്,
അത്ഭുതോജ്ജ്വലപ്രഭാമണ്ഡിതമായിവായു;
എന്മിഴിരണ്ടുംവിടന്നൊന്നാറവിക്ഷണമായി,
ഒന്നുനിന്നുപോയ്പ്പുത്താർവിസ്മയവിവശമായ്.
കാലത്തിൻപുത്തരാവിൽപിറന്നനക്ഷത്രമീ
നാളോളം ഹരിച്ചീലിമാനവമിഴികളെ.
എന്തുകൊണ്ടാ? കാശത്തിൻതുംഗതയാലൊ? ലോക
ചിന്തൈചൈതന്യംമുഞ്ഞാനഴറാഞ്ഞതിനാലോ?
അറിവില്ല,ലകിന്റെ യല്പദൃഷ്ടിയിലിന്ന
മഹിമയുരുളുംപോലുഡുപംപറന്നെത്തി,
പാഞ്ഞുപാഞ്ഞതുപോകെ എരിയുമതിൻകാണ്ഡം
മാമകാത്മാവിലൊരുചിന്തയാലേഖ്യംചെയ്തു:
സ്വപ്നമെതകരുമ്പോൾപ്രത്യക്ഷമാവുജീവി-
യ്ക്കുകമെകുടികൊള്ളും ഗുണപൂർണ്ണിമയെല്ലാം
ഇരുളിൻപിടികളിൽനിന്നുരി, സത്പാംശങ്ങ-
ളുരുകിജ്വലിച്ചൊരുചൈതന്യപ്രവാഹംപോൽ
വിധിതൻപാദത്തിലോടുധ്യമായിപ്പായും
വിശിഷ്ടമുഹൂർത്തത്തിൽധന്യതയേതിന്നില്ല?

★

ിൽ മൂടിയിരിക്കുന്ന നേത്ത ഇരുളി
ടെ അവ്യക്തമായി കാണാൻ ക
ിയും.

അന്നു ഞാൻ ആ കവിളിൽ ആ
വശത്തോടെ ഉമ്മവച്ചപ്പോൾ എ
ന്റെ ചുണ്ടുകളിൽ നനവും ചൂടും അ
ുഭവപ്പെട്ടു! ഞാൻ നാവുകൊണ്ടു ചു
ുകയും നുണഞ്ഞു. നല്ല ഉപ്പുരസം!
ണ്ണീരാണ്!! സഫിയ കരയുന്നോ?
തിനു? ആ.....എനിയ്ക്കൊന്നും
നസ്സിലായില്ല. അവൾ ചെറുതാ
ി തേങ്ങുന്നുണ്ട്! ആ കരയുന്ന കു
ളിന്റെ ഏങ്ങലടികളും എനിക്കു വ്യ
ക്തമായി കേൾക്കാമായിരുന്നു.

ഞാൻ പെട്ടെന്നെഴുന്നേറ്റു ലൈ
റ്റെരിച്ചു. മുറി മുഴുവനും വൈദ്യു
തീപത്തിന്റെ ശോഭയുള്ള മഞ്ഞ
പ്രകാശത്തിൽ മുങ്ങി. ആ തെളി
ത്ത വെളിച്ചത്തിൽ ഞാനവളെ കണ്ടു. ആ കണ്ണുകളും നിറഞ്ഞൊഴു
കലങ്ങിയിരുന്നു. കവിളിലൂടെ രണ്ടു
നീർച്ചാലുകളും ഒഴുകിവീഴുന്നു! നിലാ
വെളിവിതരുന്ന ആ വദനം കണ്ട
ത്ത നിരാശയുടെ കരിനിഴൽപ്പാടുവീ
ണ പ്രകാശശൂന്യമായിരുന്നു. വി
ക്ഷുബ്ധം മാറിനില്ക്കുന്ന ആ കണ്ണുകളു
ടെ ശോകസങ്കുലമായ നോട്ടം! ഒരു-
കരളുള്ളവൻ കരഞ്ഞുപോകും! എ
ന്റെ കൺമുനക്കോണുകളിൽ കണ്ണീർ
ഉറവിട്ടു. ഞാൻ അവളെ മാറിൽ
ചേർത്തുപിടിച്ചു് പവിഴത്തിന്റെ നി
റംപകർന്ന ആ ചുണ്ടുകളിൽ ഉമ്മവ
ച്ചു. മതിയാവോളം! അപ്പോൾ ആ
കവിളിണകളിൽ ഒരായിരം മഴവില്ലു
കളും മനോഹരമായി തെളിഞ്ഞുതെ
ളിഞ്ഞുവന്നു. കദനം വിങ്ങിനിന്നിരു
ന്ന എന്റെ കരളിൽ ആനന്ദത്തി
ന്റെ മൃദുലമായ പൂമൊട്ടുകളും മെ
ല്ലെ വിരിഞ്ഞു: അവൾ ചിരിച്ചു.
ആ കണ്ണുകളും പ്രകാശപൂർണ്ണങ്ങളാ
യി. ഉന്മേഷലോലത്തയുടെ കണ്ണീ
രൊപ്പിക്കൊണ്ടു ഞാൻചോദിച്ചു:

"എന്റെ കരളെന്തിനാണു കര
ഞ്ഞതു്?"

ആ മുഖം വീണ്ടും മ്ലാനമായി! നി
ലാവു നരഞ്ഞുനില്പുന്ന രാത്രിയിൽ,
ആകാശത്തു കാർമേഘപാളികളും ത
ളിക്കയറ്റമോടും ഭീമിയിൽ ഇരുളും
വ്യാപിക്കുന്നതുപോലെ സുന്ദരമായ
ആ വദനം ഇരുണ്ടു.

നോവുവിങ്ങുന്ന കണ്ണുകളും മൃ
ുമ്മി എന്നെനോക്കിയിട്ടു ഗദ്ഗദ
ത്തോടെയവൾപറഞ്ഞു:

"ന്നെ-ക്കെട്ടി...ക്കാ...ന്വോ...ണ്ട"

"ആര്ക്ക്"?!'

"പല-ടത്തു്നിന്നും...പറേണ്...
ഏതെങ്കിലു...വൊന്നെ നട...ത്തണ
വെന്നമ്മ...മൂച്ചു് ...പിടിച്ചിരി...ക്ക
യാ! ഇന്നെന്നേ...ക്കൂട്ടത്തു് വ...ന്നിരു
ന്നു്...പെ...ണ്ണു്...കാ...ണാ...ൻ.

"ആരാണിന്നു് വന്നിരുന്നതു്?"

"ഫൈദ്രോസാജീന്റെ എളാമ്മീം
അപ്പച്ചീം എല്ലാംവൊണ്ടാന്നേ". അപ്പ
ഹയൻന്നെക്കെട്ടിക്കണോന്നാ ഉമ്മാ
ന്റെ പിടിവാശം"

"നീ ഒന്നുംപേടിയ്ക്കണ്ട! കരയ
ുതു്...എല്ലാം ഞാൻ ശരിപ്പെടു
ത്താം!"

ഞാൻ അവളുടെ മിനുത്ത മുടിച്ചു
രുളിൽ കൈവിരൽ കോർത്തു കളിച്ചു
കൊണ്ടു പറഞ്ഞു. അവൾ അല്പം അ
ടങ്ങി.

എന്റെ വാക്കുകളിൽ അവൾക്കു
തികഞ്ഞ വിശ്വാസമുണ്ടു്. അവ
ളെന്നെ ദൈവത്തേപ്പോലെ വിശ്വ
സിക്കുകയും ഹൃദയംകൊണ്ടു സ്നേഹി
ക്കുകയുംചെയ്യുന്നു.

സഫിയ! അവൾ സതൃത്തിന്റെ
പ്രകാശവും സ്നേഹത്തിന്റെ സംഗീ
തവുമാണു്! സപ്തസുസന്ദ്രമായ ആ
ജീവിതം ഒരുകുട്ടപൂവുപോലെ പരി
ശുദ്ധമാണു്. ഉഷസ്സാരത്തേപ്പോലെ
വെളിച്ചംവീശുന്ന സുന്ദരിയായ ഒരു
പെൺകുട്ടി!

"ഞമ്മക്കെവിടേങ്കിലും ഒളീച്ചു
പോവാം?"

കരവിക്കാമ്പിൽനിന്നും തികട്ടിവ
ന്ന വേദനയുടെ തേങ്ങലടക്കിക്കൊ
ണ്ടു് സഫിയ ചോദിച്ചു.

അവൾക്കു ഭാവിയെക്കുറിച്ചു ഉല്ക്ക
ണ്ഠയുണ്ടു്! കെട്ടുപിണഞ്ഞു കുരുങ്ങി
ക്കിടക്കുന്ന ഒരായിരം ജീവൽപ്ര
ശ്നങ്ങൾക്കു പരിഹാരം കാണ
വൻവേണ്ടി ആ നൻമുണ്ടുപെണ്ണി
ന്റെ തലയ്ക്കോ പുകയുകയാണെന്ന
അപ്പോഴത്തെ അവളുടെ മുഖഭാവം
വ്യക്തമാക്കി.

ഞാൻ തെല്ലൊരാലോചനയോ
ടെ പറഞ്ഞു:

"വേണ്ട! ഒളിച്ചുപോകുന്നതു തെ
റ്റാണു്. നാട്ടുകാർ നമ്മളെ പ
ഴിയ്ക്കും."

അവളൊന്നും മിണ്ടിയില്ല. ചു
മ്മാ ചിന്താമൂകയായങ്ങനെയിരുന്നു.

നിമിഷങ്ങൾക്കുശേഷം ഞാൻ പ
റഞ്ഞു.

"സഫിയാ. എന്റെ കരളേ! നീ
ഒന്നും പേടിക്കേണ്ട! എല്ലാം ഞാൻ
ശരിപ്പെടുത്താം! നമുക്കൊരുമിച്ചേക്കാം
ഇഷ്ടമാണെങ്കിൽ പിന്നെ അതിനെ
ആരെതുക്കുന്നാണു്?"

നിരാശയിൽ ചുട്ടുനീറിക്കൊണ്ടിരു
ന്ന സഫിയയുടെ ഹൃദയത്തിൽ എ
ന്റെ ആ വാക്കുകൾ പൂമഴ പൊഴി
ച്ചു. സഫിയയുടെ ചുണ്ടുകളിൽ നേ
രിയ മന്ദഹാസത്തിന്റെ നനവുപ
ടർന്നു. പ്രഭാതത്തിലെ പൊൻവെ
യിൽനാളങ്ങൾ തട്ടിയിട്ടെന്നവണ്ണം
ആ മുഖം പ്രകാശപൂർണ്ണമായി. പ
ക്ഷെ അ നേരിയ മന്ദഹാസത്തി
ന്റെ അലകൾ അവളുടെ ആ സുന്ദ
രമായ വദനത്തിൽനിന്നും വളരെ
വേഗം മാഞ്ഞുപോയി! ആ മുഖ
ത്തെ പ്രകാശം അസ്തമിച്ചു! ക്രൂരാ
നും കുടനമായ തന്റെവിധിയെ
ക്കുറിച്ചു ഒരിത്തിരുവാം. അവളുടെ ഉ
ള്ളിൽ പെട്ടെന്നു അങ്ങനെ ഒരു ഉൾ
ക്കിടിലമുണ്ടായതു്.

ചുകന്ന തുക്കിത്തെപ്പി വച്ച അ
സൻമൊയ്ലിയാരുടെ ഭീകരമായ
രൂപം.....! വെള്ളിപോലെതിളങ്ങു
ന്ന-കഴുത്തരിഞ്ഞുവീഴ്ത്തുവാൻ വേണ്ട
ത മൂർച്ചയുള്ള ആ കഠാരപ്പല്ലുകത്തി!!

ആ ചിത്രങ്ങളെ എന്റെമുഖത്തു തെളിഞ്ഞുനില്ക്കുകയാണു്! എന്റെ
ഉള്ളിൽ അകാരണമായ ഒരുഭയം ഉറ
ഞ്ഞുകയറി!

സഫിയ! എല്ലാത്തിനും വഴിയു
ണ്ടാക്കും. സമയം വളരെയായി-
നീ പോയിക്കിടന്നോളൂ. വിഷമി
ക്കയൊന്നുംവേണ്ട! ങേ!

സഫിയയെ പറഞ്ഞയച്ചു്, വ
ാതിലും ബന്ധിച്ചു ലൈറ്റണച്ചു ഞാൻ
കട്ടിലിൽ കയറിക്കിടന്നു.

എന്റെ കൺപോളകളിൽ ഉറക്കം
ഉമ്മവച്ചില്ല. ഞാൻ നിർനിദ്രനായി
അങ്ങനെകിടന്നു. തലച്ചോറിൽ ചി
ന്തകളും ചൂടുംവിളിച്ചുയരുകയാണു്!

ഫ്രൈദ്രോസുഹാജി!!

അയാളും വലിയ പണക്കാരനാ
ണു്. പട്ടണത്തിലെ പേരുകേട്ട പ
ണക്കാരിൽഒരുവൻ! തലയെടുപ്പുള്ള
വമ്മാളികകളും,വലിയതെങ്ങിൻതോ
പ്പുകളും പതിനായിരക്കണക്കിനുപ
റനെല്ലു പാട്ടം കിട്ടുന്ന വിസ്തൃതങ്ങ
ളായ കൃഷിസ്ഥലങ്ങളുമുണ്ടു്.....എ
ല്ലുംകൊല്ലവും മക്കത്തു പോയി ഹാ
ജ്ജ് ചെയ്യും. മദീനത്തുപോയ്ി പു
ന്നാരനെബിന്റെ റൌളാ സന്ദർശി
ക്കും.....പണം പലിശയ്ക്കു കൊടു
ക്കും!! മൂച്ചിനു മുന്തുവട്ടം അലാ
ള്ളാ! അലാള്ളാ! എന്നു വിളിക്കുകയും
ചെയ്യും!! ചുണ്ടത്തു് ആയത്തും ഹദീ
ദും ഹൃദയത്തിൽ കാപട്യവുമായി നട
ക്കുന്ന പന്നിപ്പുഹയൻ!!!

മുഖത്തു നിഴലിൽ കയ്യിചുനിറ
ത്തിയിരിക്കുന്ന പഞ്ഞിപോലെ വെ
ളുത്ത നല്ല ശ്മശ്രുവായ താടിയും മീശ
യും-അസ്സൽ ഈമാനുള്ള ഇസ്ലാമി
നേറ്റുതന്നെ! തലമുഴുവനും നല്ലമൂ
ച്ചുയുള്ള കത്തയുടെ വായ് ആല
ക്കൊണ്ടെ ഒസ്സാൻചുരണ്ടി മിനുസ്സമാ
ക്കിയതാണു്. ഉച്ചിയിൽ ചട്ടിയപ്പം
പോലെ പറ്റിയ രിക്കുന്ന ഒരുവെള്ള
ത്തൊപ്പി.....ആകപ്പാടെ നോക്കി
യാൽ ആ നരപ്പൻഹിമാവ് ഇ
സ്ലാമിന്റെ ഒരു ട്രേഡ്മാർക്കാണു്!

അയാളെ എനിക്കു കണ്ണുകീറി
യാൽ കണ്ടുകൂടാ! ഏതന്തോ വല്ലാത്ത
ഒരുതരം വെറുപ്പാണയാളെ, എനി
യ്ക്കു്!

ആ നെഗ്റ്റീവുകാരണം ഏതു ഏ
തു തരുണീമണികളുടെ സുന്ദരമായ
ജീവിതമാണു് കണ്ണീരിൽ കുതിന്നു

കനത്ത നിരാശയുടെ പട്ടടയിൽ ഞെരിഞ്ഞമർന്നിട്ടുള്ളതു"!

അയാൾ തന്റെ പതിനാറാമത്തെ വയസ്സുമുതൽ തുടങ്ങിയതാണ് ഈ തൊഴിൽ, പെണ്ണുകെട്ട്! ഈ ഏഴുപതാമത്തെ വയസ്സിലും നിർത്തിയിട്ടില്ല! ഹാജിയാർക്ക് തോന്നുമ്പോഴൊക്കെ വിവാഹം കഴിക്കണം! പൊട്ടനും വേണ്ടായെന്നു തോന്നുമ്പോൾ തെലാഖ് കൊടുക്കുകയും ചെയ്യും!! ഒരൊറ്റ പെണ്ണും ആ രാക്ഷസന്റെകൂടെ ഒരുകൊല്ലം തികച്ചു പൊറുക്കുകയില്ല! അയാൾ അവരെ പൊറുപ്പിക്കുകയില്ല!! മിക്കതിനെയും ഒരു കുട്ടിയെ കിട്ടിയാൽ ഉടനെ അയാൾ മൊഴിചൊല്ലും! ചിലതു് അല്പംകൂടി കഴിയും! എപ്പോഴെങ്കിലും അല്പം ഭേദപ്പെട്ട ഒരു പെണ്ണിനെ കണ്ടാൽ ഉടനെ അയാൾക്കവളെ നിക്കാഹ് കഴിക്കണം! അതിനുവേണ്ടി എന്തു ചിലവാക്കാനും മൊതുദ്ദോസ് ഹാജി ഒരുക്കമാണു്. അവൾക്ക് മെയ്യു നിറയെ ആഭരണവും കൈനിറയെ പണവും അയാൾ കൊടുക്കും! ഒന്നുമാത്രം; അയാളുടെ ഹൃദയത്തിൽ കാണുകയില്ല; ഒരു ഭാര്യയ്ക്കുവശ്യമായ ഭർത്താവിന്റെ സ്നേഹം! ആ നരച്ച ജീവിതമങ്ങനെ തുടർന്നുപോകുന്നതിനെ നിർത്തിവയ്ക്കണമെന്നു് അയാൾ

ശ്രീ: എം. രാജരാജവർമ്മ എം. എ. ബി. എൽ.

★

— കുഞ്ഞിയമ്മ —

ീ സികുട്ടി തമ്പുരാൻ, പേഷ്കാർ തമ്പുരാൻ, കമ്മീഷണർതമ്പുരാൻ എന്നൊക്കെ പ്രായമായ ആളുകൾ ബഹുമാനപുരസ്സരം പറയുന്നതു് ഒരമനക്കുട്ടൻരാജാവിന്റെ കുമ്പളയുടുത്തു നടന്നിരുന്ന കാലത്തുതന്നെ കേട്ടിട്ടുണ്ടത്രേ. എനിക്കോർമ്മയായപ്പോൾ മുതൽ കമ്മീഷണർതമ്പുരാൻ എന്നേ കേട്ടിട്ടുള്ളൂ. ആരാണീ തമ്പുരാൻ എന്നു ഞാൻ അന്വേഷിച്ചിട്ടുണ്ടായിരുന്നില്ല. ഒരമനക്കുട്ടൻരാജാവ് അദ്ദേഹത്തെ വിചാരിച്ചതു് അദ്ദേഹം കേട്ടിരുന്നതുകൊണ്ടും മൂന്നു നാലങ്ങളും മൂന്നു മനുഷ്യരുടേതാണെന്നാണു്. പണ്ഡിതനും പ്രഗൽഭനുമായ ഒരു രാജരാജവർമ്മത്തമ്പുരാനെപ്പറ്റി വലിയ ആളുകളും സ്തുതിക്കുന്നതും അദ്ദേഹം കേട്ടിരുന്നു. ഈ ആളുകളെല്ലാം ഒരാൾതന്നെയാണു് അദ്ദേഹം പിന്നീടാണു് അറിഞ്ഞതു്. ഒരമനക്കുട്ടൻരാജാവ് ജനിക്കുന്നതിനു മുമ്പുതന്നെ തിരുവിതാംകൂറിലെ ഉദ്യോഗസ്ഥമണ്ഡലത്തിൽ സികുട്ടൻ, പേഷ്കാർ", ദേവസ്വംകമ്മീഷണർ എന്നിങ്ങനെ സമുന്നതങ്ങളായ ഉദ്യോഗങ്ങളും വഹിച്ചു", കൈക്കുലി, കപടത, സ്വജനപക്ഷപാതിത്വം മുതലായ ഔദ്യോഗികമഹാപാപങ്ങൾക്കു വഴിപ്പെടാതെ കാര്യശേഷിയും ദീർഘദൃഷ്ടിയും രാജ്യഭക്തിയുംകൊണ്ടു് സർവ്വജനസമ്മതി ആർജ്ജിക്കുകയും, മഹാപണ്ഡിതൻ, ഒന്നാന്തരമേറിയ സാഹിത്യകാരൻ എന്ന നിലകളിൽ സഹൃദയരുടെ ആരാധനാഭിനന്ദനങ്ങൾക്കു പാത്രമാവുകയും ചെയ്തിട്ടുള്ള ഒരു മഹാനാണു് മാവേലിക്കര മണ്ണാർമഠം കൊട്ടാരത്തിലെ ശ്രീ: എം. രാജരാജവർമ്മരാജാ എം. എ. ബി. എൽ. അദ്ദേഹത്തെ ദൂരെനിന്നു കാണുന്നതിനു മാത്രമല്ല, അടുത്തുനിന്നു അറിയുന്നതിനുംഭാഗ്യം ഏതിനിക്കുണ്ടായിട്ടുണ്ടു്. എന്റെവിഡ്ഡിത്തരങ്ങളും വിവരമില്ലായ്മകളും അദ്ദേഹം അധികം അറിയേണ്ട എന്നു കരുതി ഞാൻ കൂടുതൽ അടുക്കുവാൻ ശങ്കിച്ചുനിന്നു ഉള്ളൂ.

ഉദ്യോഗത്തിൽനിന്നു പെൻഷൻ പറ്റിയിട്ടു കാൽശതാബ്ദം കഴിഞ്ഞിരിക്കുന്നു എങ്കിലും ഇന്നും അദ്ദേഹം കമ്മീഷണർതമ്പുരാൻ എന്ന പേരിലാണു് അധികവും അറിയപ്പെടുന്നതു്. ദേവസ്വം വേർതിരിച്ചതിനു ശേഷമുള്ള ആദ്യത്തെ ദേവസ്വം കമ്മീഷണറായിരുന്നു അദ്ദേഹം. പഴയ തത്വങ്ങളിൽനിന്നു വ്യതിചലിക്കാതെയും പുതിയ ആവശ്യങ്ങൾക്കനുസരിച്ചും ദേവസ്വംകാര്യങ്ങളെ സംഘടിപ്പിക്കുക എന്ന വിഷമകൃത്യം സാമർത്ഥ്യത്തോടെ നിർവ്വഹിച്ചുവെന്നാണു് അറിവുള്ളവർ പറയുന്നതു്. പഴയ മാമൂലുകളിൽനിന്നു കഴിയുന്നത്രയും സംരക്ഷണം ചെയ്യുന്നതിനു അതൊരു മഹാപോപവും പാതകവുമായി കരുതുന്ന കാലമായിരുന്നു അന്നു്. അന്നത്തെ മാമൂൽപ്രിയന്മാർക്കു പുതിയ ദേവസ്വംകമ്മീഷണർ ഒരു വിപ്ലവകാരിയായിത്തോന്നിയെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല. അമ്പലങ്ങളിലെ പതിവുകൾ പരിശുദ്ധിച്ചു കാത്തുരക്ഷിച്ചു ചില കൂട്ടർക്കു സ്വാർത്ഥമോഹമായിത്തന്നില്ല. അവരിൽ പലരും അക്കാലത്തു അദ്ദേഹത്തെ കുറച്ചൊട്ടുത്തിയിട്ടുമുണ്ടായിരുന്നു. ഒരമനക്കുട്ടൻരാജാവ് പറഞ്ഞിട്ടുണ്ടു്. തിരുവിതാംകൂറിലെ ദേവസ്വം ഡിപ്പാർട്ടുമെന്റിന്റെ പിതാവാണു് അദ്ദേഹം എന്നു പറയാം. ഇന്നും ദേവസ്വം ഉദ്യോഗസ്ഥന്മാരും ജോലിക്കാരും കമ്മീഷണർതമ്പുരാൻ എന്നു കേട്ടാൽ അവരിലായാരെന്നതിനെ ബഹുമാനാദരങ്ങളും കാട്ടുവതുണ്ടു്. അതുപോലെ അദ്ദേഹമാണു് അദ്ദേഹവും ദേവസ്വവും തമ്മിലുള്ള ബന്ധം.

ദേവാലയങ്ങളോടു് അടുക്കുന്തോറും ദൈവത്തിൽനിന്നും അകലുന്നു എന്നു ഒരു ഇംഗ്ലീഷുപഴമൊഴി ഉണ്ടെന്നു പറയുന്നതു കേട്ടിട്ടുണ്ടു്. സാധാരണയായി പള്ളിയിലെ പുരോഹിതന്മാർക്കും അമ്പലത്തിലെ ജോലിക്കാർക്കും ദൈവം എന്നുവച്ചാൽ സ്വന്തം ബിസിനസ്സിനു് ഇഷ്ടംപോലൊക്കെ ഉപയോഗിക്കാൻ കൊള്ളാവുന്ന ഒരു വസ്തു എന്നതിൽകവിഞ്ഞു് ആത്മാർത്ഥമായ വിശ്വാസമോ ഭക്തിയോ ഇല്ലെന്നാണു് അന്നാമച്ചേട്ടത്തിയുടെ മകളും ഞാനും വിചാരിക്കുന്നതു്. പക്ഷേ, ഇതിനപവാദങ്ങൾ ചില വ്യക്തികളുണ്ടു്. വളരെനാൾ ദേവസ്വംഭരിച്ച ഒരാളിനു് ഒരു ദേവേന്ദ്രമനോഭാവം വരാതെ അവരോടു് ഉള്ളിൽ ഭക്തിതോന്നുകയുമങ്കിലും ശ്രീ: രാജരാജവർമ്മയുടെ കാര്യത്തിൽ അങ്ങനെ അല്ലെന്നതൊൽ ധൈര്യമായിത്തന്നെപറയാം. ദിനചര്യയുടെ ഒരു നല്ല ഭാഗം ഈശ്വരാരാധനയ്ക്കായി അദ്ദേഹം നിഷ്ഠയോടെ മാറ്റിവെച്ചിരിക്കുകയാണു്. മാവേലിക്കരഉത്സവം, വൈക്കത്തഷ്ടമി മുതലായ വിശേഷങ്ങൾക്കു് അദ്ദേഹത്തിന്റെ ഭക്തിമസ്സണമായ സന്നിധ്യം ഇല്ലാതെ ഇതുവരെ ഇല്ലുതെ ഇരുന്നിട്ടില്ല. വേറൊന്നുള്ളതും മതപ്രസംഗങ്ങളും തട്ടിവിട്ടിട്ടു സന്തം കാര്യലാഭത്തിനുവേണ്ടി ഏതു കൊള്ളരുതായ്മകളും പ്രവർത്തിക്കുന്ന "ഭക്തരെ"ന്നതുടെ ലിസ്റ്റിലും അദ്ദേഹം പെട്ടുകയില്ല. പ്രസംഗിക്കുന്ന മഹൽതത്വങ്ങൾ സ്വന്തം ദൈനംദിനജീവിതത്തിൽ പ്രയോഗിക്കുന്ന ഒരാളായിട്ടാണു് എനിക്കു അദ്ദേഹത്തെപ്പറ്റി തോന്നിയിട്ടുള്ളതു്. ആ അഭിപ്രായത്തിനു വിചരിതമായി ആരും ഒന്നും പറയുന്നതും ഞാൻ കേട്ടിട്ടില്ല. സത്യസന്ധത, നീതിപാലനം, ന്യായദീക്ഷ മുതലായ തത്വങ്ങളും വലിയകാര്യങ്ങളിലെന്നപോലെ ചെറിയകാര്യങ്ങളിലും പാലിക്കുന്നതിൽ അദ്ദേഹം തല്പരനാണു്.

ശ്രീ: രാജരാജവർമ്മയ്ക്കു് ഇപ്പോൾ വയസ്സ് എൺപത്തിരണ്ടോ എൺപത്തിമൂന്നോ ആകുന്നു. പക്ഷേ ഇത്ര വയസ്സായ ലക്ഷണമൊന്നും അദ്ദേഹത്തിൽ നിന്നും കാണുകയില്ല. പഴത്ത ചെറുനാരങ്ങയുടെ നിറം ഒരു ഒറ്റമുണ്ടു് പ്രത്യേകം ഒരു ചിട്ടയിൽ ഭംഗിയായി ധരിച്ചിട്ടുണ്ടു്. കഴുത്തിൽ ചിലപ്പോൾ സച്ചന്ദംകെട്ടിയ ഒരു തുളസിമാല ആണ കാണുക, ചിലപ്പോൾ രുദ്രാക്ഷമാല. കേരിതരസം സ്ഫുരിക്കുന്ന കണ്ണുകൾ മലയാളത്തിലെ ഫ്രെയിമിന്റെ ആകൃതിയിൽ കെട്ടിവെച്ചിരിക്കുന്ന ഉയരംകുറഞ്ഞ കട്ടിമ. മുഖത്തു ഒരു നേരിയ പുഞ്ചിരിയോടെ അദ്ദേഹം നിങ്ങളെ സ്വീകരിക്കുന്നു. സംഭാഷണത്തിൽ ഒരിഴഞ്ഞമട്ടിൽ ശാന്തതയോടെ ആണു് അദ്ദേഹം സംസാരിക്കുക. ഗംഭീരവേദാന്തതത്വങ്ങൾ മുതൽ സ്വന്തംപൂർവ്വകാലസ്മരണകൾവരെ പല കാര്യങ്ങളും നിങ്ങൾക്കു മുഷിവുകൂടാതെ അദ്ദേഹം സംസാരിക്കും. നിങ്ങൾ കേരിമാനെയാണെന്നു ഞാൻ അത്ഭുതപ്പെടുന്നുണ്ടു്. ഭാഷ ലളിതമായാലും ആ

വിതത്തിന്റെ പരിശുദ്ധിയേയും പവിത്രതയേയും കുറിച്ചു തന്റെ അടുത്തു മുല്ലപ്പൂവും ചൂടി, പുതിയ ഉടുപ്പു മണിഞ്ഞിരിക്കുന്ന നവവരനോടും, അയാളുടെ പുറകേ കൂടിയിരിക്കുന്ന ആൾക്കാരോടും അറബിയിൽ പറയുകയാണു്.

അൽഹംദുലില്ലാ...ാ...ാ...അൽഹംദുലില്ലാ ഹില്ല ദീ-അമനാ...ാ...ാ-ബിൻനിയ്യൂാ...ാ...ഹ്"..."

ആര്? — എന്തു മനസ്സിലായി?

നിയ്യൂാഹ്"!!!

(പകുപ്പുകശേഷം ക്യൂരിഹിനു്)

★

ശ്രേയം കൂട്ടിപ്പറയുമ്പോൾ ഈ കഞ്ചിയുടെ മേന്മയ്ക്കുതക്കതായ കയറൻ സാധിക്കുമോ? കഞ്ഞിവെള്ളിയുടെയും, അന്നാമ്മച്ചേട്ടത്തിയുടേയും മുമ്പിൽ വലിയ എഴുത്തുകാരിയായി തെളിയുന്ന ഞാൻ അപ്പോൾ വല്ലായ്മയെങ്ങാണ്ടു പുലമ്പിപ്പോകും. സാഹിത്യമൈതാനത്തിൽ എണ്ണമില്ലാതെ കരുത്തുവരുന്ന പുല്ലും, കുയയും, തകരയും മറ്റും ആ വൻമരവിന്റെ വലിപ്പവും ബലവും അടിയിലേയ്ക്കുള്ള വേരിന്റെ ആഴവും മറ്റും ഒന്നു നോക്കിക്കണ്ടിട്ടു തന്നെത്താൻ ഒന്നുനോക്കിയാൽ എത്ര നന്നായിരിക്കും? പുല്ലിനും തകരയ്ക്കും ഇന്നു വില കിട്ടുമായിരിക്കാം. മഞ്ഞയ്ക്കു വില കുറവും ആയിരിക്കാം. എങ്കിലും പുല്ല് പുല്ലും മാവ് മാവും ആണെന്നു ഒരിക്കൽ വാൻ ആ വീക്ഷണം സഹായിക്കുമായിരുന്നു.

സംസ്കൃതത്തിന്റെ വാലിന്റെ അറ്റമോ ഇംഗ്ലീഷിന്റെ മുറിയോ മാർക്സിസത്തിന്റെ ഞെട്ടുമോ ഏതെങ്കിലുമൊന്നു കിട്ടിയതെന്നുവച്ചാൽ അതു വായിൽ വെച്ചുകൊണ്ടു ലോകത്തിന്റെയും ലോകരഹസ്യങ്ങളുടെയും തുമ്പുകൾ തങ്ങളുടെ വായിലാണ് ഇരിക്കുന്നതെന്നു വിചാരിക്കുന്നവരാണല്ലോ ഇന്നത്തെ മിക്ക സാഹിത്യകാരന്മാരും നേതാക്കന്മാരും. പക്ഷേ, വിജ്ഞാനഭണ്ഡാരമായ ശ്രീ: എം. രാജരാജവർമ്മ ഇന്നും ഒരു വിദ്യാർത്ഥിയാണ്. പുസ്തകങ്ങളും നിറഞ്ഞ ഷെൽഫുകളുടെ ഇടയിൽ തിരുവനന്തപുരത്തു് അനന്തൻ അമ്മവീട്ടിലുള്ള അദ്ദേഹത്തിന്റെ ലൈബ്രറിയിൽ ഇരുന്നു ജിജ്ഞാസയോടെ അദ്ദേഹം പഠിക്കുകയാണ്. പുരാതന സംസ്കൃതഗ്രന്ഥങ്ങളും മുതൽ ഏറ്റവും പുതിയ ഇംഗ്ലീഷ് ശാസ്ത്രീയഗ്രന്ഥങ്ങളുംവരെ സകലതും അദ്ദേഹത്തിന്റെ സഖാക്കളാണ്. ലോകത്തിന്റെയും സംസ്കൃതിയുടെയും ചരിത്രം മീശുമല്ല അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ചരിത്രവും ചിത്രപുസ്തകത്തിൽ ഭിത്തികളിൽകാണാം. പഴയ പഴയ കാരണവന്മാർമുതൽ ഇന്നയിടെ ജനിച്ച കുട്ടികൾവരെ മിക്ക ബന്ധുജനങ്ങളുടെയും ഫോട്ടോകളും അവിടെയുണ്ട്.

രാഷ്ട്രീയകാര്യങ്ങളിലോ സാമുദായികകാര്യങ്ങളിലോ അദ്ദേഹം പങ്കെടുക്കാറില്ല. അദ്ദേഹത്തിന്റെ രാഷ്ട്രീയസിദ്ധാന്തം എന്താണെന്നു എനിക്കറിവില്ല. ഉത്തമനായ പ്രജാവത്സലനായ ഒരു രാജാവും പരിശ്രമശീലനായ രാജകർത്തവ്യനായ പ്രജകളും, അങ്ങനെയുള്ള ഒരു രാമരാജ്യവും ആയിരിക്കും അദ്ദേഹത്തിനു ഇഷ്ടം എന്നു എനിക്കു തോന്നാറുണ്ട്. പക്ഷേ, ടാഗോർ, ഗാന്ധി, ജവഹർലാൽ നെഹ്റു മുതലായവരുടെ പ്രജായത്തപരവും സോഷ്യലിസ്റ്റുപരവും ആയ ആശയങ്ങളും അദ്ദേഹത്തെ അധീനനാക്കുന്നുണ്ടെന്നുള്ളതിൽ എനിക്കു സംശയമൊന്നുമില്ല. ഈശ്വരനേയും സാന്മാർഗ്ഗികമൂല്യങ്ങളേയും നിഷേധിച്ചുകൊണ്ടുള്ള ക്രൂരവിമർശനങ്ങളിൽ അദ്ദേഹം പരിരംഭിക്കുന്നതുകണ്ടുവേണം വിചാരിക്കാൻ. സാമൂഹ്യകാര്യങ്ങളിൽ അദ്ദേഹം ഒരു യാഥാസ്ഥിതികനാണെന്നാണ് സാധാരണയായി വിശ്വസിക്കപ്പെട്ടുവരുന്നതു്. എന്നാൽ അന്ധമായ, കീറാമുട്ടിയായ, യാഥാസ്ഥിതികത്വം അല്ലെന്നു സപ്രമാണം അടുത്തു പെരുമാറിയാൽ മനസ്സിലാകും. കാലാനുസരണമായും ആവശ്യമായും വരുത്തേണ്ട പരിഷ്കാരങ്ങൾക്കു അദ്ദേഹം ഒരിക്കലും തടസ്സമായിനിന്നിട്ടില്ല എന്നാണ് എന്റെ അറിവു്. നിലനിൽക്കയില്ലെന്നു തന്നെയാണ് എന്റെ വിശ്വാസവും.

മക്കത്തുവഴിയിലും മരുമക്കത്തുവഴിയിലും നാലു തലമുറകളായി പടർന്നു കിടക്കുന്ന ഒരു വലിയ കുടുംബത്തിന്റെ കാരണവരാണ് ശ്രീ. രാജരാജവർമ്മ. അവരിൽ പലരും നല്ല സ്ഥിതിയിൽ മാന്യമായി കഴിയുന്നതു കാണാനുള്ള ഭാഗ്യം അദ്ദേഹത്തിനു ഉണ്ടായിട്ടുണ്ട്. പലരും ഇടയ്ക്കു കഷ്ടപ്പെട്ടു ദുഃഖവും അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ സഹധർമ്മിണി ചരമമടഞ്ഞതു് അദ്ദേഹത്തിന്റെ ജീവിതം ഏകാന്തമാക്കിയിട്ടു വർഷങ്ങളും വളരെ ആയി. അദ്ദേഹത്തിന്റെ രണ്ടു അനന്തരന്മാരും ഒരു അനന്തരത്തിയും ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ട്. രണ്ടു അനന്തരന്മാർ, രോഹിണിതിരുനാൾ എന്ന അറിയപ്പെട്ടിരുന്നരേഹവും സുപ്രസിദ്ധ വൈണീകവിദ്വാനായിരുന്ന ഉദയവർമ്മരാജാവും പരലോകപ്രാപ്തരായി. വിദ്വാൻ ഭാസുരസുന്ദരനായ ശ്രീ: ഏ. എൻ. തമ്പി അദ്ദേഹത്തിന്റെ സീമന്തപുത്രനാണ്. അഖിലകേരളഭാഷാസംഘത്തിന്റെ രേഖാപ്രമാണിച്ചു് പണ്ടൊക്കെ ഞാൻ മദിരാശിയിൽപോകുമ്പോൾ ചിന്താഗ്രിഷ്ടയിൽ അദ്ദേഹത്തിന്റെ മകളുടെയും (അനന്തപത്നി എന്നും എല്ലാവരും വിളിക്കുന്നു) ജാമാതാവു് ശ്രീ: അച്യുതന്റെയും മകൻ ഡാക്ടർ രാമൻതമ്പിയുടെയും കൂടെ താമസിച്ചിട്ടുണ്ട്. അവർ ഇപ്പോൾ അധികവും ഏറണാകുളത്താണെന്നാ ഒരുമനക്കുട്ടൻറ്റുച്ചൻ പറഞ്ഞതു്.

സന്ധ്യാവന്ദനം, സന്താനം, സൌഭാഗ്യം, ടിംബ്രോയുസ്സ്, ആരോഗ്യം മുതലായ സകലവിധഭാഗ്യങ്ങളുംകൊണ്ടു അനുഗ്രഹീതനായ ഒരു ഭാഗ്യവാനാണ് ശ്രീ: എം. രാജരാജവർമ്മ. പക്ഷേ ഇവകൊണ്ടും ഒരുവനു പരമാനന്ദം ലഭ്യമാകുമെന്നില്ല. തനിക്കു ഇവയെല്ലാം ഉണ്ടെങ്കിലും, ഇവയെന്നോമില്ലാത്ത പലപല ആളുകളും ബുദ്ധിമുട്ടുന്നതും കലഹിക്കുന്നതും രോഗഗ്രസ്തരാകുന്നതും അകാലചരമം പ്രാപിക്കുന്നതും എല്ലാം കണ്ടുകൊണ്ടു ഇങ്ങനെ ഇരിക്കേണ്ടിവരുന്ന താൻ ഭാഗ്യവാനാണോ എന്നു അദ്ദേഹം സ്വയം ചോദിക്കാറുള്ളതു് ചിലപ്പോൾ ഉറക്കത്തിനെ ചോദിച്ചുപോകുന്നുണ്ടാവാം. ജ്ഞാനവും തപശ്ചര്യയും കൊണ്ടു ഉണ്ടാവുന്ന സമചിത്തതയോടെ ഈശ്വരവിചാരത്തിലും ജ്ഞാനസമ്പാദനത്തിലും പുസ്തകപാരായണത്തിലും മാത്രം സൽക്കർത്തവ്യങ്ങളിലും ശ്രദ്ധപതിപ്പിച്ചു് അദ്ദേഹം തന്റെ ജന്മം സഫലമാക്കുന്നു. അദ്ദേഹം സമ്പാദിച്ചുവെക്കുന്നവിജ്ഞാനം ഭാവിതലമുറകൾക്കു ഏറ്റവും കൃത്യതയുള്ള ഉപകരണത്തക്കവിധത്തിൽ ഉപയോഗിക്കേണ്ടതാണ്. ഇതിനു പ്രചിന്തയും കഴിയും ഉള്ള പ്രസിദ്ധീകരണശാലക്കാരും സംസ്കൃതപ്രേമികളും പരിശ്രമിച്ചാൽ അതൊരു രാജ്യസേവനം ആയിരിക്കും എന്നു് എന്റെ പെൺബുദ്ധിയിൽ തോന്നുന്നു. അതെങ്ങനെ ആയാലും ശരി, അദ്ദേഹം ആരോഗ്യത്തോടെ, മനഃസുഖത്തോടെ ദീർഘകാലം സുഖമായിട്ടിരിക്കുവാൻ ഈശ്വരൻ കടാക്ഷിക്കണമെന്നാണ് എന്റെ പ്രാർത്ഥന.

★

ആയുർവേദ സുധാകരം

വ്യത്യസ്തരോഗങ്ങൾക്കു നിലകണ്ണപ്പിള്ള.

അനേകങ്ങളായ അനവധി വിശിഷ്ടയോഗങ്ങളും രോഗലക്ഷണവും ഉൾപ്പെടുത്തി വളരെ ചികിത്സാ എന്നിവകളും കൃമിസംഖ്യങ്ങളായ രോഗങ്ങൾക്കു കൈകണ്ട ഫലസിദ്ധിയുള്ള ചില അപൂർവ്വ ചികിത്സാവിധികളും അടങ്ങിയതു്.

വില ഗ്രാ: 2. ണ: 10.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

H. O. തൊടുപുഴ ഫോൺനമ്പർ 36. Branch: കോട്ടയം ഫോൺനമ്പർ 486.

നിങ്ങളുടെ ആരോഗ്യം

വർദ്ധിച്ചു യൌവനം നിലനിൽക്കുന്നതിനു് സഹായിക്കുന്നതുമായ ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ചു് പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

ച്യവനപ്രാശംലേഹ്യം

ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും ക്ഷീണരോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങളും ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓജസ്സ്ശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്കു് പ്രസവരക്ഷയ്ക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാ ബ്രാഞ്ചുകളിലും ഡെപ്പോഹീസിലും എപ്പോഴും തയാറുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കു് എഴുതുക:


ധന്വന്തരിവൈദ്യശാല, H. O തൊടുപുഴ, തിരുവിതാംകൂർ.


ബ്രാഞ്ചുകൾ:

1. ആലപ്പുഴ	10. കുന്നാട്ടുകര	19. തകല	27. പാറപ്പുറം	35. പൊൻകുന്നം
2. ആലുവാ	11. കൊട്ടാരക്കര	20. തിരുവനന്തപുരം	28. പന്തളം	36 മദ്രാസ്
3. ആറന്മുള	12. കൊച്ചി	21. തിരുവല്ലാ	29 ബാംഗ്ലൂർ	37. മാത്തുണ്ടം
4. ഇടപ്പള്ളി	13. കൊല്ലം	22. തുപ്പുണ്ണിത്തുറ	30. പാലാ	38. മാവേലിക്കര
5. ഈരാറ്റുപേട്ട	14. കോതമംഗലം	23. തൃശ്ശൂർ	31. പിറവം	39. മുണ്ടക്കയം
6. ഏറണാകുളം	15. കോഴിക്കോട്	24. നാഗർകോവിൽ	32. പുനലൂർ	40. മൂവാറ്റുപുഴ
7. കായംകുളം	16. കോട്ടയം	25. നെടുമങ്ങാട്	33. പൂഞ്ഞാർ	41. വാഴക്കുളം
8. കാഞ്ഞാർ	17. ചങ്ങനാശ്ശേരി	26. നെയ്യാറ്റിൻകര	34. ഒപ്പുമ്പാവൂർ	42. വൈക്കം
9. കിളിമാനൂർ	18. ചേർത്തല			

ആഴ്ചപ്പതിപ്പു്









ഗോവർദ്ധൻല


മുകളിലത്തെ വരി—ഇടത്തുനിന്ന്—
കാണ്ഗ്രസ്സ് സമ്മേളനപ്പന്തലിലെ
5. ഡാംഗി സ്മാരകം.

താഴത്തെ വരി—ഇടത്തുനിന്ന്—1.
സമ്മേളനപ്പന്തലിലെ മറ്റൊരു ഗോ
രിക്കുന്ന കൊല്ലപ്പണിക്കാർ.












ലാൽജോഷിയുടെ കല

— 1. ഭീൽയുവതികൾ 2. ചമ്രുധാരി. 3, 4. ജയപ്പൂർ
ഗേറ്റുകൾ—ജോഷിയാൽ സംവിധാനം ചെയ്യപ്പെട്ടതു്.

. വയലിൽനിന്നു വീട്ടിലേയ്ക്കു്. 2. ജയപ്പൂർ കാൺഗ്രസ്സ്
റു്—ജോഷിയാൽ സംവിധാനംചെയ്യപ്പെട്ടതു്. 3. സഞ്ച

(ലേഖനം 25-ാംപേജിൽ)





ചെറുകഥ

ഹൃദയബന്ധം

പി.ബി.ഉണ്ണി.



പുതിയ ജോലിക്കാർ വരിക യെന്നുള്ളതു് ഈ ലോഡ്ജിലെ ഒരു സാധാരണസംഭവമാണു്. ഇവിടെ താമസിക്കുന്നവരിലാരുംതന്നെ അതു കൗതുകമായി ഗണിക്കാറുമില്ല. എന്നാൽ കൃഷ്ണൻനായരുടെ വരവിനു് ഒരു പ്രത്യേകതയുണ്ടായിരുന്നു.

അദ്ദേഹം ഇവിടെവന്നിട്ടു് ആഴ്ച മായി പരിചയപ്പെട്ടതെന്നെയാണു്, സംസാരിച്ചതെന്നോടാണു്. ഇന്നി ടെ അടുത്തതന്നെ ഒരു കമ്പനിയി ലാണദ്ദേഹത്തിനു ജോലി. രാവി ലെ ജോലിക്കുപോയാൽ വൈകുന്നേ രത്തിനുമുമ്പുതന്നെ താലൂക്കുപ്രവേ ശനമെങ്കിലും അദ്ദേഹം ലോഡ്ജിൽ വരാതിരിക്കയില്ല. അപ്പോഴൊക്കെ യും ഈ വൃത്തികെട്ടമുറിയിൽ പുസ്ത കങ്ങളുടെയും കടലാസുകളുടേയും ന ടുവിലിരുന്നു് എന്തെങ്കിലും കുത്തി ക്കുറിച്ചുകൊണ്ടിരിക്കുന്ന എന്നോടു് സ്നേഹപൂർവ്വം വല്ലതുമൊക്കെ പഠനു കയെന്നുള്ളതു് അദ്ദേഹത്തിന്റെ പ തിവാണു്. ആരെങ്കിലും എന്റെ ഏകാഗ്രതയ്ക്കു ഭംഗംവരുത്തുന്നതെനി ക്കിഷ്ടമില്ലെങ്കിലും കൃഷ്ണൻനായരുടെ കാര്യത്തിൽ എനിക്കങ്ങിനെ തോന്നി യില്ല.

എന്നെക്കാളും പ്രായാധിക്യമുള്ള ഒരു വ്യക്തിയാണദ്ദേഹം. ആ ക്ഷീ ണശരീരവും കട്ടിയുള്ള മേൽമീശയും സപ്തസ്വരപരിച്ഛേദം പല്ലും പ്രൗഢമായ മുഖഭാവവും എല്ലാം ഒരിക്കൽ കണ്ട വർ പിന്നീടദ്ദേഹത്തെ മറക്കുകയില്ല. സദാ പ്രസന്നമായ ആ മുഖം കാണുമ്പോഴൊക്കെയും ഞാൻ ചിന്തി ച്ചിട്ടുണ്ടു് ഇതു ആനന്ദപൂർണ്ണമാണു് ജീവിതമെന്നു്. ക്ലേശങ്ങളും വേദ നകളും ചിന്തകളുമായി കാലത്തോടു പടവെട്ടുന്ന എനിക്കു് അദ്ദേഹത്തി ന്റെ സുഖജീവിതത്തിൽ തെല്ലൊരു സ്പർദ്ധതോന്നിയെങ്കിൽ അതൊരത്ഭുത മല്ലല്ലൊ.

വളരെ പുരുങ്ങിയ ദിവസങ്ങൾ ക്കുള്ളിൽ ഞങ്ങൾ ഏറ്റവുമടുത്ത സു ഹൃത്തുക്കളായി. ലോകപരിചയവും സംസ്കാരവുമുള്ള ആ മനുഷ്യനോടു ള്ള സൗഹൃദം തികച്ചും സ്വാഭാവിക മാണെന്നെനിക്കുതോന്നി. ആ സൗഹൃദത്തിൽനിന്നും ഏറ്റവുമധി കം ലാഭമുണ്ടാക്കിയതു ഞാനാണു്. വിജ്ഞാനപ്രദങ്ങളായ നൂറുനൂറുകാ ര്യങ്ങളും സ്വന്തമനുഭവങ്ങളിൽനി ന്നും പെറുക്കിയെടുത്തുപറയുവാനദ്ദേ ഹത്തിനുണ്ടായിരുന്നു. ഏറ്റവും ശ്ര ദ്ധയോടെ അവയെല്ലാം ഞാൻ കേ ട്ടിരിക്കും. അതിൽനിന്നും വളരെ യധികം പഠിക്കാനുണ്ടെന്നെനിക്കറി യാമായിരുന്നു. അങ്ങിനെ ആ സൗ ഹൃദബന്ധത്തിനു് ആത്മീയമായ ദൃഢതാവരമുണ്ടായി. ഞങ്ങൾ പര സ്പരം വിശ്വസിക്കയും ബഹുമാനി ക്കയുംചെയ്തു.

ഈ ലോഡ്ജിൽനിന്നും അധികം ദൂരത്തല്ലാത്ത ഒരു കെട്ടിടത്തിൽ താ മസിക്കുന്ന ഒരു സ്ത്രീ നിത്യവും പല പ്രാവശ്യം ഈ നിരത്തിൽക്കൂടിപ്പോ കാറുണ്ടു്. അതൊരു ബംഗാളിസ്ത്രീ യാണെന്നും ഇവിടെ കുടുംബസമേ തം താമസിക്കയാണെന്നുമുള്ളതിൽ ക്കവിഞ്ഞു് അവരെപ്പറ്റി ഒന്നുംതന്നെ ഈ ലോഡ്ജിലുള്ള ആർക്കും അറിഞ്ഞുകൂടാ. എങ്കിലും അവരെ കാണുന്നതെല്ലാവർക്കും ഇഷ്ടമാണു്. ചിലർ ആ സ്ത്രീയുടെ വരവുംകാത്തു ചില നിശ്ചിതസമയങ്ങളിൽ ഈ മ ട്ടുപ്പാവിൽ നിലയുറപ്പുണ്ടു്, ഒന്നുകാണ വാൻമാത്രം. വൈധവ്യസൗന്ദര്യാരാധന! എന്നാൽ ആ സ്ത്രീക്കത്രയുമ രെ സൗന്ദര്യമുണ്ടോ? എനിക്കുതോന്നു ന്നില്ല. എന്നാൽ ആകർഷണീയമാ യ മറ്റെന്തോ അവരിലുണ്ടു്. അ തെന്താണു്? ആ ഒമനത്തമേറിയ നടപ്പുംനോ? ആ വടിവൊത്ത ശരീ രത്തിന്റെ യൗവ്വനത്തികവുംനോ? ആ ഇളകിക്കളിക്കുന്ന കൺമിഴികളി ലെ കൗശലംനോ? എന്തോ എനിക്കു റിഞ്ഞുകൂടാ.

ഒരു വൈകുന്നേരമാണതു്. ഞാ നും കൃഷ്ണൻനായരും എന്റെ മുറിയിൽ സംസാരിച്ചുകൊണ്ടിരിക്കയായി രുന്നു. പെട്ടെന്നു വെളിയിൽ ഒരു കൂട്ടച്ചിരിയും ബഹളവുമൊക്കെക്കേട്ടു. അതിന്റെ കാരണമറിയാനായി അ ദ്ദേഹം പുറത്തേയ്ക്കുപോയി. ക്ഷീണി ഞാനും, മട്ടുപ്പാവിൽനിന്നു നാലഞ്ചു പേർ അപ്പോഴും ഉച്ചത്തിൽ സംസാ രിക്കയും ചിരിക്കയും ചെയ്യുന്നുണ്ടു്. ഞങ്ങൾക്കൊന്നും വ്യക്തമായില്ല. പെട്ടെന്നു്, ആ വളവുതിരിഞ്ഞു പോകുന്ന ഒരു സ്ത്രീയെ ഞാൻ കണ്ടു. അക്കൂട്ടരന്വേഷിച്ചതു് ആ മട്ടുപ്പാ വിൽനിന്നവരും നോക്കുന്നതു്. എ നിക്കെല്ലാം മനസ്സിലായി. അതാ സ്ത്രീയാണു്, ആ ബംഗാളിവനിത!

ഞാൻ കൃഷ്ണൻനായരുടെ ചുമലിൽ തട്ടിവിളിച്ചു.

"വരുസാർ, അകത്തേയ്ക്കുപോകാം."

ഞങ്ങളം മുറിക്കകത്തുകടന്നു. അ ദ്ദേഹം ജിജ്ഞാസയോടെ എന്റെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടുചോ ദിച്ചു.

"എന്താണിപ്പോൾ ബഹളത്തിനു കാരണം?"

"സാർ കണ്ടില്ലേ?"

"എന്തോന്നു?"

"ഒരു സ്ത്രീ അതിലേപോയി."

"അതിനിത്രയൊക്കെ ബഹളംകൂട്ടണോ?"

"ഇവിടത്തെ പതിവിതാണുസാർ. സംസ്കാരത്തിന്റെ കുറവല്ലാതെന്താണു്."

അദ്ദേഹമൊന്നും മിണ്ടിയില്ല. ആ മുഖത്തു ഒരു വൈരൂപ്യം പ്രത്യക്ഷമായി രുന്നു. തെല്ലുനേരത്തേയ്ക്കു ഞങ്ങളൊ ന്നും സംസാരിച്ചില്ല.

അടുത്തദിവസം പോസ്റ്റുമാൻ എ ന്റെ കയ്യിൽ ഒരു കമ്പികൊണ്ടുവന്നു തന്നു. അയാളുതന്നെന്റെ കയ്യിൽ തന്നപ്പോൾ അടിവയറ്റിൽനിന്നും ഒരാന്തൽ മേൽപോട്ടിരച്ചുപൊങ്ങി. എനിക്കു സാധാരണയുള്ളതാണിതു യം. കമ്പികൊണ്ടുവരുന്ന പോസ്റ്റുമാൻ കാലന്റെ ദൂതനാണെന്നു ഞാൻ പറയുകയുള്ള. ഏറ്റവും അടുത്ത ങ്ങളുടെ വർത്തമാനങ്ങളറിയിക്കുന്നതു കൊണ്ടാണു് വളരെവേഗം അയാളും സൈക്കിളോടിച്ചുവരുന്നതു്.

കവറിന്റെ പുറത്തെ മേൽവിലാ സം ഞാൻ നോക്കി. അതു് കൃഷ്ണൻ നായർക്കുള്ളതാണു്. അതവിടെ മേ ടിച്ചുവച്ചിട്ടു് അദ്ദേഹം വന്നപ്പോൾ ഞാൻ കൊടുത്തു. ഒരു സംഭ്രമത്തോ ടെ കൃഷ്ണൻനായർ അതു പൊട്ടിച്ചു വായിച്ചു. തെല്ലുനേരത്തെ നിശ്ശബ്ദ ത! ഉൽക്കണ്ഠയും ഭീതിയും തിങ്ങിനി ന്ന ആ നിമിഷങ്ങൾക്കു അത്യധിക മായ ഭാരമുണ്ടായിരുന്നു. ഞാനാമു ഖത്തേയ്ക്കു് കണ്ണിമയ്ക്കാതെ നോക്കി നിന്നു. ആ കണ്ണുകൾ നനയുന്നുണ്ടെ ന്നെനിക്കുതോന്നി. ഞാൻ കൂടുതൽ അക്ഷമനായി.

"സാറെ, എന്തോന്നുവിശേഷം?"

ചിന്തയിൽനിന്നും അദ്ദേഹം ഞെ ട്ടിയുണർന്നു. ഒന്നു ചിരിക്കാൻ ശ്രമി ച്ചുകൊണ്ടദ്ദേഹം പഠഞ്ഞു.

"ഞാനൊരച്ഛനായി. ഒരു പെ ൺകുഞ്ഞിന്റെ അച്ഛൻ."

എന്റെ സംഭ്രമങ്ങളകന്നു. ആപ ത്തൊന്നുമില്ലല്ലോ.

"അതു കഞ്ഞു് ഭാഗ്യവതിയാണല്ലോ സാർ" ഞാൻ പറഞ്ഞു.

"ഉം?"

"എനിക്കങ്ങിനെതോന്നി."

"നല്ല ഭാഗ്യമാണു്!!"

ദീർഘമായൊന്നു നിശ്വസിച്ചിട്ടു് മെല്ലെ അദ്ദേഹം പുറത്തിറങ്ങിപ്പോ യി, ഫാക്ടറിയിലേക്കു്. അദ്ദേഹം പോകുന്നതുതന്നെ നോക്കിക്കൊണ്ടു് ഞാനവിടെനിന്നു. അവ്യക്തങ്ങ ളായ നിരവധി ചിന്തകൾ എന്റെ മനസ്സിൽക്കൂടി കടന്നുപോയി. ഞാൻ പലതും ആലോചിച്ചു. ഓരോന്നി ന്റെയും കാരണം കണ്ടുപിടിക്കാൻ ശ്രമിച്ചു, കഴിവായിച്ചപ്പോൾ ആ കണ്ണുകൾ നനയാൻ കാരണം? ആ ദീർഘനിശ്വാസത്തിന്റെ അർത്ഥം!

നേരം വളരെ ഇരുട്ടിയിരുന്നു അ ദ്ദേഹം മടങ്ങിവന്നപ്പോൾ. അദ്ദേഹ ത്തിന്റെ പ്രകൃതത്തിനതന്നെ അപൂ ർവ്വമായൊരു വ്യത്യാസം വന്നിരിക്കു ന്നു. ആ മുഖത്തിന്റെ പ്രസന്നത യ്ക്കു് വളരെക്കുറവുണ്ടു്. ആകെ ഒരു ക്ഷീണഭാവം! പെട്ടിയുറന്നു് ഒരു കടലാസുകഷണമെടുത്തു് അ തിൽത്തന്നെ നോക്കിക്കൊണ്ടു് അ ദ്ദേഹം ആ കട്ടിലിലിരുന്നു. തെല്ലു നേരംകഴിഞ്ഞു് യാതൊന്നും മിണ്ടാ തെ അദ്ദേഹം കിടന്നു.

അടുത്തദിവസം പുലർന്നു വളരെ കഴിഞ്ഞിട്ടും അദ്ദേഹമുറക്കമുണർന്നില്ല, ഞാൻ വിളിച്ചു.

"സർ, സർ,"

'ഉം' അദ്ദേഹം ഞെട്ടിഉണർന്നു.

"ജോലിക്കു പോകണ്ടേ? സമയ മെത്രയായി?"

"ഞാൻ പോകുന്നില്ലനിയും"

"ഉം?"

"ഞാൻ ആ ജോലിവിട്ടു"

"കാരണം?"

"കാരണമൊന്നുമില്ല, ഇങ്ങിനെ ജോലി എടുത്തിട്ടെന്തിയാ?"

ആ ശബ്ദത്തിനു് നിരാശയുടെ ഒരു നേരിയ കലർപ്പുണ്ടായിരുന്നു. അല്പനേരത്തിനെന്തോ സംഭവിച്ചിട്ടുണ്ടു്. അതെന്നിൽനിന്നും മറച്ചുപിടിക്കാൻ അല്പനേരം ശ്രമിക്കുന്നു. ഞാൻ കൂടുതൽ ജിജ്ഞാസുവാകാൻ ശ്രമിച്ചില്ല.

പതിവുപോലെ അന്നു വൈകുന്നേരവും ആ ബംഗാളുസ്ത്രീ ഇതിലേ പോയി. ശിരസ്സിൽ സിന്ദൂരമണിഞ്ഞ അവൾ അന്നേറെയും മനോജ്ഞയായിരുന്നു.

"സാറെ, ദാ! നോക്കൂ, ആ പോകുന്നതാരെന്നറിയാമോ."

കൃഷ്ണൻനായർ വേഗം ജനലിനടുത്തേക്കു ചെന്നു. അല്പനേരത്തിനുശേഷം ആ സ്ത്രീയെ പുഞ്ചിരിക്കുണിച്ചുകൊണ്ടു കൃഷ്ണൻനായർ പറഞ്ഞു.

"അന്നത്തെ ആ ബഹളത്തിനു കാരണം ഈ സ്ത്രീയാണു്." അല്പനേരം സ്ത്രീയുടെ നേരേനോക്കി. ഏതോ ശകുനിയേറിയ ഒരംഗോരമേറു പോലെ അല്പനേരം തെളി പിന്നോട്ടു മാറി. ആ മുഖത്തു് അത്ഭുതത്തിന്റെയോ ആശങ്കയുടെയോ ഉൽക്കണ്ഠയുടേയോ നിരാശയുടേയോ നിഴൽപ്പാടുകൾ വ്യക്തമായി ഞാൻ കണ്ടു. ആ നീണ്ടുരുണ്ടിയ കണ്ണുകളിൽ പലതിന്റേയും അടിയിലായി ഒരു ശോകഗാനം ലീനമായി കിടപ്പുണ്ടെന്നെനിക്കു തോന്നി. പക്ഷെ അതിലെ അക്ഷരങ്ങൾ അവ്യക്തങ്ങളായിരുന്നു. ആ സ്ത്രീ ദൃഷ്ടികൾകൊണ്ടു തീയായിട്ടും അല്പനേരത്തിന്റെ മിഴികൾ തെരുവിന്റെ ശൂന്യമായ അന്തരീക്ഷത്തിൽ പറന്നിറങ്ങുന്നുണ്ടു്. ആ അന്തരീക്ഷത്തിന്റെ നിശ്ശബ്ദതയുടെ ഭംഗംവരുത്തുവാൻ ഞാൻ ധൈര്യപ്പെട്ടില്ല. ചിന്തകൾ ഹൃദയത്തിൽ നീറിപ്പിടിക്കുമ്പോൾ ഏതും ആശ്വാസകരമല്ലെന്നു് ഏകാന്തതയനുഭവിക്കുന്നവർക്കറിയാം. ഞാൻ മുറിവിട്ടു പുറത്തുപോയി

ചോലമരങ്ങളും നാഗത്തെ സുന്ദരമായ ആ നിരത്തിൽക്കൂടി നിശ്ശബ്ദം നടന്നുപോയപ്പോൾ ഞാൻ ഗാഢമായി ചിന്തിക്കുകയായിരുന്നു. ആ ബംഗാളുവനിതയെ കണ്ടപ്പോൾ കൃഷ്ണൻനായർ ഞെട്ടിയതെന്തിനു്? രഹസ്യമായി ഏതെങ്കിലും ബന്ധം അവർത്തമ്മിലുണ്ടോ? പെട്ടെന്നെനിക്കോർമ്മവന്നു, അല്പനേരം പട്ടാളത്തിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്നെന്നു്. ഇന്ത്യയിൽ മാത്രമല്ല, ലോകത്തിന്റെ പല ഭാഗങ്ങളിലും അല്പനേരം സഞ്ചരിച്ചിട്ടുണ്ടതിന്റെ പല പല അനുഭവങ്ങളുടെ കഥകളും അല്പനേരം എന്നോടു പറഞ്ഞിട്ടുണ്ടു്. ഞാനവയെല്ലാം ഓരോന്നായി ഓർത്തു. പക്ഷെ അതിലൊന്നും ഇങ്ങിനെയൊരു സ്ത്രീയുമായുള്ള ബന്ധത്തെപ്പറ്റി അല്പനേരം സൂചിപ്പിച്ചിട്ടുപോലുമില്ല. അല്ലെങ്കിൽ ഈശ്വരൻപോലുമറിയാത്ത എത്രയെത്ര രഹസ്യങ്ങളും ഓരോ വ്യക്തിയും സൂക്ഷിക്കുന്നുണ്ടു്! യാതൊരുത്തരവും കിട്ടിയില്ലെങ്കിലും എനിക്കിബന്ധത്തെപ്പറ്റി കൂടുതൽ അറിയണമെന്നുതോന്നി.

ഞാൻ മടങ്ങിവന്നപ്പോഴും കൃഷ്ണൻനായർ ആ മുറിയിൽതന്നെ ഉണ്ടായിരുന്നു. ആ മുഖത്തുനോക്കിയപ്പോൾ, ചിന്തകളുടേതായ വീറ്റുമുട്ടിക്കലുണ്ടെന്നെനിക്കു മനസ്സിലായി. ഒരു മല്പിടുത്തത്തിൽക്കൂടി അല്പനേരം വേദനകളെ അടക്കിയിരിക്കുകയാണെന്നു ഞാനറിഞ്ഞു. ഞാനൊന്നും സംസാരിച്ചില്ല അല്ലെങ്കിൽ അപ്പോളെന്തു സംസാരിക്കണമെന്നെനിക്കറിഞ്ഞുകൂടായിരുന്നു. ആരുമാരും മിണ്ടിയില്ല ശാന്തമുകമായ അന്തരീക്ഷം. പക്ഷെ ആ കനത്ത വായുവിലിരുന്നു ഒരു ഹൃദയം തപിക്കുന്നുണ്ടായിരുന്നു. ഒടുവിൽ ഞാനാണു് ആ നിശ്ശബ്ദതയെ ഭഞ്ജിച്ചതു്.

"സർ"

.....

"സർ"

"ഉം"

അല്പനേരം തലയുയർത്തി എന്നെ നേരെനോക്കി. ആ കണ്ണുകൾക്കു രക്തവർണ്ണമുണ്ടു്. ആ മഴിക്കും ചുറ്റുമുള്ള വെള്ളയിൽ രക്തരേഖകൾ തടിച്ചുനില്ക്കുന്നു.

"ഉണ്ണാൻകഴിച്ചോ?"

"ഇല്ല"

"എന്നാൽ വരൂ"

"എനിക്കു വേണ്ടനിയാ—അനിയനുണ്ടോ?"

അതെയെന്നുകേട്ടില്ല. കുറച്ചെങ്കിലും ഉണ്ണണം."

ഞാൻ നിർബന്ധിച്ചു. അല്പനേരത്തിനുവേണ്ടിയാണെന്തുണ്ടാകഴിച്ചതു് കൈകഴുകി മുറിയിൽ പ്രവേശിച്ചിട്ടും അല്പനേരം അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും ചലിച്ചിക്കൊണ്ടിരുന്നു. ജനലിൽക്കൂടി അല്പനേരം പുറത്തേക്കു നോക്കി. ഇരുൾനിറഞ്ഞ ആ നിരത്തിന്റെ അവസാനത്തിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു് നിന്നിട്ടു പെട്ടെന്നു തിരിഞ്ഞു പുറത്തേക്കുപോയി.

അല്പനേരത്തിനുശേഷം ഒരോചലനവും എന്റെ ചിന്തകളെ കുഴക്കിയിരുന്നു. എനിക്കൊരെണ്ണംപിടിയും കിട്ടിയില്ല കൃഷ്ണൻനായർ മടങ്ങിയെത്തിയതു് എപ്പോഴാണെന്നെനിക്കറിഞ്ഞുകൂടാ. ഞാനാരുന്നുവരെ അല്പനേരം വന്നിട്ടില്ലായിരുന്നു.

അടുത്തദിവസം വൈകുന്നേരമായപ്പോൾ അല്പനേരം ഈ ജനലരുകിൽവന്നു് പുറത്തേക്കു നോക്കിക്കൊണ്ടുനിന്നു. അല്പനേരത്തിന്റെ ഉദ്ദേശമറിയാൻ എനിക്കധികമൊന്നും ശ്രമപ്പെടേണ്ടിവന്നില്ല. പക്ഷെ അന്നു കൃഷ്ണൻനായർക്കു നിരാശപ്പെടേണ്ടിവന്നു. ആ സ്ത്രീ അതിലെ വന്നില്ല! അൽപനേരത്തിനുശേഷം ജീവിതംപോലെ നാളുകൾ മുന്നോട്ടുകയായിരുന്നു. ഒന്നിനും ഒരുദ്ദേശമില്ല. യാതൊന്നിനും ഒരടിസ്ഥാനമില്ല. നിശ്ചിത്തമായ ഒരു തപഃസംഹിതയാണു് ജീവിതമെന്നനിക്കുതോന്നി. ഞാനെന്റെ മുറപോട്ടുകൂടി ലേക്കു കണ്ണോടിച്ചു. സമാധാനിക്കുവാനോ സന്തോഷിക്കുവാനോ യാതൊന്നുമില്ലവിടെ. നിഴലുകൾപോലെ മനുഷ്യർ നിങ്ങുകയാണു് അക്കൂട്ടത്തിൽ ഞാനും! ഇതിനർത്ഥമുണ്ടോ? ഇതിനെന്തെങ്കിലും അന്തസ്സും ശ്രേഷ്ഠതയുണ്ടോ?

എന്റെതായ വേദനകളും എനിക്കുണ്ടു്. ഒരുവയുടെ നീറലിൽ ഞാൻ സ്വയം ഉരുകുകയാണു്; നിരാശയുടെ നെല്ലിപ്പടിയിൽ നിന്നുകൊണ്ടു ഞാൻ മേല്പോട്ടു നോക്കുകയാണു്. എത്രയെത്ര പടുകൂപം ഞാനിറങ്ങി! എന്തെല്ലാം അനുഭവങ്ങൾ എനിക്കുണ്ടായി? എത്രയെത്ര ജീവിതങ്ങളെ ഞാൻ കണ്ടു?! എത്രപ്രാവശ്യം എന്റെ ഹൃദയം കരഞ്ഞു? എന്നിട്ടും ഞാൻ ജീവിക്കുന്നെ പഠിച്ചില്ല. ഒരു സപ്രതീയെങ്കിലുമുണ്ടാക്കുവാനെനിക്കുകഴിഞ്ഞില്ല എങ്കിലും ഞാനൊരു സപ്രതീയാണു്. ഉത്തരമായ ആഗ്രഹങ്ങളില്ല; ആത്മീയമായ ആനന്ദങ്ങളില്ല; ആത്മീയമായ ആനന്ദങ്ങളിലും? ആ സപ്രതീയുടെ കൂടുതൽകൊണ്ടാണോ—അതായതു് അവിഭക്തമായ സ്നേഹം ലഭിക്കണമെന്ന ദുരാഗ്രഹംകൊണ്ടാണോ—ഇന്നു് ജീവിതം തന്നെ ശൂന്യമായെനിക്കുതോന്നുന്നതു് എങ്കിലും ജീവിതമെന്തുണ്ടെന്നോടു ചോദിച്ചാൽ ഞാൻ പറയും, രാഗവും താളവും ലയവുമൊത്ത ഒരു സുന്ദരമായസ്നേഹഗാനമാണതെന്നു്!



എന്റെ പുതിയ കൂട്ടുകാരന്റെ കാര്യങ്ങളിൽ എന്തുകൊണ്ടോ ഞാൻ കൂടുതൽ ജിജ്ഞാസുവായി. അല്പനേരത്തിന്റെ ഓരോ പ്രവൃത്തിയുടെയും അർത്ഥമെന്തെന്നു ഞാൻ ആരാഞ്ഞു. അല്പനേരത്തിന്റെ ഓരോ ചലനത്തെയും ഞാൻ ശ്രദ്ധിച്ചു; ഒടുവിൽ ഞാനൊരു നിശ്ചയത്തിലെത്തിച്ചേർന്നു; എന്നെപ്പോലെ ഏതോ ഒരു പ്രലോഭനത്തിന്റെ പിന്നേകതിച്ചുചാടി അബദ്ധംപിണഞ്ഞ ഒരു വ്യക്തിയാണു് കൃഷ്ണൻനായരെന്നു്.

എല്ലാ സായാഹ്നങ്ങളിലും അല്പനേരം ഈ ജനലരുകിൽ കുത്തുനിൽക്കും. ജ്വലനങ്ങളുളുക്കി, തലയെടുപ്പോടെ, മന്ദസ്മേരമുഖിയായി നടന്നുപോകുന്ന ആ ബംഗാളുസ്ത്രീ ഒരിക്കലെങ്കിലും ഈ ജാലകത്തിലേക്കുനോക്കിയിട്ടില്ല. എങ്കിലും എന്റെ സ്നേഹിതൻ സംതൃപ്തനാണു്. നനഞ്ഞ കണ്ണുകളോടെ അല്പനേരം ആ സ്ത്രീയെ നോക്കിനിൽക്കുമ്പോൾ ദീർഘദീർഘമായ നിശ്വാസങ്ങൾ ആ സ്ഥൂലശരീരത്തിൽനിന്നും ബഹിർഗ്ഗമിക്കുന്നതു ഞാൻ കേൾക്കുന്നുണ്ടു്. വേദനയുടെയും ആനന്ദത്തിന്റെയും പ്രകാശങ്ങൾ ആ മുഖത്തു പ്രസ്ഫുരിക്കുന്നതും ഞാൻ ശ്രദ്ധിച്ചിട്ടുണ്ടു്. എന്നിട്ടും ആ വിചിത്രബന്ധത്തിന്റെ മനശ്ശാസ്ത്രപരമായ കാരണങ്ങൾപോലും എനിക്കു മനസ്സിലായില്ല. ഒടുവിൽ, എന്റെ ചിന്തകൾക്കും ബുദ്ധിക്കും ആ ഹൃദയരഹസ്യങ്ങളിലേക്കെത്തിനോക്കാൻ കഴികയില്ലെന്നെനിക്കു ബോധ്യമായപ്പോൾ ഞാൻ ചോദിച്ചു.

"സർ, തൊഠിലുരിക്കുന്നു". എനിക്കൊരു കാര്യം അറിയണംഗ്രഹമുണ്ടു്."

"അനിയനെ തൊഠിലുരിക്കയോ? എന്തുകാര്യമാണു്?"

രണ്ടാഴ്ചയിക്കൂട്ടുതലായി സാറിനു ഭയങ്കരമാറാം സംഭവിച്ചിട്ടുണ്ടു്."

"എന്തുമാറാം?"

"അതാണെനിക്കും മനസ്സിലാകാത്തതു്."

അല്പനേരമൊന്നും പറഞ്ഞില്ല. ഒരുപക്ഷെ എന്തു പറയണമെന്നാലോചിക്കുകയായിരുന്നിരിക്കണം. അല്ലെങ്കിൽ ഒരു തീരുമാനത്തിലെത്താൻ ശ്രമിച്ചതാവാം.

"സാറിനെന്റെ ആത്മാർത്ഥതയിൽ സംശയമുണ്ടോ? രഹസ്യങ്ങൾ സൂക്ഷിക്കാൻകെൽപ്പുള്ള ഘനമേറിയ ഭിത്തികൾ എന്റെ ഹൃദയത്തിനുമുണ്ടു്. അതുപോലെതന്നെ ആശ്വസിപ്പിക്കാനുമുണ്ടു്."

പിന്നടുനേരം ഒട്ടും സംശയിച്ചില്ല. അല്പനേരം പറഞ്ഞു.

"പറയരുതെന്നു വിചാരിച്ചില്ല, പറഞ്ഞിട്ടു ഫലമില്ലെന്നു കരുതിയും ഞാനൊഴിച്ചതു്. അനിയന്റെ ആത്മാർത്ഥതയേയും സ്നേഹത്തേയും ഞാ

ൻ അത്യധികമായി ബുദ്ധിമാനിക്കുന്നു. അതിലേറെ വിശ്വസിക്കുന്നു. എന്നാൽ ഇവ രണ്ടും ഞാനാഗ്രഹത്തോടെ പ്രതീക്ഷിച്ച സ്ഥാനങ്ങളിൽ നിന്നും എനിക്കു ലഭിച്ചില്ല. ഒരു പരിവർത്തനം എന്റെ ജീവിതത്തിൽ വരുത്തിക്കൂട്ടുവാൻ കാരണമിതാണ്.''

പെട്ടെന്നദ്ദേഹം ജാലകത്തിലൂടെ ചൂണ്ടുകാണിച്ചുകൊണ്ടു പറഞ്ഞു "നോക്കൂ"

ഞാൻ നോക്കി. ആ സ്ത്രീ അതിലേ പോവുകയാണ്.

"അനിയൻ സൂക്ഷിച്ചുനോക്കൂ. ആ നിറം, ആ നടപ്പ്, ആ പ്രകൃതി, ആ ഭംഗിയുള്ള മുക്ക്, ആ കറുനിറകം, ആ നീണ്ടകണ്ണുകൾ, ഹോ! അതെല്ലാം-എല്ലാം-എന്റെ ഭൂതകാലത്തെതാണ്."

ഞാൻ അൽഭുതത്തോടെ അദ്ദേഹത്തെ നോക്കി. എനിക്കൊന്നും മനസ്സിലായില്ല. അദ്ദേഹത്തിന്റെ കണ്ണുകൾ നനഞ്ഞിട്ടുണ്ട്. മുഖം രക്തവർണ്ണമാർന്നിരിക്കുന്നു. ഉൽക്കടമായ വേദനയോടെ അദ്ദേഹം കടിനീരടക്കി.

"എട്ടുവർഷങ്ങൾക്കുമുമ്പു ആരംഭിച്ചതാണ് ഞങ്ങളുടെപരിചയം. അന്നുമുതലേ ഞാനവളെ സ്നേഹിച്ചിരുന്നു. ഒരുകൊച്ചുസ്വർഗ്ഗംപോലെ സുന്ദരിയും പ്രസന്നയുമായ അവൾ സ്കൂളിൽ പോകുന്നതു കാണുവാൻ എത്രആഗ്രഹത്തോടെയാണ് ഞാൻ പതിവായി ആ നാല്പൂവലയിൽ നിൽപ്പൂവെള്ളത്തു! പുസ്തകങ്ങളും മാറിൽ ചേർത്തുപിടിച്ച്, ഒരുകൊച്ചുകുടകൈത്തണ്ടിൽ കോർത്തിട്ട് മന്ദംമന്ദംനടന്നു പോകുന്ന അവൾ, എന്റെ ഹൃദയത്തെ പലപ്പോഴും ഇക്കിളിപ്പെടുത്തിയിട്ടുണ്ട്. ഒരുലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടു ഞാൻ ജീവിക്കാൻതുടങ്ങിയതന്നുമുതലാണ്.

സാമ്പത്തികമായി ഞങ്ങളുടെ കുടുംബം അന്നൊരു ഭയങ്കരതകർച്ചയിലായിരുന്നു. എന്റെ രണ്ടുജ്യേഷ്ഠന്മാരേപ്പോലെ എനിക്കും ജോലിയന്വേഷിച്ചു നാടുവിടേണ്ടിവന്നു. നാലുനീണ്ടവർഷങ്ങൾക്കുശേഷമാണ് വീണ്ടും ഞാൻ മടങ്ങിയെത്തിയതു്. അവളുടെ രൂപം അന്നും എന്റെഹൃദയത്തിൽ തെളിഞ്ഞുനിന്നിരുന്നു. ഇതിനകം പൂർണ്ണയൗവനം പ്രാപിച്ചകഴിഞ്ഞ അവൾ ഒരു വിവാഹമണ്ഡപത്തേയും അജ്ഞാതനായ ഒരുവരനേയും പ്രതീക്ഷിച്ചിരിക്കുന്ന കാലമായിരുന്നു അതു്. പലരാത്രികളിലും ഞങ്ങൾ കണ്ടുമുട്ടി. പലതും പറഞ്ഞു. വാഗ്ദാനങ്ങളും ആഗ്രഹങ്ങളുംപരസ്പരങ്ങളുമായി ദിവസങ്ങൾ കടന്നുപോയി. ഞാൻ വീണ്ടും ജോലിസ്ഥലത്തേയ്ക്കു മടങ്ങി.

ഞങ്ങളുടെ കുടുംബം സമ്പന്നമായി. പലതും അസൂയപ്പെടുത്തുകിലും ഞങ്ങൾ അഹങ്കരിച്ചില്ല. ആയിടയ്ക്കാണെന്റെ ഒരു ജ്യേഷ്ഠൻ വിവാഹിതനായതു്. അതും ഒരു പ്രേമബന്ധമായിരുന്നു. അതിന്റെ സാക്ഷാത്കരണത്തിനായി ഏറ്റവുമധികം ക്ലേശങ്ങൾ സഹിച്ചതു ഞാനാണ്. അടുത്ത ജ്യേഷ്ഠനും വിവാഹിതനായി. ഈ രണ്ടു വിവാഹങ്ങളും ഞങ്ങളുടെ ഐക്യതയേയും കുടുംബത്തിന്റെ കെട്ടുറപ്പിനേയും നിശ്ലേഷം ഞെരിച്ചുകളഞ്ഞു എല്ലാവരും സ്വാർത്ഥമതികളായി. കുടുംബത്തിന്റെ ഭാരം വർദ്ധിക്കയാണ്. അസഹ്യങ്ങളുടെ വേദനകൾ അനുഭവപ്പെടുകയുവാൻ അങ്ങേയറ്റം ഞാൻ ആഗ്രഹിച്ചു. അതിനുവേണ്ടി വളരെയധികം പ്രയത്നിച്ചു. എന്നാൽ അതിന്റെ ഫലം ഭയങ്കരമായ തെറ്റിദ്ധാരണയായിരുന്നു. ഞാനെല്ലാവരാലും വെറുക്കപ്പെട്ടു.

ആയിടയ്ക്കാണെന്റെ വിവാഹം കഴിഞ്ഞതു്. വർഷങ്ങളായി സഫലം കണ്ടുകൊണ്ടിരുന്ന ആ സുമുഹൂർത്തത്തിൽ സംബന്ധിക്കുവാൻ എന്റെ വീട്ടുകാരാരും ഉണ്ടായിരുന്നില്ല. അതുപോലെതന്നെ അവരാരും എന്റെ വിവാഹത്തിന്റെ അനന്തരവും. ഒരു കുടുംബം സമ്പന്നമാക്കാൻ കീഴ്വഴക്കംചെയ്തഞാൻ സമ്പന്നികമായി ഒരു ഭയങ്കരദരിദ്രനായിത്തീർന്നു. സർവ്വം കയ്യടക്കി ഭരിക്കുന്ന എന്റെ സഹോദരന്മാർ എന്റെ വിഷമതകളെ കണ്ടറിഞ്ഞില്ല. ഇതിന്റെ കാരണമെന്തെന്നെനിക്കറിയാം. എന്റെ ഭാര്യ ശ്രുപവതിയാണ്; അവൾക്കു വിദ്യാഭ്യാസമുണ്ട്; സഭാവഗുണമുണ്ട്. അതവർക്കു സഹിക്കാൻ കഴിയുന്നില്ല.

അവൾ ശർവേതിയായി. ആ വദനത്തിൽ വയ്യാതെ നോക്കി പലപ്പോഴും ഞാൻ നിശ്വസിച്ചിട്ടുണ്ട്. ഞാനൊരു ചന്ദ്രനാകുവാൻ പോകയാണ്! പക്ഷെ ഒരു ചന്ദ്രന്റെ കടമകളെ നിറവേറ്റുവാൻ എനിക്കു കഴിവില്ല. ആ കഴിവുകൾ സംഭരിക്കാനാണ് ഞാൻ നാടുവിട്ടതു്. ആരുമറിയാതെ, ആരോടും പറയാതെ!

കത്തുകളിൽക്കൂടി എന്റെ സാന്നിദ്ധ്യം അവളാവശ്യപ്പെട്ടു. പണത്തിനേക്കാൾ വലുതു് അവൾക്കു ഞാനാണെന്നവൾ പറയുന്നു. എങ്കിലും ഞാനൊരു ഭർത്താവല്ലെ? ഒരച്ഛനല്ലെ? ഒരു ഭാര്യയുടേയും കുഞ്ഞിന്റേയും ആവശ്യങ്ങൾ സംരക്ഷിക്കുവാനുള്ള കഴിവെനിക്കില്ലെങ്കിൽ പിന്നെ ഞാനെന്തിനു ജീവിക്കണം?!

ഈ വിദൂരതയിലിരുന്ന് ഞാനെന്റെ കുഞ്ഞിനെ സ്വപ്നം കാണുകയാണ്. അവൾ പറയുന്നു, ആ കുഞ്ഞു് എന്റെ തനിച്ഛായയാണെന്ന്. ഹൊ! എന്റെ ഹൃദയം ഇളകിച്ചാടുകയാണ്. എന്റെ കുഞ്ഞിനെയൊന്നു കാണാൻ, ആ തുടുത്ത കവിളുകളിൽ ഒരുമ്മയാഴ്ത്തുവാൻ, ഞാനെത്രമാത്രം ആഗ്രഹിക്കുന്നു!!"

അദ്ദേഹം മെല്ലുനേരം നിശ്ശബ്ദനായിരുന്നു. ഭാര്യയുടെയും കുഞ്ഞിന്റേയും രൂപം ഒരിക്കലൂടെ ഓർമ്മയിലൂടെ പായിച്ചു. ഉയർന്നുപൊങ്ങുന്ന ശോകത്തെ മുണ്ടകടിച്ചമർത്തുകയാണ്. സാധു!

നിറത്തിലെ വിളക്കുകൾ തെളിഞ്ഞു. മുറിയിൽ ക്രമേണ ഇരുൾ വ്യാപിച്ചുതുടങ്ങി. കൃഷ്ണൻനായർ ജനലഴികൾക്കിടയിലൂടെ ആ വിദൂരചക്രവാളത്തെ നോക്കിക്കൊണ്ടിരുന്നു. പെട്ടെന്നദ്ദേഹം എന്നെ വിളിച്ചു.

"നോക്കൂ അനിയാ! ആ നടപ്പു്, ആ രൂപം, ആ ലാളിത്യം, അതെല്ലാം എന്റെ ഭാര്യയുടെതാണ്. ഇതു കാണുമ്പോൾ എന്റെ കുഞ്ഞിനേയും മടിയിലിരുത്തി വിശ്രാന്തരാത്തോടെയിരിക്കുന്ന എന്റെ ഭാര്യയെയും ഞാനോർത്തുപോകുന്നു. സുന്ദരങ്ങളായ പല പല സ്വപ്നങ്ങളും പൂർണ്ണതയിൽ ഉയർന്നവരുന്നു. ആ സ്വപ്നങ്ങളും എന്നെവേദനപ്പിക്കുകയോ ആനന്ദിപ്പിക്കുകയോ ആണ്."

നിരത്തിലൂടെ നടന്നുപോകുന്ന ആ ഭംഗിമാത്രമുള്ള വനിതയെത്തന്നെ നോക്കിക്കൊണ്ടിരുന്ന ഞാൻ, ആ ജഘനങ്ങളുടെ ചലനവും ആ നടപ്പിന്റെ ഭംഗിയും എല്ലാം ആകർഷകങ്ങളാണ്. ആ സുന്ദരാകാരം മറ്റൊരാളുടെ സ്വപ്നങ്ങളെ തീപിടിപ്പിക്കുന്നതെന്നെവരിയുന്നുണ്ടോ!

★

ശാസ്ത്രകഥ

'ജീവിതം' ശാസ്ത്രദൃഷ്ടിയിൽ

★

നാഗവള്ളിൽ കെ. രാമകൃഷ്ണക്കുറുപ്പ്, ഊരുക്കരി

നാം ജീവിക്കുന്ന ഈ അൽഭുതലോകത്തെ എല്ലാറ്റിനേയും രണ്ടുവിഭാഗങ്ങളായി നമുക്കു തിരിക്കാം. ജീവനുള്ളതും ജീവനില്ലാത്തതും. ഏതെങ്കിലും ഒന്നിനെ "ജീവൻ" ഉണ്ടോ ഇല്ലയോ എന്നുള്ളതിനെ ആസ്പദമാക്കിയാണ് ഈ വിഭജനം നടന്നിരിക്കുന്നതു്. "ജീവിതം" അതിനെ നിർവചിക്കുവാൻ അത്ര എളുപ്പമല്ല. എന്നാലും "ജീവിതം" എന്തുണ്ടെന്നു അതിനേറ്റവും ചില സ്വഭാവവിശേഷങ്ങളെയും പ്രത്യേകരീതിയിലുള്ള പ്രവർത്തനങ്ങളെയും മുൻനിർത്തി നമുക്കു വിവരിക്കുവാൻ സാധിക്കും. ജീവിതത്തിന്റെ പ്രത്യേകസ്വഭാവവിശേഷണങ്ങളിൽ പ്രധാനമായതു് സ്പർശശക്തി, ചുറ്റുപാടുമുള്ള പരിതഃസ്ഥിതികൾക്കു് അനുയോജ്യമായ ജീവിതരീതിയുടെ ക്രമീകരണം,—അതായതു് കാലാവസ്ഥയുടെ മാറ്റം, ആഹാരമാറ്റം, സ്ഥിരമായിവസിക്കുന്ന സ്ഥലത്തിൽനിന്നു അനുയോജ്യമായ മറ്റൊരു സ്ഥലത്തേയ്ക്കുള്ള പ്രയാണം, ശത്രുക്കളുടെ സാന്നിധ്യമോ അസാന്നിധ്യമോ അറിയുക-മുതലായവകളാണ്. ജീവനുള്ള എല്ലാജീവികൾക്കും ഉള്ള ഈ പ്രത്യേകശക്തി, ശരീരത്തിൽ സ്ഥിതിചെയ്യുന്നതും, ജീവനുള്ളതും, ശരീരത്തെ സൃഷ്ടിക്കുന്നതുമായ "പ്രോട്ടോപ്ലാസം" Protoplasm എന്ന വസ്തുവിന്റെ ശക്തികൊണ്ടാകുന്നു.

ജീവനുള്ള ഈ സാധനം "പ്രോട്ടീൻ" 'കാർബോഹൈഡ്രേറ്റ്', കൊഴുപ്പുകൾ, എണ്ണകൾ മുതലായ വചേർന്നുള്ള ഒരു സങ്കലിതപദാർത്ഥമാണ്. ഇതിനോടുകൂടി മിനറൽ സോൾട്ടും, വെള്ളവും ചേരുന്നു. ഇവയിൽ ഏറ്റവും പ്രധാനം പ്രോട്ടീൻ ആകുന്നു. കാരണം കൃത്രിമമായി നിർമ്മിക്കാൻ സാധിക്കാത്തരീതിയിലുള്ള 'നൈട്രജൻ', 'ഓക്സിജൻ', 'ഹൈഡ്രജൻ', കാർബൺ മുതലായവയും ഇതിൽ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞവയിൽ നിർമ്മിക്കപ്പെട്ടിരുന്ന 'പ്രോട്ടോപ്ലാസ'ത്തിനു് അധികനാൾ അതിജീവിച്ചുനിൽക്കാൻ സാധിക്കാത്തതിനാൽ, വായുവിലുള്ള 'ഓക്സിജൻ'മായുള്ള സമ്പർക്കത്തിൽ പൊട്ടി മറ്റൊരുരൂപം പ്രാപിക്കുന്നു. ഇങ്ങനെയുണ്ടാകുന്നതാണ് നൈട്രിജൻപ്രധാനിയായ 'യൂറിയ' (Urea) കാർബൺ-ഡൈ-ഓക്സൈഡ് മുതലായവ. ഈ 'ഓക്സിജൻ'കൊണ്ടുള്ള പൊട്ടിത്തെറിക്കലിൽനിന്നും "പ്രവർത്തനശക്തി" ഉണ്ടാകുകയും, ഈ ശക്തിവിശേഷത്തിന്റെ സഹായത്താൽ ശരീരം എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ജീവിതത്തിൽ ഒരു നിമിഷംപോലും പ്രവർത്തനമില്ലാതെ ശരീരം നിശ്ചലമായിനിൽക്കുന്നില്ല. ഉറങ്ങുമ്പോൾപോലും നാം ശ്വാസോച്ഛ്വാസം ചെയ്യുന്നില്ലയോ? പ്രവർത്തനശക്തി നഷ്ടപ്പെട്ടാൽ. തോന്നുന്നപോലെ പ്രോട്ടോപ്ലാസത്തിനും ചില നഷ്ടം ഉണ്ടാകുന്നുണ്ട്. എന്നാൽ ഈ നഷ്ടം വാസ്തവത്തിൽ ഒരു നഷ്ടമായിപോകുന്നില്ല. പുതുതായി കഴിക്കുന്ന പുതിയ ആഹാരസാധനങ്ങളുമായി ഇതു ചേർന്നു വീണ്ടും "പ്രോട്ടോപ്ലാസ"മായി

വള്ളംകളി

★

"തുഴയാൻ പഠിപ്പിക്കാം, പോരുവിൻ പൈതങ്ങളേ,
പുഴയും തോട്ടും പിന്നെ നിങ്ങൾക്കു പേടിക്കേണ്ട."

ഗംഭീരമാകും കടൽക്കോളിലും സ്വകർമ്മത്തിൻ
വമ്പുനാട്ടിയകഥയുള്ളോരപ്രഭാവോഗ്രൻ

കായലിൽ കളിത്തോണിയിറക്കിക്ഷണിച്ചു; ഹാ!
സ്വീയമാംക്ഷണ—മെന്നിച്ചോടിയെത്തീ ഞങ്ങളും.

പുഞ്ചിരിപൊഴിക്കുന്നമുഖവും, വാത്സല്യത്തിൻ
കുഞ്ചുകം ചമയ്ക്കുന്നനോട്ടവും കാണെക്കാണെ,

തൻകരാഞ്ചലത്തിങ്കലമരത്തുമാറായി-
പ്പുങ്കായം വഹിച്ചുംകൊണ്ടിരിക്കുമാപ്രഭാനെ

ആനന്ദോത്സവംകൃട്ടി ഞങ്ങളുംക്ക ചെന്നൊന്നിച്ചു
ദീനമെന്നിയേ കെട്ടിപ്പുണരാൻതോന്നിപ്പോയി.

ചിന്തുമുത്സാഹത്തിൻറെ തിരമാലയാലോരോ
സിന്ധുവായ് രൂപംമാറി ഞങ്ങളും തൻചിത്തങ്ങളും!

ആട്ടുകും, കുരവകളുട്ടഹാസങ്ങളും—നോക്കി
വീപ്പടക്കിനിന്നതുകണ്ടുകാണണം ലോകം.

വേണ്ടനേരത്തിൽ കുത്തുങ്ങളെയിരുത്തി നിർദ്ദേശത്തിൻ
പൂണ്ടലിൽ കൊരുത്തമാവഞ്ചി നിങ്ങുകയായി.

നമ്മളാഘോഷണം പാട്ടും കഥയും-ഹാ? ഞങ്ങളുംക്കും
കമ്മഡീരനതെങ്കിൽപിന്നെന്തുപേടിക്കേണം?

പാട്ടുവാൻ, താളംപിടിച്ചീട്ടുവാൻ, തുഴയുവാൻ
ജോഡി ജോഡിയായൊന്തു ഞങ്ങളും ബദ്ധോത്സാഹം.

"തിത്തിനം തിനന്തിന"—മമ്മാവൻ പാടിത്തന്തു;
"തിത്തിനം തിനംതിത്തോം"—ഞങ്ങളേറാവത്തിച്ചു.

ചാക്കോച്ചനിടയ്ക്കുത്തുകുകി:—"യമ്മാവൻ കീജെയ്."
ബാക്കിയുള്ളോരുംപാടി:—"നല്ലയമ്മാവൻ ജേ ജയ്"!"

ഇമ്പമായ് സുലോചന പ്രഭയും ഗാനംപെയ്തു;
നമ്പൂരി ജനാർദ്ദനൻപിള്ളയും താളംകൊട്ടീ.

ബാലനീശ്വരചന്ദ്രൻ വാര്യരും തുഴയന്തി,
നീലകല്ലോലത്തിലാവഞ്ചിസാവേശം നീന്തി.

അയ്യയ്യ! ഞങ്ങളുംക്കെന്തുമോദമായിരുന്നിലാ-
ക്കയ്യുകളും തുഴഞ്ഞപ്പോൾ,ഉമരം പിടിച്ചപ്പോളും!

II

പൊങ്ങിയും താണും തുള്ളിക്കളിച്ചും വെള്ളംനിങ്ങി,
തെണ്ടുകൾ വിളിക്കുന്ന തീരങ്ങളും കണ്ണിൽത്തങ്ങി.

രണ്ടുനാഴികയെത്ര വേഗത്തിലോടിപ്പോയി;
തണ്ടുവാനിനിയുള്ളതൊരുവൽകയംമാത്രം!

"തണ്ടുകൾ ചുണയ്ക്കുന്നവലിക്കു, പാട്ടുംകുത്തു-
മുണ്ടെങ്കിലതുംവേഗമെടുക്കു"—ചെന്നമ്മാവൻ.

പിന്നെയെന്തിരിക്കുന്നു താമസം, സന്തോഷത്തിൻ
ചിഹ്നങ്ങളതെങ്ങളുൾപ്പിട്ടു തയാറായി.

തിത്തിനം തിനന്തിന" – മമ്മാവൻ പാടീവീണ്ടും
"തിത്തിനം തിനംതിത്തോം"—ഞങ്ങളേറാവത്തിച്ചു.

കൂട്ടികളിടയ്ക്കുത്തുവിളിച്ചു:—"മാമൻ കീ-ജെയ്;"
ചുറ്റിലുമതുപ്രതിധ്വനിച്ചു:—"മാമൻ ജേ-ജയ്"!"

തെല്ലഭിമാനത്തിൻറെ തലപൊക്കിയുംകൊണ്ടേ
കല്ലോലജാലംചിന്തി വഞ്ചിസാവേശം നീന്തി.

III

ദുഃഖസത്യമേ, നീയുംവന്നുപോയല്ലാസത്തിൻ
തിക്കലിനിടയ്ക്കുമറിയാതായ്തീരേ കഷ്ടം!

ചുറ്റിലും ബന്ധുവംഗികളുന്നുവെന്നോ, വിപൽ
പുറപ്പെട്ടിയപാമ്പിൻഫുൽക്കാരം ശ്രവിക്കുന്നോ?

അഴലിൻവാളംവീശിയ പ്രതീക്ഷിതംവന്ന-
ചുഴലിക്കാറോ, ഹാ! നീ ഞങ്ങളെച്ചതിച്ചല്ലോ?

കൊണ്ടുപോയെങ്ങോട്ടുനീയാസ്നേഹസാരത്തിൻറെ
തണ്ടൊടി,ച്ചയ്യോ! കഷ്ടമമരത്തില്ലമ്മാവൻ.

എന്തുചെയ്യണമാക്കേ മറിവീ,ലതാചുറ്റും
പൊന്തിയത്തുടക്കുന്നതിരമാലകൾമാത്രം?

കരയും നിനാദങ്ങളെന്തുസാധിക്കാൻ, വഞ്ചി
തിരയിൽ കാണ്ടുയോ,ഉമരത്തുള്ളില്ലാതെ?

പകച്ചുനിന്തു ചുറ്റുപാടുകൾ, പ്രതീക്ഷതൻ
പരസ്യം കാട്ടാൻപോലും പാടവംലഭിക്കാതെ!

പതിപാടിയശാന്തം പരിദേവനത്തിൻറെ
ഗീതിയായ്മാറി—ഞാനെൻചിന്തകൾ മടക്കട്ടേ!

*　　*　　*

കരപറ്റിനിൽക്കയാണെന്നിരിക്കിലു,മെന്നോ-
ക്കഥയോർക്കുമ്പോഴയ്യോ! ഭീരമാണെനിക്കിന്നും!

— ചെമ്മനം, ചാക്കോ എം എ. —

രൂപാന്തരപ്പെടുന്നു. ആഹാരസാധനത്തോടുകൂടി ചേരുമ്പോൾ ഉണ്ടാകുന്ന "ജീവനള്ള ഇഴ സാധനം", പ്രവർത്തനംകൊണ്ടു ശരീരത്തിനു നഷ്ടംവരുത്തുന്ന 'ജീവനള്ള സാധന'ത്തെ അപേക്ഷിച്ചു കൂടുതലായിവരുമ്പോളാണു "വളച്ച്" ഉണ്ടാകുന്നതു. 'ജീവനള്ള സാധന നിർമ്മാണത്തിലുള്ള ഈ പ്രത്യേകതകൊണ്ടു ചീത്തസാധനങ്ങളായ "യൂറിയ" "കാർബൺ-ഡൈ- ഓക്സൈഡ്" വെള്ളം മുതലായവ ശരീരത്തിൽ കൂടിയുന്നു. "വളച്ച്" സാരമായി ഉണ്ടാകുകയും ചെയ്യുന്ന "ഓക്സിജ"നെ പ്രവർത്തനഫലമായി ഉണ്ടാകുന്ന സാധനങ്ങളും ഉപയോഗമില്ലാത്തതും, ഉപദ്രവകാരിയും ആകയാൽ അവയെ ശരീരത്തിൻറെ പല ഭാഗങ്ങളിൽക്കൂടി പുറത്തെയ്ക്കു തള്ളുന്നു. "വിസർജ്ജനം" കൊണ്ടാണു ഇതു സാധിക്കുന്നതു. ആഹാരസാധനത്തോടു "ബന്ധപ്പെട്ടതാണു", ഒരു സ്ഥലത്തുനിന്നും മറ്റൊരുസ്ഥലത്തേയ്ക്കുള്ള മാറ്റം, സ്ഥാനം മുതലായവ. കഴിക്കുന്ന ആഹാരം പാകംചെയ്യുന്നതിനു "ഓക്സിജ"ൻ ആവശ്യമാണു. അതിനുവേണ്ടിയാണു "ശ്വാസോച്ഛ്വാസം" നടത്തുന്നതു. ഇപ്രകാരം പ്രവർത്തനത്തിൽ ഓക്സിജൻ വലിച്ചെടുക്കുകയും "കാർബൺ-ഡൈ-ഓക്സൈയിഡ്" പുറത്തേയ്ക്കുതള്ളുകയുംചെയ്യുന്നു.

ശരീരത്തിൽ "ജീവൻ" നിലനിൽക്കണമെങ്കിൽ മേൽപറയപ്പെട്ട എല്ലാം പ്രവർത്തനങ്ങളുംക്കും കഴിവുണ്ടായിരിക്കണം. ഇതിനുകഴിവില്ലെങ്കിൽ ശരീരം നിർജ്ജീവമായിരിക്കും. ഇതുകൂടാതെ സ്വന്തംവർഗ്ഗത്തെ അനേകനാളും നിലനിർത്തുന്നതിലേക്കു 'സന്താനോല്പാദനം' എന്ന ക്രിയകൂടി നടത്തേണ്ടതുണ്ടു. ബാഹ്യമായതൊന്നിൻറെയും പ്രേരണകൂടാതെതന്നെ ഈ കൃത്യം നിർവഹിക്കുവാൻ "ജനുക്കൾ"ക്കു കഴിവുണ്ടു. ഇതു "ജനന"ത്തിൽ ആരംഭിച്ചു പലേ അവസ്ഥാഭേദങ്ങളും കടന്നു "മരണ"ത്തിൽ അവസാനിക്കുന്ന ഒരു "ജീവിതചക്ര"മാണു.

"ജീവനള്ള സാധനം" ജീവികളിൽ ഒറ്റയായിട്ടല്ല കാണപ്പെടുന്നതു. ഇതു അനേകം ചെറിയ "അറ"കളായിട്ടാണു് സ്ഥിതിചെയ്യുന്നതു. തേനീച്ചകളുടെ അറകളുടെ സാദൃശ്യമുള്ള ഈ അറകളെ Cells എന്നു പറയുന്നു.—ഉള്ളിൽ—Nucles വഹിച്ചുകൊണ്ടു് സ്ഥിതിചെയ്യുന്ന "ജീവനള്ള സാധനത്തിൻറെ ഒരംശമാണു ഒരു "സെൽ" അഥവാ 'അറ'. മറ്റുപലതും ഈ അറകളിൽ ഉണ്ടെങ്കിലും അവ എല്ലായ്പോഴും എല്ലാ അറകളിലും കാണുകയില്ല. ഇപ്പോൾ കാണുന്നതുപോലെ ജന്തുക്കൾക്കു് അറകളും പ്രധാനമാണു. അതുകൊണ്ടു ശരീരത്തിൻറെ ഏതൊരു ഭാഗവും അറകൾകൊണ്ടു നിറയപ്പെട്ടിരിക്കുന്നു. ഇതിൻറെ പ്രവർത്തനത്തെ ആശ്രയിച്ചാണു ശരീരം പ്രവർത്തിക്കുന്നതു. തനുലം ഒരു 'അറ'-നിർമ്മാണപ്രവർത്തകൻ തന്നെയല്ല; നേരേമറിച്ചു് അവയവങ്ങളുടെ പ്രവർത്തനശക്തികേന്ദ്രം കൂടിആണു്. എല്ലാജീവജാലങ്ങളും ഒരു അറയായിട്ടുകൂടി ഉണ്ടാകുകയും പിന്നീടു് ഈ അറകൾ അനേകമായി വിഭജിച്ചു പല അറകളായി രൂപാന്തരപ്പെടുകയും അങ്ങനെ വളർച്ച സംഭവിക്കുകയും ചെയ്യുന്നു. അനേകം അറകൾചേർന്നു് ഒരു Tissue ഉണ്ടാകുകയും, ഈ Tissue കൾചേർന്നു് ശരീരത്തിൻറെ ഒരു പ്രവർത്തന

ഭാഗം ഉണ്ടാക്കുകയും അങ്ങനെ ഉണ്ടാകുന്ന ഓരോഭാഗവും ഏതെങ്കിലും പ്രവർത്തനത്തിൽ കഴിവുള്ളതായിത്തീരുകയും ചെയ്യുന്നു.

ജീവനുള്ളതായ സസ്യങ്ങൾക്കും ജന്തുക്കൾക്കും പൊതുപ്പെട്ട ചില ഗുണവിശേഷങ്ങളുണ്ട്. പ്രവർത്തനവും ഘടനയും സംബന്ധിച്ച് ഈ സാദൃശ്യം സസ്യങ്ങളിലും ജന്തുക്കളിലും ഉണ്ടെന്ന് 'സർ ജഗദീസ്' ചന്ദ്രബോസ്' തന്റെ പരീക്ഷണങ്ങളിൽനിന്ന് തെളിയിച്ചിട്ടുണ്ട്, നാം നമ്മുടെ ചുറ്റുപാടും കാണുന്ന വലിയ ചെടികളേയും വലിയ ജന്തുക്കളേയും തരംതിരിച്ചു നോക്കിയാൽ ഈ വ്യത്യാസം ബാഹ്യമായി മാത്രമുള്ളതാണെന്നു കാണാമെങ്കിലും, ചെറിയ ഇനം സസ്യങ്ങളിലും ജന്തുക്കളിലും ഇതു് അപ്രത്യക്ഷമായിരിക്കുന്നതായി കാണാം. സൂര്യപ്രകാശത്തിന്റെ സന്നിധ്യത്തിൽ, വെള്ളം, കാർബൺ-ഡൈ ഓക്സൈഡ്", മുതലായവയുടെ സഹായത്തോടുകൂടി Starch എന്ന പദാർത്ഥത്തെ ഉണ്ടാക്കുവാൻ കഴിവുള്ള പച്ചനിറമുള്ള Chlorophyll എന്ന വസ്തു ചെടികളിൽ ഉണ്ടെന്നുള്ളതു് ഒഴിച്ചാൽ മറ്റ്കാര്യങ്ങളിൽ ജന്തുക്കളുമായി വളരെ സാദൃശ്യം ഉണ്ട്. തനുലം ചെടികളിലെ ആഹാരസമ്പാദനരീതിക്ക് – Holophytic എന്നു പറയുന്നു. ഇതിനെതിരായ്, പ്രോട്ടീൻ, കാർബോഹൈഡ്രോറ്റ്സ്" മുതലായവ വേണ്ടിവരുന്ന ജന്തുക്കളുടെ ആഹാരസമ്പാദനരീതിക്ക് Holozoic എന്നു പറയുന്നു ചെടികൾക്ക് സ്വന്തമായി ആഹാരം പാകം ചെയ്യാൻസാധിക്കുമ്പോൾ ജന്തുക്കൾ അവകളുടെ ആഹാരത്തിൽ ചെടികളെ ആശ്രയിക്കേണ്ടിവരുന്നു. ഈ ഒരു വ്യത്യാസംകൊണ്ടുതന്നെ ജീവജാലങ്ങൾ രണ്ടു ഭാഗമായ് ഒന്ന് പരാശ്രയജീവിയായും മറ്റത് സ്വതന്ത്രജീവിയായും — വേർതിരിക്കപ്പെട്ടിരിക്കുന്നു. ചെടികൾ ജന്തുക്കൾക്ക് ആഹാരം മാത്രമല്ല, ശ്വസിക്കുവാനുള്ള ശുദ്ധവായുക്കൂടെ നൽകുന്നുണ്ട്. സൂര്യപ്രകാശത്തിന്റെ സാന്നിധ്യത്തിൽ ആഹാരം പാകംചെയ്യുന്ന അവസരത്തിലാണ് ഈ ശുദ്ധവായു(Oxygen) പുറത്തേക്ക് വിടുന്നത്. അതേസമയം ജന്തുക്കൾ ചെടികൾക്ക് ആവശ്യമുള്ള 'വളവും' .'മലമൂത്ര"ശ്രുപത്തിൽ നൽകുന്നുണ്ട്.

പ്രകൃതിശാസ്ത്രം ജീവനുള്ളതിനെപ്പറ്റിയുള്ള ശാസ്ത്രീയമായ പഠനമാണ്. അതിൽ സസ്യശാസ്ത്രം, സസ്യങ്ങളെപ്പറ്റിയും ജന്തുശാസ്ത്രം ജന്തുക്കളെപ്പറ്റിയും പ്രത്യേകം പ്രതിപാദിക്കുന്നു. സസ്യങ്ങളുടേയോ ജന്തുക്കളുടേയോ, വിശേഷമായ ഒരു പഠനത്തിൽ ബാഹ്യമായ അവയുടെ ഘടനയും വിശേഷതയും (Morphology) ആന്തരികാവയവങ്ങളുടെ കിടപ്പ് (Anatomy) ശരീരത്തിന്റെ പല ഭാഗങ്ങളുടേയും സൂക്ഷ്മമായ പഠനം (Histology) ഓരോ ഭാഗത്തിന്റേയും കർത്തവ്യം പ്രത്യേകിച്ചും, പൊതുവേയുള്ള കർത്തവ്യവും (Physiology) സന്തതനേടുന്നരീതിയും അവയുടെ വളർച്ചയും ജീവിതക്രമങ്ങളും (Embryology) സ്വഭാവവും, അവ ജന്തുക്കൾക്ക് എത്രകണ്ട് യോജിച്ചിരിക്കുന്നുഎന്നും(Ecology or Etiology) അവയുടെ തമ്മിലുള്ളസൌകര്യങ്ങളും, മറ്റു ജീവജാലങ്ങളുടെഇടയിൽ അവയ്ക്കുള്ള സ്ഥാനം (Classification) മുതലായി അനേകംകാര്യങ്ങളും ഉൾപ്പെടുന്നുണ്ട്. വിഭാഗീയമായ ഈ ശാസ്ത്രവിഭാഗത്തിന്റെ ഒരംശമെങ്കിലും പരിപൂർണ്ണമായി മനസ്സിലാക്കാൻ ഒരാളുടെ ജീവിതകാലംമുഴുവൻ മതിയാകുന്നതല്ലെന്നുപറഞ്ഞാൽവിസ്തരിക്കേണ്ടതായ അതിന്റെ പരിധി എവിടെവരെയുണ്ടെന്ന ഊഹിക്കാമല്ലോ. ഏകദേശം ഒരുബാഹ്യമായ ആശയം കിട്ടാൻമാത്രമേ നമുക്ക് അറിവിനുവേണ്ടി പരിശ്രമിക്കേണ്ടതുള്ളു.

ജന്തുക്കളുടെ ശരീരം അനേകംകോശങ്ങൾകൊണ്ട് നിർമ്മിക്കപ്പെട്ടതാണെന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. ജന്തുശരീരത്തിന്റെ ഗ്രഥനഫലമായ അവയിലുള്ള അറകളുടെ എണ്ണത്തേയോ ശരീരത്തിന്റെ വലിപ്പത്തേയോ അല്ല, നേരേമറിച്ച് അറകളുടെ പലവിധത്തിലുള്ള രൂപപരിണാമത്തെആശ്രയിച്ചുംനിർണ്ണയിക്കുന്നത്. തനുലം ആകൃതിയിലും പ്രകൃതിയിലും വിവിധതരമുള്ള ജന്തുക്കൾ ധാരാളമായി നമുക്ക് കാണാൻ കഴിയുന്നു ജന്തുക്കളിലുള്ള ആന്തരികവും ബാഹ്യവുമായ വ്യത്യാസത്തെ ക്രമത്തെ ആകൃതിയിലും പ്രകൃതിയിലും ഏകതരത്തിൽനിന്നു വിവിധതരത്തിലേക്കുള്ള വളർച്ചയും നമുക്ക് കാണാൻ കഴിയും.സാവല്സകികമായി അംഗീകരിച്ചിട്ടുള്ള "പരിണാമവാദ"ത്തിന്റെ അസ്ഥിവാരംതന്നെയും ഇതാണ്. ജന്തുക്കളുടെ ജീവിതോദ്ദേശ്യവും അവസാനവും-ജീവിക്കുകയും സ്വവർഗ്ഗത്തെ ഉല്പാദിപ്പിക്കുകയുമാകുന്നു. പക്ഷെ ഒരുവ്യത്യാസമുള്ളതു് ശാരീരികമായ വ്യത്യാസംമാത്രമാണ്.

പ്രപഞ്ചത്തിലുള്ള എല്ലാ ജീവജാലങ്ങളും പ്രധാനമായി രണ്ടുവിഭാഗമായി നിലകൊള്ളുന്നു. ഒന്ന "മറ്റു അറയുള്ളതും' മറ്റൊന്ന് "അനേകം അറകളുള്ളതു'മാണ്. ഇതിൽ രണ്ടാമത്തതിനെ നട്ടെല്ലുള്ളതെന്നും, നട്ടെല്ലില്ലാത്തതെന്നും രണ്ടുവിഭാഗമായി തിരിച്ചിട്ടുണ്ട്. നട്ടെല്ലുള്ളതായ വർഗ്ഗത്തിൽപെട്ട സാധാരണ ജീവികൾ 'സ്തനികൾ", "മത്സ്യങ്ങൾ", പലജനത്തിലുള്ള "വിരകൾ", ഞണ്ടുകൾ, 'പൂച്ചികൾ', 'എട്ടുകാലികൾ', 'തേളുകൾ', 'കക്കകൾ', 'സ്റ്റാർഫിഷുകൾ', 'ബ്രിട്ടിൽ സ്റ്റാർസ്", 'സിഅച്ചിൻസ്", കടൽവെള്ളരിക്കകൾ' മുതലായവകളാണ്. നട്ടെല്ലുള്ളതിൽ മത്സ്യം, തവള, പല്ലി, പാമ്പ്, ആമ, മുതല, പക്ഷികൾ, വാവലുകൾ മുതലായ ചെറിയ ജനങ്ങളും, ആന, കുട്ടവാ, പട്ടി, പൂച്ച, മനുഷ്യൻ, കരണ്ട് മുതലായ വലിയജനങ്ങളുമാകുന്നു.

ശാസ്ത്രീയമായ പഠിത്തത്തിന്റെ പ്രധാനഉദ്ദേശം വിദ്യാർത്ഥികൾ നിരീക്ഷണപാടവം അഭ്യസിക്കുന്നതും അതിൽനിന്നും ശരിയായ തീരുമാനംഎടുക്കുന്നതിലേക്കുവേണ്ടിയാണ്. ജന്തുജീവിതത്തെപ്പറ്റിയുള്ള പഠനം പ്രധാനമായും 'പരീക്ഷണവിഷയ'മായ ഒന്നാണ്. നമ്മുടെ ചുറ്റുമുള്ള ജന്തുക്കളുടെ സ്വഭാവത്തെപ്പറ്റിയുള്ള നിരീക്ഷണമാണ് വിദ്യാർത്ഥികൾ ഇതിൽ പ്രധാനമായും അഭ്യസിക്കുന്നു. ക്ലാസുമുറികളിൽവച്ചുള്ള ശാസ്ത്രക്രിയകൾ ആന്തരികാവയവങ്ങളെ നേരിട്ടുകണ്ടുപഠിക്കുന്നതിനുള്ള ഒരു പരീക്ഷണമാണ്. ജന്തുജീവിതപഠനത്തിൽ രസകരമായിട്ടുള്ളതു്, അവയുടെ സ്വഭാവം, അവ എങ്ങനെ ആഹാരംസമ്പാദിക്കുന്നു, എങ്ങനെ ശ്വസിക്കുന്നു, ഏതേതുവിധത്തിലുള്ള ചുറ്റുപാടുകളിലാണ് അവ താമസിക്കുന്നത്, ഏതേതുരൂപത്തിൽ ഉല്പാദനംനടത്തുന്നു, എങ്ങനെ കുട്ടികളെ രക്ഷിക്കുന്നു, ഭൂലോകത്തിന്റെ ഏതേതുഭാഗങ്ങളിലായി അവ ചിതറിക്കിടക്കുന്നു, ശത്രുക്കളിൽനിന്നു എങ്ങനെ രക്ഷപ്പെടുന്നു മുതലായവയാണ്.

മനുഷ്യനുമാത്രമല്ല ജന്തുക്കൾക്കുപോലും ജീവിതം ഒരു ഭാരമാണ്. ജീവിതം ഒരുപട്ടമെത്തയല്ല, ജീവിതപന്ഥാവു കല്ലും മുള്ളും നിറഞ്ഞവയാണ്. ജീവിതവിജയത്തിലേക്കുള്ള പാത വളഞ്ഞതും വളരെയിട്ടുങ്ങിയതും ദുർഘടപൂർണ്ണവുമായ ഒന്നാണ്. ആഹാരംകഴിക്കണമെന്നുള്ളതു പ്രകൃതിദത്തമായ ഒരാഗ്രഹമാണ്. ഈ ആഗ്രഹത്തെ വളർത്തുവാൻ ബന്ധുക്കളാരുംതന്നെ ഉണ്ടായിരിക്കയില്ല. വിശന്നുവലയുന്ന ഒരുജന്തു സ്വന്തം സന്തതികളേപ്പോലും പിടിച്ചുവിഴുങ്ങാറുണ്ട്. താമസിക്കാനുള്ള ഒരുസ്ഥലത്തിനുവേണ്ടി രക്തച്ചൊരിച്ചിൽകൂടാതെയുള്ള ഒരുയുദ്ധംകൊണ്ടുതന്നെ അവ സാധിക്കുന്നു. ക്ലേശംക്ലേശമായി താമസിക്കാനുള്ള ആഗ്രഹം കഴിയുന്നിടത്തോളം കുട്ടികൾ ജീവിക്കണമെന്നുള്ള ആശകൊണ്ടും തങ്ങളുടെ മരണശേഷം സന്തതികൾ പുതിയ ഒരു ജീവിതം നയിക്കണമെന്നുള്ളതുകൊണ്ടും, സ്വവർഗ്ഗത്തിൽപെട്ടവർ ധാരാളമായി വളരണമെന്നുള്ള ഉദ്ദേശംകൊണ്ടും സർവോപരി സുഖജീവിതം ആയിരിക്കണമെന്നുള്ള അത്യാകാംക്ഷകൊണ്ടുമാണ്. ജന്തുക്കളുടെ ഉല്പാദനം നോക്കുകയാണെങ്കിൽ വർദ്ധിച്ചുവരുന്നതായിട്ടാണ് കണ്ടുവരുന്നതു്. ഒരു പെൺതവള ഒരുപ്രാവശ്യം ഏകദേശം 4000 മുട്ടകൾ ഇട്ടുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ 4000 മുട്ടകളും തവളകളായ് വളരുകയും അവ വീണ്ടും ഈവിധത്തിൽ മുട്ടകൾ ഇട്ടുകയും വളരുകയും ചെയ്യുകയാണെന്നു പറഞ്ഞാൽ രണ്ടോ മൂന്നോ കൊല്ലംകൊണ്ട് ഭൂഗോളത്തിലുള്ള മറ്റു യാതൊരു ജന്തുക്കൾക്കും താമസിക്കാൻ നിവർത്തിയില്ലാത്തവിധം അതുകണ്ട് വലിച്ചുവന്നാലത്തെ സ്ഥിതി ഒന്നാലോചിച്ചുനോക്കൂ! പക്ഷെ എന്താണെ സംഭവിക്കുന്നതു്. ഇവയിൽ ഒരു നല്ലവിഭാഗം മുട്ടകളും മറ്റു ജന്തുക്കളും തിന്നുന്നു. പിന്നെ ശേഷിക്കുന്നവ വളർന്നവന്ന് "വാല്യമാക്കി"കളായി രൂപാന്തരപ്പെടുന്നു. ഈ അവസ്ഥയിലും ശത്രുക്കളും ഇവയെ വളരെ നശിപ്പിക്കുന്നുണ്ട്. പിന്നീടു പ്രായമായിവരുന്നതിൽ നല്ല മരുവിഭാഗത്തെ പാമ്പുകളും കൊന്നൊടുക്കുന്നു. ഇതിന്റെ എല്ലാം ഫലമായി അവസാനം രണ്ടോ നാലോ എണ്ണം മാത്രമാണ് യാതൊരു ഉപദ്രവവുമുണ്ടാകാതെ സ്വവർഗ്ഗത്തെ നിലനിർത്താൻ വേണ്ടി പൂർണ്ണവളർച്ചയെ പ്രാപിക്കുന്നതു്. ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന ആഹാരത്തിന്റെ കണക്കുനോക്കുമ്പോൾ ദിവസം ചെല്ലുംതോറും ഇവയ്ക്കുള്ള "റേഷൻ അളവ്" ഉല്പാദനക്കുറവുകൊണ്ട് കുറഞ്ഞുകുറഞ്ഞാണ് വരുന്നതു്. ഇതു ജീവിക്കുവാനുള്ള മത്സരത്തിൽ ചെന്നുനിൽക്കുന്നു. ഒരേവർഗ്ഗത്തിൽപെട്ട വ്യക്തികൾക്ക് ഒരേവിധത്തിലുള്ള ആഹാരവും, താമസസ്ഥലവും മറ്റും അവശ്യമായതുകൊണ്ട്, ആ വർഗ്ഗത്തിൽപെട്ട വ്യക്തികൾ തമ്മിലുള്ള മത്സരം വളരെ സൂക്ഷ്മമാകുന്നതിൽ തെറ്റില്ല.

ജീവിക്കുവാൻവേണ്ടി നടത്തുന്ന ഈ മത്സരം ജനിക്കുന്നതോടുകൂടി ആരംഭിക്കുകയും മരണത്തോടുകൂടി അവസാനിക്കുകയുംചെയ്യുന്നു. ഒരോ ജന്തുക്കളും ഇതുമൂലം ചുറ്റുപാടുകൾക്കനുസരിച്ചുള്ള സ്വഭാവത്തെ കൈക്കൊള്ളുകയും ജീവിതം ആരംഭിക്കുകയുംചെയ്യുന്നു. ഇതു് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. അനേകായിരം വർഷങ്ങളായി നിലനിന്നപോരുന്ന ചില ചട്ടങ്ങളാണ്. ആഹാരസമ്പാദനത്തിനു് അനായേയുമായരീതിയിലും ശത്രുക്കളിൽനിന്നും രക്ഷപ്പെടുന്നതിനു യോജിച്ചരീതിയിലും ഉള്ള ഒരു ചലനമായിരിക്കും ഇവയ്ക്കുള്ളതു്. ആഹാരംകിട്ടുമ്പോൾ അതു് ധാരാളമായി ഉള്ളിലാക്കാൻ പാറിയ രൂപത്തിലാണ് ആഹാരം കഴിക്കുന്നതു്. ജന്തുക്കളുടെ നിറവും അതിനെ പലവിധത്തിൽ സഹായിക്കുന്നുണ്ട്. സ്വഭാവത്തിനനുസരിച്ചുള്ള ഘടനയായിരിക്കും അതിനുള്ളതു്. ഈവിധത്തിൽ വിവിധരൂപത്തിലുള്ള ജന്തുക്കളുടെ സ്വഭാവത്തെ ഓരോന്നിനെപ്പറ്റിയും വിശദമായി പഠിക്കുന്നതു് രസാവഹവും അത്ഭുതവുമായിരിക്കും. ഓരോന്നിനെപ്പറ്റിയും ഈ പംക്തിമുഖേന അറിയിക്കാൻ ഈ ലേഖകൻ ശ്രമിക്കുന്നതാണ്.

(Copyright)

ഗോവർധൻലാൽ ജോഷി

★

— കെ. പി. പദ്മനാഭൻതമ്പി ബി. എ. —

ഭാരതത്തിലെ ഇന്നത്തെ ഗണനീയന്മാരായ ചിത്രകാരന്മാരുടെ മുന്നണിയിൽനിൽക്കുന്ന ഗോവർധൻലാൽ ജോഷി ഭവനാസമ്പന്നനും, ഉന്നതമായസ്വദേശസ്നേഹത്താൽ പ്രേരിതനും കലയ്ക്കുവേണ്ടി സ്വജീവിതം അർപ്പിച്ചിട്ടുള്ള മഹാശയനും ആയ ഒരു യഥാർത്ഥ കലോപാസകനാണു്. വികാരസാന്ദ്രവും, ചിന്താസുന്ദരവും, ഹൃദയവേദ്യകവും ആയ ഉൽക്കൃഷ്ടകലയും, അനന്യസൂതമായ പ്രയത്നത്താൽ മാത്രം സംസിദ്ധമാകുന്ന കരകൗശലപാടവവും, സാങ്കേതികവിജ്ഞാനവും ഉദാത്തമായ അനുഭൂതിയും, തികഞ്ഞ കലാമർമ്മജ്ഞതയും, നിർമ്മോഹനമായി സമ്മേളിക്കുന്ന ജോഷിയുടെ കലാപൗഷ്കല്യം പ്രേക്ഷകനെ ഏകകാലത്തു് ചിന്തിപ്പിക്കയും, ആനന്ദിപ്പിക്കയും ചെയ്യുന്നു. പണ്ഡിതപാമരഭേദമെന്യേ ജോഷിയുടെ കമനീയങ്ങളായ കലാശില്പങ്ങൾ ആസ്വാദ്യജനകങ്ങളാണു്.

ചരിത്രപ്രസിദ്ധിനേടിയ മേവാറിൽ നാത്ഥ്ദ്വാരാ എന്ന സ്ഥലത്തുള്ള കലാപരമ്പര്യമുള്ള ഒരു കുടുംബത്തിലാണു് ഗോവർധൻലാൽജോഷി ജനിച്ചതു്. ജോഷിയുടെ പൂർവികന്മാർ അനേകതലമുറകളായി മധുരയ്പ്രകർഷത്തിൽ നിരതിശയിയായ രജപുത്ത് ചിത്രകലയിൽ വൈദഗ്ദ്ധ്യം നേടിയവരായിരുന്നു. ചിത്രകലയോടുള്ള പ്രതിപത്തി സഹജകുതുകത്തിൽ കലർന്നിട്ടുള്ള ജോഷി തനിക്കു ജന്മനാ സിദ്ധിച്ച കലാവാസനയെ സപ്രയത്നംകൊണ്ടു് പോഷിപ്പിച്ചു. ശതാബ്ദങ്ങളായി ഭാരതത്തിലെ കലാകാരന്മാക്കും, കവികൾക്കും, സമുജ്ജ്വലമായ പ്രചോദനം നൽകിക്കൊണ്ടിരിക്കുന്ന രാധയുടേയും, കൃഷ്ണന്റേയും, നിർമിയന്ന വൃന്ദാവനത്തിലെ ലീലകളും, രജപുത്താനായിലെ പുരാതനങ്ങളായ ക്ഷേത്രങ്ങളിലെ അമൂല്യങ്ങളായ വിഗ്രഹങ്ങളും, കൊത്തുപണികളും എന്നിവയും ആണു് യുവാവായ ജോഷി തന്റെ ചിത്രങ്ങൾക്കു് ആദ്യമായി വിധേയമാക്കിയതു്. മനഃശ്ശാസ്ത്രപരമായ ചിത്രണത്തിൽ ജോഷി അസാമാന്യവൈദഗ്ദ്ധ്യം തന്റെ കലാസാധനയുടെ ആദ്യഘട്ടത്തിൽതന്നെ നേടി.


ഉദയപൂരിലെ പ്രസിദ്ധമായ കുംഭഗാർ ക്ഷേത്രത്തിലെ ശിലാശില്പങ്ങളിൽ അതി വിശിഷ്ടമായ "ചന്ദ്രധാരി" എന്ന കലാശില്പത്തെ ജോഷി മനോജ്ഞമായ വർണ്ണങ്ങളിലും, ഉജ്ജ്വലമായ രേഖകളിലും, ചൈതന്യനിർഭരതയോടെ പ്രതിനിധാനംചെയ്തിട്ടുണ്ടു്. ലാവണ്യധാമമായ ഒരു ദാസിയുടെ സജീവവും, സുന്ദരവും ആയ ഈ ചിത്രം ഭാരതീയവനിതാതത്ത്വത്തിന്റെ ഒരു ദേവഗീതയാണു്. ഭാരതീയചിത്രകലയിലെ അന്തസ്സത്തയുടെ ചേതനവശ്യത, സുദീർഘമായ പാരമ്പര്യം, സംസ്കാരപരമായ മഹനീയത, എന്നിവയുടെ നിസ്തുലസുന്ദരമായ പ്രകാശനമാണു്, തനി ഭാരതീയമായ കലാശൈലിയിൽ വെള്ളം കലർത്തിയ ചായങ്ങളും ഉപയോഗിച്ചു് രചിച്ചിട്ടുള്ള സൗകുമാര്യ സമൃദ്ധമായ "ചന്ദ്രധാരി"

ഭാരതീയ കലാചരിത്രത്തിൽ ഒരു നവീനയുഗം സൃഷ്ടിച്ചു് അഖിലലോകപ്രശസ്തി സമ്പാദിച്ച ബംഗാൾ ചിത്രകാരന്മാരുടെ കൃതികളിൽ ആകൃഷ്ടനായ ജോഷി, ശാന്തിനികേതനത്തിൽ ചെന്നു് ഒരു വർഷത്തോളം കലാചാര്യന്മാരിൽ പ്രമുഖനായ നന്ദലാൽ ബോസിന്റെ ശിക്ഷണം സ്വീകരിച്ചു്, ഭാരതീയ ചിത്രകലാശൈലിയിൽ വേണ്ടത്ര പ്രയോഗികപാടവം കരസ്ഥമാക്കി. 1931-ൽ ജോഷി ഉദയപ്പൂരിലെ സുവിദിതമായ വിദ്യാഭവനിൽ കലാധ്യാപകനായി പ്രവേശിച്ചു്, ആ ജോലിയിൽതന്നെ ഇപ്പോഴും തുടരുന്നു. അതുൽകൃഷ്ടങ്ങളായ ആദർശങ്ങളിൽ അടിയുറച്ചു് വിദ്യാഭവനം നടക്കുന്ന ഈ സ്ഥാപനത്തിലെ അദ്ധ്യാപകന്മാരെല്ലാം ത്യാഗം, സ്നേഹം, സത്യം, എന്നിവയുടെ ആരാധകന്മാരാണു്. പരിമിതമായ ശമ്പളം സസന്തോഷം കൈപ്പറ്റി, ആത്മാർത്ഥസമുത്സുകതയോടെ സേവനം അനുഷ്ഠിക്കുന്ന ജോഷി കലാകാരന്മാർക്കു് ഒരു മാതൃകയാണു്.

മനുഷ്യസ്നേഹിയായ ഗോവർധൻലാൽ ജോഷിയുടെ കലയ്ക്കു ഭാവവും, രൂപവും, രസവും, ചേതനയും, അനന്യതയും നൽകുന്നതു് ചരിത്രപ്രസിദ്ധങ്ങളായ രജപുത്താനായിലെ ഗംഭീരങ്ങളായ കോട്ടകൊത്തളങ്ങളും, പഴക്കംചെന്ന പട്ടണങ്ങളും, രജപുത്രന്മാരുടെ ജീവിതചര്യകളും, എന്നിവയത്രേ. തന്റെ ജന്മദേശമായ രജപുത്താനായിലെ പ്രകൃതിയും, മനുഷ്യരും ആണു് ജോഷിയുടെ കലാശില്പങ്ങളിൽ തന്മയത്വപരിപൂർണ്ണതയോടെ കലാസുഭഗമായി ചിത്രണംചെയ്തിട്ടുള്ളതു്. പ്രകൃതിസുന്ദര്യ നികേതനമായ രജപുത്താനായിലെ പ്രശാന്തസുന്ദരമായ ഗ്രാമീണജീവിതത്തിന്റെ നാനാവശങ്ങളേയും പ്രകീർത്തിക്കുന്ന ജോഷിയുടെ ചിത്രങ്ങളും ഏകകാലത്തു് വിജ്ഞാനവും, വിനോദവും, ആനന്ദവും പ്രദാനംചെയ്യുന്നു.

പ്രകൃതിദേവിയുടെ വാത്സല്യസന്താനങ്ങളും, ജീവിതത്തെ നൃത്യഗീത സമ്മിളിതമായി, ആനന്ദസന്ദായകമായി, ഒരു കലയാണെന്നു കരുതി, ലളിതസുന്ദരമായ ജീവിതം നയിക്കുന്നവരും ആയ മേവാറിലെ കുറ്റജാതിക്കാരായ ഭീലുകളുടെ ജീവിതചര്യകളെ സശ്രദ്ധം, സസൂക്ഷ്മം, സസ്നേഹംപഠിച്ചു്, അവയെ തികഞ്ഞ കലാപരിപുഷ്ടല്യത്തോടെ, അനവധി ചിത്രങ്ങളിൽ ജോഷി പ്രതിനിധാനംചെയ്തു വിശ്വവിശ്രുതി നേടിക്കഴിഞ്ഞിരിക്കുന്നു. ഭീലുകളുടെ ജീവിതത്തിന്റെ യഥാതഥ്യവും, താദാത്മസമ്പൂർണ്ണവും ആയ ചിത്രണത്തിൽ ജോഷിയെ അതിശയിക്കത്തക്ക മറ്റൊരു കലാകാരനുംഇല്ല. വിശ്വവിശ്രുതനായ പാബ്ലോ ഗോഗിൻ എന്ന ഫ്രഞ്ച് ചിത്രകാരനു് താഹിത്തിയിലെ അപരിഷ്കൃത ജനതയെക്കുറിച്ചു കലാപരമായ പ്രചോദനം, ജോഷിക്കു് മേവാറിലെ വനവാസികളായ ഭീലുകളെ നൽകിയിരിക്കുന്നു. കഴിഞ്ഞ പന്ത്രണ്ടു സംവത്സരങ്ങളായി തന്റെ വിശ്രമവേളകളിലെല്ലാം ജോഷി ഭീലുകളുടെ ദൈനംദിനജീവിതത്തെപ്പറ്റി ഒരു കലാകാരന്റെ സൗന്ദര്യദൃഷ്ടിയോടും, ഒരു മനുഷ്യസ്നേഹിയുടെ ശാസ്ത്രീയ മനോഗതിയോടും, ഒരു മനുഷ്യസ്നേഹിയുടെ ഔത്സുക്യത്തോടും പഠിച്ചിട്ടു്, അവരുടെ വിശ്രുതിയും, സുന്ദരവും ആയ ജീവിതചര്യകളെ വരയിലും, വർണ്ണത്തിലും, സവിസ്തരമനോരഞ്ജകമായി അനവധി ചിത്രങ്ങളിൽ പ്രതിബിംബിച്ചിട്ടുണ്ടു്. കലയും, കവിതയും, ഗൃത്തവും, സംഗീതവും കലർന്ന ഭീലുകളുടെ ജീവിതത്തിന്റെ സത്യപ്രധാനമായ പ്രതിപാദനങ്ങളായ ഈ ചിത്രങ്ങൾ കലാപരമായും, മനഃശാസ്ത്രപരമായും, സാമൂഹ്യമായും, സാംസ്കാരികമായും, വിജ്ഞാനപ്രദമാണു്.

പാബ്ലോഗോഗിന്റെ താഹിത്തി ചിത്രങ്ങളും, ഗോവർധൻലാൽ ജോഷിയുടെ ഭീലുകളുടെ ചിത്രങ്ങളും തമ്മിൽ ഗണനീയമായ സാമ്യം വിചാര, വികാര, ഭാവരസാദികളിൽ ഉണ്ടെങ്കിലും, ജോഷി ഗോഗിനെ അനുകരിച്ചിട്ടില്ല. സ്വനിഷ്ഠമായ വ്യക്തിപ്രഭാവത്തോടെ ജോഷി, ഭീലുകളുടെ പരമ്പരാഗതമായ ചില ആചാരങ്ങളുടെ ഹൃദയസൗന്ദര്യത്തിൽ നിരതിശയിയായ ജീവിതത്തെ ശക്തിയും, തെളിച്ചവും ഉള്ള വർണ്ണങ്ങളിലൂടെ ഹൃദയാവർജ്ജകമായി ചിത്രണം ചെയ്യുന്നു. ഉജ്ജ്വലമായ സൂര്യപ്രകാശവും, വെളിച്ചത്തിന്റെയും, നിഴലിന്റെയും പ്രകടമായ അന്തരവും തെളിഞ്ഞുകാണുന്ന രജപുത്താനായിലെ വർണ്ണാഞ്ചിതമായ പ്രകൃതിസൗന്ദര്യത്തെ നിറപ്പകിട്ടോടെ, കമനീയമായി, ഹൃദയസ്പൃക്കായി, യഥാതഥമായി, ജോഷി തന്റെ വികാരസാന്ദ്രമായ ആലേഖ്യങ്ങളിൽ പ്രകാശിപ്പിക്കുന്നു. സുന്ദരവും, ഗംഭീരവും ആയ പ്രകൃതിയുടെ പശ്ചാത്തലത്തിലാണു് കലാമർമ്മജ്ഞനായ ജോഷി കഥാപാടത്തു് പണിചെയ്തിട്ടു്, വലിയ കഥാനിർത്തിലുള്ള ആടയോടകം ധരിക്കുന്നതിൽ പ്രതിപത്തിയുള്ള ഭീലുകളെ തന്മയത്വത്തോടെ, താദാത്മ്യത്തോടെ ചിത്രണംചെയ്യുന്നതു്. ചുവപ്പു്, മഞ്ഞ, പച്ച, നീലം, തവിട്ടു് എന്നി വർണ്ണങ്ങളും അസൂയാവഹമായ സാങ്കേതിക പാടവത്തോടെ തന്റെ ചിത്രങ്ങളിൽ സമൃദ്ധിയായി പ്രയോഗിച്ചു് ജോഷി പ്രേക്ഷകനെ വിവിധ വികാരങ്ങൾക്കു് അധീനനാക്കുന്നു.



ഗോവർധൻലാൽ ജോഷി

ജോഷിയുടെ ചിത്രകലാവൈഭവത്തിന്റെ ഉത്തമനിദർശനങ്ങളാണു്, രജപുത്താനായിലെ പ്രകൃതിയെയും മനുഷ്യരെയും അവിഭാജ്യഘടകങ്ങളാക്കി ഭാവരസരൂപാടികൾക്കു് തുല്യപ്രാധാന്യം നൽകിക്കൊണ്ടു് രചിച്ചിട്ടുള്ള "ഭീൽയുവതികൾ", "വയലിൽനിന്നു വീട്ടിലേക്കു്", "ഡാംഗിസ്ത്രികൾ" എന്നീ വെള്ളംകലർത്തിയ ചായങ്ങളും ഉപയോഗിച്ചുള്ള ചിത്രങ്ങളും. കവുത്തു്, കിളരംകുറഞ്ഞു്, ബലിഷ്ഠഗാത്രകളായ രണ്ടു് ഭീൽസഹോദരികളും അവരുടെ കുടിലിനു വെളിയിൽ നില്ക്കുന്നതിനെ വിസ്മയാവഹമായ കലാചതുരതയോടെ നീരീക്ഷണവിചക്ഷണനായ ജോഷി രസോചിതമായ ലാളിത്യത്തോടെ ആവിഷ്കരിച്ചിരിക്കുന്നു. മണ്ണുകൊണ്ടു് കെട്ടിപ്പൊക്കി, പുല്ലുമേഞ്ഞ പ്രാകൃതമായ കുടിലുകളും, അവയിൽ സൂര്യപ്രകാശം പതിക്കുന്നതു്, കുടിലുകൾക്കു മുമ്പിൽ നിറപ്പകിട്ടുള്ള വസ്ത്രങ്ങളും ധരിച്ചു്, അപരിഷ്കൃതങ്ങളായ ആഭരണങ്ങളും അണിഞ്ഞു് നിൽക്കുന്ന ഭീൽയുവതികളുടെ കായികശക്തി, സ്വാഭാവത്തുടിപ്പും, സ്ഥിരോത്സാഹവും സ്ഫുരിക്കുന്ന വദനങ്ങളും, എന്നിവയെ സമഗ്രമായും, തീവ്രമായും, സുന്ദരമായും, വികാരപരിപൂർണ്ണതയോടെ, ഈ ചിത്രത്തിൽ കലാകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. ഭാവസമുജ്ജ്വലത, രൂപഭദ്രത, പ്രതിപാദനസൗകുമാര്യവും, സാങ്കേതിക വിജ്ഞാനം, എന്നിവയിലെല്ലാം സമുൽകൃഷ്ടമാണു് ഈ കലാശില്പം.

അന്തിയോളം, അതികഠിനമായി, പാടത്തു് പണിചെയ്തിട്ടു്, വലിയ ക

റക്കെട്ടുകളും തലയിലേന്തി, ധൃതഗതിയിൽ വനത്തിനുള്ളിലൂടെ സഞ്ചാരങ്ങളിലേക്ക് മടങ്ങുന്ന ഭീൽയുവതികളുടെ ദൈനംദിന ജീവിതത്തിന്റെ പ്രകാശനമാണ് "പയലിൽനിന്നും വീട്ടിലേക്ക്" എന്ന ക്രിയാത്മകമായ ചിത്രം. കട്ടത്ത നിറത്തിലുള്ള വസ്ത്രങ്ങളും ധരിച്ച അരോഗദൃഢഗാത്രരായ സ്ത്രീകളും വലിയ കെട്ടുകളും തലയിൽവച്ച്, തങ്ങിപ്പിടിച്ച്, ഒരു താരാട്ടുപാട്ടിന്റെ ചുവടുകൾക്കൊത്ത് നടന്നുവരികയാണ്. ഈ ദൃശ്യത്തിൽ പ്രധാനമായിക്കാണുന്ന വൻവൃക്ഷത്തിന്റെ പച്ചനിറത്തിന്റെ ശക്തിയേയും, സവ്യാപകത്വത്തേയും, ഭീൽസ്ത്രീകളുടെ കട്ടത്തനിറത്തിലുള്ള വസ്ത്രങ്ങളും, സായന്തനസൂര്യന്റെ കിരണങ്ങളും എന്നിവയുടെ സമർത്ഥതരമായ പ്രതിപാദനത്തിലൂടെ ശിഥിലീഭവിപ്പിച്ച്, ഇരുളിന്റെയും, വെളിച്ചത്തിന്റെയും ഭാവഗംഭീരമായ പ്രകാശനത്തിന്റെ സ്വാരസ്യതയിൽ അത്യന്തം ഹൃദ്യമാക്കിയിരിക്കുന്നു. വിശദാംശങ്ങളെ മനഃപൂർവം ഒഴിച്ചുനിർത്തിയിട്ട്, മൗലികങ്ങളായ ഭാവത്തിനും, രൂപത്തിനും, രസത്തിനും, മാത്രം സവ്പ്രാധാന്യം നൽകി രചിച്ചിട്ടുള്ള ഈ ചിത്രത്തിൽ പ്രകൃതിയുടെ ഗാംഭീര്യത്തെയും, മനുഷ്യന്റെ ചലനത്തെയും, ജോഷി ചിന്താസുന്ദരമായി ആവിഷ്കരിച്ചിട്ടുണ്ട്.

ജോഷിയുടെ ചിത്രങ്ങളിൽ പ്രകടമായ അന്തരം ദൃശ്യമാകുന്ന വിധത്തിൽ ചായങ്ങളും ഉപയോഗിക്കുന്നു. അതിസമർത്ഥമായ ഈ പ്രയോഗത്തിലൂടെ തന്റെ കൃതികൾക്ക് ശക്തിയും, തെളിച്ചവും, വശ്യതയും, വ്യക്തിത്വവും, ജോഷി നൽകുന്നു. വസ്ത്രസങ്കലനത്തിന്റെ വൈദഗ്ധ്യത്തെ പ്രകീർത്തിക്കുന്നതാണ് ഈ ചിത്രം.

ഗ്രാമീണജീവിതത്തിന്റെ ചിത്രം കവരുന്ന ഒരു പ്രകാശനമാണ് "ഡാംഗി സ്ത്രീകൾ" എന്ന ചിത്രം. വരയ്ക്കുവസ്ത്രത്തിനേക്കാളും പ്രാധാന്യംനൽകി രചിച്ചിട്ടുള്ള ഈ കൃതി, വരയുടെ വിനീത സേവകനാണ് വസ്ത്രം എന്ന കലാസിദ്ധാന്തത്തെ ഉൽഘോഷിക്കുന്നു. ലാളിത്യവും, ഓജസ്സും തുളുമ്പുന്ന രേഖകളിലൂടെ ഡാംഗിസ്ത്രീകളുടെ അകൃത്രിമഭൂതിപൂണ്ട സൗന്ദര്യത്തെ പ്രസന്നമധുരമായി ഈ കലാശില്പത്തിൽ ജോഷി ഉദിരണംചെയ്തിട്ടുണ്ട്. ഭാവവിഷ്കരണത്തിലും, പ്രതിപാദനസൗകുമാര്യത്തിലും, മനോജ്ഞമായ ഈ ചിത്രത്തിലെ രേഖകളും ഏകകാലത്തും ശക്തിമത്തും, സുന്ദരവും, അയത്നലളിതവും ആണ്. രേഖയുടെ മാധുര്യവും, വസ്ത്രങ്ങളുടെ സ്വരച്ചേർച്ചയും, സവ്പോപരിലയാത്മകമായ താളവും, സമ്മേളിച്ചിട്ടുള്ള ഈ ആലേഖ്യത്തിൽ ഡാംഗിസ്ത്രീകളുടെ ഭാവരൂപാഭികളും, വേഷവിധാനങ്ങളും, കണ്ണും, കരളും കവരത്തക്ക പ്രഭവത്തോടെ സൗന്ദര്യതുല്യമുള്ള കലാകാരൻ ചിത്രീകരിച്ചിരിക്കുന്നു. മനുഷ്യരൂപത്തിന്റെ ചിത്രണത്തിൽ, രക്തമാംസാദികഠിനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന മനുഷ്യന്റെ ആത്മാവിന്റെ ചേതനയെ വസ്ത്രാഞ്ചിതമായ രേഖകളിൽ കൂടി കമനീയമായി പ്രകാശിപ്പിക്കുന്നതിൽ, ജോഷിക്കുള്ള പ്രാവീണ്യത്തിന്റെ ഒരു ഉജ്ജ്വലനിദർശനമാണ് ഈ ചിത്രം.

"സഞ്ചരിക്കുന്ന കൊല്ലപ്പണിക്കാർ" എന്ന ആലേഖ്യത്തിൽ, ദേശങ്ങളും തോറും മുറിനടന്ന് കലയുപനം ചെയ്യുന്ന ഒരു കൊല്ലപ്പണിക്കാരുടെ കുടുംബത്തിന്റെ ദൈനംദിനജീവിതമാണ് നാം ദർശിക്കുന്നത്. മേവാറിലുള്ള കൊല്ലന്മാരിൽ ഒരു വിഭാഗക്കാർ സ്ഥിരമായി ഒരിടത്തു് താമസമുറപ്പിക്കാതെ, അവരുടെ വകകളെല്ലാം ഒരു കാളവണ്ടിയിലാക്കി, കുടുംബസമേതം സഞ്ചരിച്ചു്, പോകുന്നവഴിയിൽ അവിടവിടെ താവളമടിച്ചു് കൊല്ലപ്പണിചെയ്തു് ജീവിതം നയിക്കുന്നു. അതിയായി അഭ്യാനിക്കുന്ന ഇവർ ദേശസഞ്ചാരപ്രിയന്മാരാണ്. കാളവണ്ടിയാണ് അവരുടെ വസതി. ഈ ചിത്രത്തിൽ വഴിയരികിൽ കാളവണ്ടി അഴിച്ചിട്ടിരിക്കുന്നതും, അതിനടുത്തു് ഉലവച്ചു്, ചുറ്റും കൊല്ലന്മാർ, സ്ത്രീകളും, പുരുഷന്മാരും, കുട്ടികളും, ഇരുന്നു ജോലിചെയ്യുന്നതും യഥാതഥമായി രേഖപ്പെടുത്തീട്ടുണ്ട്. പ്രാകൃതമെങ്കിലും വിചിത്രവേലകളാൽ അലംകൃതമായ വണ്ടിയും, കൊല്ലന്മാരുടെ ക്ലേശഭൂയിഷ്ഠമായ ജീവിതവും, രസപുഷ്ടല്യത്തോടെ ജീവൽസ്പർശിയായ ഈ കൃതിയിൽ സംക്ഷിപ്തമായാണ് കലയുടെ ജീവൻ എന്ന തത്വത്തെ ആദരിച്ച് ത്യാജഗ്രാഹ്യവിവേകിയായ കലാകാരൻ സവ്ജനമനോരഞ്ജകമായി പ്രതിപാദിച്ചിരിക്കുന്നു.

ഗോവർദ്ധൻലാൽ ജോഷിയുടെ ചിത്രങ്ങളിൽ മേവാറിലെ ഹൃദയം തുടിക്കുന്നുണ്ട്. മണിമാളികയിൽനിന്നും കലപുല്ലമടത്തിലേയ്ക്ക് ഇറങ്ങിവന്ന് സാമാന്യജനതതിയുടെ ചിന്താശക്തിയെ തട്ടിയുണർത്തികഴിഞ്ഞതിന്റെ പ്രത്യംഘാതമാണ് ജോഷിയെപ്പോലുള്ള ജനകീയയുഗത്തിലെ ചിത്രകലാകാരന്മാരുടെ കൃതികളിൽ നാം വീക്ഷിക്കുന്നത്. നിത്യജീവിതത്തിന്റെ ദർപ്പണമാണ് മനുഷ്യമനോമണ്ഡലത്തനായ ഈ കലാകാരന്റെ ഓരോ ചിത്രവും. ജയപ്പൂരിലെ കൺഗ്രസ്സ് വാർഷികസമ്മേളനത്തിലെ പന്തലിലെ അതി മനോജ്ഞവും, ഗംഭീരവും ആയ ഗോഢകം സംവിധാനംചെയ്തതും, പന്തലിന്റെ ഉപഭാഗം രജപുത്താനയിലെ സാമാന്യജനതതിയുടെ ജീവിതരീതികളെ പ്രതിഫലിപ്പിക്കുന്ന ചിത്രങ്ങൾകൊണ്ട് അലങ്കരിച്ചതും ഗോവർദ്ധൻലാൽ ജോഷിയെത്രേ. മുളയും, പരമ്പുംകൊണ്ട് ശ്രദ്ധാഭാരതീയസംസ്കാരത്തിന്റെ മഹനീയതയെ പ്രകീർത്തിക്കുന്ന ശൈലിയിൽ നിർമ്മിച്ച ഈ ഗോഢകം കലാസൗകുമാര്യത്തിനേറെയും, കരകൗശലപാടവത്തിനേറെയും വിജയവൈജയന്തികളായിരുന്നു. സമ്മേളനപ്പന്തലിന്റെ മദ്ധ്യഭാഗത്തു് വരച്ചിരുന്ന "ഭീലുകളുടെ വിവാഹഘോഷയാത്ര" എന്ന ചുവർചിത്രശൈലിയിലുള്ള ചിത്രം സാവ്ത്രികമായ പ്രശംസയ്ക്ക് അർഹമായി. "മനസ്സിനു് ഉന്മേഷവും, ഹൃദയത്തിനു് ആനന്ദവും, നയനങ്ങൾക്ക് സംതൃപ്തിയും നൽകത്തക്കി പ്രാഭവമാത്ര ഉത്തമചിത്രങ്ങളുടെ ലക്ഷണം" എന്ന ഉശിനാരന്റെ നിർവചനത്തെ ആദരിച്ചും, "കലയിൽക്കൂടിയാണ് മനുഷ്യന്റെ ആത്മാവു് തന്റെ സൃഷ്ടാവായ ഈശ്വരനോടു് നമ്മസംഭാഷണം ചെയ്യുന്നത്" എന്ന മഹാകവി ടാഗോറിന്റെ അഭിപ്രായത്തെ പ്രായോഗികമാക്കിയും, കലോപാസനചെയ്യുന്ന അനുഗ്രഹീതചിത്രകലാകുശലനായ ഗോവർദ്ധൻലാൽജോഷി തന്റെ കൃതികളിലൂടെ ലളിതകലയുടെ പരമസൂക്ഷ്മവിതരണം ധന്യനാണ്. അളവിലും, അന്തസ്സത്തയിലും, ശ്രദ്ധേയവും, ഗണനീയവും ആയ ആനന്ദാനുഭൂതി തന്റെ ഉത്തമ കലാസൃഷ്ടികളിലൂടെ ജനതാഹൃദയത്തിലേയ്ക്കു് പകർന്നുകൊടുക്കുന്ന ആന്തരിക സത്യദർശനപടുവായ, അതിപ്രശസ്തനെങ്കിലും വിനീതനായ, ഈ ഭാരതീയ സംസ്കാരപ്രേമിയായ കലാകാരന്റെ കലാസപര്യക്ക് കൂടുതൽ ഭാവുകങ്ങളും ആശംസിക്കയാണ് ലളിതകലാപ്രേമികളുടെ കർത്തവ്യം.



ലേഖകൻ

നീലംപേരൂർ എൻ. പി. പണിക്കരുടെ നോവലുകൾ

ലോഹിത	രൂ. 3
ഹരിദാസി 2 ഭാഗം	,, 4
വിച്ഛിന്നഹാരം	,, 2-4
നാടകക്കാരി	,, 1-4
ശരപ്പൊളിമാല (ചെറുകഥ)	,, 2

വിശ്വഭാരതി ബുക്കുഡിപ്പോ, തിരുവല്ല.

സിഗററ്റ് ലൈറ്റർ



ഇതു കൈവശമുള്ളവർ തീപ്പെട്ടികൾ വാങ്ങേണ്ട ആവശ്യമില്ല. വില രൂ: 1/14/- കൂടിയതു് രൂ: 2/8/- ഒന്നാംതരം രൂ: 4/- യു. എസ്. എ. മേക്ക് ആട്ടോമാറ്റിക്ക് ലൈറ്റർ രൂ: 5/- കൂടിയതരം 6/- ഒരു ഡസൻ കല്ലിനു് 12 ണ. യു. എസ്. എ. ഫൌണ്ടൻപേന റോൾഡുഗോൾഡുനിബ്ബും ക്ലിപ്പും വില രൂ: 2-/ കൂടിയതു് രൂ: 3/- ഷേഫേഴ്സ് മോഡൽപേന രൂ: 3/- വെയർവർ ഗോൾഡ്ഫില്ലുപേന (പാക്കർ 51 ഗോൾഡ്ഫില്ലുപോലെ തോന്നും) രൂ: 4/8/- രാജാഫൌണ്ടൻപേന രൂ. 6/- തപാൽകൂലി രൂ: 1/2/- പ്രത്യേകം. 3 എണ്ണം ഒന്നിച്ചെടുത്താൽ തപാൽകൂലി ഇനാം.

The Jubilee Watch Co., (M R)
Post Box No. 12213,
Calcutta 5.



കുട്ടിച്ചേച്ചിയുടെ കത്ത്

★

തിരുവോണാശംസ

പ്രിയപ്പെട്ട അനുജന്മാരെ, അനുജത്തിമാരേ,

കുട്ടിച്ചേച്ചി ഈ കത്തെഴുതുന്നതു് 'ഇന്ത്യൻ സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15-ാംതീയതി'യാണു്. രാവിലെ ഏഴരമണിക്കു് ഇന്ത്യയുടെ തലസ്ഥാനനഗരിയായ ഡൽഹിയിലെ റെഡ് ഫോർട്ടു് എന്ന കോട്ടയുടെ ഉയരമേറിയ കൊത്തളത്തിന്റെമീതെ ഇന്ത്യൻ പ്രധാനമന്ത്രി നമ്മുടെ അഭിമാനകേന്ദ്രമായ ത്രിവർണ്ണപതാകയുയർത്തുന്നു. ആ പുണ്യമുഹൂർത്തനിമിഷത്തിന്റെ വിവരണവും, അദ്ദേഹത്തിന്റെ പ്രസംഗവും റേഡിയോ പ്രക്ഷേപണംമുഖേനകേട്ടു് സന്തോഷിച്ചിരിക്കുന്നു—അഭിമാനംകൊള്ളുന്ന ഒരു സന്ദർഭത്തിലാണു് ഈ കത്തെഴുതുന്നതു്. കുട്ടിച്ചേച്ചിയുടെ മിക്കസോദരരും സ്കൂൾവിദ്യാർത്ഥിവിദ്യാർത്ഥിനികളായിരിക്കും. നിങ്ങളുടെ വിദ്യാലയങ്ങളിലും സ്വാതന്ത്ര്യദിനം-ഇന്നത്തെ ഈ സുദിനം ആഘോഷിച്ചിട്ടുണ്ടായിരിക്കണം. എന്നാൽ വെടിക്കെട്ടിയുയർത്തൽ, യോഗം, പ്രസംഗങ്ങൾ, ഘോഷയാത്ര മുതലായ ആഘോഷച്ചടങ്ങുകളല്ല ഈ സുദിനത്തിന്റെ പ്രധാനം. ഈ പരിപാടികളെല്ലാം ഈ സുദിനം നിങ്ങളെ ആകർഷിക്കുവാനതകന്ന ചില സംഗതികൾമാത്രമാണു്.

"ആഗസ്റ്റ് പതിനഞ്ച്" എന്ന കേൾക്കുമ്പോൾ നമ്മുടെ ഓരോരുത്തരുടേയും—ഓരോ ഭാരതീയന്റേയും ഹൃദയത്തിൽ അഭിമാനംനിറഞ്ഞു ശരീരംമുഴുവൻ പുളകംകൊള്ളേണ്ടതാണു്. 150 കൊല്ലത്തിലധികം വിദേശീയാധിപത്യത്തിൻകീഴിൽ അടിമത്വം അനുഭവിച്ചു്—ശരീരത്തിനും ബുദ്ധിക്കും മനസ്സിനും സ്വാതന്ത്ര്യമില്ലാതെ കഴിഞ്ഞുകൂടിയ നമുക്കു് നമ്മുടെരാജ്യം—വീണ്ടുകിട്ടിയ—സംഭിമാനം ലോകത്തിലെ ഇതരരാജ്യങ്ങളോടൊപ്പം തലയുയർത്തിപ്പിടിക്കുവാനുള്ള നിലയും കെൽപ്പും സിദ്ധിച്ച—ദിവസമാണിന്നു്. ഈ സ്വാതന്ത്ര്യംനേടുവാൻ എത്രയെത്ര വീരധീരന്മാരുടെ രക്തസാക്ഷികളുംകേണ്ടിവന്നിട്ടുണ്ടെന്നോർക്കുമ്പോൾ നമ്മുടെ ഹൃദയം വ്യഥകൊണ്ടു തകരുന്നുണ്ടെങ്കിലും, രാജ്യത്തിനുവേണ്ടി എത്ര വലിയതുംഗങ്ങളും—ജീവത്യാഗംപോലും—അനുഭവിക്കുവാൻ തയ്യാറായ എത്ര വീരയോദ്ധാക്കളാണു് നമ്മുടെ രാജ്യത്തിലുണ്ടായിട്ടുള്ളതെന്നോർക്കുമ്പോൾ നമ്മുക്കെത്രത്തോളം അഭിമാനത്തിന്നവകാശമുണ്ടു്! ഈ രക്തസാക്ഷികളിൽ ഒന്നാമൻ—അല്ല—ലോകചരിത്രത്തിലിന്നേവരെയുണ്ടായിട്ടുള്ള രക്തസാക്ഷികളിൽ ഏറ്റവും മഹാനെന്ന നാമത്തിനു് എല്ലാംകൊണ്ടും അർഹതയുള്ള വ്യക്തിയാണു് നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി—ബാപ്പുജി. അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ ദിവംഗതനായ സർദാർ പട്ടേൽ, ഇന്നത്തെ പ്രധാനമന്ത്രി ജവഹർലാൽനെഹ്റു, ആസൂത്രസേവകശ്രേഷ്ഠനായ ഇന്നത്തെ ഭാരതരാഷ്ട്രപതിനായ ബാബു രാജേന്ദ്രപ്രസാദ് തുടങ്ങി എത്രയെത്ര രാഷ്ട്രിയനേതാക്കന്മാരാണു് ഗാന്ധിജിയോടൊപ്പം സ്വരാജ്യത്തിനുവേണ്ടി അതികഠിനത്യാഗങ്ങളും, ക്ലേശങ്ങളും, അനുഭവിച്ചിട്ടുള്ളതു്. ഇവരോടുമില്ലെങ്കിലും അവരവരുടെ കഴിവുകൊക്കെസരിച്ചു് കഠിനത്യാഗങ്ങളും യാതനകളും അനുഭവിച്ചിട്ടുള്ളവരുടെ പേരുകൾ നമുക്കു് വെറ്റെറെ അറിയില്ലെങ്കിലും അവരുടെ ഓരോരുത്തരോടേയും നാമങ്ങനേതാക്കന്മാരോടെന്നപോലെതന്നെ ഭാരതീയസ്വാതന്ത്ര്യചരിത്രത്തിൽ സുവർണ്ണലിപികളിലെഴുതി രേഖപ്പെടുത്തേണ്ടതാണു്. ഇവരെയെല്ലാം അഭിമാനപൂർവം, സ്നേഹാദരപൂർവം നാം സ്മരിക്കണം.

ഇതുകൊണ്ടും നമ്മുടെ കടമ അവസാനിച്ചില്ല. ഈ ത്യാഗിവര്യന്മാരായ ദേശാഭിമാനികൾ അവരുടെ തീവ്രയത്നത്തിന്റെഫലമായി നമുക്കു നേടിത്തന്ന സ്വാതന്ത്ര്യത്തെ യശസ്സുരമാംവണ്ണം നിലനിർത്തിക്കൊണ്ടുപോകുവാൻ നാമോരോരുത്തരും നമ്മുടെ സകലകഴിവുകളും പ്രയോഗിച്ചു് ശ്രമിക്കണം. കുട്ടികളായ ഞങ്ങൾക്കെന്തുചെയ്യാൻകഴിയും? എന്നു കുട്ടിച്ചേച്ചിയുടെ കൊച്ചനുജത്തിമാരും അനുജന്മാരും ചിന്തിക്കുന്നുണ്ടാകുമെന്നു് കുട്ടിച്ചേച്ചിക്കറിയാം. പൊന്നനുജന്മാരേ, അനുജത്തിമാരേ, നിങ്ങൾ മറ്റൊന്നുംചെയ്യേണ്ടതില്ല. നിങ്ങൾ സൽസ്വഭാവികളായി ഈശ്വരവിശ്വാസത്തോടുകൂടി സ്വരാജ്യസ്നേഹികളായ കുട്ടികളായി വളർന്നുവന്നാൽമാത്രംമതി. നിങ്ങളുടെസ്വഭാവത്തെപ്പറ്റിയോ, പെരുമാറ്റത്തെപ്പറ്റിയോ ഞങ്ങൾക്കൊക്കെ—അതായതു് നിങ്ങളെ ഉള്ളിഴിഞ്ഞുസ്നേഹിക്കുന്ന—ഞങ്ങൾക്കും—കഷ്ടം! എന്റെമകൻ—ഇങ്ങിനെ ചീത്തക്കുട്ടിയായിപ്പോയല്ലൊ! അയ്യോ! എന്റെ മകൾകാരണമായി എനിക്കു മനസ്സിനു സമാധാനവും സൈരവുമില്ലല്ലൊ! ഈശ്വര! എന്റെ സോദരനെപ്പറ്റി എന്തെല്ലാം വലിയ പ്രതീക്ഷകളായിരുന്നു! അതെല്ലാം അസ്ഥാനത്തിലായിപ്പോയല്ലൊ! എന്റെസോദരി ഇങ്ങിനെയായിരിക്കും പുറപ്പാടെന്നു് ഞാൻ സ്വപ്നേപി കരുതിയില്ല. എനിക്കെത്ര ഇച്ഛാഭംഗംതോന്നുന്നു!" എന്നുംമറ്റുമുള്ള അഭിപ്രായപ്രകടനങ്ങൾകൊണ്ടു നിങ്ങൾ ഒരിക്കലും കാരണമുണ്ടാക്കരുതു്. ഈശ്വരവിശ്വാസം, സത്യസന്ധത, നിസ്വാർത്ഥത, ദേശാഭിമാനം, ഉത്തമഗുണങ്ങളോടാദരവു്, പരിപ്പിൽഉത്സാഹം ഇതെല്ലാംമാണു നിങ്ങൾക്കുണ്ടാകേണ്ടതു്. കുട്ടിച്ചേച്ചിയുടെ പൊന്നുസോദരരേ, നിങ്ങൾ ഓരോരുത്തരും, ഇന്നൊരു പുതിയഅദ്ധ്യായം തുറക്കണം. സുശീലരായ കുട്ടികളായി വളർന്നുവരുവാനുള്ള ദൃഢനിശ്ചയത്തോടുകൂടിയ ജീവിതംനയിക്കൻശ്രമിക്കണം. എന്നാലേ നിങ്ങളെപ്പറ്റി നിങ്ങളെ സ്നേഹിക്കുന്ന കുട്ടിച്ചേച്ചിയെപ്പോലുള്ള ചേച്ചിമാക്കും ഇതരർക്കും സന്തോഷവും അഭിമാനവും ജനിക്കയുള്ളൂ. ഇന്നത്തെ കുട്ടികളായ നിങ്ങൾ നന്നായാലല്ലേ നാളത്തെ പൗരന്മാർ ഉത്തമപൗരന്മാരായി രാജ്യത്തിന്റെ മഹാത്മ്യത്തെ ഉയർത്തിപ്പിടിക്കുവാൻ കഴിവുള്ളവരായി ഭവിക്കയുള്ളൂ. അതുകൊണ്ടു് "എഴുന്നേല്പുവിൻ, ഉത്സാഹശീലരായി സൽഗുണസമ്പന്നരായി വളർന്നുവരുവാൻ ശ്രമിക്കുവിൻ. അതിനു നിങ്ങളെ സർവ്വംതെയ്യാറുമായും ആത്മാർത്ഥവത്സലനമായ ഭഗവന്നിയന്താവു് കടാക്ഷിക്കുമാറാകട്ടെ.

ജയ് ഹിന്ദ്-ജയ് ഹിന്ദ്-ജയ് ഹിന്ദ്.

* * *

സ്വാതന്ത്ര്യദിനാഘോഷംകഴിഞ്ഞു ഇനി പൊന്നിൻതിരുവോണത്തിന്റെ വരവായി. "കള്ളക്കർക്കിടകത്തിലെ കെട്ടിടികൊടം ഇക്കൊല്ലത്തെ കഴിഞ്ഞുപോയല്ലൊ എന്നു സമാശ്വസിക്കുന്നതോടൊപ്പം പൊന്നോണത്തിന്റെ വരവിനെ എതൃയും ഹാർദ്ദമായി നമുക്കു സ്വാഗതംചെയ്യണം.

ഇന്നലെയായിരുന്നുവല്ലൊ ഓണക്കാലത്തിന്റെ ആദ്യത്തെദിവസം. "അത്തംപത്തോണം": എന്നാണല്ലൊ മൊഴി. അതോടൊപ്പം "കാണംവിറ്റിട്ടെങ്കിലും ഓണമുണ്ണണം" എന്നു് ഒരു പഴയവാക്യമുള്ളതിൽനിന്നു് നമുടെനാട്ടിൽ ഓണത്തിന്റെ പ്രാധാന്യമെത്രത്തോളമാണെന്നു മനസ്സിലാക്കാം. എന്നാൽ തിരുവോണമഹാമഹത്തിൽ കുട്ടിച്ചേച്ചിയുടെ പൊന്നുസോദരർക്കു് കുട്ടിച്ചേച്ചി മംഗളമാശംസിക്കുന്നതോടൊപ്പം ഓണസ്സദ്യയുണ്ടു് ആഹ്ലാദിച്ചു് കഴിച്ചുകൂട്ടുന്നതല്ല തിരുവോണോപഹാരത്തിന്റെ ഉദ്ദേശമെന്നു് മനസ്സിലാക്കണം. അത്തംതുടങ്ങി തിരുവോണദിവസംവരെ പൂവിടലും, പഴംനുറുക്കുതിന്നലുമാണല്ലൊ മുഖ്യചടങ്ങുകളും. "പൂവിടൽ" ഒരു കലാപ്രകടനമാണു്. കടലാസ്സിൽ ചായമിട്ടു് നാനാചിത്രങ്ങളും വരയ്ക്കുന്നതുമെന്തുവിവിധവസ്തുക്കളിലുള്ള പൂക്കളുംകൊണ്ടു് എന്തെല്ലാം വിശേഷരീതിയിലുള്ള കളങ്ങളിടൽ നടത്തും? കലാപ്രകടനമെന്നതിനുപുറമെ, പ്രകൃതിയിലെ ഏറ്റവും മനോഹരവിഭാഗമായ പുഷ്പങ്ങളും ഏത്രയെല്ലാം തരങ്ങളുണ്ടാകുന്നുണ്ടെന്നും അവയുടെ പ്രത്യേകതകളും എന്തെല്ലാമാണെന്നും പഠിക്കുവാനുള്ള ഒരു സന്ദർഭമാണു്. കുട്ടിച്ചേച്ചി ഒരുദിവസം എണ്ണിനോക്കി. കുട്ടിച്ചേച്ചിയുടെ വീട്ടിന്റെ പറമ്പിൽ എത്രതരം പൂക്കളുണ്ടെന്നു്, എണ്ണുന്നതിനുമുമ്പുതന്നെ കുട്ടിച്ചേച്ചി എണ്ണി! കുട്ടിച്ചേച്ചിയുടെ തോട്ടത്തിലില്ലാത്തതു് വേറെയും എത്രതരംപൂക്കളുണ്ടു്! ഇവയെല്ലാം ശേഖരിച്ചു അവയുടെ ആകൃതിയിലും പ്രകൃതിയിലും ഉണ്ടാകുന്ന പ്രത്യേകതകളും കണ്ടുപിടിച്ചു് ഗ്രഹിക്കുന്നതുതന്നെ എത്രവലിയ വിദ്യാഭ്യാസമാണു്!

തിരുവോണത്തിനു് വേറൊരുവിശേഷമുള്ളതു് ജാത്യാപ്രത്യേകതരം കൈത്തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവർക്കു് അവരുടെ കലാസമർത്ഥ്യം അന്യരെ പരിചയപ്പെടുത്തിക്കൊടുക്കുവാനുള്ള ഒരു സന്ദർഭമായി കരുതപ്പെടുന്നുവെന്നുള്ളതാണു്. മരംശരി മരിക, അല്ലെങ്കിൽ മരക്കയിൽ, കുടവൻ-കരക്കത്തി, തട്ടാൻ ചെവിത്തോണ്ടി, വേലൻ മടിശ്ശീല തുടങ്ങി

ഓരോ കർഷകശലഭങ്ങളും അവരുടെ കർഷകശലഭപ്രദർശനം നടത്തുന്ന സന്ദർഭമാണ് ഓണം—"ഓണംവെക്കുക" എന്നാണ് ഈ സമ്പ്രദായത്തിന് പേർ. ഇതുപോലെ കൃഷിക്കാർക്ക് അവരുടെ പച്ചക്കറിത്തോട്ടങ്ങളിൽ സകലവിധ കൊണ്ടൽ കൃഷികളും തിരുവതിര ഞാറ്റുവേലയിൽ വിത്തുപാകി കൃഷിചെയ്തുതുടങ്ങി എല്ലുചെടികൾക്കും ഫലങ്ങളുണ്ടാകുന്ന കാലമാണ് ഓണക്കാലം. നേന്ത്രക്കായ, വെണ്ടക്ക, പാവക്കാ, അച്ചിങ്ങ, വഴതിനിങ്ങ, തുടങ്ങി പുഷ്പങ്ങളെപ്പോലെതന്നെ അസംഖ്യംതരത്തിലുള്ള ഫലങ്ങളും ഉണ്ടായി പരിചു ഉപയോഗിക്കാൻ പാകമാകുന്ന കാലമാണ് ഓണക്കാലം. ഓണസ്സദ്യയ്ക്കു ഇവയെല്ലാം ഉപയോഗിക്കുവാനുള്ള സന്ദർഭമല്ലെ?

ഇപ്രകാരം പ്രകൃതീദേവിയുടെ അനുഗ്രഹങ്ങളെല്ലാം ഒരുമിച്ചു് അനുഭവിച്ചു് ആനന്ദമടയുവാൻ സാധിക്കുന്ന ഒരു കാലമാണ് ഓണക്കാലം.

ഇതുപോര, കേരളകലകളിൽ സ്ത്രീകൾക്ക് പ്രത്യേക പ്രാധാന്യമുള്ള മറ്റുചില കലകൾകൂടി പ്രോൽസാഹനംസിദ്ധിക്കുന്നതിനുള്ള അവസരമാണ് ഓണം. സ്ത്രീകളുടെ കൈകൊട്ടിക്കളിയാണ് ഏറ്റവുംവലിയ കലാപ്രകടനം. വയസ്സുചെന്ന പട്ടാളക്കാരുംകൂടി ഓണക്കളിയിൽ പങ്കുകൊള്ളുക സാധാരണമാണ്. പുരുഷന്മാർക്ക് "പുലികളി, കുമ്മാട്ടിക്കളി തപ്പുകളി വില്ലുകൊട്ട്" തുടങ്ങിയ പലവിധം കളികളുണ്ട്. ഈ കളികൾപോലെ കേരളത്തിനു് പ്രത്യേകമാണ്. ഇവ കളിക്കുന്നതു് ഓണക്കാലത്താണെന്നതാണ്.

ഇങ്ങിനെ പ്രാകൃതികമായും മനുഷ്യനിർമ്മിതമായുള്ള പലവിധ കലാപ്രകടനങ്ങളുടേയും ആസ്വാദനത്തിലിന്റെയും സമാഹാരമാണ് "ഓണക്കാലം." ഈ പ്രകടനങ്ങളിലെല്ലാം നാമോരോരുത്തരും സോത്സാഹം പങ്കുകൊണ്ടു് അവയുടെ അഭിവൃദ്ധിക്കുവേണ്ടി ശ്രമിക്കേണ്ടതു് നമ്മുടെ കർത്തവ്യമാണ്.

പൊന്നനുജന്മാരെ അനുജത്തിമാരെ മേൽവിവരിച്ചവിധത്തിൽ ഓണക്കാലത്തു് ആഹ്ലാദംകൊണ്ടു് മാത്രം തൃപ്തിപ്പെടാതെ ഓണാഘോഷത്തിന്റെ ഉദ്ദേശങ്ങളും പരിപൂർണ്ണമായി പഠിച്ചു് പ്രവൃത്തിപഥത്തിയിൽ കൊണ്ടുവരേണ്ടതിനു് നിങ്ങളോരോരുത്തരും ഉള്ളുഴിഞ്ഞു് ശ്രമിച്ചു് കൃതകൃത്യരാകേണ്ടതാണെന്നു് നിങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടു് തിരുവോണത്തിനു് കുട്ടിച്ചേച്ചി കുട്ടിച്ചേച്ചിയുടെ കൊച്ചുസോദരർക്ക് അകമഴിഞ്ഞ മംഗളാശംസകളും ഇതാ രേഖപ്പെടുത്തുന്നു.

എന്നു്,

സ്നേഹവാത്സല്യമയിയായ

കുട്ടിച്ചേച്ചി.

★

കൈരളീബാലസമിതി അംഗങ്ങൾക്കു്

ഓണം ആശംസകൾ

കൊച്ചനുജന്മാർ ക്ഷമിക്കണം കൊച്ചനുജത്തിമാരും!

—*—

ബാലപംക്തിയിൽ പ്രസിദ്ധീകരണത്തിനായി നിരവധി ലേഖനങ്ങളും അംഗങ്ങളിൽനിന്നു കിട്ടിവരുന്നതായിക്കാണുന്നതിൽ സന്തോഷിക്കുന്നു. അവ പരിശോധിച്ചു കഴിയുന്നതു ലേഖനങ്ങളും ചിത്രങ്ങളും പ്രസിദ്ധപ്പെടുത്തുന്നതിനു ശ്രമിച്ചുവരുന്നുണ്ടു്. പത്രാധിപത്തിന്റെ പരിമിതികാരണം പല ലേഖനങ്ങളും തിരസ്കരിക്കുന്നതിനു് പത്രാധിപർ നിർബ്ബന്ധിതനായിത്തീരുകയാണു ചെയ്യുന്നതു്. കൊച്ചനുജന്മാരും അനുജത്തിമാരും ക്ഷമിക്കുമല്ലോ. കൂടുതൽ നല്ലലേഖനങ്ങളും അയച്ചുതന്നു ബാലപംക്തി കൂടുതൽ ആകർഷകമാക്കുന്നതിനു സമിതി അംഗങ്ങളും ശ്രമിക്കുമെന്നു വിശ്വസിക്കുന്നു.

പ്രസിദ്ധപ്പെടുത്താത്ത ലേഖനങ്ങളും സംബന്ധിച്ചു കത്തിടപാടുകളിൽ ഏപ്പോഴും പ്രയോഗിക്കുമല്ലെന്നു ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ.

പത്രാധിപർ.

—*—

തിരുവോണം

'ഉത്തരായണം പിറന്നിതായല്ലോ!!
പൂവൻ,കോഴിമുട്ടയിട്ടേ!!!'

എന്ന അതിശോകനിർഭരമായ പല്ലവി പൊന്നിൻചിങ്കക്കുമേന്തി പാഞ്ഞണയുകയാണു്. ചിലർ ഊഞ്ഞാലാടുന്നു. ചിലർ മൊട്ടക്കുന്നുകളിൽ കയറി പിച്ചിപൂക്കളം പിച്ചുന്നു. മറ്റു ചിലർ താഴ്വരകളിൽ ഇറങ്ങി പൊയ്കകളിൽനിന്നും കുമുദങ്ങൾ ഇറുക്കുന്നു. വേറെ ചിലർ പഞ്ചസാരപോലുള്ള മണ്ണിൽ ഇരുന്നു് അരിയും കറിയുംവച്ചു കളിക്കുന്നു. മറ്റു ചിലർ ശാന്തനീലിമകലർന്ന അരുവിയിൽ ഇറങ്ങി കുളിക്കുന്നു. എങ്ങും ആനന്ദവും ആത്മവിളിയും! ഊഞ്ഞാലിൻ ചുവട്ടിൽ ചില പല്ലവികൾ അലതല്ലുന്നു.

'മാവേലിനാടുവാണിടുംകാലം...
മാനുഷരെല്ലാരുമൊന്നുപോലെ!'

എന്താണു് ഈ സമത്വത്തെക്കുറിക്കുന്ന പാട്ടിന്റെ രഹസ്യം! കുടിൽമുതൽ കൊട്ടാരംവരെ ഉള്ളവർ ഇന്നു് ആഹ്ലാദചിത്തരായിരിക്കുന്നു. ഇതാ, ചിലർ പുഷ്പവാടികളിൽനിന്നും പൂക്കളിറുക്കുന്നു; കൃത്യാടിനടക്കുന്ന പശുക്കുട്ടികളെ കടന്നുപിടിച്ചും, കളകളശബ്ദംപൊഴിയുന്ന പൂങ്കുയിലുകളെ മരടിവിളിച്ചും ചിലർ ലാലസിക്കുന്നു.

വീട്ടകംകഴുകിവെടിപ്പിലേക്കും നമുക്കൊന്നു നോക്കാം. കാരണവന്മാർ കോലായിലിരുന്നുമുക്കി, പല്ലില്ലാത്ത മോണ വെളിയിലേക്കു കാട്ടി, നീട്ടിത്തുപ്പിരസിക്കുന്നു. തളത്തിലിരിക്കുന്ന യുവജനങ്ങളും വട്ടംകൂട്ടുകയാണ്. കുഞ്ഞുങ്ങളും പുത്തൻതുണിത്തരങ്ങളും തിരിച്ചും മറിച്ചും നോക്കുന്നു. എന്താണു് വിശേഷം? 'ഓണം!' പൊന്നും ചിങ്കത്തിലെ തിരുവോണം!

പണ്ടു് മഹാബലി ത്രിലോകങ്ങളെയും അടക്കി ഭരിച്ചിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ സൗഭാഗ്യങ്ങൾ നമ്മുടെ കേരളമായിരുന്നു. അക്കാലത്തു് കള്ളംപറയുകയോ ജാതിവ്യത്യാസമോ, പട്ടിണിയോ പാടോ ഇല്ലായിരുന്നു. ഐശ്വര്യം എങ്ങും കളിയാടിയിരുന്നു.

അദ്ദേഹത്തിന്റെ ഭരണത്തിൽ ദേവന്മാർ അസൂയപ്പെട്ടു. അവർ വിഷ്ണുവിനെ ശരണംപ്രാപിച്ചു. മഹാവിഷ്ണു വാമനന്റെ വേഷത്തിൽ മൂന്നടിസ്ഥലം ആവശ്യപ്പെട്ടു. ധർമ്മിഷ്ഠനായ ചക്രവർത്തി അതനുവദിച്ചു എന്നാൽ വാമനൻ മഹാബലിയെ ചതിച്ചു പാതാളത്തിലേക്കു ചവുട്ടിത്തള്ളിക്കളഞ്ഞു. മഹാബലി മഹാവിഷ്ണുവിനോടു ഒരു അപേക്ഷ ബോധിപ്പിച്ചു. തനിക്കു ആണ്ടിലൊരിക്കൽ ചിങ്കമാസത്തിലെ ഓണംനാളിൽ കേരളം കാണണമെന്നു്. അങ്ങനെ വന്ന മാവേലിയെ കാണുന്നതിലുള്ള സന്തോഷമാണു് നമുക്കിന്നു്.

തൃക്കാക്കരക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന അപ്പനെ പൂജിക്കുന്നതു തിരുവോണം കൊണ്ടാടുന്നതെന്നും ചിലർ പറയുന്നുണ്ടു്.

കേരളത്തിലെ വിളവെടുപ്പു് ചിങ്ങം ആദ്യം ആണല്ലോ! നാം പ്രയത്നിച്ചുണ്ടാക്കിയ നെല്ലും, പയറും, ചേനയും, കിഴങ്ങും എല്ലാം അറയിലാക്കുമ്പോൾ നമുക്കു് ആനന്ദവും ആഹ്ലാദവും ഇല്ലെ! വർഷംമുഴുവൻ രാപ്പകലും പണിയെടുത്ത നാം വിളവെടുപ്പുകഴിഞ്ഞെങ്കിലും ഒന്നു ഉല്ലസിക്കണ്ടെ! ഇങ്ങനെയുള്ള ഒരു പാരമ്പര്യമായി തിരുവോണത്തെ നമുക്കു ഗണിച്ചുകൂടെ!

ഇതും പൊന്നിൻതിരുവോണം പറഞ്ഞറിഞ്ഞിരിക്കുന്നു! അതേ, ഇന്നു തിരുവോണമാണു്! വടക്കേഇൻഡ്യാക്കാർക്കു ഹോളിയെന്നപോലെ കേരളീയരായ നമുക്കു ജാതിമതഭേദമെന്യേ ഉള്ള ഏക ഉത്സവമാണു് തിരുവോണം!

എന്റെ പ്രിയപ്പെട്ട സഹോദരീസഹോദരന്മാർക്കു പൊന്നിൻതിരുവോണത്തിലെ എന്റെ ഹാർദ്ദമായ അഭിവന്ദനങ്ങൾ!

വൈ. തോമസ്,
അംഗനമ്പർ 60.

★


ബന്ധുക്കളുടെ ഉപദേശം

★ തണ്ടുതപ്പിയുടെ കഥ

ഒരു കുളത്തിൽ ഒരു ആമ പാർത്തിരുന്നു, ആ കുളത്തിൽ പതിവായി നീന്തിക്കളിച്ചുപോന്ന രണ്ടു അരയന്നങ്ങളും അയിരുന്നു ആമയുടെ കൂട്ടുകാർ. അങ്ങനെ അവർ ഏറെനാളും കുളത്തിൽ താമസിച്ചു.

ആ ആണ്ടിൽ മഴ തീരെ ഇല്ലാതെവന്നു. കുളത്തിൽ വെള്ളംവറ്റിതീർന്നു. അതിനാൽ ആമയ്ക്കു അവിടെ ജീവിക്കാൻ വിഷമമായി. അരയന്നങ്ങളും രണ്ടും വേറൊരുകുളത്തിലേക്കു പോകാൻ തീർച്ചയുറപ്പിച്ചു. ആ വാർത്ത ആമയെ അറിയിക്കുകയുംചെയ്തു. ആമയ്ക്കു ചങ്ങാതികളായ ഹംസങ്ങളെ പിരിയുവാൻ മനസ്സുണ്ടായിരുന്നില്ല. അതിനാൽ തന്നെയുള്ളടെ കൊണ്ടുപോകണമെന്നു ആമ അവരോടു് ആവശ്യപ്പെട്ടു. അങ്ങിനെയാകാമെന്നു സമ്മതിച്ചു. ഒരു കമ്പിൽ ആയിരുന്നു അവർ അങ്ങനെ ഏറ്റതു്. അരയന്നങ്ങളും ഇങ്ങനെ പറഞ്ഞു.

ഒരു വടിയുടെ രണ്ടറ്റത്തും അവർ കടിച്ചുകൊണ്ടു പാടുക. നടുക്കു് ആമ കടിച്ചുപിടിച്ചുകൊണ്ടു് കിടന്നുകൊള്ളണം. പിന്നിട്ടു് ഒരു സംഗതി പ്രത്യേകം ഓർമ്മിക്കണം. ഒരു കാരണവശാലും ആമ സംസാരിച്ചുപോകരുതെന്നും കടിവിടരുതെന്നും ആയിരുന്നു. ഹംസങ്ങളും പഠഞ്ഞതുപോലെ ചെയ്യാമെന്നു ആമ സമ്മതിച്ചു. അരയന്നങ്ങളും ഒരു നീണ്ട വടിയുടെ രണ്ടറ്റത്തും കൊത്തിപ്പിടിച്ചുകൊണ്ടുനിന്നു. പിന്നിട്ടു ആമ വടിയുടെ നടുവിൽ കടിച്ചുതൂങ്ങിക്കിടന്നു. ആമയെ അങ്ങനെ തൂക്കിയെടുത്തുകൊണ്ടു അന്നങ്ങളും ആകാശത്തിലേക്കു ഉയർന്നു.



അങ്ങനെ പോകുന്നവഴിക്ക് ഒരു കമ്പോളത്തിന്റെ മുകൾഭാഗത്തുകൂടി പറന്നു. ആ വിശേഷപ്പെട്ട കാഴ്ച കാണാൻ ജനങ്ങൾ കൂട്ടംകൂടിനിന്നു. അവരിൽ ചിലർ മേപ്പോട്ടുനോക്കി കൈകൊട്ടി ചിരിച്ചു. തന്റെ പുതിയ ഏഴുന്നള്ളത്തുകണ്ടു ചിരിക്കുന്ന ആളുകൾക്ക് ഒന്നു നേരിക്കാൻ ആമ ആഗ്രഹിച്ചു. വാഴുറക്കുകയോ മിണ്ടിപ്പോകുകയോ ചെയ്യരുതെന്നു ഞാനുമാം പറഞ്ഞതു ആമ ഓർമ്മിച്ചില്ല. വികൃതികളായ കുട്ടികളുടെ ആപ്പുവിളികളും കോലാഹലങ്ങളും കേട്ടിട്ട് അവരോടൊരു സമാധാനംപറയണമെന്നു ആമയ്ക്കു ആഗ്രഹം ഉദിച്ചു. ആത്മാവ് ഉച്ചുവരെ ആക്ഷേപിക്കുന്നതിനുവേണ്ടി ആമ പെട്ടെന്നു വാപൊളിച്ചു. ഉടൻതന്നെ താഴെവീഴുകയും അവടെയുള്ള ആളുകൾ ആമയെ പിടിച്ചെടുത്തു കൊന്നു പാകപ്പെടുത്തി ഭക്ഷിക്കുകയുംചെയ്തു.

പി. കെ. മോഹൻ,
അംഗനമ്പർ 953.

ഓണം—എന്റെ ദൃഷ്ടിയിൽ

കന്യാകുമാരിമുതൽ ശ്രീകണ്ഠപുരംവരെ നീണ്ടുകിടക്കുന്ന കേരളത്തിലെ ഹിന്ദുക്കളുടെ ഒരു വിശേഷദിവസമാണല്ലോ ചിങ്ങമാസത്തിലെ തിരുവോണം. ഏതു ദരിദ്രരായാലും ഓണം അവരവരുടെ കഴിവനുസരിച്ച് കൊണ്ടാടാതിരിക്കയില്ല.

കേരളീയരായ നാം ഓണം ആഘോഷിക്കുന്നതു് മഹാബലിചക്രവർത്തിയുടെ ശ്രേയസ്സുരമായ ഭരണകാലത്തെ ഓർമ്മിക്കുന്നതിനുവേണ്ടിയാണെന്നാണ് ഐതിഹ്യം. അദ്ദേഹത്തിന്റെ ഭരണകാലത്തു കള്ളവും, കരിവും, ദാരിദ്ര്യം, ഹിംസ മുതലായവ നാട്ടിൽ കാണ്മാനുണ്ടായിരുന്നില്ല. രാജ്യത്തു സന്തുഷ്ടിയും സമാധാനവും സദാ കളിയാടിയിരുന്നു. ഇപ്പകാരം പ്രജാക്ഷേമത്തെ മുൻനിറുത്തി രാജ്യഭാരം ചെയ്തുകൊണ്ടിരുന്ന മഹാബലിചക്രവർത്തിയുടെ വിയോഗത്തിൽ വ്യാകുലചിത്തരായ പ്രജകൾ അദ്ദേഹത്തിന്റെ പേരു് ഓർമ്മിക്കുന്നതിനവേണ്ടി, ആണ്ടിലൊരിക്കൽ ആഘോഷിക്കുന്ന വിശേഷദിവസത്തെയാണ് ഓണം എന്നു പറയുന്നതു്.


ഓണം ചിങ്ങമാസത്തിൽതന്നെ ആഘോഷിക്കുന്നതിനു പല കാരണങ്ങളുമുണ്ട്. പ്രധാനമായി ചിങ്ങമാസം ആകുമ്പോഴേക്കും കൊയ്ത്തു കഴിയുന്നു. കൊയ്ത്തു കഴിഞ്ഞാൽ ജനങ്ങൾക്ക് കുറച്ചുകാലത്തേയ്ക്കു ഭക്ഷണക്ഷാമം ഉണ്ടാകുവാൻ ഇടയില്ലല്ലോ. ഇക്കാലത്തു ജനങ്ങൾക്ക് വലിയ ജോലിത്തിരക്ക് ഇല്ലാത്തതിനാൽ ഉല്ലാസമായി കഴിഞ്ഞുകൂടുവാനും സാധിക്കുന്നു. കൂടാതെ ചിങ്ങമാസം ആരംഭിക്കുമ്പോഴാണല്ലോ നവവത്സരവും ആരംഭിക്കുന്നതു്. ഇക്കാരണങ്ങൾകൊണ്ടായിരിയ്ക്കും ചിങ്ങമാസത്തിൽതന്നെ ഓണം ആഘോഷിക്കുന്നതു്.

തിരുവോണത്തിനു പത്തുദിവസങ്ങൾക്കുമുൻപ് ഓണം ആരംഭിക്കയും ചതയദിവസം അവസാനിക്കുന്നതോടൊപ്പം ഓണാഘോഷങ്ങളും അവസാനിക്കയും ചെയ്യുന്നു. അത്തം നാൾമുതൽ ഓരോരുത്തരും അവരവരുടെ ഭവനപരിസരങ്ങൾ പൂത്തിയാക്കുകയും, മുറ്റത്തു പൂത്തായ്ണ്ടാക്കുകയും, അത്തംമുതൽ തിരുവോണദിവസംവരെ ഈ പൂത്തറയിൽ അത്തപ്പൂവിടുകയും ചെയ്യുന്നു. അത്തംനാൾതുടങ്ങി ബാലികാബാലന്മാർ അത്തപ്പൂവ ടുവാൻ പൂ അന്വേഷിച്ചുകൊണ്ടു് ഓടിച്ചാടിവരുന്ന കാഴ്ച കാണേണ്ടതുതന്നെ. (ഈ ലേഖകനും പൂ അന്വേഷിക്കുവാൻ പോകുന്ന ബാലികാബാലന്മാരുടെ മുന്നണിയിൽ ആയിരിക്കുമെന്നുള്ളതും പ്രത്യേകം പ്രസ്താവിച്ചുകൊള്ളട്ടെ.)

തിരുവോണദിവസം കേരളത്തിലെ ഹിന്ദുക്കൾ പ്രഭാതത്തിൽതന്നെ കുളിച്ചും, നല്ല വസ്ത്രങ്ങൾ ധരിച്ചും വിഭവസമൃദ്ധമായ ആഹാരം കഴിച്ചും ഓണം ആഘോഷിക്കുന്നു. ഭക്ഷണാനന്തരം പന്തുകളി, ഊഞ്ഞാൽ ആട്ടം മുതലായ വിനോദങ്ങളിൽ അവർ ഏർപ്പെടുന്നു. ചിങ്ങമാസത്തിലെ തിരുവോണദിവസം മഹാബലിചക്രവർത്തി ഭൂലോകത്തെഴുന്നള്ളി ജനങ്ങളെ തൃക്കൺപാർക്കുവാൻവേണ്ടിയാണു് മലയാളികളായ ഹിന്ദുക്കൾ വിശ്വസിച്ചുവരുന്നതു.

എൻ. ശങ്കരനാരായണൻപോറ്റി.
(192)

ശതവത്സരമഹാമഹം



ശ്രീവിദ്യാധിരാജപരമഭട്ടാര ശ്രീചട്ടമ്പിസ്വാമിതിരുവടികളുടെ ശതവത്സരജയന്തിമഹാമഹം ചിങ്ങം 14-15-16 എന്നീ തീയതികളിൽ പദ്മനാഭപുരത്തിൽ— വിപുലമായ പരിപാടികളോടുകൂടി ആഘോഷിക്കുന്നതാണ്.

രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് 14-ാംനു- ജയന്തി ആഘോഷം ഉൽഘാടനം ചെയ്യുന്നതോടുകൂടി മഹോത്സവപരിപാടികൾ ആരംഭിക്കുന്നു.


കലാപരിപാടികളിലും സമ്മേളനങ്ങളിലും ദക്ഷിണേന്ത്യയിലെ മഹനീയവ്യക്തികൾ സംബന്ധിക്കുന്നതാണ്. വിപുലമായ പരിപാടി പ്രതീക്ഷിക്കുക.

★

നിങ്ങൾക്ക്, നിങ്ങൾക്കായി

ഒരു ആധുനികവ്യവസായം ആരംഭിക്കുവാൻ 1000 ഷെയറുകൾ. ഒന്നിന് 10 രൂപാപ്രകാരം വില്പനയുണ്ട്. നിങ്ങൾ വാങ്ങുന്ന ഒരു ഷെയറിന് ക്രമേണ നല്ലവിലയും, സമാനവും, ലാഭവും ഉണ്ടാകുമെന്നുവിശ്വസിക്കുന്നു. ഓരോ അന്വേഷണത്തിനും ഷെയറിനു് ഉടൻ എഴുതുക:—

മാനേജർ, മാതൃരാജ്യം, ആലപ്പി.



ഡെൽഹിയിലെ സ്വാതന്ത്ര്യദിനാഘോഷം. പ്രധാനമന്ത്രി നെഹ്റു ആഗസ്റ്റ് 15-നു് റെഡ്ഫോർട്ടിൽ പതാക ഉയർത്തിക്കൊണ്ടു് ഒരു മഹായോഗത്തിൽ പ്രസംഗിക്കുന്നു.

ഉണ്ണുനീലിസന്ദേശം

ചരിത്രദൃഷ്ടിയിൽക്കൂടി

ഇളംകുളം പി. എൻ. കുഞ്ഞൻപിള്ള

സാഹിത്യപരമായും ചരിത്രപരമായും ഇതുവരെ അറിയപ്പെടാത്ത പല സംഗതികളും വെളിയിൽ കൊണ്ടുവരുന്നു. പണ്ഡിതന്മാർക്കുപോലും ഗ്രഹിക്കാൻ കഴിയാതിരുന്ന പല പഴയപദങ്ങളുടേയും അർത്ഥം വിശദമാക്കിയിരിക്കുന്നു. പണ്ഡിതന്മാർക്കും സാഹിത്യവിദ്യാർത്ഥികൾക്കും വളരെ പ്രയോജനകരം.

വില രൂപാ ഒന്നര.

എഡ്യൂക്കേഷണൽ സപ്ലൈസ് ഡിപ്പോ,

തിരുവനന്തപുരം.

പഞ്ചവത്സര നാഷണൽ സേവിംഗ്സ്
സർട്ടിഫിക്കറുകൾ പുത്തിയായവ
ഇപ്പോൾ 7 കൊല്ലത്തേക്കുകൂടി
നിലനിറുത്താവുന്നതാണു്.

പഞ്ചവത്സര നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറുകൾ ഇപ്പോൾ കൊടുക്കുന്നതു് നിറുത്തലാക്കിയിരിക്കയാണെങ്കിലും, ഈ സർട്ടിഫിക്കറ്റ് ഉടമസ്ഥർ, അവരുടെ താല്പര്യസംരക്ഷണം, കാലാവധി പൂത്തിയായതിനുശേഷം 7 കൊല്ലംവരെ തുടർന്നു് നിലനിറുത്താവുന്നതാണു്.

100 രൂപയ്ക്കു് 150 രൂപ

ഉദാഹരണമായി ഈ സർട്ടിഫിക്കറുകളിൽ നിങ്ങളുടെ നിക്ഷേപം 100 രൂപയാണെങ്കിൽ 7 കൊല്ലം കഴിഞ്ഞു് മാറിക്കിട്ടുന്ന പണത്തിന്റെ തുക രൂ: 150 ആണു്.

ക്യാഷ് വില കാലം

കാലാവധി പൂത്തിയായതിനുശേഷം നിങ്ങൾക്കു് എപ്പോൾവേണമെങ്കിലും മാറി എടുക്കാവുന്നതും കിട്ടുന്ന പണം തഴെ വിവരിക്കുന്നതുമാകുന്നു.

രൂ: 120/- ഒരുകൊല്ലം കഴിഞ്ഞു്	രൂ: 135/- 4-ാംകൊല്ലംകഴിഞ്ഞു്
രൂ: 125/- 2-ാമത്തെ കൊല്ലംകഴിഞ്ഞു	രൂ: 140/- 5-ാമത്തെകൊല്ലംകഴിഞ്ഞു
രൂ: 130/- 3-ാംകൊല്ലം കഴിഞ്ഞു്	രൂ: 145/- 6-ാംകൊല്ലംകഴിഞ്ഞു്

അഞ്ചുകൊല്ലത്തെ കാലാവധിയുള്ള സർട്ടിഫിക്കറുകൾ ഏഴുകൊല്ലംകൂടി തുടരുന്നതു് നിങ്ങൾക്കു ലാഭകരമാണു്.

നാഷണൽ സേവിംഗ്സ് കമ്മീഷണർ ശവ: ഓഫ് ഇൻഡ്യ, ഗോർട്ടൺ കാസിൽ, സിംല 3-പുറപ്പെടുവിക്കുന്ന പരസ്യം.


രജി: നമ്പർ: 1905. കമ്പി: 'Republic'

വൻപിച്ച സമ്മാനം

നിങ്ങൾക്കും ഒരു നേടാം!

എല്ലാ സമ്മാനങ്ങളും ഉത്തരവാദമുള്ളതു്

ഒരേ ശരിഉത്തരത്തിനും രൂ: 3000/- ആദ്യരണ്ടുവരി ശരിയാക്കുന്നവക്കു് രൂ: 750/- അടുത്ത ഒരുവരി ശരിയാക്കുന്നവക്കു് രൂ: 75/- അതിനടുത്ത രണ്ടക്കം ശരിയാക്കുന്നവക്കു് രൂ: 15/-



5 മുതൽ 20 വരെയുള്ള അക്കങ്ങൾകൊണ്ടു് നേരെയും കുറുകെയും കോണോടുകോണും കൂട്ടിയാൽ ആകെത്തുക 50 കിട്ടത്തക്കവണ്ണം പൂരിപ്പിക്കുക. ഒരക്കം ഒരുത്തരത്തിൽ ഒരുപ്രാവശ്യമെ ഉപയോഗിക്കാവൂ.

അവസാനതീയതി: 10-9-'53.

ഉത്തരം 18-9-'53.

പ്രവേശനഫീസ്: ഒരുത്തരത്തിനു് രൂ: 1/- 4 ഉത്തരങ്ങൾക്കു് രൂ; 3/- 16 ഉത്തരങ്ങൾക്കു് രൂ: 10/- മാത്രം.

കഴിഞ്ഞ ശരിഉത്തരം
തുക 46.

11	13	4	8
15	16	9	6
8	7	14	17
12	10	19	5

നിബന്ധനകൾ:—നിശ്ചിത ഫീസുസഹിതം പൊള്ളക്കടലാസിൽ എഴുതിയ എത്ര ഉത്തരങ്ങളും അയയ്ക്കാം. മണിഓർഡർരസീതോ, പോസ്റ്റൽഓർഡറോ, ബാങ്ക് ഡ്രാഫ്റ്റോ ഉത്തരത്തോടൊപ്പം അയയ്ക്കണം. മീററിലെ ഒരു പ്രധാനബാങ്കിൽ സീൽചെയ്തു് സൂക്ഷിച്ചിരിക്കുന്ന ഉത്തരത്തിനു് സമമാകുന്നതാണു് ശരിഉത്തരം. ഇംഗ്ലീഷ് അക്കങ്ങൾ എഴുതണം. എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽ. ഉത്തരം അറിയണമെന്നുള്ളവർ സ്വന്തം മേൽവിലാസം എഴുതിയ ഒരുപോസ്റ്റ്കവർ അയയ്ക്കേണ്ടതാണു്. മത്സരങ്ങൾ അവസാനവും നിയമാനുസൃതവുമായ തീരുമാനമായിരിക്കും. ഉത്തരങ്ങളും തുകയും അയയ്ക്കേണ്ട മേൽവിലാസം:

LIBERTY CONCERNS Regd. (M.R.)
P. B. 86, Sadar, MEERUT, U. P.


പൊന്നോണമാധുരികാം

— സി. ജെ. മണ്ണമ്മൂട് —

കരിമേഘമാലകൾ മാഞ്ഞുമാഞ്ഞു
കനകാഭമാകുന്ന നീലവാനം.
മലമോളിൽ പച്ചപ്പുടപ്പിലൂടെ
നലമോടുയരുന്ന ബാലസൂര്യൻ.
നവവത്സരത്തിൻ പിറപ്പുവാഴ്ചി
നുകാകളികൾ, കിളി മുഴക്കി.
കുറുമൊഴിമുക്കുറി ചെമ്പകവും
തിറമെഴും പൂക്കളണിഞ്ഞുനീളെ
മലയാളനാട്ടിന്റെ മാത്തടത്തിൽ
മലർമാലചാർത്തിച്ചു നിൽപുചേലിൽ.
മധുരസ്വപ്നങ്ങളിൽ മുങ്ങിമുങ്ങി
മലനാട്ടിലാനന്ദം തിങ്ങിവിങ്ങി,
ധവളമേഘങ്ങളാൽ കോടിചാർത്തി
ഗഗനവും പെട്ടെന്നണിഞ്ഞൊരുങ്ങി.
പവിഴക്കതിരുകൾകൊണ്ടു പാടം
പരിചെഴും പൂമ്പട്ടുടുത്തുമിന്നി.
തരുവും ലതകളും പൂവിൽമുങ്ങി
അരുവികൾ പൊട്ടിച്ചിരിച്ചുനീങ്ങി.
ചെറുചെറുവീടുമലങ്കരിച്ചു
നറുമലർത്തൊത്തിനാലങ്കണങ്ങൾ.
തിരതല്ലുമാഹ്ലാദമോടെയെങ്ങും
തലതല്ലി കൂട്ടികളാർത്തിടുന്നു.
അനുപമഗാനങ്ങളാലപിക്കു—
ന്നവരെല്ലാമൂഞ്ഞാലിലേറിടുമ്പോൾ.
മധുരമനോഹരമസ്വനങ്ങൾ
മലയാളനാട്ടിന്റെ മമ്മരങ്ങൾ
ഒരുതെല്ലുനേരം ശ്രവിച്ചിടുവാൻ
വരിക സഹജരേ! നിങ്ങളെല്ലാം.

* * *

"തിരുവോണംവന്നല്ലോകേരളത്തിൽ
പെരിയമഹോത്സവഘോഷമോടെ.
വരുമല്ലോ മാവേലിനാടുകാണ്മാൻ
സുകയൊരുക്കീടുവിനോണമുണ്മാൻ
ഉരിതംപിടിച്ച പഴങ്കഥകൾ
മറവിയിലേയ്ക്കു് നമുക്കെറിയാം.
കൂടിലും കൊട്ടാരവുമൊന്നുപോലെ
കൊടിയേറുന്നോണോത്സവത്തിനായി.
സമതൻഭാവനയൊന്നുനമ്മിൽ
സസുഖമീയോണമണച്ചിടുന്നു.



ഗ്രന്ഥവിചാരം

കാമന്ദകീയനീതിസാരം

(കിളിപ്പാട്ട്)

ഗ്രന്ഥകർത്താ—

പി വി നാണുപിള്ള ബി. എ.

തിരുവിതാംകൂർ സംസ്കൃതകലാശാലാ പ്രൊഫസർ

വി: ശ്രേ: 2.

കൗടിലീയാർത്ഥശാസ്ത്രത്തിന്റെ സംക്ഷിപ്താഭിപ്രായം കഴിഞ്ഞ ഒരവസരത്തിൽ ഈ പംക്തികളിൽ കൊടുക്കയുണ്ടായല്ലോ. ഭരതരാഷ്ട്രമീമാംസയുടെ പരമോൽകൃഷ്ടലക്ഷ്യമായ ആ ഗ്രന്ഥത്തെ സംക്ഷിപ്തമാക്കി സംഗ്രഹിച്ചതാണ് കാമന്ദകീയനീതിസാരം. അത്ഥശാസ്ത്രപ്രസിദ്ധമായ പ്രകരണങ്ങളെ മുഴുവൻ ഇതു പ്രതിനിധാനംചെയ്യുന്നില്ല. രാജധർമ്മത്തെമാത്രമേ ഇതു സംസ്പർശിക്കുന്നുള്ളൂ. സംസ്കൃതത്തിൽ ഒന്നിലധികം പ്രസിദ്ധവ്യാഖ്യാനങ്ങളും ഇതിനകം കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ക്രിസ്താബ്ദത്തിന്റെ ആദിയിൽ ഇന്ത്യയിൽനിന്ന ബാലിദ്വീപിലേക്കു കുടിയേറിപ്പാർത്ത ഹിന്ദുക്കളും കാമന്ദകീയമെന്നപേരുള്ള ഒരു ഗ്രന്ഥംകൂടി കൊണ്ടുപോയിട്ടുള്ളതായി ആധുനിക ചരിത്രാന്വേഷകർ വ്യക്തമാക്കിയിരിക്കുന്നതുവച്ചു നോക്കിയാൽ പ്രസ്തുത ഗ്രന്ഥത്തിന്റെ പ്രാക്തനതയും പ്രശസ്തിയും പ്രമുഖതയും മനസ്സിലാക്കാൻ സാധിക്കും. രാജവാഴ്ച ഒരു കഴിഞ്ഞകാലസംഭവമായിപ്പോയിരിക്കുന്ന ഈ അവസരത്തിൽ രാജധർമ്മത്തെക്കുറിച്ചു കേൾക്കുവാൻ ആരും ആഗ്രഹിക്കുമെന്നു തോന്നുന്നില്ല. അതിന്റെ വലിയ ആവശ്യവും ഇല്ല. അങ്ങനെ ഈ സംസ്കൃതകലാശാലാ പ്രസിദ്ധീകരണം ഒരു പ്രിയസാധനമായി ആരും വിലയ്ക്കുവാങ്ങുമെന്നുമിടയില്ല. നമ്മുടെ ഉപതികളെ സേവാദ്യാപനമൃത്തിനായി വിടാതെ ധർമ്മപ്രകാരത്തിനുള്ളിൽ അവരെ അസ്വതന്ത്രരാക്കി ബന്ധിക്കയായിരുന്നു ഭരതം. ആ കടുത്ത പരാധീനതയുടെ പരാരാധനൈകതാനതയുടെ പരിണാമവും പരിമുഖവുമായ സ്വരൂപം മനസ്സിലാക്കിയിരിക്കേണ്ടതു ഇന്നത്തെ ജനാധിപത്യവാദികൾക്കു ഒഴിച്ചുകൂടാൻപാടില്ലാത്തതാണ്. അധികാരശക്തിയെ ആധാനംചെയ്യുന്ന ഉപാസനം വാണിജ്യനവതരുടെ സഞ്ചാരമാർഗ്ഗം പുഷ്പാസ്തരണപരിശോഭിതമെന്നുള്ള സാമാന്യധാരണ പരിഹരിക്കുമെങ്കിലും ഈ രാജധർമ്മപ്രബോധനം ആധുനികനു് ഉപകരിക്കാതെ വരികയില്ല. ശാസ്ത്രസഹോദരനനുസരിച്ചുള്ള സാങ്കേതികപദ്ധതിലതയും ധർമ്മതത്പരതോപദേശമുഖ്യതയുംകൊണ്ടു് കരിപുരണ്ടമായി കട്ടിപിടിച്ചിരിക്കുന്ന അവലംബഗ്രന്ഥം കവിതാദ്രവസംധനമാക്കാൻ പുറപ്പെട്ടതു കടുത്ത സാഹസമായിപ്പോയിട്ടുണ്ടെന്നു പറയണം. തിരുവനന്തപുരത്തെ പണ്ഡിതാഗ്രണികളുടെ ഹാസ്യാവലംബം വിവർത്തകനു ഏതുഭവിഷ്യത്തിൽ സുലഭമായി വർത്തിച്ചിരുന്നുവെന്നു് അദ്ദേഹം പ്രസ്താവിച്ചുകാണും.

"ഏവന്റെ പ്രഭവത്തിൽമഹാഭൂതമുലേശ"ത്തിനുമെന്നാരംഭിക്കുന്ന ഗ്രന്ഥമുഖം കേവലം അനാദരവും അശ്രീകരവുമായിട്ടാണ പ്രകൃതത്തിൽ അനുഭവപ്പെട്ടതു. ഉപയുക്തമായ ഉൽകൃഷ്ടസംഹാചയ്ങ്ങളും ഈ ഗണപതിക്കുറിച്ചുതിലെ വിശ്രുതയെ വിശദീകരിച്ചുള്ള ഗ്രന്ഥകർത്താവിന്റെ പേരിലുള്ള മനഃപൂർവ്വത്തിലല്ലായിരിക്കാം, ഒരു കവിയുടെ വിജയം വശ്യവാക്കായിത്തീരുകയെന്നുള്ളതിലാണ് ആ വശ്യവചസ്സിന്റെ സന്ദർഭരസികത ആലോചിക്കുമ്പോഴുള്ള ആനന്ദാനുഭൂതി സഹൃദയമാത്രവേദ്യമാണ്. ഈ മാപനതത്പരം ആധുനികകവിതകളിൽ ഉപയോഗിക്കുന്നതു് നിരാശപ്പെടാൻവേണ്ടി മാത്രമായിരിക്കും, വെറും ശാസ്ത്രദുർഗ്രഹമായിപ്പോയതുകൊണ്ടു് പ്രസിദ്ധ കവിതാസന്ദർഭസമ്പാദനത്തിനു വിവർത്തകനു സൗകര്യം ഉണ്ടായിട്ടില്ലെന്നു സമ്മതിക്കാം.

അഹിംസാസൂനുതോകേന
ഗുണവത,
(ശൗചാ സവ്-
ജീവികളോടാർദ്രതക്ഷമാശീലം

എന്നിങ്ങനെ നിരത്തണമെന്നുവിധത്തിലുള്ളതാണെ അതിന്റെ ഉള്ളടക്കമെന്നും ഗ്രഹിക്കാം. മേല്പറഞ്ഞിരിക്കുന്ന വരിയിൽ കേകയ്യുവേണ്ടുന്ന പാദത്തിപ്പോഴത്തെ പാടെ നിഷേധിച്ചുള്ള സവ്കലാശാലാ പ്രസിദ്ധീകരണവകുപ്പു സ്വാഗതം ചെയ്തിരിക്കുന്നതും അതിലുമേറെ ദയനീയം.

മയ്യേലുംമിഴികളും ചില്ലിവില്ലുംകുളമയ്യയ്യോ കണ്ടാൽപിന്നെയെന്തുകഴമ്പുണ്ടാകും,

സ്ത്രീനിന്ദനമാണ വിവക്ഷയെങ്കിലും വിവർത്തകന്റെ അയ്യയ്യോഎന്ന കൊലവിളിയിൽ ഒരമ്പരപ്പുണ്ടായിപ്പോകുന്നതു സ്വാഭാവികം. കവിതയെസംബന്ധിച്ചിടത്തോളം ഇങ്ങനെ ചിലതൊക്കെ പറയാമെന്നിരുന്നാലും ദുർഗ്രഹമായ ശാസ്ത്രതത്പരസങ്കേതങ്ങൾകൊണ്ടു ദുരധിഗമമായ അവലംബഗ്രന്ഥത്തെ കഴിയുന്നത്രയും ലളിതമായ മലയാളത്തിൽ പകർത്തുന്നതുള്ള പരിശ്രമത്തെ അഭിനന്ദിക്കാതെ വേണം.

—സി. എം. പി.

FOR NEW WATCHES, CLOCKS and REPAIRS also PENS Sales & Service

KRISHNAN NAIR'S WATCH Co

TRICHUR-ERNAKULAM & QUILON

7 നാൾകൊണ്ടു

പ്രമേഹം

സുഖപ്പെട്ടു

മൂത്രത്തിലുള്ള പഞ്ചസാര പോകുന്നതിനാണ് പ്രമേഹ (Diabetes) മെന്നു പറയുന്നതു്. ഇതു ഒരു ഭയങ്കരവ്യാധിയാണ്. പ്രമേഹരോഗി അനുദിനം മരണത്തിലേയ്ക്കു നീങ്ങുന്നു. പ്രമേഹചികിത്സയ്ക്കു ഡാക്ടർമാർ വിധിച്ചിട്ടുള്ളതു് ഇൻസുലിൻ കുത്തിവെപ്പാണ്. ഈ കുത്തിവെപ്പുകൊണ്ടൊന്നും രോഗശമനമുണ്ടാകുന്നതല്ല. കുത്തിവെപ്പിന്റെ ശക്തിയുള്ള കാലത്തോളം പഞ്ചസാര തല്ക്കാലം ഇല്ലാതായി കാണാം.

അധികദാഹം, വിശപ്പ്, ഇടയ്ക്കിടെമൂത്രം പോകുക (പഞ്ചസാരയോടുകൂടി,) ചൊറിയുക എന്നിവയാണ ഈ രോഗത്തിന്റെ പ്രധാനലക്ഷണങ്ങളും. ഇതു കഠിനമായാൽ പ്രമേഹക്കുരു, വീക്കം, തിമിരം മുതലായ രോഗങ്ങളും ബാധിക്കുന്നു.

"വീനസ്സ് ചൂരം" ആധുനികശാസ്ത്രത്തിന്റെ ഒരൽഭുത കണ്ടുപിടിത്തമാണ്. ഇതുപയോഗിച്ചു ആയിരമായിരം പ്രമേഹരോഗികളും മരണത്തിന്റെ പിടിയിൽനിന്നും രക്ഷപ്പെട്ടിട്ടുണ്ട്. "വീനസ്സ് ചൂരം" രണ്ടുനേരം ദിവസം ഉപയോഗിക്കുമ്പോൾത്തന്നെ മൂത്രത്തിലെ പഞ്ചസാര കുറയുകയും ഇടയ്ക്കിടെ മൂത്രം ഒഴിയുന്നതു് നിൽക്കുകയും ചെയ്യുന്നു. മൂന്നാലുദിവസം കൊണ്ടുതന്നെ പകുതി സുഖമായ അനുഭവം ഉണ്ടാകുന്നു. യാതൊരു പ്രത്യേക പഥ്യമോ കുത്തിവെപ്പോ ആവശ്യമില്ല. കൂടുതൽ വിവരത്തിനു് ഇംഗ്ലീഷ് ലഘുലേഖയ്ക്കു് ആവശ്യപ്പെടുക. 50 ഗുളികയുള്ള കുപ്പിക്കു് വില 6 രൂ. 12 ണ. പാക്കിങ്ങുപോസ്റ്റേജു് സൌജന്യം.

Venus Research Laboratory.
P.B. No. 587, Calcutta,(MNW)

വിഭവസമ്പത്തിൻകൊട്ടമുടികവും
വിറകൊംകയാമിതുകണ്ടിട്ടുമ്പോരം
തിരുവോണമൊന്നുനമുക്കുനാളെ
വരുമിതിനേക്കാളുപരിയായി.
അതിനുടെവീഥിയിൽ പൂവിരിക്കാ—
നതിമോഹമോണമിന്നെത്തിട്ടുന്നു
തിരുവോണമെത്തുന്നു കേരളത്തിൽ
പെരിയമഹോത്സവഘോഷമോടെ!"

* * *

ചുരുളുന്നു പുത്തനാം വത്സരത്തിൻ
ചുമരിലെ നല്ല യവനികകൾ.
അവിടെയാരംഗത്തുപൂവിൽമുങ്ങി—
യണയുന്നു പൊന്നോണമാധുരികൾ.



ലോകവൃത്താന്തഗതി

വളരെ പ്രധാനവും അർഹിക്കുന്ന പലതും സംഭവിച്ച ഒരാഴ്ചയാണ് ഇക്കഴിഞ്ഞതു്. കൊറിയൻ യുദ്ധവിരാമസന്ധിക്കു ശേഷമുള്ള ആദ്യ ജനറൽ അസംബ്ലിയോഗം ഇക്കഴിഞ്ഞ 17-നു-കൂടി. കൊറിയൻ കാര്യങ്ങളെസംബന്ധിച്ച തീരുമാനം കൂപ്പിക്കാനുള്ള രാഷ്ട്രീയസമ്മേളനം ശ്രീപികരിക്കുക എന്നതായിരുന്നു പ്രധാന ആലോചനാവിഷയം. അസംബ്ലി ഇക്കാര്യം തീരുമാനിക്കുന്ന ചുമതല പൊളിറ്റിക്കൽകമ്മിറ്റിക്കു വിട്ടുകൊടുത്തു. പൊളിറ്റിക്കൽ കമ്മിറ്റിയിലുംകൂടെ ഒരു രഞ്ജുകമനോഭാവം കാണുന്നില്ല. യുദ്ധത്തിൽ നേരിട്ടു പങ്കെടുത്ത രാജ്യങ്ങൾക്കുമാത്രമെ പൊളിറ്റിക്കൽ കൺഫറൻസിൽ പ്രാതിനിധ്യം ഉണ്ടായിരിക്കാവൂ എന്നാണ് അമേരിക്കയുടെ നില. അതൊരു വട്ടമേശസമ്മേളനമായിരിക്കണമെന്നും കൊറ്യങ്ങളും തീരുമാനിക്കുന്നതിനുള്ള കൺഫറൻസായിരിക്കണമെന്നും അമേരിക്ക വാദിക്കുന്നു. ഈ കാരണത്താൽ ഇന്ത്യയും റഷ്യയും പൊളിറ്റിക്കൽകൺഫറൻസിൽ പങ്കെടുക്കുന്നതിനോടു് അമേരിക്ക എതിരാണു്. ഇന്ത്യയുടെ പ്രതിനിധിയും നൽകുവാൻ ജനറൽഅസംബ്ലി തീരുമാനിച്ചാൽ അമേരിക്ക ഐക്യരാഷ്ട്രസംഘത്തിൽനിന്നു പിൻവാങ്ങണമെന്നുവരെയും ഭീഷണിയുണ്ടായിരുന്നു. ഇന്ത്യയുടെ നിർദ്ദേശങ്ങൾ ഏറെക്കുറെ അനുകൂലമായി വന്ന ഇന്ത്യൻപക്ഷം മദ്ധ്യസ്ഥൻമാരിൽനിന്നു കൂപ്പുകയറിക്കഴിഞ്ഞു. സെപ്തംബർ മദ്ധ്യത്തോടു് അവർ അവിടെ എത്തുന്നതാണു്. അവരുടെ പ്രവർത്തനസൗകര്യത്തെപ്പറ്റിയും മറ്റും അന്വേഷിക്കുവാൻ കൊറിയയിലേയ്ക്കുപോയിരുന്ന ആർ. കെ. നെഹ്റുവിന്റെ നേതൃത്വത്തിലുള്ള മുന്നോടിസംഘം മടങ്ങിഎത്തിയിട്ടുണ്ടു്. ഇരുകക്ഷികളിൽനിന്നും സഹായകമായ ഒരു നിലപാടാണു് തങ്ങൾക്കു് അനുഭവപ്പെട്ടതെന്നു പ്രതിനിധിസംഘാംഗങ്ങൾ പ്രസ്താവിച്ചിരിക്കുന്നു.

* * *

സെപ്തംബർ ആദ്യം നടത്താൻതീരുമാനിച്ചിരുന്ന നെഹ്റു-അലിസംഭാഷണം, കാശ്മീർസംഭവത്തെ തുടർന്നു പാകിസ്ഥാനിലുണ്ടായ പ്രതിഷേധതരംഗങ്ങളുടെഫലമായി ഇക്കഴിഞ്ഞ ഞായറാഴ്ചമുതൽ നടന്നു. അതിനായി ഡെൽഹിയിലെത്തിയ പാകിസ്ഥാൻ പ്രധാനമന്ത്രിക്കും പത്നിക്കും ഗംഭീരമായ സ്വീകരണമാണു നൽകപ്പെട്ടതു്. പാകിസ്ഥാൻ വിദേശകാര്യമന്ത്രി സഫറുള്ളാഖാനും ഡെൽഹിയിൽ എത്തിയിട്ടുണ്ടു്. രണ്ടു പ്രധാനമന്ത്രിമാരുംതമ്മിൽ പലപ്രാവശ്യം സംഭാഷണങ്ങൾ നടന്നുവെങ്കിലും അതിൽനിന്നുണ്ടായ ഫലമെന്തെന്നു് അറിവായിട്ടില്ല. കാശ്മീരിനെയും കൊറിയായേയും സംബന്ധിച്ച പ്രധാനമന്ത്രി പാർലമെൻറിൽ പ്രസ്താവനചെയ്തപ്പോൾ മഹമ്മദലിയും സന്നിഹിതനായിരുന്നു. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള തർക്കങ്ങൾക്കു് സൗഹാർദ്ദപരമായ പരിഹാരത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുന്നതിനുള്ള ഉദ്ദേശനിശ്ചയം പ്രധാനമന്ത്രി ആവർത്തിച്ചു പ്രസ്താവിച്ചു.

* * *

ഷേക്ക് അബ്ദുള്ളയെ തടങ്കലിൽ വച്ചതിനെത്തുടർന്നു് കാശ്മീരിൽ അങ്ങിങ്ങായി ഉണ്ടായ അസ്വസ്ഥതയും അവസാനിച്ചിരിക്കുന്നു. ബക്ഷിഗുലാംമുഹമ്മദിന്റെ രാജ്യത്തിന്റെ എല്ലാഭാഗത്തുനിന്നും വർദ്ധമാനമായ പിന്തുണലഭിച്ചിട്ടുണ്ടു്. പുതിയ രണ്ടു മന്ത്രിമാരെക്കൂടി തന്റെ മന്ത്രിസഭയിൽ അദ്ദേഹം ഉൾപ്പെടുത്തി. ജനങ്ങളുടെ സമ്പത്തികവിഷമതകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ടു്.

* * *

ഇറാനിൽ ഡോ: മുസാദിക്കിനെ ഭരണസ്ഥാനഭ്രഷ്ടനാക്കുന്നതിനുള്ള കൊട്ടാരം സൈന്യത്തിന്റെ ശ്രമം പരാജയപ്പെട്ടതിനെത്തുടർന്നു് ഷാ പലായനം ചെയ്തിരിക്കുന്നു. അദ്ദേഹവും പത്നിയും ലണ്ടനിലേക്കുള്ളമാർഗ്ഗമധ്യേ ഇറാലിയിലുണ്ടു്. ഇറാനിൽ ഷായ്ക്കു വിരുദ്ധമായും മുസാദിക്കിനു അനുകൂലമായും ഉള്ള പ്രക്ഷോഭണങ്ങളും ശക്തിപ്രാപിച്ചുവരുന്നു. രാജ്യം ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിക്കണമെന്ന വാദവും ഉയർന്നുവന്നിട്ടുണ്ടു്. ഇപ്പോൾ ഒരു റീജൻസി കൗൺസിൽ സ്ഥാപിച്ചിരിക്കുകയാണു്. ഇതിനിടയിൽ പുതിയ തെരഞ്ഞെടുപ്പിനുള്ള സംരംഭവും അവിടെ ആരംഭിച്ചിട്ടുണ്ടു്.

* * *

മൊറോക്കോവിലെ അന്തർദ്ദേശീയപ്രശ്നം ഫ്രഞ്ചുധർമ്മമാണു്. മൊറോക്കൊ സുൽത്താന്റെ വൈദികാധികാരം പ്രഖ്യാപിക്കുവാൻ ഫ്രഞ്ചുഗവൺമെൻറ് എടുത്തു് സുൽത്താനെ ഒരു അമ്മാവനെ നൽകിയതിനെത്തുടർന്നു് അവിടെ അന്തശ്ഛിദ്രങ്ങളും സംഘട്ടനങ്ങളും നടന്നു.

* * *

ഏറ്റവും വലിയ രണ്ടുമുന്നു പണിമുടക്കുകളും കഴിഞ്ഞയാഴ്ച നടന്നു. ഫ്രാൻസിലെ പരേജീവിതം ആകെ സ്തംഭിപ്പിക്കുന്നവിധമായിരുന്നു അവിടെനടന്ന പണിമുടക്കു്. നാല്പതുലക്ഷം തൊഴിലാളികളാണു് അതിൽ പങ്കെടുത്തതു്. ശവക്കഴിതോണ്ടുന്നവർപോലും ഈ പണിമുടക്കിൽ പങ്കെടുത്തു എന്നുപറഞ്ഞാൽ അതിന്റെ വ്യാപ്തി മനസ്സിലാക്കാവുന്നതാണു്. സിലോണിലെ പണിമുടക്കും വ്യാപ്തിയേറിയതായിരുന്നു. എന്നാൽ ഫ്രാൻസിലെമാതിരി അച്ചടക്കമോ അക്രമരാഹിത്യമോ അവിടെ പാലിക്കപ്പെട്ടില്ല. പണിമുടക്കുകാർ പൊതുമുതലിനു വലിയ നാശനഷ്ടങ്ങളും വരുത്തിവച്ചു. ജപ്പാനിലെ അമേരിക്കൻ വിമാനത്താവളങ്ങളിലെ ജോലിക്കാരുടെ പണിമുടക്കും വിജയപ്രദമായിരുന്നു.

* * *


ഇറാലിയിൽ പുകിയഗവൺമെൻറ് ശ്രീപികരിക്കപ്പെട്ടിരിക്കുന്നു. ജർമ്മനിയെപ്പറ്റി റഷ്യ ഇയ്യിടെ പുറപ്പെടുവിച്ച നിർദ്ദേശത്തെപ്പറ്റി ആലോചിക്കുവാൻ അവധിയിലിരുന്ന ചർച്ചിലിന്റെ അധ്യക്ഷതയിൽ ബ്രിട്ടീഷ് മന്ത്രിസഭയുടെ ഒരു അടിയന്തിരയോഗംകൂടി. ജർമ്മനിയുടെ ഏകീകരണത്തിനായി ഒരു അഖില ജർമ്മൻഗവൺമെൻറ് തൽക്കാലികമായി രൂപീകരിക്കണമെന്നാണു റഷ്യയുടെ നിർദ്ദേശം. കംബോഡിയയ്ക്കു ചിലകാര്യങ്ങളിൽ പൂർണ്ണഅധികാരം നൽകാമെന്നു ഫ്രാൻസ് സമ്മതിച്ചിരിക്കുന്നു.

* * *

ആന്ധ്രാബില്ലിനെപ്പറ്റി അനുഭാവസമായി നടന്നുവന്ന പൊതുചർച്ചകൾ അവസാനിച്ചിരിക്കുന്നു.

* * *

ഗോദാവരിയിലും മറ്റിസ്സായിലെ നദികളിലും വലിയ വെള്ളപ്പൊക്കമുണ്ടായി. കഴിഞ്ഞ 53 വർഷങ്ങൾക്കുശേഷമുണ്ടായിട്ടുള്ളതിലേയ്ക്കുവച്ചു വലിയ വെള്ളപ്പൊക്കമാണ് ഗോദാവരിയിലുണ്ടായതു്. ജനുലും രാജമുന്ദ്രിപട്ടണത്തിൽ വെള്ളപ്പൊക്കമുണ്ടാകുകയും വളരെപ്പേർക്കു് കനത്തനഷ്ടങ്ങൾ ഭവിക്കുകയുംചെയ്തു.



വായനക്കാർ പറയുന്നു

ആഴ്ചപ്പതിപ്പിന്റെ ഉത്ഭവകാലംമുതൽ തുടർച്ചയായി വായിക്കുന്ന ഒരു വ്യക്തിയാണു് ഞാൻ. 19-ാംതീയതിയിലെ 30-ാംലക്കത്തിൽ ശ്രീ: പുത്തേഴത്തു രാമമേനോൻ അവർകളുടെ വിദ്യാർത്ഥികളും ബ്രഹ്മചര്യവും എന്ന ലേഖനം നമ്മുടെ സകല വിദ്യാലയങ്ങളിലും ഉറക്കെവായിക്കുന്നതിനു് പ്രസിദ്ധപ്പെടുത്തുന്നതിനു് സർക്കാരിനെ ഉൽബോധിപ്പിക്കണമെന്നു് അപേക്ഷയുണ്ടു്.

വിധേയൻ, ജി. കൃഷ്ണപിള്ള
ചെറുർത്ഥ്യാകരി, 13-8-53.

★

ആഴ്ചപ്പതിപ്പിൽ ശ്രീ: പുത്തേഴത്തു രാമമേനോന്റെ "വിദ്യാർത്ഥികളും ബ്രഹ്മചര്യവും" എന്ന ഒരു ലേഖനം കണ്ടു. ഇന്നത്തെ വിദ്യാർത്ഥികളുടെ വഴിപിഴച്ച പോക്കിനെപ്പറ്റിയും നിയന്ത്രണരഹിതമായ പ്രവൃത്തികളെപ്പറ്റിയും പഠഞ്ഞിരിക്കുന്നു. പണ്ടു 'ഗുരുകുലവാസ'കാലത്തുണ്ടായിരുന്ന ബ്രഹ്മചര്യനിഷ്ഠയേപ്പറ്റിയെല്ലാം ഉരുവിട്ടിരുന്നു. പക്ഷേ ശരിയായബ്രഹ്മചര്യം അനുഷ്ഠിക്കേണ്ടതെങ്ങനെയെന്നോ, ഇന്നത്തെ നിലനിന്നാക്കാൻ ഏതു മാർഗ്ഗം സ്വീകരിക്കണമെന്നോ നിർദ്ദേശിക്കുന്നില്ല. സിനിമാകാണാതിരിക്കലോ സ്ത്രീകളോടു സംസാരിക്കാതിരിക്കലോ പുഷ്പം മണപ്പിക്കാതിരിക്കലോ ആണോ ഇതിനു കൽപ്പിക്കുന്ന പ്രതിവിധി.

പതിനാറാംവയസ്സിൽ വിവാഹം കഴിച്ചു് രണ്ടുമുന്നു കുട്ടികളുടെ പിതാവായ ഗാന്ധിജിയേ, ആധുനികകാലത്തിലെ മഹാബ്രഹ്മചാരിഎന്നുവിളിക്കുന്നു. ഇതൊരു തികഞ്ഞ വിരോധാഭാസമല്ലേ.

കെ. സി. പിള്ള, ബാംബേ.

★

(2-ംപേജിൽനിന്നു തുടർച്ച)

സ്നേഹിക്കുന്നില്ലെന്നു തെറ്റിദ്ധരിപ്പിച്ചുകൊണ്ടു അവിടെനിന്നും അല്പത്യക്ഷയായി. അന്നുമുതൽ ഡാക്ടർക്കു നേഴ്സ് എന്നുവർത്തോടു പൊതുവെ വെറുപ്പായിരുന്നു. ഡാക്ടർ മറ്റൊരു സ്ത്രീയെ വിവാഹംചെയ്യുകയും അവരിൽ ഇന്ദ്രനാഥൻ എന്നൊരു മകൻ ജനിക്കുകയുംചെയ്തു. മകൻ പ്രായമായതോടെ മീനം എന്നൊരു നേഴ്സിനെ പ്രണയിക്കുവാൻ ആരംഭിച്ചു. ഡാക്ടർക്കു ഇതു അശേഷം രുചിച്ചില്ല. ഒരു യോഗത്തിൽവെച്ചു ജിതേന്ദ്രനാഥ് നേഴ്സുകളെ കണക്കിലധികം അധിക്ഷേപിച്ചു. അതിനുള്ള കാരണവും എല്ലാവർക്കും അറിവുള്ളതായിരുന്നു. ഏതായാലും കുഴപ്പങ്ങളും ഒഴിവാക്കുന്നതിനായി മീനയും രംഗത്തുനിന്നു അപ്രത്യക്ഷയായി. ഈ നില തുടരുന്നതു് ആശാസ്യമല്ലെന്നു നേഴ്സുമാർ തീരുമാനിച്ചു. അവർ സംഘടിച്ചു; പണിമുടക്കം തുടങ്ങി. അവസാനം ജിതേന്ദ്രനാഥ് ഉദ്യോഗം രാജിവെയ്ക്കേണ്ട പരിതഃസ്ഥിതിയും ആവിർഭവിച്ചു. ഈ വിവരമറിഞ്ഞ സ്ഥലത്തെത്തിയ മീന തന്റെ സഹപ്രവർത്തകരും ജിതേന്ദ്രനാഥും തമ്മിൽ ഒരു ഒത്തുതീർപ്പു് ഉണ്ടാക്കുന്നു. മീനയുടെ സ്വഭാവശുദ്ധിയിൽ ജിതേന്ദ്രനാഥിനു് സന്തോഷം ജനിച്ചു. മകൻ മീനയെ വിവാഹംചെയ്യുന്നതിനു അനുവാദം നൽകുകയും ചെയ്തു. ഇതത്രെ മൻസൂരിന്റെ കഥയുടെ രത്നച്ചുരുക്കം.

ബിനോയിചാറ്റർജിയാണു് മൻസൂരിന്റെ കഥ എഴുതിയതു്. ഒരു പ്രത്യേക ഉദ്ദേശത്തിലാണു് ഈ കഥ രചിച്ചിരിക്കുന്നതു്. നേഴ്സുമാർ സാമ്പത്തികമായി അധഃപതിച്ച കൂട്ടരാണെന്നാണു് പൊതുവേയുള്ള ധാരണ. അവരിൽ കൊള്ളരുതാത്തവരുണ്ടെന്നുള്ളതാണു് പരമാർത്ഥവും. പുരുഷന്മാരോടു് സ്വാതന്ത്ര്യമായും അടുത്തും പെരുമാറുന്ന ഇക്കൂട്ടർ പലപ്പോഴും അപവാദത്തിനു പാത്രമാകുന്നുണ്ടു്. പക്ഷേ അവർ അനുഷ്ഠിക്കുന്ന മനുഷ്യസേവനത്തെ മാനിക്കാതെ തരമില്ല. നേഴ്സുമാരെ അർഹിക്കുന്ന തരത്തിൽ ബഹുമാനിക്കുന്ന പരിതഃസ്ഥിതി സംജാതമാകുമെന്നാണു് കഥാകൃത്തിന്റെ ഉദ്ദേശിക്കുന്നതു്. ഈ വീക്ഷണകോണത്തിൽക്കൂടി ചിന്തിക്കുന്നപക്ഷം മൻസൂരിന്റെ കഥ കാലോചിതവും പുരോഗമനാത്മകവുമായിട്ടുണ്ടു്. കഥയ്ക്കു ഒരു ഉദ്ദേശ്യവും ലക്ഷ്യവുമുണ്ടു്.

പ്രസിദ്ധ അഭിനേത്രിയായ ഭാരതീദേവിയാണു് ഈ ചിത്രത്തിൽ നായികയുടെ ഭാഗം അഭിനയിച്ചിരിക്കുന്നതു്. 'ഡാക്ടർ' 'സഹോദരി' തുടങ്ങിയ ചിത്രങ്ങളിൽ സ്വതഃസിദ്ധമായി അഭിനയിച്ച സിനിമാപ്രേമികളുടെ അഭിനന്ദനത്തിനു പാത്രമായിട്ടുള്ള നടിയത്രെ ഭാരതീദേവി. ഭാരതീദേവിയുടെ അഭിനയവും പുഞ്ചിരിയും ആരേയും ആകർഷിക്കാതിരിക്കയില്ല. ഈ ചിത്രത്തിൽ കഥാനായകനായി പ്രത്യക്ഷപ്പെടുന്നതു് അശിത്ബാരനാണു്. ആ നടൻ ഈ ചിത്രത്തിൽ വികാരനിർഭരമായോടെ അഭിനയിച്ചു വിജയം വരിച്ചിട്ടുമുണ്ടു്. ഡാക്ടറുടെ ഭാഗം ഛാഞ്ചിശ്രമസ് തന്മയത്വമായി അഭിനയിച്ചിട്ടുമുണ്ടു്. ചന്ദ്രാവതിക്കു ഈ ചിത്രത്തിൽ അഭിനയിക്കുന്നതിനു അധികം സന്ദർഭങ്ങളും ലഭിച്ചിട്ടില്ല. എങ്കിലും ഉള്ള ഭാഗം തന്നെ മിഴിവോടുകൂടി ആ നടി അഭിനയിച്ചിട്ടില്ല. മാറാള്ള നടീനടന്മാർ സാമാന്യം ഭേദപ്പെട്ടനിലയിൽ അഭിനയിച്ചിട്ടുണ്ടു്.

സുബോധ്മിത്രാ ചിത്രം ബോധപൂർവം സംവിധാനംചെയ്തിട്ടുണ്ടു്. ചിത്രത്തിന്റെ ദൈർഘ്യം കുറയ്ക്കുന്നതിനു ഡയറക്ടർ ചെയ്തിട്ടുള്ള ശ്രമം ശ്ലാഘനീയമായിട്ടില്ല. ഡാക്ടറും നേഴ്സുമായുള്ള ഇണക്കവും പിണക്കവും മറ്റും വളരെവേഗം അവസാനിക്കുന്ന രംഗങ്ങളായിട്ടാണു് പ്രദർശിപ്പിച്ചിരിക്കുന്നതു്. അതുകൊണ്ടു് ആമാതിരി രംഗങ്ങളും പ്രേക്ഷകഹൃദയങ്ങളിൽ തറഞ്ഞുനിൽക്കുന്നതിൽ പ്രായേണ ജനപ്പെട്ടിട്ടില്ല. ഭൗതീദേവിയും ആശുപത്രിയിൽ രോഗിയായിക്കിടക്കുന്ന ബാലനും തമ്മിലുള്ള വാത്സല്യവും സ്നേഹവും അവർ ആശുപത്രിവിട്ടുപോകുമ്പോഴും ആ ബാലനെ ചെന്നു് കാണുന്നരംഗവും ഏതൊരു ഹൃദയത്തിലും പുളകോൽഗമമുണ്ടാക്കാതിരിക്കയില്ല. വലതുകൈ നഷ്ടപ്പെട്ട രോഗി ഒരുകൈകൊണ്ടു് വയലിൻകയികം മീട്ടുന്നരംഗവും മറ്റും ഡയറക്ടർ ഭംഗിയായി സംവിധാനംചെയ്തിട്ടുണ്ടു്. സംവിധായകന്റെ ഭാവനാശക്തിയെ എടുത്തുകാണിക്കുന്ന പലരംഗങ്ങളും ഈ ചിത്രത്തിൽ ചൂണ്ടിക്കാണിക്കാവുന്നതാണു്. ചുരുക്കത്തിൽ സുബോധ്മിത്രായുടെ തൃപ്തികരമായ സംവിധാനമാണു് ചിത്രത്തെ കാണാൻകൊള്ളാവുന്ന ഒന്നാക്കിത്തീർത്തിരിക്കുന്നതു്.

പങ്കജമല്ലിക്കിന്റെ സംഗീതസംവിധാനത്തിലുള്ള വൃക്തിത്വം മൻസൂരിൽ ദർശിക്കാവുന്നതാണു്. ഗാനങ്ങളും പൊതുവെ എണ്ണത്തിൽ കുറവാണു്. ഗാനങ്ങളൊന്നും അസ്ഥാനത്തല്ലെന്നുള്ളതാണു ചിത്രത്തിന്റെ മറ്റൊരുനേട്ടം. കണ്ണപ്പിയുഷ്ണ്ടായ ഇതിലെ ഗാനങ്ങളും ശ്രോതാക്കളെ ആനന്ദത്തിൽ ആറാടിക്കുന്നു. സംഭാഷണങ്ങളും നന്നായിട്ടുണ്ടു്. ശബ്ദലേഖനം തൃപ്തികരമായിട്ടുണ്ടു്. ഛായാപടലേഖനം പ്രത്യേകപ്രശംസയെ അർഹിക്കുന്നു. ചിലരംഗങ്ങൾക്കുവേണ്ടി തിരഞ്ഞെടുത്തിട്ടുള്ള കോണുകളും ഇതിനുമുൻപു് ഒരുചിത്രത്തിലും കണ്ടിട്ടില്ലാത്തവയാണു്. അപൂർവംചില രംഗങ്ങളിലെ കേമറായുടെ ഗതാഗതിയിലുള്ള ചലനം കാണികളെ അസഹ്യപ്പെടുത്തുന്നുമുണ്ടു്. വിലയേറിയ രംഗവിധാനങ്ങളൊന്നും ചിത്രത്തിലില്ല. അനാവശ്യമായ തമാശകളൊന്നും ചിത്രത്തിൽ സ്ഥലംപിടിച്ചിട്ടില്ല.

കലാപരമായും സാങ്കേതികമായും "മൻസൂർ" ഒരു വിജയമാണു്. പക്ഷേ ചിത്രം സാമ്പത്തികമായ പരാജയമാണു്. കലാപരമായി വിജയിക്കുന്ന ഒരു ചിത്രം സാമ്പത്തികമായി വിജയിക്കുമെന്നു് നിർബന്ധമുണ്ടായിട്ടില്ലല്ലോ. മൻസൂരിന്റെ കഥ വളരെ ലളിതമാണു്. കാപട്യകടമില്ല; കുതിക്കുത്തില്ല; വാൾപയറ്റില്ല; വിഷപാനമോ മരണമോ ഇല്ല, വില്ലനില്ല; വിസ്ഫോടനമില്ല; അസ്വാഭാവത്തുള്ള നൃത്തകോലാഹലങ്ങളില്ല; സെക്സ് അപ്പീൽ ആഭാസങ്ങളില്ല. ഇക്കാരണങ്ങളാൽ മൻസൂർ ഒരു ബോക്സ് ആഫീസ് ചിത്രമായി ഉയർന്നിട്ടില്ല. തൊടിക്കാരുകൾ ഈ ചിത്രത്തിനുവേണ്ടി തള്ളിക്കയറുകയുമില്ല പക്ഷേ സാമൂഹ്യബോധമുള്ള കഥയും വിവരമുള്ള സംവിധാനവും വ്യക്തിത്വമുള്ള അഭിനയവുമാണു് ഒരു നല്ല ചിത്രത്തിന്റെ മാനദണ്ഡമെങ്കിൽ മൻസൂർ ഒരു വിജയമാണു്. മൻസൂരിനെപ്പോലെ ഉന്നതമായ മാനദണ്ഡത്തിൽ ചലച്ചിത്രങ്ങളും നിർമ്മിക്കുന്നപക്ഷം ഇന്ത്യൻ ചലച്ചിത്രവ്യവസായം ആരോഗ്യകരമായി പുരോഗമിക്കുന്നതുമാണു്.

★

വാർത്തകൾ

★

ആദ്യം ഇന്ത്യാറേഡിയോ അധികൃതർക്കു് ചലച്ചിത്രസംഗീതത്തോടു് ബഹുമാനമില്ലെങ്കിലും അവരിപ്പോൾ പങ്കജമല്ലിക്കു്, രാമചന്ദ്രപാൽ തുടങ്ങിയ സംഗീതസംവിധായകരെ സമീപിച്ചു് മുന്തിൽപരം ലളിതഗാനങ്ങളും രചിച്ചുകൊടുക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. ഈ ഗാനങ്ങളെല്ലാം ബോംബൈ, ഡൽഹി, കൽക്കട്ടാ എന്നീ കേന്ദ്രങ്ങളിൽ റിക്കാർഡുചെയ്തതിനുശേഷം പ്രക്ഷേപണംചെയ്യുന്നതായിരിക്കും.

* * *

പ്രൊഡ്യൂസർ ഡയറക്ടർ ചേതൻ ആനന്ദ് അദ്ദേഹം നിർമ്മിച്ചുകൊണ്ടിരിക്കുന്ന "ടാക്സ്സിഡ്രൈവർ" എന്ന ചിത്രത്തിന്റെ ആവശ്യത്തിലേക്കായി ഒരു നർത്തകിയെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

* * *

ബോംബയിലെ ചില പ്രമുഖചലച്ചിത്രനിർമ്മാണകർ ഒരു പുതിയ ചലച്ചിത്രസംഘടന രൂപീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. അവർ മദ്രാസിലേയും കൽക്കട്ടായിലേയും ചില നിർമ്മാണകരെയും സമീപിക്കുകയുണ്ടായി. ഇന്ത്യൻ മോഷൻപിക്ചർപ്രൊഡ്യൂസേഴ്സ് അസോസിയേഷനുമായി I. (M. P. P. A.) ഉണ്ടായ അഭിപ്രായഭിന്നതയാണു് പുതിയ സംഘടനയുടെ രൂപവൽക്കരണത്തിനു പ്രേരിപ്പിച്ചിട്ടുള്ളതും.

* * *

"എന്റർടയിൻമെന്റ്സ് ടാക്സ് ആക്ടിനെ" കാലാവധി മുന്നു കൊല്ലത്തേക്കുകൂടി ദീർഘിപ്പിക്കുന്ന ഒരു ബിൽ മദ്രാസ് നിയമസഭ പാസംക്കിയിരിക്കുന്നു. ഈ നിയമമനുസരിച്ചു് മദ്രാസ് സിറ്റിയിലെ ഒരോ സിനിമാപ്രദർശനത്തിനും രണ്ടരരൂപാ നികുതി നൽകേണ്ടതാണു്. പ്രധാന മുനിസിപ്പാലിറ്റികളിലെ സിനിമാപ്രദർശനത്തിനു് രണ്ടുരൂപായും അപ്രധാന മുനിസിപ്പാലിറ്റികളുടെ പരിധിയിൽപെട്ട പ്രദർശനത്തിനു് മുന്നരൂപായും നൽകണം. ടൂറിങ്ങ് സിനിമായുടെ ഓരോ പ്രദർശനത്തിനും ഒരുരൂപായാണു് നികുതി ചുരത്തിയിരിക്കുന്നതു്. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഈ ഇനത്തിൽ ഗവൺമെന്റിനു് 686,103 രൂപാ ലഭിക്കുകയുണ്ടായി.

* * *

കോലാലംപൂരിലെ മലയൻഫിലിം യൂണിറ്റിന്റെ ലൈബ്രറിയിലുണ്ടായ ഒരു അഗ്നിബാധനിമിത്തം 150 000 ഡോളറോളം വിലവരുന്ന സാമഗ്രഹങ്ങൾ അഗ്നിക്കിരയായിരിക്കുന്നു. വിദ്വേഷ്യുക്തിയുടെ തകരാറിൽ നിന്നാണു് അഗ്നിബാധയുണ്ടായതു്. ഏതാനും ചരിത്രപരമായി നിർമ്മിച്ചിരുന്ന ചലച്ചിത്രങ്ങളും ഡോക്യുമെന്ററിചിത്രങ്ങളും നഷ്ടപ്പെട്ടതുകൂടാതെ 1948-ൽ മലയൻ ഭരണാധികാരികളും ബ്രിട്ടീഷ് ഗവൺമെന്റുമായി നടത്തിയിട്ടുള്ള ചില പ്രമാണങ്ങളും വെന്തു വെണ്ണീറാകുകയുണ്ടായി.

* * *

പാകിസ്ഥാനിലെ ഒരു പ്രസിദ്ധ നടനായ ഇഷ്രാറാണി മെഹബൂബ്, ഏ. ആർ. കർദാർ, ജെ. കെ. നന്ദാ എന്നീ ഇന്ത്യൻ നിർമ്മാതാക്കളുടെ ചില ചിത്രങ്ങളിൽ അഭിനയിക്കുമെന്നു് സമ്മതിച്ചിരിക്കുന്നു. ഇന്ത്യയിൽ താമസിച്ചു് ചലച്ചിത്രങ്ങളിൽ അഭിനയിക്കുന്നതിനുള്ള അനുവാദത്തിനുവേണ്ടി ഇഷ്രാറാണു് പാകിസ്ഥാൻഗവൺമെന്റിനോടും ഇന്ത്യാഗവൺമെന്റിനോടും അപേക്ഷിച്ചിട്ടുമുണ്ടു്.

* * *

ബോംബയിലെ നിർമ്മാതാക്കളായ ഹോമിവാഡിയായും ആസ്പിറാനിയും പാകിസ്ഥാൻസന്ദർശനത്തിനുശേഷം ഇന്ത്യയിൽ മടങ്ങിയെത്തിരിക്കുന്നു.

* * *

പ്രസിദ്ധ ബംഗാളിചലച്ചിത്രനിർമ്മാതാവായ ഹേമചന്ദ്രബാനർജി കൽക്കട്ടയിൽനിന്നു ബോംബയിൽ എത്തിച്ചേർന്നിരിക്കുന്നു. ബോംബയിൽവച്ചു് ഏതാനും ഹിന്ദിചിത്രങ്ങളും നിർമ്മിക്കുന്നതിനും അദ്ദേഹം തീരുമാനിച്ചിരിക്കുന്നു. "നിരക്ഷരർ" "ഇരുപതുകൊല്ലങ്ങൾക്കുമുൻപു്" തുടങ്ങി

യ ബങ്കുമാളിചിത്രങ്ങളുടെ നിർമ്മാതാവാണ് ഗുണമണിബ്രദേഴ്സ്.

* * *

ചന്ദ്രസ്റ്റുഡിയോയിൽ "ഹമീർ" എന്ന ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. ശ്യാമ, രഞ്ജൻ, കുമാൽകപൂർ, വിജയലക്ഷ്മി തുടങ്ങിയ താരങ്ങളാണ് ഈ ചിത്രത്തിൽ പ്രത്യക്ഷപ്പെടുന്നതാണ്.

* * *

ഹാസ്യനടനായ ഒംപ്രകാശും ജയരാജുംകൂടി "ഗുൽഖൻ" എന്ന പേരിൽ ഒരു ഹിന്ദിചിത്രം നിർമ്മിക്കുന്ന ജോലികളും ആരംഭിച്ചിരിക്കുന്നു. നിസാർസുൽത്താന, ജയരാജ്, ഒംപ്രകാശ്, കെ. എൻ. സിംഗ് തുടങ്ങിയവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണ്. ദാനീഷ്ഖാനാണ് ഗാനങ്ങളും രചിച്ചിരിക്കുന്നു.

* * *

ബിമൽറോയി നിർമ്മിച്ച "ദോബിഗാസംമിൻ" എന്ന ചിത്രം ചലച്ചിത്രവ്യവസായത്തിൽ ഒരു ചരിത്രത്തെ സൃഷ്ടിച്ചുകഴിഞ്ഞു. ഇന്ത്യയിൽ ഇതുവരെ നിർമ്മിച്ചിട്ടുള്ള ചിത്രങ്ങളിൽവെച്ച് ഏറ്റവും മെച്ചമായ ചിത്രം "ദോബിഗാസംമിൻ" ആണെന്നാണ് നിരൂപകമതം. ബോംബയിലെ മെട്രോതിയേറ്ററിൽ ഈ ചിത്രം ഒരുവർഷം പ്രദർശിപ്പിച്ചുപോൾ 35732 രൂപാ വാടകയായി ലഭിച്ചു. മറ്റൊരു ചിത്രത്തിനും മെട്രോതിയേറ്ററിൽ ഇതിനകം ഇത്ര ഭീമമായ ഉക പിരിഞ്ഞുകിട്ടിയിട്ടുമില്ല.

* * *


പാകിസ്ഥാനിൽ പ്രദർശിപ്പിക്കുന്ന ചലച്ചിത്രങ്ങളുടെകൂടെ ഗവൺമെന്റിന്റെ ന്യൂസ്റീൽചിത്രങ്ങളും പ്രദർശിപ്പിക്കേണ്ടതാണെന്ന നിർബന്ധനിയമം പാസ്സാക്കിയിരിക്കുന്നു. ഓരോ ചിത്രത്തിനും ലഭിക്കുന്ന ഉകയിൽ രണ്ടുശതമാനം ഗവൺമെന്റിനു നൽകേണ്ടതുമാണ്.

* * *

"മഹാപ്രഭുചൈതന്യൻ" എന്ന ചിത്രം ഹിന്ദിയിൽ വിജയഭട്ട് ബോംബയിലും ബങ്കുമാളിയിൽ ദേവകീബോസ് കല്ക്കൂട്ടയിലും നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ചിത്രനിർമ്മാണത്തെക്കുറിച്ച് ബോംബയിൽവച്ച് വിജയഭട്ടും ദേവകീബോസുമായി ചർച്ചകളും നടന്നിരിക്കുന്നു.

* * *

ബോംബയിലെ പ്രകാശ് സ്റ്റുഡിയോയിൽ ജെയ്മണി ദിവാൻ "ചാർലാർക്കിയൻ" എന്നൊരു ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. ശ്യാമ, കൽദീപ്കൌർ, മോണാ, മുനാരമാ, സുന്ദർ, മജ്നു തുടങ്ങിയവരാണ് ചിത്രത്തിൽ അഭിനയിക്കുന്നത്. ബി. എൻ. ബ്രെയൽ ഗാനങ്ങളും രചിച്ചിരിക്കുന്നു. ശങ്കർ മേത്താ ചിത്രം ഡയറക്ട്ചെയ്യുന്നു.



ഇന്ത്യൻ നാവികസേനാട്ടിലാം ടക്കി സന്ദർശിച്ച അവസരത്തിൽ ഫ്ളാഗ് ആഫീസർ റിയർ അഡ്മിറൽ എൻ. വി. ഡിക്കിൻസൻ ടക്കിക്കമാൻഡിംഗ് അഡ്മിറൽ കോറോലിനെ സന്ദർശിച്ചു. ഈ സന്ദർഭത്തിൽ ടക്കിക്കനാവികർ, ഇന്ത്യൻ ഫ്ളാട്ടിലാഫ്ളാഗ് ആഫീസർക്ക് ഗാഡ് ഓഫ് ആണർ നൽകുകയുണ്ടായി.



സാമൂഹ്യവികസനപദ്ധതിയിൽ ഉൾപ്പെട്ടുന്ന ഹൈദ്രബാദിലെ ഹിമായത്ത്നഗറിലുള്ള ടെക്നിംഗ് സെന്ററിനോട് അനുബന്ധിച്ചുള്ള കൃഷിത്തോട്ടങ്ങളിൽ സാഹൂവിഭ്യംഭസേവനിതാപ്രവർത്തകർ വെള്ളം കോരുന്നു.

★ ഉടനെ പ്രദർശനം ആരംഭിക്കുന്നു! ★



Distributors for Madras City, Tamil Nad & Malabar :

THE ALL INDIA FILM CORPORATION LTD.,

MADRAS — MADURA — ERNAKULAM.

Printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.